VI റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിപതിനാറ് മുതൽ നൂറ്റി ഇരുപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ നൂറ്റിപ്പതിനാറുമുതൽ നൂറ്റിയിരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII ധനകാര്യം.

2010-11 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2010-2011

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	16-3-2010-ൽസഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട്തുക		സഭയുടെവോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXX	ഭക്ഷ്യം	64,93,23,000	11,98,16,000	1,29,86,47,000	23,96,32,000	1,53,82,79,000
XXXI	മൃഗസംരക്ഷണം	87,99,02,000	2,91,67,000	1,75,98,04,000	5,83,33,000	1,81,81,37,000
XXXII	ക്ഷീരവികസനം	19,58,40,000	-	39,16,80,000	-	39,16,80,000

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് XXX, XXXI, XXXII എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. *

മി. സ്പീക്കർ : മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

2010 -11 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥനയുടെ നമ്പർ		ധനാഭ്യർത്ഥനയുടെ പേര്
XXX	-	ഭക്ഷ്യം
XXXI	-	മൃഗസംരക്ഷണം
XXXII	-	ക്ഷീരവികസനം

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 153,82,79,000 ക.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ :

ശ്രീ. കെ. ബാബു : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി എല്ലാ ജില്ലകളിലും കുറഞ്ഞ നിരക്കിൽ ഭക്ഷണം നല്കാനായി ജനതാ ഹോട്ടലുകൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(അവശ്യ സാധനങ്ങളുടെ ക്രമാതീതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായ കമ്പോള ഇടപെടൽ നടത്താൻ കഴിയാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(വിലനിലവാരം പ്രദർശിപ്പിക്കാതെയും ഭക്ഷ്യസാധനങ്ങൾക്ക് അമിത വില ഈടാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(വിലനിലവാരം പ്രദർശിപ്പിക്കാതെയും ഭക്ഷ്യസാധനങ്ങൾക്ക് അമിത വില ഈടാക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടാൻ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പൊതുജനത്തിന് ന്യായവിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കാര്യക്ഷമമായ കമ്പോള ഇടപെടൽ നടത്തുന്നതിൽ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായതായി പറയപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെടുത്തുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാത്ത തായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുവരുന്ന പച്ചക്കറി വില നിയന്ത്രിക്കുന്നതിന് ഇവ ഉല്പാദിപ്പിക്കുന്ന കേന്ദ്രത്തിൽ പോയി നേരിട്ട് സംഭരണം നടത്തി ന്യായവിലയ്ക്ക് സംസ്ഥാനത്ത് വില്പന നടത്താൻ കഴിയാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോ പക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പി കയായി കുറവു ചെയ്യേണ്ടതാണ്.

(റേഷൻ കാർഡ് വിതരണവും, തിരുത്തൽ നടപടികളും, പൂർത്തീകരിക്കാ ത്തതുമൂലം ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പി കയായി കുറവു ചെയ്യേണ്ടതാണ്.

(റേഷൻ കടകൾ വഴി പാവപ്പെട്ടവർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ വില്ക്കുന്നതു തടയാൻ ആവശ്യ മായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്ന തിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്ത് വില്പന നടത്തി ഉപഭോക്താക്കളെ വഞ്ചിക്കുന്നതായി പറയപ്പെടുന്ന വിതരണക്കാർക്കെതിരെ ഭക്ഷ്യ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ധനാഭ്യർത്ഥനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 153,82,79,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(റേഷൻ കാർഡ് വിതരണവും, തിരുത്തൽ നടപടികളും, പൂർത്തീ കരിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ധനാഭ്യർത്ഥനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 153,82,79,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ധനാഭ്യർത്ഥനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

1. ശ്രീ. വി.ഡി. സതീശൻ
2. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
3. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
4. ശ്രീ. കെ. സി. ജോസഫ്
5. പ്രൊഫ. എൻ. ജയരാജ്
6. ശ്രീ. ജോസഫ് എം. പുതുശ്ശേരി
7. ശ്രീ. റോഷി അഗസ്റ്റിൻ
8. ശ്രീ. കെ. പി. മോഹനൻ
9. ശ്രീ. സി. ടി. അഹമ്മദ് അലി
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
12. ശ്രീ. എം. ഉമ്മർ

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 181,81,37,000 ക.

LIBRARY ARCHIVES Kerala Legislative Assembly

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. കെ. സി. ജോസഫ് : സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,81,37,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഗോസുരക്ഷാ പദ്ധതി വ്യാപകമായി സംസ്ഥാനത്തുടനീളം കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,81,37,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തുടനീളം കന്നുകാലികളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനും ഇതിനുള്ള പ്രീമിയം തുക കർഷകർക്ക് സബ്സിഡിയായി നല്കാനും നടപടി വേണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,81,37,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പൗൾട്രി വില്ലേജ് പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു : സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,81,37,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നും ജീവനക്കാരും ഇല്ലാത്തതുകാരണം മൃഗസംരക്ഷണം കാര്യക്ഷമമായി നടത്താനാവാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 181,81,37,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

LIBRARY ARCHIVES Kerala Legislative Assembly

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

1. ശ്രീ. എൻ. ശക്തൻ
2. ശ്രീ. എ. പി. അനിൽകുമാർ
3. ശ്രീ. വർക്കല കഹാർ
4. ശ്രീ. വി. ഡി. സതീശൻ
5. ശ്രീ. ജോസഫ് എം. പുതുശ്ശേരി
6. പ്രൊഫ. എൻ. ജയരാജ്
7. ശ്രീ. എം. ഉമ്മർ
8. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്
9. ശ്രീ. സി. ടി. അഹമ്മദ് അലി
10. ശ്രീ. യു. സി. രാമൻ
11. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
12. ശ്രീ. റോഷി അഗസ്റ്റിൻ

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീര വികസനം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 39,16,80,000 രു.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. വി. ഡി. സതീശൻ : സർ, ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും ക്ഷീര സംഭരണവും വിതരണവും കൂടുതൽ ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ് : സർ, ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ ക്ഷീര മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ സമർപ്പിച്ച ഹേലി കമ്മിറ്റിയുടെ ശുപാർശകൾ അടിയന്തരമായി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് പാലിന് ന്യായവില ഉറപ്പാക്കുന്ന തോടൊപ്പം അവർ ഉല്പാദിപ്പിക്കുന്ന പാലിന്റെ അനുപാതമനുസരിച്ച് കാലിത്തീറ്റ, പച്ചപ്പുല്ല് എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കാനും നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര കർഷകർക്ക് ഉല്പാദന ക്ഷമതയുള്ള കറവമാടുകളെ ലഭ്യമാക്കാൻ ആവശ്യമായ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ : സർ, ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(മൃഗസംരക്ഷണ-ക്ഷീര മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനായി ആർ. ഹേലി അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തിരമായി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടികുറയ്ക്കൽ:

ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,16,80,000 ക.യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. ഉമ്മർ
5. ശ്രീ. യു. സി. രാമൻ

6. ശ്രീ. ജോസഫ് എം. പുതുശ്ശേരി

7. ശ്രീ. റോഷി അഗസ്റ്റിൻ

8. പ്രൊഫ. എൻ. ജയരാജ്

9. ശ്രീ. കെ. പി. മോഹനൻ

10. ശ്രീ. ജോർജ് മേഴ്സിയർ

11. ശ്രീ. എൻ. ശക്തൻ

12. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

13. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

14. ശ്രീ. എം. മുരളി

15. ശ്രീ. റ്റി. എൻ. പ്രതാപൻ

16. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

17. ശ്രീ. കെ. ബാബു

18. ശ്രീ. എ. പി. അനിൽ കുമാർ

19. ശ്രീ. കെ. സി. ജോസഫ്

ശ്രീ. എം. മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അടിക്കടി ഉണ്ടായ വിലക്കയറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച നാല് വർഷക്കാലമാണ് ഈ സർക്കാർ പിന്നിട്ടത്. ഏറ്റവും ഒടുവിൽ ഇന്ധന വില വർദ്ധനവിന്റെ മറവിൽ അവശ്യ സാധനങ്ങൾക്കും പച്ചക്കറി ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾക്കും തോന്നുംപോലെ വില കൂട്ടി സാധാരണക്കാരുടെ ജീവിതം വഴിമുട്ടിച്ചവർക്കെതിരെ ഈ സർക്കാർ സംവിധാനങ്ങളെല്ലാം പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ നാല് ആഴ്ചകൊണ്ട് കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വില വർദ്ധനവ് ഭക്ഷ്യ പദാർത്ഥങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും പച്ചക്കറികൾ ഉൾപ്പെടെയുള്ള എല്ലാ വസ്തുക്കൾക്കും. ഈ ഗവൺമെന്റ് പകച്ചു നിൽക്കുകയാണ്. സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ ഓരോ സാധനങ്ങളുടേയും, കമ്മോഡിറ്റീസിന്റേയും പേര് പറയുന്നില്ല. പച്ചക്കറിയുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്ന വില വർദ്ധനവ് കേരളത്തിന്റെ ചരിത്രത്തിലെ ഭീമമായ വില വർദ്ധനവാണ്. ഓരോന്നിന്റേയും വിലവർദ്ധനവിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ഒരു മാസം മുമ്പുള്ളതിന്റേയും, ഏറ്റവും ഒടുവിലത്തെ വില നിലവാരവും ഇപ്പോഴത്തെ വില നിലവാരവും ഉണ്ട്. ഈ വില വർദ്ധനവ് ഉണ്ടായപ്പോൾ അങ്ങയുടെ ഹോർട്ടി കോർപ്പ് വിൽക്കുന്ന ഇതേ സാധനങ്ങളുടെ വില ഈ വർദ്ധിച്ച പൊതു കമ്പോളത്തിലെ പച്ചക്കറി ചന്തയിലെ വിലയേക്കാൾ കൂടുതലാണെന്നുള്ള ആക്ഷേപം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കയ്യിലുണ്ട്. സമയം ഇല്ലാത്തതുകൊണ്ടാണ് ഞാൻ പറയാത്തത്. അങ്ങും പച്ചക്കറിയുടെ വില നിലവാരം പിടിച്ചു നിറുത്താൻ രൂപീകരിച്ച ഹോർട്ടി കോർപ്പും നാടൻ ഉൽപ്പന്നങ്ങളാണെന്നു പറഞ്ഞുകൊണ്ട് പൊതു വിപണിയെക്കാൾ കൂടുതൽ വിലയ്ക്ക് അത് വിൽക്കുന്നു എന്നുള്ള ഗൗരവത രമായ കാര്യം ഒരു ആക്ഷേപമായിത്തന്നെ ഞാൻ ഉന്നയിക്കുന്നു. മുട്ടയ്ക്കും ഇറച്ചിക്കും കോഴി ഇറച്ചിക്കും ഉൾപ്പെടെ വീണ്ടും ഈ മൂന്നാഴ്ചകൊണ്ട് വില വർദ്ധിച്ചിരിക്കുന്നു. ഗവൺമെന്റ് സംവിധാനങ്ങളെല്ലാം വിറങ്ങലിച്ചു നിൽക്കു ന്നു. അങ്ങയുടെ വകുപ്പിന് ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിഞ്ഞില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആണല്ലോ വില വർദ്ധനവ് പിടിച്ചു നിർത്താൻ പൊതുവിപണിയിൽ ഇടപെടാൻ വേണ്ടിയുള്ള നമ്മുടെ സംവിധാനം, ആ സപ്ലൈകോ ഒരു വർഷക്കാലമായി, പ്രത്യേകിച്ച് മൂന്നു മാസക്കാലമായി ജനങ്ങളെ കബളിപ്പിക്കുകയാണ്. ഇവിടെ ഞാൻ സമയ ചുരുക്കം മൂലം എല്ലാം പറയുന്നില്ല. അവശ്യ സാധനങ്ങൾ, ചെറുപയർ, തുവര, കടല, ഉഴുന്ന്, പീസ് പരിപ്പ്, മല്ലി, മുളക്, കടുക്, ജീരകം, ഉലുവ, പഞ്ചസാര തുടങ്ങി നമ്മുടെ മാവേലി സ്റ്റോറുകളിലൂടേയും ലാഭം സ്റ്റോറുകളിലൂടേയും പീപ്പിൾസ് ബസാറുകളിലൂടേയും സൂപ്പർ മാർക്കറ്റുകളിലൂടേയും വിൽപ്പന നടത്തുന്ന സാധനങ്ങളിൽ രണ്ട് തരത്തിലുള്ള വിൽപ്പന അങ്ങ് ഏർപ്പെടുത്തി യിട്ടുണ്ട്. സബ്സിഡി റേറ്റിലും നോൺ സബ്സിഡി റേറ്റിലും. ഇപ്പോൾ ഈ മൂന്നു മാസക്കാലമായി, അങ്ങ് അറിഞ്ഞുകൊണ്ട് നടക്കുന്ന തട്ടിപ്പാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇപ്പോൾ ഏത് മാവേലി സ്റ്റോറിൽ ചെന്നാലും ലാഭം സ്റ്റോറിൽ ചെന്നാലും പീപ്പിൾ ബസാറിൽ ചെന്നാലും സൂപ്പർ മാർക്കറ്റിൽ ചെന്നാലും സബ്സിഡി റേറ്റിൽ സാധനങ്ങളില്ല; നോൺ സബ്സിഡി റേറ്റിലാണ് ഉള്ളത്. ചെറുപയറ് സബ്സിഡി റേറ്റിൽ മാവേലി സ്റ്റോറിൽനിന്നും സപ്ലൈ കോയുടെ ഔട്ട് ലെറ്റിൽനിന്നും 28 രൂപ യ്ക്കാണ് കൊടുക്കുന്നത്. പക്ഷേ നോൺ സബ്സിഡി വരുമ്പോൾ 28-ന്റെ സ്ഥാനത്ത് ഒരു കിലോ ചെറുപയറിന് 68.90 പൈസയാണ്. കടല - സബ്സിഡി റേറ്റ് 24 ആണെങ്കിൽ നോൺ സബ്സിഡി പർച്ചേസ് റേറ്റിലാണ് കൊടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഉഴുന്നുപരിപ്പ് സബ്സിഡി റേറ്റ് 36, നോൺ സബ്സിഡി റേറ്റ് 70. പഞ്ചസാര സബ്സിഡി റേറ്റ് 20, നോൺ സബ്സിഡി റേറ്റ് 27.40. പുഴുക്കലരിയും പച്ചരിയും നോൺ സബ്സിഡി റേറ്റിലേ ഇപ്പോൾ കൊടുക്കുന്നുള്ളൂ. മൂന്നുമാസമായി നടത്തുന്ന ഒരു തട്ടിപ്പാണ്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിലക്കയറ്റം ഇന്ധന വില വർദ്ധനവിന്റെ പേരിൽ വീണ്ടും ഉണ്ടായ ഒരു സന്ദർഭത്തിൽ നിത്യോപയോഗസാധനങ്ങൾ നോൺ സബ്സിഡി റേറ്റിൽ മാത്രമേ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലൂടെ കൊടുക്കുകയുള്ളൂ എന്നുള്ള പിടിവാശി കേരളത്തിലെ സാധാരണ ജനങ്ങളെ വീർപ്പുമുട്ടിക്കുവാൻ അങ്ങയുടെ ഭരണ കാലഘട്ടത്തിൽ അങ്ങയുടെ വകുപ്പ് അറിഞ്ഞുകൊണ്ട് നടത്തുന്ന പകൽ കൊള്ളയാണെന്ന് ഞാൻ ആക്ഷേപിക്കുകയാണ്. കൃത്രിമമായി ക്ഷാമം ഉണ്ടാക്കിക്കൊണ്ടാണ് സബ്സിഡി റേറ്റിൽനിന്നും നോൺ സബ്സിഡി റേറ്റിലേക്ക് അങ്ങയുടെ കോർപ്പറേഷൻ മാറിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് ഗൗരവമായി എടുക്കണം. കോർപ്പറേഷൻ ലാഭം മാത്രം ഉണ്ടാക്കുവാനുള്ള ഒരു പ്രസ്ഥാനം അല്ലല്ലോ. ബഡ്ജറ്റ് സപ്പോർട്ട്കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് വിലക്കയറ്റത്തിന്റെ സന്ദർഭത്തിൽ ജനങ്ങൾക്ക് കൈത്താങ്ങ് കൊടുക്കുവാനുള്ള ഒരു പ്രസ്ഥാനം. ജനങ്ങളെ കൊള്ളയടിക്കുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുന്നു. സൂപ്പർ മാർക്കറ്റിൽ 450 ഐറ്റംസ് ആണെങ്കിലും മാവേലി സ്റ്റോറിലെ നൂറിലധികം വരുന്ന ഐറ്റംസിലെല്ലാം വില വർദ്ധനവ് വന്നിരിക്കുന്നു. ഇപ്പോൾ പൊതു കമ്പോളവുമായി നോക്കുമ്പോൾ വിലയിൽ വലിയ വ്യത്യാസമില്ല. പത്തുതൊട്ട് പതിനേഴ് ശതമാനംവരെ ലാഭമെടുത്തുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലൂടെ ഈ സാധനങ്ങളെല്ലാം വിൽപ്പന നടത്തുന്നതുകൊണ്ട് ലാഭക്കൊതിയന്മാരുടെ ഒരു പ്രസ്ഥാനമായി ഈ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാറിയിരിക്കുന്നു എന്നതാണ് എന്റെ പരാതി. ഇപ്പോൾ പൊതു കമ്പോളത്തിലെ ഹോൾസെയിൽ റേറ്റുമായി താരതമ്യം ചെയ്യുമ്പോൾ എത്രയോ വലിയ വിലയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈടാക്കുന്നത്. പൊതു കമ്പോളത്തിലെ റീട്ടെയിൽ പ്രൈസും ചെറുകിട കച്ചവടക്കാരുടെ പ്രൈസും നിങ്ങളുടെ പ്രൈസുമായി യാതൊരു വ്യത്യാസവുമില്ല എന്നു പറയുമ്പോൾ സപ്ലൈകോ വില വർദ്ധനവ് തടയുന്നതിന്, പൊതുവിപണയിൽ ഇടപെടുന്നതിന് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഓണച്ചന്തയിലും ഇപ്പോൾ ക്രിസ്തുമസ് ചന്തയിലും ബക്രീദ് ബസാറിലും ആളുകൾ പോകുന്നില്ല. സഹകരണ ഓണച്ചന്തകൾ തുടങ്ങിക്കഴിഞ്ഞാൽ അവിടേയ്ക്ക് ആളുകൾ പോകുന്നു, ഇവിടേയ്ക്ക് ആളുകൾ വരാത്തത് എന്തുകൊണ്ടാണ്? അങ്ങ് പരിശോധിച്ചിട്ടുണ്ടോ? രണ്ട് വർഷക്കാലമായി ഓണച്ചന്തകൾ പരാജയപ്പെടുകയല്ലേ? എല്ലാവരും സഹകരണ ചന്തകളിലേക്ക് പോകുന്നു. എന്തുകൊണ്ടാണ്? വാങ്ങിയ വിലയ്ക്ക് വിറ്റുകൊള്ളുക എന്ന നിർദ്ദേശം കൊണ്ടാണ് നിങ്ങളുടെ ബസാറുകൾ മുഴുവൻ പരാജയപ്പെട്ടിരിക്കുന്നത്. പത്രങ്ങളിലെല്ലാം രണ്ടു മാസം മുമ്പ് വന്ന വളരെ ഗുരുതരമായ ഒരു കാര്യം ഈ ചർച്ചാ വേളയിൽ പറയുകയാണ്. പ്രത്യേകിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലൂടെ വിൽപ്പന നടത്തുന്ന, വിൽപ്പന നടത്തിക്കഴിഞ്ഞ കോടിക്കണക്കിന് പാക്കറ്റ് മഞ്ഞൾപ്പൊടി, മുളകുപൊടി ഉൾപ്പെടെയുള്ള പാക്കറ്റ് പലവ്യഞ്ജനങ്ങളിൽ അണുബാധ ഉണ്ടായിരിക്കുന്നു. അതിൽ എന്ത് നടപടി സ്വീകരിച്ചു ? എന്ത് നടപടി സ്വീകരിക്കുവാൻ കഴിഞ്ഞു? ടൈഫോയ്ഡ് പരത്തുന്ന ടൈഫി എന്ന ബാക്ടീരിയയാണ് ബാധിച്ചിരിക്കുന്നത്. ലക്ഷക്കണക്കിന് പായ്ക്കറ്റുകൾ വിൽപ്പന നടത്തിക്കഴിഞ്ഞു. ഇപ്പോഴും വിറ്റുകൊണ്ടിരിക്കുന്നു. ഒരു നടപടിയും സ്വീകരിക്കുവാൻ ഭക്ഷ്യ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ല. ഭക്ഷ്യ വിഷബാധ ഏറ്റിരിക്കുന്ന, അണുബാധ ഏറ്റിരിക്കുന്ന ഈ പായ്ക്കറ്റുകൾ ജനങ്ങളുടെ ആരോഗ്യം കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം പിൻവലിക്കണം. ജനങ്ങളുടെ ജീവനുനേരെ വെല്ലുവിളി ഉയർത്തുന്ന ഈ നടപടിയിൽനിന്നും അങ്ങ് കോർപ്പറേഷനെ പിൻതിരിപ്പിക്കണം. നഷ്ടം സംഭവിച്ചാലും തരക്കേടില്ല ജനങ്ങളുടെ ജീവനെ അപകടപ്പെടുത്തരുത്. പക്ഷേ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഞാൻ പരാതിപ്പെടുകയാണ്. സർ, നെല്ല് സംഭരണത്തെക്കുറിച്ച് പറയാം, നെല്ല് സംഭരണം നടത്തി 15 ദിവസങ്ങൾക്കുള്ളിൽ പി.ആർ.എസ് ഹാജരാക്കിക്കഴിഞ്ഞാൽ ബാങ്കിൽ നിന്നും കാശ് കൊടുക്കുമെന്ന് പറഞ്ഞു. കുട്ടനാടും അപ്പർ കുട്ടനാടും മേഖലകളിൽ രണ്ടും മൂന്നും മാസം എടുത്തിട്ടും പാവപ്പെട്ട, കർഷകർക്ക് ഇപ്പോഴും കാഷ് കൊടുക്കാത്ത കേസ്സുകളുണ്ട്. .... (ബഹളം).......ഇവിടെ നെല്ല് സഭരണത്തിന് പന്ത്രണ്ട് രൂപ ഏർപ്പെടുത്തി. പക്ഷേ ഇത് യഥാസമയം കൊടുത്തില്ലെങ്കിൽ ഇതിന്റെ പ്രയോജനം കർഷകർക്കുണ്ടാകില്ല. ഗുരുതരമായ മറ്റൊരു ആരോപണം ഉണ്ടായി. മില്ലുകാർ വാങ്ങിക്കൊണ്ടു പോകുന്ന നെല്ല് അവരുടെ ബ്രാന്റ് നെയിമിൽ വിറ്റിട്ട് അതിനു പകരമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ തമിഴ്നാട്ടിൽ ഒരു രൂപയ്ക്ക് കിട്ടുന്ന അരിക്ക് തവിട് നിറം കൊടുത്ത് കേരളത്തിൽ കൊണ്ടുവരുന്നു എന്ന ആക്ഷേപത്തെ മുഖവിലയ്ക്കെടുത്തുകൊണ്ട് തടയുവാൻ അങ്ങയുടെ വകുപ്പ് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ല. പാക്കറ്റ് പലവ്യഞ്ജനത്തിൽ ഉണ്ടായിരിക്കുന്ന ബാക്ടീരിയ ബാധപോലെതന്നെ കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുന്ന സാധാരണക്കാരായ ആളുകളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. കുട്ടനാട്, അപ്പർ കുട്ടനാട് ഉൾപ്പെടെ പാട്ടക്കൃഷിക്കാരാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥ അവരുടെ നെല്ല് സംഭരിക്കണമെങ്കിൽ അവർ 100 രൂപ പത്രത്തിൽ എഗ്രിമെന്റ് വയ്ക്കണമെന്നാണ്. അത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. കുട്ടനാട്, അപ്പർ കുട്ടനാട്ടിലെ 60 ശതമാനം കൃഷിയും പാട്ടക്കൃഷിക്കാരാണ് നടത്തുന്നത് എന്നതുകൊണ്ട് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ അവരുടെ വെള്ളക്കടലാസിലുള്ള അഫിഡവിറ്റ് സ്വീകരിച്ചുകൊണ്ട് ഈ നൂറ് രൂപ എഗ്രിമെന്റ് വ്യവസ്ഥ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിഷം കലർന്ന പാലാണ് കേരളത്തിൽ ഒഴുകുന്നത്. പന്ത്രണ്ട് ബ്രാന്റുകളിൽ വിഷപ്പാൽ ഒഴുകുന്നു. അത് ആരെങ്കിലും പിടിച്ചുകഴിഞ്ഞാൽ പിറ്റേ ദിവസം പേര് മാറ്റി ആ വിഷപ്പാൽ നിർബ്ബാധം കേരളത്തിൽ ഒഴുകുകയാണ്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന അക്കാര്യത്തിലും അങ്ങയുടെ ഡിപ്പാർട്ടുമെന്റുകൾക്ക് ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എഴുതിത്തന്നിട്ടില്ലെങ്കിൽപോലും ഞാൻ ഒരു അഴിമതി ആരോപണമാണ് നടത്തുന്നത്.

മി. സ്പീക്കർ : എഴുതി തരാതെ ആരോപണം ഉന്നയിക്കണ്ട.

ശ്രീ. എം. മുരളി : അഴിമതി ആരോപണം ഗവൺമെന്റിന് എതിരേയോ മന്ത്രിക്ക് എതിരേയോ അല്ല. നമ്മുടെ മൃഗാശുപത്രികളിൽ വ്യാജ മരുന്നുകൾ വിതരണം ചെയ്യുകയായിരുന്നു. അൻപതോളം വ്യാജ കമ്പനികളുടെ പേരിൽ വ്യാജ മരുന്നുകൾ, വിതരണം ചെയ്യാൻ, ആ പണം മുഴുവൻ കൊടുക്കാൻ, ഡിസ്ബേഴ്സ് ചെയ്യാൻ ഉത്തരവ് കൊടുത്തത് ആരാണെങ്കിലും അത് അങ്ങ് അറിഞ്ഞുകൊണ്ടല്ലായെങ്കിൽ ആ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്താനും അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മിണ്ടാപ്രാണികളായ മൃഗങ്ങളുടെ ജീവൻ അപകടം ഉണ്ടാക്കിയിരിക്കുന്ന ഈ വ്യാജ മരുന്നുകൾ വ്യാജ കമ്പനികളിൽനിന്നും വാങ്ങിയവരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. സദാശിവൻ : ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നാല് വർഷത്തെ തീവ്രവും ഭാവനാപൂർണ്ണവുമായ പ്രവർത്തനത്തിന്റെ ഫലമായി പൊതുവിതരണ രംഗം കാര്യക്ഷമമാക്കാനും ഈ മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ രംഗങ്ങളിൽ ക്രിയാത്മകമായ ഒട്ടേറെ പദ്ധതികളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പാലുൽപ്പാദന രംഗത്ത് ഒരു കുതിച്ചു ചാട്ടംതന്നെ കേരളത്തിൽ ഉണ്ടായിരിക്കുകയാണ്. അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് കുത്തഴിഞ്ഞ ഒരു ഭരണമായിരുന്നു യു.ഡി.എഫ്-ന്റെ കാലത്തുണ്ടായിരുന്നത്. അതിൽനിന്നെല്ലാം വ്യത്യസ്തമായി അഴിമതി വിമുക്തമായി, സുതാര്യമായി ഈ വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നുവെന്നുള്ളതാണ് ഒരു പ്രത്യേകത. യു.ഡി.എഫ്. ഭരണകാലം അഴിമതിയുടെ കൂത്തരങ്ങായിരുന്നു. റേഷൻ ഡിപ്പോ അനുവദിക്കുന്നതിൽപോലും അന്ന് അഴിമതി ഉണ്ടായിട്ടുണ്ട്. ഈ അസംബ്ലി ഹാളിന്റെ ചുവരുകൾ കഥ പറയുമായിരുന്നെങ്കിൽ ഞെട്ടിപ്പിക്കുന്ന അഴിമതി വിവരങ്ങൾ പുറത്ത് വന്നേനെ. അത് ഞാൻ എണ്ണിയെണ്ണി പറയാൻ ആഗ്രഹിക്കുന്നില്ല. ഒരു റേഷൻ ഡിപ്പോ അനുവദിക്കുന്നതിൽപ്പോലും ഇരുപത്തിയഞ്ചുലക്ഷം മുതൽ നാൽപ്പത് ലക്ഷം രൂപയാണ് ചോദിച്ചിരുന്നത്. ഒരൊറ്റ അഴിമതിയാരോപണം ഉന്നയിക്കാൻ ഇപ്പോൾ നിങ്ങൾക്ക് കഴിയുമോ? വളരെ സൗഹാർദ്ദപരമായ പ്രസംഗമാണ് അപ്പുറത്ത് ശ്രീ. മുരളിയിൽ നിന്ന് കേട്ടത്, അങ്ങനെയേ ശ്രീ. മുരളിക്ക് പറയാൻ കഴിയൂ. ഒരൊറ്റ ആരോപണംപോലും ശ്രീ. മുരളിക്ക് ഇവിടെ ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ പഴയ കാര്യങ്ങൾ ഓർക്കുകയാണ്, അഴിമതി ആരോപണം ഉന്നയിച്ചതിന്റെ പേരിൽ കെ.പി.സി.സി. സെക്രട്ടറിക്ക് സസ്പെൻഷൻ, പിന്നെ അദ്ദേഹത്തെ കാണാനേയില്ല. അൻപത്തിയെട്ട് അഴിമതി കേസ്സുകളാണ് അന്ന് ഉയർന്നു വന്നത്. കമ്മീഷൻ അന്വേഷണം, വിജിലൻസ് അന്വേഷണം, ഹൈക്കോടതി ഇടപെട്ടിട്ട് സി.ബി.ഐ.-യുടെ അന്വേഷണം. ഇതെല്ലാം നമ്മൾ ഇവിടെ കണ്ടതാണ്. അരി വാങ്ങിയാൽ അഴിമതി, പലവ്യഞ്ജനം വാങ്ങിയാൽ അഴിമതി, പയർ വാങ്ങിയാൽ അഴിമതി, നെല്ല് സംഭരിച്ചാൽ അഴിമതി. നെല്ല് സംഭരിച്ചിട്ട് സമയത്ത് പണം കൊടുക്കുന്നില്ലെന്നുള്ളതാണ് ശ്രീ. എം. മുരളിയുടെ ആക്ഷേപം. അന്ന് നെല്ല് സംഭരിക്കുന്നതിലെല്ലാം അഴിമതിയായിരുന്നു. യാതൊരു അഴിമതി ആരോപണത്തിനും ഇടനൽകാതെ ഈ വകുപ്പ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ മികവുറ്റ ഭരണനൈപുണ്യത്തേയും, അഴിമതിരഹിതമായ അദ്ദേഹത്തിന്റെ നിലപാടിനെയും പ്രശംസിക്കാതിരിക്കാൻ കഴിയില്ല. യു.ഡി.എഫ്.-നെക്കുറിച്ച് നാട്ടിൻപുറത്ത് പാടി നടക്കുന്ന കഥകൾ മാത്രമേ ഞാനിവിടെ പറഞ്ഞുള്ളു. യു.പി.എ. ഗവൺമെന്റ് കുത്തക മുതലാളിത്ത പക്ഷപാത സമീപനം സ്വീകരിക്കുകയാണ്. ഇവിടെ ശ്രീ. എം. മുരളി വിലക്കയറ്റത്തെക്കുറിച്ച് വേവലാതിപ്പെടുന്നതു കേട്ടു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിലക്കയറ്റം സൃഷ്ടിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ വാദം. പക്ഷേ അത് പൊളിഞ്ഞ വാദമാണ്. രാജ്യത്ത് വിലക്കയറ്റത്തിന്റെ വേലിയേറ്റം തന്നെ സൃഷ്ടിച്ചിരിക്കുന്നു എന്നുള്ള ശ്രീ. മുരളിയുടെ വാദത്തോട് ഞാനും യോജിക്കുകയാണ്. കേരളത്തിലല്ല, നമ്മുടെ രാജ്യത്ത്. വിലക്കയറ്റം എന്ന് പറയുന്നതിനേക്കാൾ യു.പി.എ. ഗവൺമെന്റ് സൃഷ്ടിച്ച സുനാമി എന്ന് പറയുന്നതാണ് ശരി. നമ്മൾ ഇവിടെ രാവിലെ സുനാമിയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. സുനാമിയുടെ പ്രഭവകേന്ദ്രം സുമാത്രാ ദ്വീപായിരുന്നെങ്കിൽ വിലയക്കറ്റത്തിന്റെ പ്രഭവകേന്ദ്രം ഡെൽഹിയാണ് എന്നുള്ളത് നമുക്ക് അറിയാം. അതേ വ്യത്യാസമുള്ളൂ. സുനാമിയുണ്ടായി 240000-ൽപ്പരം ആളുകൾ പന്ത്രണ്ട് രാജ്യങ്ങളിൽ മരണപ്പെട്ടു. ഇവിടെ എത്രയോ ലക്ഷം ആളുകളാണ് പോഷകാഹാരക്കുറവു കൊണ്ട് മരിച്ചുകൊണ്ടിരിക്കുന്നത്. അതൊരു സുനാമി തന്നെയാണ്. വിലക്കയറ്റം എന്ന രാക്ഷസ തിരമാലകളിൽപെട്ട് ശ്വാസംമുട്ടി മരണത്തോട് മല്ലടിച്ച ജനങ്ങളെ രക്ഷിക്കുക എന്ന ദൗത്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. ഈ അന്തരാള ഘട്ടത്തിൽ കേരളത്തിൽ എൽ.ഡി.എഫ്. ഭരണം ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു ഈ നാടിന്റെ അവസ്ഥയെന്ന് തലയിൽ കൈവച്ച് ജനങ്ങൾ ചോദിക്കുന്നു. വിലക്കയറ്റം കൊണ്ട് കുടുംബ ബഡ്ജറ്റ് താളം തെറ്റുകയാണ്. ഈ ഘട്ടത്തിൽ എല്ലാ സന്നാഹങ്ങളുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി രംഗത്തിറങ്ങിയിരിക്കുകയാണ്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിവിധ ശൃംഖലകൾ വിപണിയിൽ ഇടപെട്ടപ്പോൾ വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു. സഹകരണ പ്രസ്ഥാനവും രംഗത്തിറങ്ങുകയുണ്ടായി. ഇതോടെ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നുള്ള ബഹുമതി കേരളം പിടിച്ചു പറ്റി. ഇത് ഞാൻ പറയുന്നതല്ല. വിലക്കയറ്റത്തിൽനിന്ന് നാടിനെ രക്ഷിച്ചു നിർത്തുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന് ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പറയുകയുണ്ടായി. 1966 മുതൽ കേരളത്തിന് സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന്റെ അടിസ്ഥാനത്തിൽ നൽകിക്കൊണ്ടിരുന്ന റേഷൻ അരി വെട്ടിക്കുറച്ചു. എ.പി.എൽ. ബി.പി.എൽ എന്നുപറഞ്ഞ് 86 ശതമാനം അരിയാണ് വെട്ടിക്കുറച്ചത്. ഞാൻ അതിന്റെ കണക്കൊന്നും ഇവിടെ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. അരിക്ഷാമത്തിൽനിന്ന് കേരളത്തെ രക്ഷിക്കാൻ ആ കാലഘട്ടത്തിന്റെ കടമ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറ്റെടുത്തു. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, സഹകരണ പ്രസ്ഥാനങ്ങൾ രംഗത്തിറങ്ങിയ ചരിത്ര സംഭവങ്ങൾ നമ്മൾ കേരളത്തിൽ കണ്ടു. ആന്ധ്ര, പശ്ചിമബംഗാൾ, എന്നിവിടങ്ങളിൽ നിന്നും തീവണ്ടിനിറയെ അരി

LIBRARY ARCHIVES Kerala Legislative Assembly

എത്തിയപ്പോൾ അപ്പുറത്തിരിക്കുന്നവരുടെ ദു:ഖം നമ്മൾ അന്ന് കണ്ടതാണ്. ആന്ധ്രയിൽനിന്നും പശ്ചിമബംഗാളിൽനിന്നും അരി എത്തുമ്പോൾ എന്തിനാണ് ദു:ഖിക്കുന്നത്? അവർക്കൊരുദ്ദേശമുണ്ടായിരുന്നു. റേഷൻ അരി വെട്ടിക്കുറച്ചിട്ട് കേരളത്തിലെ ജനങ്ങളെ കഷ്ടപ്പെടുത്തി അതിൽനിന്ന് ഉയരുന്ന പ്രതിഷേധത്തിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്നാണ് കരുതിയത്. അത് പൊളിഞ്ഞു. ഇന്ന് അരിക്ക് പതിനാറ് രൂപ നിജപ്പെടുത്തി വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. അരി ഉൽപ്പാദന കേന്ദ്രമായ ആന്ധ്രയിലും അതുപോലെ കോൺഗ്രസ് ഭരിക്കുന്ന ഡൽഹിയിലുമൊന്നും ഈ വിലയ്ക്ക് കൊടുക്കാൻ കഴിയുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന ഒരു സംസ്ഥാനത്തിനും അതിന് കഴിയുന്നില്ല. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ മാറാല പിടിച്ച് കിടന്ന നമ്മുടെ റേഷൻ കടകൾ, ഇന്ന് ചിട്ടയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് റേഷൻ കടകൾ വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. വിശ്വൻ : പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെക്കുറിച്ചാണ് അങ്ങ് പറയുന്നത്. സുപ്രീം കോടതി അപ്പോയിന്റ് ചെയ്തിട്ടുള്ള സെൻട്രൽ വിജിലൻസ് കമ്മിറ്റി ഓൺ പബ്ലിക് ഡിസ്ട്രിബ്യൂഷൻ, അതിന്റെ ചെയർമാനായ മി. വട്വ പറഞ്ഞതിനെക്കുറിച്ച് ഹിന്ദു പത്രം റിപ്പോർട്ട് ചെയ്തത് എങ്ങനെയാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? Mr. Wadhwa was impressed with the retailing function of SupplyCo and suggested that such marketing intervention by Government Agencies could be copied by other States. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. സദാശിവൻ : ഞാൻ ലേബർ ബ്യൂറോ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവിടെ സംസാരിക്കുകയുണ്ടായി. പുത്തൻ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് കുറേ പരാതികൾ ഉയർന്നിട്ടുണ്ട്. ഇന്നത്തെ കേരള കൗമുദിയുടെ എഡിറ്റോറിയലിൽതന്നെ എഴുതിയിട്ടുണ്ട്. അത് പരിശോധിക്കണം. റേഷൻ കാർഡ് വിതരണത്തിൽ എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് പരിശോധിച്ച് അത് തിരുത്താനുള്ള നടപടി സ്വീകരിക്കണം. ഓണം, ഈസ്റ്റർ, റംസാൻ, ക്രിസ്തുമസ്, വിഷു, ബക്രീദ് തുടങ്ങിയ വിശേഷ നാളുകളിലാണ് വിലക്കയറ്റം ഏറ്റവും കൂടുതൽ ആളുകളെ ബാധിക്കുന്നത്. അവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ ശൃംഖലകൾ ഇടപെടുകയാണ്. കഴിഞ്ഞ ഓണക്കാലത്തും റംസാൻ നാളുകളിലും മൂവായിരത്തിൽപ്പരം വിൽപ്പന കേന്ദ്രങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കേരളത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. 300 കോടി രൂപയുടെ ഉത്പന്നമാണ് അവിടെ വിൽക്കാൻ കഴിഞ്ഞത്. വിലക്കയറ്റത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ ഇപ്പോൾ 100 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി. ഇപ്പോൾ 322 സൂപ്പർ

LIBRARY ARCHIVES Kerala Legislative Assembly

മാർക്കറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. 400 ശബരി മാവേലി സ്റ്റോറുകളും 862 മാവേലി സ്റ്റോറുകളും അഞ്ച് സൂപ്പർ ബസാറുകളും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ജീവൻരക്ഷാ മരുന്നുകൾക്ക് വിലക്കയറ്റമുണ്ടായ ഘട്ട ത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ 92 മാവേലി മെഡിക്കൽ സ്റ്റോറു കളും അഞ്ച് മരുന്ന് മൊത്തവ്യാപാര കേന്ദ്രങ്ങളും കേരളത്തിൽ തുറന്ന് പ്രവർത്തിപ്പിക്കുകയുണ്ടായി. ഇന്ന് പതിമൂന്ന് രൂപയ്ക്കാണ് അരി വിതരണം ചെയ്യുന്നത്. അതിനുള്ള നടപടിക്രമങ്ങൾ ഭംഗിയായി നടന്നുകൊണ്ടിരിക്കുക യാണ്. നൂറ് മാവേലിസ്റ്റോറുകൾ പുതിയതായി ആരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനത്തെ കേരളത്തിലെ ജനങ്ങൾ സഹർഷം സ്വാഗതം ചെയ്യുകയാണ്. 3000-ത്തോളം വരുന്ന ഔട്ട്ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് വിലക്കയറ്റം നിയന്ത്രി ക്കുവാൻ നടപടി സ്വീകരിക്കുന്നതിലൂടെ കോടിക്കണക്കിന് ജനങ്ങൾക്കാണ് ആശ്വാസം ലഭിക്കുന്നത്. ഒരു രക്ഷാകവചമായി ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ ശൃംഖലകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഏറെ ശ്ലാഘനീയമാണ്. ഈ നാട്ടിലെ ജനങ്ങൾ വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടു മ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി അവർക്ക് ആശ്വാസം നൽകുന്നതി നുവേണ്ടി ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 26 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപയ്ക്ക് അരി നൽകുകയുണ്ടായി. 228 കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിച്ചത്. അപ്പുറത്തിരിക്കുന്ന വരുടെ കണക്കനുസരിച്ച് എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പതിനൊന്ന് ലക്ഷം ആളുകളെ രക്ഷിക്കുന്ന നിലപാട് സ്വീകരിച്ചാൽ മതി. പക്ഷേ അങ്ങ നെയല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നാട്ടിൻപുറത്തെ പാവപ്പെട്ടവരുടെ പക്ഷത്തുനിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രി സഖാവ് വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് പാവപ്പെട്ടവന്റെ താത്പര്യം പരിരക്ഷിക്കാൻവേണ്ടി കോടിക്കണ ക്കിന് രൂപ ഖജനാവിൽനിന്ന് വിനിയോഗിക്കുകയാണ്. ഈ സാമ്പത്തിക വർഷം 36 ലക്ഷം കുടുംബങ്ങൾക്കാണ് രണ്ടുരൂപയ്ക്ക് അരി കൊടുക്കുന്നത്. 50 ശതമാനം കുടുംബങ്ങളെയാണ് അതിലൂടെ സഹായിക്കാൻവേണ്ടി പദ്ധതി യിട്ടിരിക്കുന്നത്. 500 കോടി രൂപയാണ് അതിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചി രിക്കുന്നത്. നിങ്ങൾ ഭരിക്കുന്ന ആന്ധ്രയിലോ ഡൽഹിയിലോ കോൺഗ്രസ്സ് ഭരിക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനത്തോ രണ്ടുരൂപയ്ക്ക് അരി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? തമിഴ്നാട്ടിൽ ഏറ്റവും പാവപ്പെട്ടവർക്ക് മാത്രമേ ഡി.എം.കെ. ഗവൺമെന്റ് രണ്ടുരൂപയ്ക്ക് അരി നൽകുന്നുള്ളൂ. കേരളത്തിൽ 36 ലക്ഷം കുടുംബങ്ങൾക്ക് അരി കൊടുക്കുക മാത്രമല്ല, ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുകയാണ്. സാധാരണ രോഗം ബാധിക്കുന്ന വർക്ക് 30,000 രൂപ, കഠിനമായ രോഗം ബാധിച്ചാൽ 70,000 രൂപ, ക്യാൻസറും വൃക്ക സംബന്ധിച്ചും ഹാർട്ട് സംബന്ധിച്ചുമുള്ള രോഗം വന്നാൽ 70,000 രൂപയാണ് കൊടുക്കുന്നത്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് എട്ടുരൂപ തൊണ്ണൂറു പൈസയ്ക്കാണ് അരി കൊടുക്കുന്നത്. അതിന് കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് സബ്സിഡിയായി മാറ്റിവച്ചിരിക്കുന്നത്. പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വർക്ക് മാത്രമല്ല, എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുപോലും സഹായം നൽകുന്ന നടപടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം 2284 കോടി രൂപയുടെ സാധനങ്ങളാണ് വിറ്റഴിച്ചത്. അപ്പോൾ സപ്ലൈകോയുടെ വിശ്വാസ്യത എത്ര വലുതാണെന്നുള്ളത് നാം ഓർക്കണം. വിലക്കയറ്റം തടയാൻ കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? ജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത ഒരു ഗവൺമെന്റാണ് കേന്ദ്ര ത്തിൽ അധികാരത്തിലിരിക്കുന്നത്. ശതകോടീശ്വരൻമാരുടെ ദല്ലാൾപണിയാണ് വാസ്തവത്തിൽ അവർ ചെയ്തുകൊണ്ടിരിക്കുന്നത്. പെട്രോളിയം ഉത്പന്ന ങ്ങൾക്ക് അഞ്ചുവർഷംകൊണ്ട് എട്ടു പ്രാവശ്യമാണ് വില കൂട്ടിയത്. രണ്ടാം യു.പി.എ. ഗവൺമെന്റ് മൂന്നു പ്രാവശ്യം വില കൂട്ടുകയുണ്ടായി. പെട്രോളിനും ഡീസലിനും മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും വില കൂട്ടിയതിന് എന്ത് ന്യായമാണ് അപ്പുറത്തിരിക്കുന്നവർക്ക് പറയാനുള്ളത്? ഇതിന്റെ പേരിൽ പ്രതിഷേധമുയരുകയാണ്. രാജ്യത്ത് വളർന്നുവരുന്ന ജനരോഷത്തിന്റെ വ്യാപ്തിപോലും മനസ്സിലാക്കാൻ യു.പി.എ. നേതാക്കൻമാർക്കോ കോൺഗ്ര സ്സിന്റെ നേതാക്കൻമാർക്കോ കഴിയുന്നില്ല. അവർ എണ്ണക്കമ്പനിക്കാരുടെ താളത്തിനനുസരിച്ച് തുള്ളുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവില കുറയുമ്പോൾ ലെക്കും ലഗാനുമില്ലാതെ കേന്ദ്ര ഗവൺമെന്റ് പെട്രോളിയം കുത്തക കമ്പനിക്കാരുടെ താത്പര്യത്തിനുവേണ്ടി നിന്നുകൊടുക്കുന്ന അവസ്ഥ നമ്മുടെ രാജ്യത്ത് കാണാൻ കഴിയും. അയൽരാജ്യമായ നേപ്പാളിൽ ഒരു ലിറ്റർ പെട്രോളിന് 32 രൂപയാണ് വില. ഇവിടെനിന്നാണ് അവർ എണ്ണ വാങ്ങുന്നത്? അവർക്ക് എങ്ങനെ 32 രൂപയ്ക്ക് കൊടുക്കാൻ കഴിയും? നമ്മുടെ തലസ്ഥാനമായ ഡൽഹിയിൽ 55 രൂപ 88 പൈസയാണ്. കേന്ദ്ര ഗവൺമെന്റ് ഈടാക്കുന്ന കൊള്ള നികുതിയാണ് ഇതിന് കാരണം. വാസ്ത വത്തിൽ ഒരു ലിറ്റർ പെട്രോളിന് 16, 17 രൂപയാണ് വില വരുന്നത്. അതിന്റെ മേൽ നികുതി കയറ്റിവയ്ക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്ന തെന്ന് വ്യക്തമാണ്. രാജ്യത്ത് വിലക്കയറ്റം സൃഷ്ടിക്കുന്ന ബഡ്ജറ്റാണ് ശ്രീ. പ്രണാബ് കുമാർ മുഖർജി അവതരിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യസബ്സിഡി വീണ്ടും വെട്ടിക്കുറച്ചിരിക്കുന്നു. 400 കോടിരൂപയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. അങ്ങനെ പാവപ്പെട്ടവനെ കുത്തുപാളയെടുപ്പിക്കുകയാണ് ബഹുരാഷ്ട്ര കുത്തക കമ്പനിക്കാർക്ക് 80,000 കോടി രൂപയാണ് ബഡ്ജറ്റിലൂടെ സൗജന്യം ചെയ്തത്. അതടക്കം അഞ്ചുലക്ഷം കോടി രൂപയാണ് യു.പി.എ. ഗവൺമെന്റിന്റെ വക്താക്കൾ. ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് സൗജന്യം ചെയ്തുകൊടുത്തത്. ഇവർ ആരുടെ പക്ഷത്താണ്? നാട്ടിൻപുറത്തെ പാവപ്പെട്ടവന്റെ കണ്ണീര് കാണാൻ ഇവർക്ക് കഴിയുമോ? അവരുടെ ബുദ്ധിമുട്ട് ഇവർ മനസ്സിലാക്കുന്നുണ്ടോ? ഇതിനെതിരായി പ്രതിഷേധിച്ചാൽ ഇവർ ഉടനെ പറയും, ഹർത്താൽ ആചരിച്ചു, പണിമുടക്ക് പ്രഖ്യാപിച്ചുവെന്ന്. ഞാൻ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ നേതാക്കന്മാരോട് ചോദിക്കട്ടെ, വിലക്കയറ്റത്തിനും ഓഹരിവിൽപ്പനയ്ക്കുമെതിരായി നമ്മുടെ രാജ്യത്ത് സെപ്റ്റംബർ മാസം 7-ാം തീയതി ഒരു സമരം നടക്കാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരാണ് അതിന് നേതൃത്വം കൊടുക്കുന്നത്? ഐ.എൻ.ടി.യു.സി.യുടെ നേതൃത്വത്തിൽ ഒൻപത് ട്രേഡ് യൂണിയൻ സംഘടനകൾ സെപ്റ്റംബർ മാസം 7-ന് ദേശീയ പണിമുടക്ക് നടത്താൻ പോകുകയാണ്. ഇത് കൂലിക്കു വേണ്ടിയുള്ള സമരമല്ലെന്നാണ് കോൺഗ്രസ്സിന്റെ നേതാവായിട്ടുള്ള, ഐ.എൻ.ടി.യു.സി. നേതാവായിട്ടുള്ള, രാജ്യസഭാ മെമ്പറായിട്ടുള്ള സഞ്ജീവ റെഡ്ഡി പറയുന്നത്. അദ്ദേഹം പറയുന്നത് ഇത് കൂലിക്കുവേണ്ടിയുള്ള സമരമല്ല, പിന്നെയോ രാജ്യതാത്പര്യം സംരക്ഷിക്കാനുള്ള സമരമാണെന്നാണ്. രാജ്യം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി വിലക്കയറ്റം മാത്രമല്ല, മതതീവ്രവാദമാണ്. ബംഗാളിൽ ഇന്നലെ 62 പേരാണ് ദുരന്തത്തിൽ മരിച്ചതെന്ന് നാം കണ്ടു. ഭീകരവാദത്തിന്റെ ഇരകളായിരിക്കും അതെന്ന് സംശയിക്കുന്നുണ്ട്. മതസൗഹാർദ്ദത്തിന് കേളികേട്ട കേരളം ഉത്ക്കണ്ഠയോടുകൂടിയാണ് ഈ പ്രശ്നങ്ങളെ നോക്കിക്കാണുന്നത്. ചാതുർവർണ്യത്തിന്റെ ജീർണ്ണ സംസ്ക്കാരം നിലനിന്ന നാളുകളിൽ കേരളത്തെ നോക്കിക്കൊണ്ട് 1892-ൽ സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി കേരളമൊരു ഭ്രാന്താലയമാണെന്ന്. ഈ കേരളത്തെ മാറ്റി. ശ്രീനാരായണ ഗുരുസ്വാമിയും മഹാനായ അയ്യങ്കാളിയും വി.ടി. ഭട്ടതിരിപ്പാടും ചട്ടമ്പിസ്വാമികളും വാഗ്ഭടാനന്ദ സ്വാമികളും പൊയ്കയിൽ യോഹന്നാനുമെല്ലാം ഉഴുതുമറിച്ച ഈ മണ്ണിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടികളും വഹിച്ച പങ്ക് ....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സഹകരിക്കുക ....ശ്രീ. റോഷി അഗസ്റ്റിൻ ....

ശ്രീ. സി. കെ. സദാശിവൻ : തലശ്ശേരിയിൽ നടന്ന വർഗ്ഗീയ ലഹള ഓർക്കുന്നുണ്ടോ? ....

മി. ഡെപ്യൂട്ടി സ്പീക്കർ : അതിലേയ്ക്ക് പോകേണ്ട............അങ്ങ് സമയം കൂടുതൽ എടുത്തു.

ശ്രീ. സി. കെ. സദാശിവൻ : തലശ്ശേരിയിലെ കാര്യം ഒന്നു പറഞ്ഞോട്ടെ. തലശ്ശേരിയിലെ സംഭവം നമ്മൾ കണ്ടില്ലേ? അവിടെ യു. കെ. കുഞ്ഞിരാമൻ ആർ.എസ്.എസ്.കാരന്റെ കൊലക്കത്തിക്ക് ഇരയായില്ലേ? അതിനുശേഷം ശ്രീ. പി. ജയരാജന്റെ കൈപ്പത്തി വെട്ടി കുളിമുറിയിൽ ഇട്ടില്ലേ? അതുപോലുള്ള സംഭവങ്ങൾ.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. റോഷി അഗസ്റ്റിൻ, അങ്ങേയ്ക്ക് സംസാരിക്കാം. ഇതിനൊക്കെ ഒരു സമയമില്ലേ?

ശ്രീ. സി. കെ. സദാശിവൻ : ഇന്ന് എൻ.ഡി.എഫ്.-കാർ ഇപ്പോൾ തൊടുപുഴയിൽ നമ്മൾ കണ്ടു, ...വൈദിക ശ്രേഷ്ഠൻമാരുടെ നേതൃത്വത്തിൽ പള്ളികളിൽ ഇടയലേഖനം വായിച്ചു........

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ശരിയല്ല. ....ശ്രീ. റോഷി അഗസ്റ്റിൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ ഭരണകക്ഷി എം.എൽ.എ.മാരുടെ പ്രസംഗം കേൾക്കുമ്പോൾ വിലക്കയറ്റത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും പ്രതിപക്ഷത്തിനാണെന്ന് തോന്നലുണ്ടാകും. ഞങ്ങൾ സൂചിപ്പിക്കുന്നു കഴിഞ്ഞ 2001-06 കാലഘട്ടത്തിൽ യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന സമയത്ത് ഇതുപോലുള്ള ആഗോള പ്രതിഭാസങ്ങളും വിലക്കയറ്റവുമൊക്കെയുണ്ടായിട്ടുണ്ട്. അന്നൊന്നും അത് സംസ്ഥാനത്തെ ബാധിച്ചില്ല. സമയാസമയങ്ങളിൽ കമ്പോളങ്ങളിൽ ഇടപെടുകയും വില നിയന്ത്രിക്കുകയും സബ്സിഡി ഏർപ്പെടുത്തുകയും ചെയ്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടിയിട്ടുള്ള ക്രിയാത്മക നടപടികളായിരുന്നു അന്ന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. ഞാൻ ചോദിക്കട്ടെ, ആ കാലഘട്ടത്തിൽ പ്രതിപക്ഷത്തിരുന്നവർക്ക് ദൗത്യമുണ്ടായിരുന്നല്ലോ. ആ വിലവർദ്ധനവ് ഉണ്ടായപ്പോൾ 5 വർഷക്കാലത്തിനിടയിൽ ഒരു പ്രാവശ്യമെങ്കിലും ജനങ്ങളുടെ ഇത്തരം വിഷയങ്ങളിലെ ദുരഃവസ്ഥയെ ബോദ്ധ്യപ്പെടുത്താൻ ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കാനുള്ള അവസരം നിങ്ങൾക്ക് നൽകിയിട്ടില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതല്ലേ ? ഇന്ന് കേരളത്തിന്റെ സ്ഥിതിയെന്താണ്? ഇപ്പോൾ ഇവിടെ സംസാരിച്ചുകേട്ടപ്പോൾ എന്താണ് ഉണ്ടായത്? സുനാമി ഉണ്ടായ സുമാത്ര ദ്വീപിലേയ്ക്കാണോ കേരളത്തിലെ ജനങ്ങൾ അന്ന് പ്രഭവകേന്ദ്രം തപ്പിയോടിയത്? വിലക്കയറ്റമുണ്ടായി. ആ വിലക്കയറ്റത്തിന്റെ പേരിൽ ഡൽഹിയിലേയ്ക്ക് ഓടണോ? സംസ്ഥാന ഗവൺമെന്റിന്റെ ദൗത്യം നിർവ്വഹിക്കുന്ന കാര്യത്തിൽ പറ്റിയ വീഴ്ച്ച നികത്താൻ ഇത്തരം പ്രസംഗങ്ങൾ നടത്തുന്നത് ശരിയല്ലെന്ന് ബോദ്ധ്യപ്പെടുത്താൻ വേണ്ടിമാത്രമാണ് ഞാൻ പറയുന്നത്. യു.ഡി.എഫ്.ന്റെ കാലത്ത് മിൽമയെ ജനങ്ങൾ കണ്ടിരുന്നത് കേരളം കണി കണ്ടുണരുന്ന നന്മയായിട്ടാണ്. ഇന്ന് എന്താണ് അതിന്റെ സ്ഥിതി? അവസ്ഥ മാറി. കേരളം കണി കണ്ടുണരുന്ന തിന്മയായിട്ടാണ് ജനങ്ങൾ ഇതിനെ കാണുന്നത്. കാരണം 50% പാലും 50% പാൽപ്പൊടിയും കലക്കി ഡബിൾ ടോൺഡ് മിൽക്കായി കൂട്ടിക്കലർത്തിതരുന്ന പാലിന് 23 രൂപയാണ് വില. വിലക്കയറ്റത്തിൽ പൊറുതി മുട്ടിക്കഴിയുന്ന സാധാരണക്കാരന്റെ തലമണ്ടയ്ക്കുകിട്ടിയ കൂടംകൊണ്ടുള്ള അടിയാണ് ഇത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമാ പാലിന്റെ വില 15 രൂപയായി ഉയർന്നു. പാലിന്റെ വില വർദ്ധിപ്പിച്ചതിലല്ല, അതിന്റെ ഗുണം ആർക്ക് ലഭിച്ചുവെന്നതിനെക്കുറിച്ചാണ്. ഞാൻ അതിലേയ്ക്കാണ് വരുന്നത്. അധികാരത്തിലേറി ഒരു വർഷം പിന്നിട്ട് 2007-ൽ പാൽവില രണ്ടുതവണ വർദ്ധിപ്പിച്ചു. 15 രൂപയിൽനിന്ന് 17 രൂപയിലെത്തി. 2008-ൽ വീണ്ടും വർദ്ധിപ്പിച്ചു. 2010-ൽ എത്തിയപ്പോൾ 3 രൂപ വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് 5 തവണയാണ് പാലിന്റെ വില വർദ്ധിപ്പിച്ചത്. വില കൂട്ടിയതിന് കണ്ടെത്തിയ കാരണം രസകരമാണ്. പാലുൽപ്പാദനച്ചെലവ് കുറയ്ക്കാൻ ഉൽപ്പാദകരെ സഹായിക്കുകയെന്നതാണ് ലക്ഷ്യം. അങ്ങനെയുള്ള ഡയലോഗ് പറഞ്ഞിട്ട് വല്ല പ്രസക്തിയുമുണ്ടോ? ക്ഷീരകർഷകരെ മറയാക്കി പാൽവില വർദ്ധിപ്പിച്ചത് ഗവൺമെന്റിന്റെ കഴിവുകേട് മറയ്ക്കാൻവേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടടുത്ത സംസ്ഥാനങ്ങൾ പിന്തുടരുന്ന നല്ല വശങ്ങൾ സ്വീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ക്ഷീരകർഷകരുടെ ഉൽപ്പാദനച്ചെലവിന് അനുസൃതമായി കർണ്ണാടകത്തിൽ പാലിന്റെ വില കൂട്ടുന്നില്ല. പകരം അവർ ചെയ്യുന്നത് ലിറ്ററിന് 2 രൂപയെന്ന കണക്കിന് സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് നൽകുകയാണ് ചെയ്യുന്നത്. തമിഴ്നാട് സർക്കാരിന്റെ കാര്യമെടുത്താൽ അവർ സംസ്ഥാന മിൽക്ക് ഫെഡറേഷന് സബ്സിഡി നൽകി സംരക്ഷിക്കുകയാണ് ചെയ്യുന്നത്. കേരളത്തിൽ ഇങ്ങനെ കർഷകർക്കോ സംഘങ്ങൾക്കോ പാൽവിതരണ മേഖലയിൽ സബ്സിഡി നൽകുന്നുണ്ടോയെന്ന് പരിശോധിക്കണം. ഇവിടെ കർഷകരെ സഹായിക്കുകയെന്ന പേരിൽ കാലിത്തീറ്റയ്ക്ക് 50 പൈസ സബ്സിഡി നൽകുന്നുണ്ട്. അതായത് 50 കിലോ ചാക്കിന് 25 രൂപ സബ്സിഡി. ഈ സബ്സിഡി കർഷകന് കിട്ടണമെങ്കിൽ അവൻ ഏതെങ്കിലും പ്രാഥമിക ക്ഷീരസംഘത്തിൽ പാലൊഴിക്കുന്നവനായിരിക്കണം. പത്തുലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്ന പശുവിന്റെ ഉടമ അതിൽ 2 ലിറ്റർ സംഘത്തിൽ നൽകുമ്പോൾ അതിനുമാത്രമേ സബ്സിഡി ലഭിക്കുന്നുള്ളൂ. അവനുകിട്ടുന്നത് ഒന്നര രൂപ മാത്രം. കേരളാ ഫീഡ്സിന്റെ കാലിത്തീറ്റയ്ക്കാണെങ്കിൽ ഒറ്റയടിക്ക് 50 രൂപയാണ് കൂട്ടിയിരിക്കുന്നത്. 50 കിലോയുടെ ഒരു പായ്ക്കറ്റിന് 50 രൂപ കൂട്ടി, 500 രൂപയിലെത്തിച്ചു. സ്വകാര്യകമ്പനികളും ഇതേ രീതിയിൽ വില ചുമത്തുന്നു. കേരളത്തിന് പ്രതിവർഷം ആവശ്യമായ ഏഴര ലക്ഷം ടൺ കാലിത്തീറ്റയിൽ 3 ലക്ഷം ടണ്ണാണ് കേരളാ ഫീഡ്സും മിൽമയുംകൂടി ഉൽപ്പാദിപ്പിക്കുന്നത്. സർക്കാർ സബ്സിഡി കൊടുക്കാൻ തയ്യാറായില്ലെങ്കിൽ ക്ഷീരകർഷകമേഖല തകർന്നടിയും. കേരളത്തിൽ പാലിന്റെ ഉൽപ്പാദനം അടിക്കടി കുറയുന്നു. വർഷം 27.18 ലക്ഷം ടണ്ണിൽനിന്ന് 20 ലക്ഷം ടണ്ണിലേയ്ക്ക് കുറഞ്ഞിരിക്കുന്നു. ദേശീയ തലത്തിൽ പാലിന്റെ ഉൽപ്പാദനം കൂടുമ്പോൾ കേരളത്തിൽ മാത്രം പാലിന്റെ ഉൽപ്പാദനം കുറയുന്നു. ഇതെന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിക്കണം. പശുവിന് തീറ്റയൊരുക്കുകയെന്നത് ഒരു കർഷകനെ സംബന്ധിച്ചിടത്തോളം ഒരു ബാലികേറാമല ആയിരിക്കുന്നു. ഉൽപ്പാദനമേഖലയിൽ കർഷകർക്കുണ്ടാകുന്ന അമിതഭാരം ലഘൂകരിക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുകയാണ് ചെയ്യേണ്ടത്. അല്ലാതെ യാതൊരു തത്വദീക്ഷയുമില്ലാതെ വില കൂട്ടി സാധാരണക്കാരന്റെ വയറ്റത്ത് അടിക്കുകയല്ല വേണ്ടത്. ഇനി ഇവിടെ പാൽവില കൂട്ടിയതുകൊണ്ട് കർഷകന്റെ ഉൽപ്പാദനച്ചെലവ് കുറയാൻ പോകുന്നില്ല. വില വർദ്ധനവ് ജനദ്രോഹപരമാണ്. ഗവൺമെന്റ് ഒരു തീരുമാനമെടുക്കുമ്പോൾ അത് ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളെ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്ന് ചിന്തിക്കണം. അന്യസംസ്ഥാന പാൽ ലോബികൾക്ക് കേരളത്തിൽ വിഹരിക്കാൻ അവസരമൊരുക്കുന്ന വിലവർദ്ധനവ് പുന:പരിശോധിക്കണം. ക്ഷീരകർഷകരെ രക്ഷിക്കാൻ സർക്കാർ ഫലപ്രദമായ ബദൽസംവിധാനം കൊണ്ടുവരണം. അല്ലാതെ കേവലം തൊലിപ്പുറത്ത് ചികിത്സ നടത്തി കർഷകരുടെ വായ് അടപ്പിച്ചതുകൊണ്ട് യാതൊരു നേട്ടവും കേരളത്തിൽ ഉണ്ടാകാൻ പോകുന്നില്ല. ക്ഷീരകർഷകർക്കായി ഗവൺമെന്റ് കൊണ്ടുവരുന്ന പദ്ധതികളൊന്നും

ഫലവത്താകുന്നില്ലെന്നുള്ളതാണ് പരിശോധിച്ചാൽ മനസ്സിലാകുന്നത്. ഇവിടെ പണം അനർഹരുടെ കയ്യിലെത്താൻ തട്ടിക്കൂട്ടുപദ്ധതികളാണ് ഒപ്പിച്ചെടുക്കുന്നത്. ഇവിടെ നടപ്പാക്കിയ വിദർഭ പാക്കേജും മിൽക്ക്ഷെഡ് പദ്ധതിയും കർഷകർക്ക് എത്രത്തോളം ഗുണപ്രദമായിയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. കേരളത്തിൽ വലിയ പ്രതീക്ഷകളോടെ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം വൻതട്ടിപ്പുകൾക്ക് മറ തീർത്തിരിക്കുകയാണ്. ഒരന്വേഷണ പരമ്പര പത്രത്തിൽ വരികയുണ്ടായി. അതിന്റെ തലക്കെട്ട് 'പട്ടിണി മാറ്റാൻ പശു, പണം തട്ടാൻ പദ്ധതികൾ, പാൽ ഒഴുക്കാത്ത കേരളം' എന്നാണ്. അങ്ങ് ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. കേവലം പദ്ധതികൾ ഉണ്ടാക്കി പണം ചെലവഴിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. പദ്ധതികൾ ക്ഷീരമേഖലയ്ക്ക് ഗുണം ചെയ്യണം. പാലുൽപ്പാദനത്തിൽ വളരെയേറെ മുമ്പിൽ നില്ക്കുന്ന ജില്ലയാണ് ഇടുക്കി. ജില്ലയിലെ 30000 കർഷക കുടുംബങ്ങൾ പാലുൽപ്പാദനം ഉപജീവനമായി സ്വീകരിച്ചിരിക്കുന്നു. ജില്ലയിലാകെ 215 സഹകരണ സംഘങ്ങളാണ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 176 ക്ഷീരസഹകരണ സംഘങ്ങൾക്കുമാത്രമേ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കാൻ കഴിയുന്നുള്ളൂ. ഇടുക്കി ജില്ലയിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതിൽ ഇരട്ടിയിലധികം പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഭൗതികസാഹചര്യം അവിടെയുണ്ട്. പക്ഷേ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായ പിന്തുണ കർഷകർക്ക് ലഭിക്കുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്കും കാർഷിക സ്വയംപര്യാപ്തതയ്ക്കും മുതൽക്കൂട്ടാകേണ്ട ക്ഷീരമേഖലയെ അവഗണിക്കാൻ പാടില്ല. ക്ഷീരമേഖലയ്ക്ക് മുൻഗണന നൽകണം. കാർഷികമേഖലയ്ക്ക് യുവസംരംഭകരെ ആകർഷിക്കാൻ നടപടിയുണ്ടാകണം. ശാസ്ത്രീയവും സാങ്കേതികവുമായ സൗകര്യങ്ങളുപയോഗിച്ച് കന്നുകാലി പരിപാലനത്തിന് സർക്കാർ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കണം. വ്യാവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനം എന്നത് മുദ്രാവാക്യമാക്കണം. മിൽമയെ ഒരു സഹകരണ ബിസിനസ് പ്രസ്ഥാനമെന്ന നിലയിൽനിന്ന് ഒരു കർഷക സൗഹാർദ്ദപ്രസ്ഥാനമാക്കി ഉയർത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അയൽ സംസ്ഥാനങ്ങളിൽ ക്ഷീരമേഖലയെ എത്ര കരുതലോടെയാണ് സംരക്ഷിക്കുന്നതെന്ന യാഥാർത്ഥ്യം നമ്മൾ കാണണം. ക്ഷീരോൽപ്പാദനമേഖലയിൽ വിജയകരമായി മുന്നേറുന്ന സ്വകാര്യ ചെറുകിട ഡയറി ഫാമുകളുണ്ട്. അവരെ മാറ്റിനിർത്തിയിട്ട് കാര്യമില്ല. മിൽമ അവരുമായി കൈകോർക്കണം. ഡയറി ഫാം സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നം വിപണനമാണ്. മിൽമ സഹായത്തിനുണ്ടെങ്കിൽ ആ പ്രശ്നം പരിഹരിക്കാൻ കഴിയും. ക്ഷീരമേഖലയുടെ സമഗ്രപുരോഗതി മുന്നിൽകണ്ട് തയ്യാറാക്കിയ ആർ. ഹേലി കമ്മീഷന്റേയും ഡോ. സ്വാമിനാഥൻ കമ്മീഷന്റേയും ശുപാർശകൾ നടപ്പിലാക്കണം. നമ്മുടെ സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഗണ്യമായ തോതിൽ കുറഞ്ഞുവരികയാണ്. സെൻസെസ് റിപ്പോർട്ടുകൾ അതാണ് കാണിക്കുന്നത്. 2003-ലെ സെൻസസ് റിപ്പോർട്ട് അപേക്ഷിച്ച് കന്നുകാലികളിൽ 30 ശതമാനത്തിന്റെ കുറവാണ് ഉള്ളത്. മൃഗസംരക്ഷണവകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് അവസാനമായെടുത്ത സെൻസസിൽ 30 ശതമാനത്തിൽനിന്ന് 50 ശതമാനത്തോളം കുറവുള്ളതായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ കഴിയുന്നത്. കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന കോടികളുടെ തുക ഫലപ്രദമായി ചെലവഴിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. കേന്ദ്രസഹായത്തോടെ കേരളത്തിൽ കന്നുകാലിസുരക്ഷാ പദ്ധതിക്ക് അനുവദിച്ച 4.07 കോടി രൂപ കെ.എൽ.ഡി.ബി. ഉപയോഗിക്കാതെ സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ച കഥ സി.ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ നമ്മൾ കണ്ടതാണ്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിലേയ്ക്ക് വലിയ സംഭാവന നൽകുന്ന കന്നുകാലി മേഖലയോട് ഗവൺമെന്റ് പുലർത്തുന്ന നിസ്സംഗതാമനോഭാവം ഇനിയെങ്കിലും ഉപേക്ഷിക്കണം. കേരളത്തിന്റെ മൊത്തം ആഭ്യന്തര കാർഷിക ഉൽപ്പാദനത്തിന്റെ 40% കന്നുകാലിവികസന മേഖലയുടെ സംഭാവനയാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം കേരളത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്. ഇവരുടെ നിഷേധാത്മകമായ സമീപനത്തിന് ഏറ്റവും വലിയ ഉദാഹരണമാണ് പൊതുവിതരണ ശൃംഖലയുടെ പരാജയം. അനിയന്ത്രിതമായി ഉയർന്നുവരുന്ന സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഉതകുന്ന തരത്തിൽ ഒരു ക്രിയാത്മകമായ നടപടിയും ഉണ്ടാകാത്തത് ദൗർഭാഗ്യകരമാണ്. കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സിവിൽ സപ്ലൈസിന്റെ സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾക്ക് തന്ത്രപരമായി വില വർദ്ധിപ്പിച്ച് വിൽക്കുകയാണ്. സബ്സിഡി നിരക്കിൽ വിൽക്കുന്ന സാധനങ്ങൾ റേഷൻ കാർഡ് മുഖാന്തിരം പരിമിതപ്പെടുത്തിയശേഷം സാധനങ്ങൾ ഫ്രീ സെയിലായി വിറ്റഴിക്കുന്ന സൂത്രപ്പണിയാണ് സപ്ലൈകോ ആവിഷ്ക്കരിച്ചിരിക്കുന്നത്. സപ്ലൈകോ ഉണ്ടാക്കിയ ലാഭത്തിന്റെ കണക്കുകൾ നിരത്തി കോർപ്പറേഷനെ സ്തുതിക്കുന്നതിനുപകരം സ്ഥാപനത്തിന്റെ പ്രവർത്തനശൈലികൂടി വിലയിരുത്താൻ സർക്കാർ തയ്യാറാകണം. ചില്ലറ വ്യാപാര രംഗത്ത് കുത്തകകളുടെ മനോഭാവം തന്നെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഏതുവിധേനയും ലാഭമുണ്ടാക്കുന്നതിനുമുന്നിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽനിന്ന് ഉൾവലിഞ്ഞിരിക്കുകയാണ്. സി. ആന്റ് എ.ജി.-യുടെ കഴിഞ്ഞകാല റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഈ സ്ഥാപനത്തിന്റെ യഥാർത്ഥ ചിത്രം പുറത്തുവരുന്നതാണ്. ദേശീയ പോഷകാഹാരപരിപാടിയുടെ ഭാഗമായി ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് കേന്ദ്രം സൗജന്യമായി കൊടുക്കാൻ നൽകിയ അരിയിൽ 1453.18 മെട്രിക് ടൺ അരി സാധാരണ അരിയാക്കി മാറ്റി സ്റ്റാളുകളിലൂടെ വിറ്റഴിച്ചത് അവരുടെ ലാഭക്കൊതിയുടെ വികൃതമായ മുഖമാണ്. എന്നുമാത്രമല്ല സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിന്റെ കീശയിലും കൈയിട്ടുവാരി. അവർ

LIBRARY ARCHIVES Kerala Legislative Assembly

കടത്തുകാർക്ക് നൽകിവന്നിരുന്ന തുകയേക്കാളും അധികമായ കടത്തുകൂലിത്തുകയാണ് സർക്കാരിൽനിന്നും വാങ്ങിയത്. ഉച്ചഭക്ഷണ പദ്ധതിക്കുവേണ്ടി കോർപ്പറേഷൻ വിതരണം ചെയ്യുന്ന പയർവർഗ്ഗങ്ങളുടെ വില ......

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു. ശ്രീ. എൻ. അനിരുദ്ധൻ.

ശ്രീ. റോഷി അഗസ്റ്റിൻ : ഇത്തരത്തിൽ ഏറെ ബുദ്ധിമുട്ടുളവാക്കുന്ന സാഹചര്യങ്ങൾ കേരളത്തിൽ സംജാതമാക്കിയ ഒരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ.എൻ. അനിരുദ്ധൻ : സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളേയും പിൻതാങ്ങുന്നു. ഒഴിഞ്ഞ വയറിനും ഡെമോക്രസിക്കും ഒന്നിച്ചുപോകാൻ

12 NOON] സാധിക്കുകയില്ല. ഈ വലിയ ആളുകളുടെ ചെറിയ കാര്യങ്ങളേക്കാൾ ചെറിയവരുടെ വലിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകി പരിഹരിക്കുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. സിവിൽ സപ്ലൈസ് വകുപ്പ് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന് ശ്രീ. മുരളി ഉൾപ്പെടെയുള്ളവരുടെ പറച്ചിൽകേട്ടാൽ ഇവർക്ക് ആനയെ കാണാനും വെള്ളെഴുത്താണോയെന്ന് തോന്നിപ്പോകും. 69 ലക്ഷം കുടുംബങ്ങളാണ് കേരളത്തിലുള്ളത്. അതിൽ 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ 25 കിലോ അരി നൽകുന്നതിന് 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി വിലക്കയറ്റം നിയന്ത്രിച്ചുനിർത്താൻ ശ്രമിക്കുന്ന സർക്കാർ ഒന്നും ചെയ്യുന്നില്ല എന്ന് പറയണമെങ്കിൽ അപാരമായ മനഃസ്സാന്നിദ്ധ്യം ഉണ്ടെങ്കിലേ പറ്റു. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭക്ഷ്യ സുരക്ഷാ നിയമമാണ് ഇവിടെ നടപ്പാക്കാൻ പോകുന്നത് എങ്കിൽ ഈ അരി വിതരണം നടക്കില്ല എന്നുമാത്രമല്ല വിലക്കയറ്റത്തിന്റെ തോത് ഇനിയും വർദ്ധിക്കാനുള്ള സാധ്യതയുമുണ്ട്. ടെൻഡുൽക്കർ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് 37 കോടി ആളുകൾ ദരിദ്രരാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കുന്നില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് മാത്രമായി ഇത് ലിമിറ്റ് ചെയ്യണമെന്ന് പറഞ്ഞാൽ തീർച്ചയായും അത് കേരളത്തിന് അനുയോജ്യമായിരിക്കുകയില്ല. മാത്രമല്ല 1966-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ഏർപ്പെടുത്തുന്നു, കേന്ദ്ര ഗവൺമെന്റിൽ നിന്ന് അരി തരുന്നു, ഇവിടെ വിതരണം ചെയ്യുന്നു. എ.പി.എൽ./ബി.പി.എൽ. ഉണ്ടാക്കി ആ സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നു. അത് അനുസരിച്ച് അരി വിതരണത്തിന് സാധ്യമല്ലാതാകുന്നു. അവസാനം 113000 ടൺ അരി തന്നുകൊണ്ടിരുന്നത് വെട്ടിക്കുറച്ചിട്ട് നിങ്ങൾ ഇവിടെ വിതരണം ചെയ്തോണം, ഇവിടെ നിയന്ത്രിച്ചോണം ഞങ്ങൾ അവിടെ കൂട്ടും എന്നു പറയുന്നത് ഏത് ന്യായമാണ്? വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഈ ഗവൺമെന്റ് എടുത്ത നടപടികൾ ആർക്കും നിഷേധിക്കാൻ സാധിക്കുന്നതല്ല. ഓണം, ബക്രീദ്, റംസാൻ, ക്രിസ്തുമസ്സ് ഇങ്ങനെയുള്ള വിശേഷ ദിവസങ്ങളിൽ പ്രത്യേകമായ ഔട്ട്ലെറ്റുകൾ ഉണ്ടാക്കി വിലക്കയറ്റം നിയന്ത്രിച്ചുനിർത്തുന്നതിന് ശ്രമിക്കുകയും വിജയിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. 20 ലക്ഷം ദരിദ്രരായ, ആളുകൾക്ക് 17 കോടി രൂപ ചെലവ് വരുന്ന 20 ലക്ഷം ഓണക്കിറ്റുകൾ ഈ ഗവൺമെന്റ് നൽകി. അന്തർദ്ദേശിയ കുത്തകകൾക്ക് ചില്ലറ കച്ചവടത്തിന് കയറിപ്പറ്റുന്നതിന് അനുവാദം കൊടുത്തവർ അതിന് ബദലായി ഹൈപ്പർ മാർക്കറ്റുകൾ ഉണ്ടാക്കി അവരുമായി മത്സരിക്കാൻ നിൽക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനെ ആക്ഷേപിക്കുന്നത് വളരെ ഹീനമായിരിക്കും. ആകെ 3000 ഔട്ട്ലെറ്റുകൾ വഴിയാണ് ഈ സാധനങ്ങൾ വിതരണം ചെയ്യുന്നത്. 3000 ഔട്ട്ലെറ്റുകളിൽക്കൂടി സാധനങ്ങൾ വിതരണം ചെയ്ത് വിലക്കയറ്റം തടഞ്ഞുനിർത്താൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിനെ ശ്ലാഘിക്കുകയല്ലേ വേണ്ടത്? 400 ശബരി സ്റ്റോറുകൾ, 322 സൂപ്പർ മാർക്കറ്റുകൾ, 818 മാവേലി സ്റ്റോറുകൾ, 5 പീപ്പിൾ ബസാറുകൾ, 92 മെഡിക്കൽ സ്റ്റോറുകൾ എന്നിവയിൽക്കൂടിയുള്ള വിതരണം കൊണ്ട് വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ ശ്രമിക്കുന്ന ഗവൺമെന്റിനെയും അതിന് നേതൃത്വം വഹിക്കുന്ന മന്ത്രിയേയും ഒരു വാക്കുകൊണ്ടെങ്കിലും നിങ്ങൾ അഭിനന്ദിക്കേണ്ടേ ? തീർച്ചയായും അഭിനന്ദിക്കേണ്ടതാണ്. സപ്ലൈകോയിൽ ഇപ്പോൾ വിറ്റുവരവ് എത്രയെന്ന് അറിയാമോ? നിങ്ങൾ പറഞ്ഞല്ലോ സപ്ലൈകോ മാർക്കറ്റിലുള്ളതിനേക്കാൾ വില കൂട്ടിയാണ് വിൽക്കുന്നതെന്ന്. 710 കോടി രൂപയിൽ നിന്ന് 2000 കോടി രൂപയായി സപ്ലൈകോയിൽ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല, 100 കോടി രൂപ ലാഭവിഹിതമായി ഖജനാവിലേക്ക് കൊടുത്തു. മൂന്നുവർഷമായി സപ്ലൈകോയിൽ വില വർദ്ധനവേയില്ല. പുറത്ത് വില വർദ്ധനവുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ സപ്ലൈകോയിൽ വില വർദ്ധനവില്ല. റേഷൻ വിതരണം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. റേഷൻ കടകൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തെക്കുറിച്ച് ശ്രീ. മുരളി പറഞ്ഞില്ലേ? നെല്ല് സംഭരണത്തിന് 12 രൂപ നെൽക്കർഷകർക്ക് നൽകി, അതിൽ ഒരു മാസം അല്ലെങ്കിൽ രണ്ടാഴ്ച വ്യത്യാസം വന്നുപോയെന്ന കുറ്റമല്ലാതെ വേറെ ഒരു കുറ്റവുമില്ല. 7 രൂപ കൊടുത്തയാൾ 12 രൂപ കൊടുത്തയാളിനെ കുറ്റം പറയാൻ ന്യായമുണ്ടോ? തീർച്ചയായും ക്ഷീരോത്പാദനത്തെ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞു. 2006-07-ൽ 58 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിച്ച സ്ഥാനത്ത് ഈ ഗവൺമെന്റ് ഇന്ന് 62 ലക്ഷം ലിറ്റർ പാലുത്പാദിപ്പിക്കുന്നു. നാല് ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. കുറഞ്ഞുപോയി എന്നാണ് അദ്ദേഹം പറയുന്നത്. ഈ രംഗത്തെ പരിഷ്കരിക്കുന്നതിനുവേണ്ടി തീർച്ചയായും ഹേലി കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റ് പരിഗണിക്കേണ്ടതുണ്ട്. ക്ഷീര കർഷകർക്ക് ഏത് കർണ്ണാടകത്തിലാണ് ക്ഷേമനിധിയുള്ളത് ? ഏത് തമിഴ്നാട്ടിലാണ് ക്ഷേമനിധിയുള്ളത്? ശ്രീ. റോഷി പറഞ്ഞല്ലോ 23,537 കർഷകർ 300 രൂപ പെൻഷന്റെ ആനുകൂല്യം വാങ്ങിക്കുന്നവരാണ്. 750 കുടുംബങ്ങൾക്ക് കുടുംബ പെൻഷൻ കൊടുക്കുന്നുണ്ട്. ക്ഷീര സംഘത്തിലെ ജീവനക്കാർ സ്വപ്നം കാണാത്ത വിധത്തിൽ അവർക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിന്റെ സെക്ഷൻ 80 അനുസരിച്ച് ആനുകൂല്യം കൊടുത്തു. ഇങ്ങനെ ഏത് സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നുണ്ട്? ഇവിടെയല്ലേയുള്ളു. ഇവിടെ ക്ഷീര കർഷകരെ സംരക്ഷിക്കുന്നില്ലേ ? ഇല്ലെന്ന് പറയാൻ നിങ്ങൾക്ക് എന്ത് തെളിവുണ്ട്? നമ്മുടെ അവബോധത്തിൽ ഒരു മാറ്റമുണ്ടാകണം. മൃഗങ്ങളെയും പക്ഷികളേയുമൊക്കെ വളർത്തുന്നത് മാനക്കേടാണെന്ന് തീരുമാനിക്കുന്ന ഒരു സമൂഹത്തിന്റെ സാംസ്കാരികമായ ആ നിലപാട് മാറ്റുന്നതിനുവേണ്ടി ഹൈസ്കൂൾ ക്ലാസ്സുകളിലുൾപ്പെടെ, വിദ്യാർത്ഥികൾക്കുൾപ്പെടെ ജന്തു ക്ലബുകൾ സ്ഥാപിക്കുന്നതിനും അവർക്ക് സൗജന്യമായി വളർത്തുമൃഗങ്ങളെയും പക്ഷികളേയും നൽകുന്നതിനും അതിലേയ്ക്ക് ഒരു ആഭിമുഖ്യമുണ്ടാക്കുന്നതിനും അടിസ്ഥാനപരമായ ശ്രമം നടത്തുന്ന ഈ ഗവൺമെന്റിനെ നിങ്ങൾ ശ്ലാഘിക്കേണ്ടേ ? കൂത്താട്ടുകുളത്ത് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിൽ ഇപ്പോൾ ഇറച്ചിയുടെ വിൽപ്പന വർദ്ധിച്ചിട്ടുണ്ട്. നല്ല ഇറച്ചി വിൽക്കുന്നു. അത് ലാഭമാണ്.

ശ്രീ. എം. ചന്ദ്രൻ : അങ്ങ് ഇവിടെ വളർത്തുമൃഗങ്ങളെ സ്കൂൾ വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതിനെ സംബന്ധിച്ചാണ് പറഞ്ഞത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ. മാർക്കും വളർത്തുമൃഗങ്ങളെ കൊടുക്കാനുള്ള ഒരു പദ്ധതിയുമായി മുന്നോട്ടുവന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എൻ. അനിരുദ്ധൻ : അറിയാം. മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ എന്നോടും ചോദിച്ചു ഏത് മൃഗമാണ് വേണ്ടതെന്ന്.

ശ്രീ. വി. ശശികുമാർ : ഒരു വെച്ചൂർ പശുവിനെ എനിക്ക് അനുവദിച്ചു തരാൻ ഒന്നു പറയാമോ?

ശ്രീ. എൻ. അനിരുദ്ധൻ : തീർച്ചയായും അത് ഓപ്റ്റ് ചെയ്യാനുള്ള അവകാശം എം.എൽ.എ.ക്കാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി.ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഏത് മൃഗത്തിനാണ് എഴുതിക്കൊടുത്തത് ?

ശ്രീ. എൻ. അനിരുദ്ധൻ : ഞാൻ പറഞ്ഞില്ല. എന്റെ വീട്ടുകാരുമായിട്ട് ആലോചിച്ചിട്ടേ പറയാൻ പറ്റുകയുള്ളു.

ശ്രീ. സി. കെ. പി. പത്മനാഭൻ : കേരളീയർക്ക് മൃഗങ്ങളെ വളർത്താൻ താത്പര്യമില്ല എന്ന് അദ്ദേഹം പറഞ്ഞു. അതിൽ എനിക്ക് വിയോജിപ്പുണ്ട്. കാരണം ഇവിടെ പട്ടിയെ വളർത്തുന്നുണ്ട്, ലവ് ബേർഡ്സിനെ വളർത്തുന്നുണ്ട്. വീടിന്റെ അകത്താണ് അതിന്റെ കാഷ്ടവും കാര്യങ്ങളുമൊക്കെ. പക്ഷേ കോഴിയെ വളർത്താനോ ആടിനെ വളർത്താനോ നമ്മുടെ ആളുകൾക്ക് താൽപ്പര്യമില്ല. ഈ സംസ്ക്കാരമാണ് മാറേണ്ടത്.

ശ്രീ. എൻ. അനിരുദ്ധൻ : ശ്രീ. സി. കെ. പി. അതുതന്നെയാണ് ഞാനും പറഞ്ഞത്. വളർത്തുമൃഗങ്ങളിൽ നമുക്ക് ഉപകാരം ചെയ്യുന്ന, നമുക്ക് അതുകൊണ്ട് ജീവിക്കാൻ കഴിയുന്ന, ജീവനോപാധിയാക്കിത്തീർക്കാൻ കഴിയുന്ന മൃഗങ്ങളെ വളർത്തണമെന്നാണ് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : എം.എൽ.എ. മാരോട് വന്നിട്ട് നിങ്ങൾക്ക് ഏത് മൃഗം വേണമെന്ന് ഉദ്യോഗസ്ഥർ ചോദിക്കുന്നത് ശരി. നിങ്ങളേത് മൃഗമാണെന്ന് ചോദിച്ചുവെന്നാണ് അങ്ങ് പറഞ്ഞത്. അത് അങ്ങയെ അപമാനിക്കുന്നതിന് തുല്യമാണ്. ഈ സഭയെ മുഴുവൻ അപമാനിക്കുന്നതിന് തുല്യമാണ്.

ശ്രീ. എൻ അനിരുദ്ധൻ : സർ, പശു ഗ്രാമം പദ്ധതി ഏർപ്പെടുത്തി, മിൽക്ക് ഷെഡ് പദ്ധതി ഏർപ്പെടുത്തി, ഗോ രക്ഷ ഏർപ്പെടുത്തി, ഗോ സുരക്ഷാ പദ്ധതി ഏർപ്പെടുത്തി. കന്നുകുട്ടി പരിപാലനവും, കാലി സമ്പത്ത് വർദ്ധിപ്പിക്കാനുമുള്ള ശ്രമം നടത്തി. ആരോരും കേൾപ്പോരും കേൾവിയുമില്ലാത്ത ഒരു വകുപ്പെടുത്ത് ഇത്രയും കാര്യങ്ങൾ ചെയ്ത ഇടതുപക്ഷമുന്നണിയെയും ഗവൺമെന്റിനെയും അതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയെയും നമ്മൾ ശ്ലാഘിക്കേണ്ടേ? ഇനി പക്ഷി വളർത്തലിനെ സംബന്ധിച്ച് പറയാം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഇവിടെ മൃഗങ്ങളുടെയും പക്ഷികളുടെയും ക്ഷേമത്തിനുവേണ്ടി മന്ത്രിയും ഗവൺമെന്റും ഒരുപാട് കാര്യങ്ങൾ ചെയ്ത് പൂർത്തിയാക്കിയെന്നുള്ളതിന്റെ ഏക തെളിവാണ് ഈ മാസം 23-ാം തീയതി നടത്താൻ നിശ്ചയിച്ചിട്ടുള്ള പക്ഷികളുടെയും മൃഗങ്ങളുടെയും അഖിലേന്ത്യാ എക്സിബിഷൻ.

ശ്രീ. എൻ അനിരുദ്ധൻ : സർ, കഴിഞ്ഞ വർഷം എന്റെ മണ്ഡലത്തിൽ ഈ സംസ്ഥാനത്തെ മുഴുവൻ പ്രതിനിധീകരിച്ച് ഒരു എക്സിബിഷൻ നടത്തി. പതിനായിരക്കണക്കിന് ആളുകൾ ഇതുമായി ആഭിമുഖ്യമുണ്ടെന്നുള്ള നിഗമനത്തിൽതന്നെയാണ് അവിടെ എത്തിച്ചേർന്നിട്ടുള്ളത്. ഇതൊരു മഹത്തായ കാര്യമാണ്. ആ ലൈനിലേയ്ക്ക് ജനതയുടെ ചിന്തയ്ക്ക് പ്രേരകമായ ഒരു ഭരണം എന്നുപറഞ്ഞാൽ അത് അടിസ്ഥാനപരമായി മാറ്റത്തിന്റെ ഭരണമല്ലേ? ഗ്രാമം നിറയെ കോഴി, വീട്ടമ്മയുടെ കോഴി, വീട്ടുമുറ്റത്തെ കോഴി, അടുക്കള മുറ്റത്തെ കോഴി വളർത്തൽ ഇതെല്ലാം വെറുതെയെന്നാണോ വിചാരിച്ചിരിക്കുന്നത്? എത്രയോ ലക്ഷം കോഴി ഈ നാട്ടിൽ വിതരണം ചെയ്തു. പള്ളിക്കൂടങ്ങളിലെ ക്ലബ്ബുകളിൽ കോഴികളെ വളർത്തിയിട്ട് അരുമയായി ആ കോഴിയെ കുട്ടികൾ വീട്ടിലേയ്ക്ക് കൊണ്ടുപോകുന്ന രംഗം കണ്ടവനാണ് ഞാൻ. അതിനെ അവർ വളർത്തുന്നു. മുട്ട ഉൽപ്പാദനത്തിൽ പിന്നോക്കം പോയതിന് പരിഹാരം കാണുവാനുള്ള ശ്രമമാണ്. ഇവിടെ കോഴി വളർത്തൽ രംഗത്ത് സമഗ്രമായ പുരോഗതിയുണ്ട്. പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള മുട്ട ഉൽപ്പാദനം 2005-2006-ൽ 11,956 ലക്ഷമായിരുന്നു. 2008-2009-ൽ 15,000 ലക്ഷം മുട്ട ഉൽപ്പാദിപ്പിച്ചു. 2009-2010-ൽ 16,500 ലക്ഷമായി ഉയർത്തി. സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ള 450 കോടിയിൽ വളരെക്കുറച്ചേ നമ്മൾ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. അത് പരിഹരിക്കേണ്ടതാണ് കെപ്കോ നിങ്ങൾ കേട്ടുകാണുമല്ലോ. ഇവിടെ പേട്ടയിൽ ചെന്നാൽ നല്ല ഒന്നാന്തരം ചിക്കൺ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്ന ഒരു സ്ഥാപനമാണ കെപ്കോ. അതിന്റെ ഔട്ട്ലെറ്റുകളുണ്ട്. നല്ല ഡൈനാമിക്കായിട്ടുള്ളു ചെറുപ്പക്കാർ ചേർന്ന് കെട്ടിപ്പടുത്തിയ ഒരു സ്ഥാപനമാണ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ. ആ സ്ഥാപനം ഇന്ന് ലാഭത്തിലാണ്. അവിടെ 2007-ൽ 245 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിച്ചിരുന്നു വെങ്കിൽ 2009-ൽ 500 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കുന്നുണ്ട്. നഷ്ടത്തിൽ കൂപ്പുകുത്തിയ ഈ പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനെ തനത് വർഷം ലാഭത്തിൽ പ്രവർത്തിക്കാൻ ഇടയാക്കി. 2005-06-ൽ സമ്മിശ്ര നഷ്ടം 486.35 ലക്ഷമായിരുന്നു. ഇന്ന് അത് പ്രതിവർഷം ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. രണ്ട് കോടിയുടെ വിറ്റ് വരവിലെത്തിയിരിക്കുന്നു. ഇപ്പോൾ 2 കോടിരൂപയിൽ നിന്ന് 11 കോടി രൂപയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഈ വിധത്തിൽ മൃഗസംരക്ഷണം, അതുപോലെതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ മാററത്തിന്റെ വലിയ ചാലക ശക്തിയായി പ്രവർത്തിക്കുന്ന ഇടതുപക്ഷമുന്നണി ഗവൺമെന്റിനേയും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയേയും അഭിനന്ദിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ കേന്ദ്രത്തിന്റെ സഹായം ഉറപ്പാക്കണം, അതിൽ എം.പി.മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി പ്രത്യേകം അഭ്യർത്ഥിച്ചത് നമ്മളെല്ലാവരും കണ്ടതാണ്. പക്ഷേ ഭക്ഷ്യ സുരക്ഷാ എന്നു പറഞ്ഞാൽ അത് കേന്ദ്രത്തിന്റെ മാത്രം ജോലിയാണെന്ന ധാരണ ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. കാരണം, സംസ്ഥാനത്തിന് അക്കാര്യത്തിൽ നിരവധി ഉത്തരവാദിത്വം ഉണ്ട്. മാത്രമല്ല, കേരളത്തിന്റെ കാര്യത്തിൽ കഴിഞ്ഞ ഒരു വർഷമായി യു.പി.എ. ഗവൺമെന്റ്, പ്രത്യേകിച്ച് പ്രധാന മന്ത്രി ഡോ. മൻമോഹൻ സിംഗ് തന്നെ അരിയും അതുപോലെ ഗോതമ്പു മൊക്കെ അലോട്ട് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധവച്ചു. നമ്മുടെ കേന്ദ്ര ഭക്ഷ്യ സഹമന്ത്രി പ്രൊഫ. കെ. വി. തോമസ് കാണിക്കുന്ന താൽപര്യവും ബഹുമാനപ്പെട്ട മന്ത്രിക്ക് മറക്കാൻ സാധിക്കുമോയെന്ന് എനിക്ക് അറിയാൻ പാടില്ല. വളരെ താൽപര്യത്തോടുകൂടിയാണ് കേരളത്തിലെ ഭക്ഷ്യ കാര്യത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയും അതുപോലെതന്നെ പ്രൊഫ. കെ. വി. തോമസുമൊക്കെ ഇടപെട്ടിരിക്കുന്നത്. ശ്രീ. ഇ. അഹമ്മദ് സാഹിബ് വാഗണുകൾ നൽകുന്നുണ്ടല്ലോ. ഭക്ഷ്യത്തിന്റെ കാര്യത്തിലും ശ്രീ. ഇ. അഹമ്മദ് സാഹിബാണ് ഈ കാര്യങ്ങൾ ചെയ്യുന്നത് എന്ന് ഞാൻ പറഞ്ഞാൽ ഒരു സ്വാർത്ഥതയായി മാറും. കാര്യങ്ങൾ നടത്തി എന്ന് പറയുന്നതാണ് കൂടുതൽ ഭംഗി. പക്ഷേ വാഗൺ തരുന്നുണ്ട്. അങ്ങ് അഭ്യർത്ഥിച്ചപ്പോൾ രണ്ടുമൂന്നു പ്രാവശ്യം വാഗൺ തന്നത് എന്നോട് നേരിട്ട് ശ്രീ. അഹമ്മദ് സാഹിബ് പറയുകയുണ്ടായി.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ബഹുമാനപ്പെട്ട രണ്ട് കേന്ദ്രമന്ത്രിമാർ കേരളത്തിന് ഭക്ഷ്യധാന്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അലോട്ടുചെയ്യുന്നതിൽ ഇടപെട്ടു എന്നാണ് പറഞ്ഞത്. അതുകൊണ്ട് എന്താണ് കാര്യം? സഹായിച്ചു എന്നാണ് പറയേണ്ടത്. ഇടപെട്ടു എന്ന് പറഞ്ഞാൽ എന്താണ് കാര്യം ? എതിരായിട്ടാണ് ഇടപെട്ടതെങ്കിലോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, സഹായിച്ചല്ലോ. വെറും ഇടപെടലുകളല്ല. സഹായിച്ചു. ഞാൻ ഭക്ഷ്യ സഹമന്ത്രി പ്രൊഫ. കെ. വി. തോമസിന്റെ കാര്യം പറഞ്ഞപ്പോൾ, ശ്രീ. അഹമ്മദ് സാഹിബ് സഹായിച്ചതും പല ഘട്ടത്തിൽ നമ്മുടെ ഭക്ഷ്യ മന്ത്രി അദ്ദേഹത്തെ വിളിച്ചതും വാഗൺ അലോട്ട് ചെയ്തതുമൊക്കെ എന്നോടുതന്നെ പറയുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ ഇടപെടലിന് രണ്ട് അർത്ഥമുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കേന്ദ്രം എടുത്ത നിലപാട്മൂലം രാജ്യത്ത് നൽകുന്ന ഭക്ഷ്യ സബ്സിഡിയിൽ നമ്മുടെ ആളോഹരി വിഹിതം നമുക്ക് കിട്ടിയെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ ഒരു വർഷത്തെ കണക്ക് പരിശോധി ച്ചാൽ കിട്ടുന്ന ഏറ്റവും വലിയ പ്രത്യേകത, കേരളത്തിന് ആളോഹരി വിഹിതം കിട്ടിയിരിക്കുന്നുവെന്നതാണ്. മുമ്പ് അങ്ങനെ കിട്ടിയിരുന്നോയെന്ന് സംശയമുണ്ട്. ആ കാര്യം ഞാൻ നിഷേധിക്കുന്നില്ല. നമുക്ക് കഴിഞ്ഞ വർഷം 1513 കോടി രൂപ ഭക്ഷ്യസബ്സിഡിയായി കിട്ടിയിട്ടുണ്ട്. അതുപോലെ ത്തന്നെ അടുത്ത ദിവസങ്ങളിൽ ശ്രീമതി സോണിയാ ഗാന്ധിയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന ദേശീയ ഉപദേശക സമിതിയോഗത്തിൽ 2000 ബ്ലോക്കുകളിൽ ആദ്യ പടിയായി ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുക യാണ്. നമുക്കറിയാം, നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ബ്ലോക്കുകളെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നമ്മുടെ രാജ്യത്ത് ആദ്യപടിയായി 2000 ബ്ലോക്കുകളിൽ ഈ പദ്ധതി നടത്തുമ്പോൾ എത്ര ബ്ലോക്ക് നമുക്ക് കിട്ടും എന്നുള്ള കാര്യത്തിൽ നമുക്ക് ആശങ്കയുണ്ടാകാം. സ്വാഭാവികമായിട്ടും ഈ ആശങ്ക പരിഹരിക്കുന്നതിന് നമ്മുടെ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെയും അതുപോലെ എം.പി. മാരുടെയുമൊക്കെ സേവനം പ്രയോജനപ്പെടുത്തണം. നമ്മൾ വാശിയും വൈരാഗ്യവും വച്ച് പു ലർത്തിക്കൊണ്ട് എപ്പോഴും കേന്ദ്രത്തെ കുറ്റം പറഞ്ഞുകൊണ്ട് പോയാൽ അത് നടപ്പാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അപ്പോൾ ഭക്ഷ്യമന്ത്രി മുൻകയ്യെടു ത്തുകൊണ്ട് രാജ്യത്താകെയുള്ള 2000 ബ്ലോക്കുകളിൽ ആദ്യപടിയായി ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുമ്പോൾ അതിലൊരു വലിയ പങ്ക് നമുക്ക് കിട്ടണ മെന്നുള്ള നിർബന്ധബുദ്ധിയോടുകൂടി അവിടെ ലെയ്സൺ വർക്ക് നടത്ത ണം, കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ സഹായം അഭ്യർത്ഥിക്കണം, ആ സഹായം ഉപയോഗിക്കണം. അതിന് ഭക്ഷ്യവകുപ്പുമന്ത്രി തയ്യാറാക ണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന്, സാധാരണ കേന്ദ്രം നമ്മളെ അവഗണിക്കുന്നു എന്നൊക്കെ പറയുമ്പോൾ പ്രത്യേകമായി അതിലൊരു കണക്കുണ്ട്. കേരളത്തിന് ഏറ്റവും കൂടുതൽ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയത് കഴിഞ്ഞ വർഷമാണ്. അരിക്ക് 1296 കോടിരൂപയോളം സബ്സിഡി കിട്ടിക്കഴിഞ്ഞു. അതുപോലെതന്നെ ഗോതമ്പിന് 217 കോടി രൂപയുടെ സബ്സിഡി കിട്ടി. മാത്രമല്ല, ഞാൻ കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. കേന്ദ്രം അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും സമയാസമയങ്ങളിൽ ലിഫ്റ്റ് ചെയ്യാൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ടാണ് പലപ്പോഴും സംസ്ഥാനത്തിനുള്ള അലോട്ട്മെന്റ് കുറഞ്ഞു പോകുന്നത്. കാരണം, സംസ്ഥാന ഗവൺമെന്റാണെങ്കിലും കേന്ദ്ര ഗവൺമെന്റ് ആണെങ്കിലും ഇത് തയ്യാറാക്കുന്നത് ഉദ്യോഗസ്ഥൻമാരാണ്. എത്ര അലോട്ട് ചെയ്തു, എത്ര ലിസ്റ്റ് ചെയ്തു എന്നൊക്കെയുള്ള കഴിഞ്ഞ ചരിത്രം ഉദ്യോഗസ്ഥ തലത്തിൽ പരിശോധിക്കുമ്പോൾ അലോട്ട് ചെയ്ത മുഴുവൻ അരിയും ഗോതമ്പും എടുക്കാത്ത ഒരു സംസ്ഥാനത്തിന് വീണ്ടും കൂടുതൽ അലോട്ട്മെന്റ് കിട്ടുകയില്ല. ഏത് മന്ത്രി വിചാരിച്ചാലും ബുദ്ധിമുട്ടുകൾ ഉണ്ടാകും. അക്കാര്യത്തിൽ കേരളം പ്രത്യേകം ശ്രദ്ധിക്കേണ്ടത് അലോട്ട് ചെയ്ത അരിയും ഗോതമ്പുമൊക്കെ....

ശ്രീ. കെ. കെ. ജയചന്ദ്രൻ: ധാരാളം സബ്സിഡി കിട്ടുന്നതായി അങ്ങ് ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ റേഷൻ അരിക്കും ഗോതമ്പിനും എത്ര വിലയാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് പറഞ്ഞില്ലല്ലോ. അതിനെപ്പറ്റി വല്ല നിശ്ചയവുമുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഗോതമ്പ് നൽകിയ വകയിൽ 218 കോടി രൂപ കേന്ദ്രം സബ്സിഡിയായി തന്നിട്ടുണ്ട്. അതുപോലെ തന്നെ എ.പി.എൽ. വിഭാഗക്കാർക്ക് 127 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. സംഭരണ റേറ്റ് കൂട്ടണമെന്ന് നിങ്ങൾ തന്നെ ആവശ്യപ്പെടുകയാണ്. സംഭരണ പ്രൊക്യുവർമെന്റിനുള്ള റേറ്റ് കൂട്ടിയാൽ സ്വാഭാവികമായും പിന്നീട് നമുക്ക് തരാനുള്ള റേറ്റ് കൂടുമല്ലോ? ഇത് രണ്ടുംകൂടി നടക്കുമോ? അതുപോലെ തന്നെ കഴിഞ്ഞ വർഷം നമ്മുടെ ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേന്ദ്രം നടപ്പിലാക്കിയ വിവിധ പദ്ധതികളുണ്ട്. ആ പദ്ധതികളിൽ ചെലവഴിക്കാത്ത 240 കോടി രൂപയുണ്ടെന്നാണ് കേന്ദ്രത്തിന്റെ കണക്ക്. അത് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതുപോലെ തന്നെ 1806 കോടി രൂപയുടെ ഇടുക്കി പദ്ധതിയുണ്ട്. ഇടുക്കി പദ്ധതിക്ക് ഡി.പി.ആർ. കൊടുക്കാൻ സാധിച്ചിട്ടില്ല. ഏകദേശം ആറ് കോടി രൂപയ്ക്ക് മാത്രമാണ് ഫലപ്രദമായി ഡി.പി.ആർ. കൊടുക്കാൻ സാധിച്ചത്. അപ്പോൾ അതൊക്കെ അങ്ങനെ സംഭവിക്കുന്നു. അതൊക്കെ ഗവൺമെന്റിന്റെ കൃത്യനിർവ്വഹണത്തിൽ വരുന്ന ഒരു വീഴ്ചയാണ്. അതുകൊണ്ട് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കേന്ദ്രത്തിൽ നിന്നും കിട്ടേണ്ട കോടിക്കണക്കിന് രൂപ കേരളത്തിന് കിട്ടാതെ പോകുന്നു. അത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റേഷൻ കാർഡുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ റേഷൻ കാർഡുകൾ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ഒരു പാസ്പോർട്ടാണ്. ഒരു പാസ്പോർട്ട് ലഭിക്കുന്നതിന് തുല്യമാണ് സാധാരണക്കാരനോ പാവപ്പെട്ടവനോ ഒരു റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കാർഡ് കിട്ടുകയെന്ന് പറയുന്നത്. അവർക്ക് ഇതുപയോഗിച്ചാണ് കേന്ദ്രത്തിൽ നിന്നും കേരളത്തിൽ നിന്നും കിട്ടുന്ന എല്ലാ സൗകര്യങ്ങളും സൗജന്യങ്ങളും സബ്സിഡികളും ബാങ്ക് ലോൺ വരെ കിട്ടേണ്ടത്. പക്ഷേ, റേഷൻ കാർഡുകൾ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാര്യമായ വീഴ്ച സംഭവിച്ചിരിക്കുന്നു. അത് ഫലപ്രദമായി നമുക്ക് നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ല. അത് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. എല്ലാവർക്കും റേഷൻ കാർഡ് ഉടനെ ലഭ്യമാക്കാനാവശ്യമായ നടപടി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അർഹരായ മുഴുവൻ ആളുകൾക്കും ബി.പി.എൽ. കാർഡുകൾ കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

ശ്രീ. കെ. ബാബു: എറണാകുളത്ത് ഇറങ്ങുന്ന മെട്രോ മനോരമയിൽ 'റേഷൻ കാർഡ് റേഷനാണ്' എന്നുള്ള ഒരു വാർത്ത വന്നു. ആ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: തീർച്ചയായിട്ടും. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഇപ്പോൾ ഇത് പറയാൻ തയ്യാറായത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അങ്ങ് ഇവിടെ റേഷൻ കാർഡിന്റെ മഹത്വത്തെക്കുറിച്ച് പറയുകയാണല്ലോ. കേന്ദ്ര ഗവൺമെന്റ് ഈ റേഷൻ കാർഡ് കളഞ്ഞിട്ട് ഏതോ തരത്തിലുള്ള കൂപ്പൺ കൊടുക്കാനാണ് പുറപ്പെടുന്നതെന്നുള്ള കാര്യം മനസ്സിലായിട്ടുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: അതെനിക്ക് ഇതുവരെയും മനസ്സിലായിട്ടില്ല. അതായത്, ഇക്കാര്യത്തിൽ കേന്ദ്രം കൊണ്ടുവരുന്ന ചില മാനദണ്ഡങ്ങളുണ്ട്. ഇപ്പോൾ ബി.പി.എൽ കാർഡിന് അർഹരായ ആളുകളെ ബി.പി. എൽ-വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്രം കൊണ്ടുവരുന്ന മാനദണ്ഡം പലപ്പോഴും സംസ്ഥാനത്തിന് ദോഷകരമായി വരാറുണ്ട്. അത് എന്തുകൊണ്ടാണെന്നു വച്ചാൽ നമ്മുടെ ഉയർച്ചയും വളർച്ചയുമാണ്. വളരെ വർഷങ്ങളായി നമ്മൾ രാഷ്ട്രീയ ഭേദമന്യേ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചതുകൊണ്ട് കിട്ടിയ ഉയർച്ചയും വളർച്ചയുമാണ്. അത്രത്തോളം മറ്റ് സംസ്ഥാനങ്ങൾ വളർന്നിട്ടില്ല. ഈ മാനദണ്ഡങ്ങളെപ്പറ്റി നമുക്ക് പരാതിയുണ്ടെങ്കിലും സ്വാഭാവികമായി അത് പരിഹരിക്കാൻ നമുക്ക് സാധിക്കണം. ഇപ്പോൾ ടെൻഡുൽക്കർ കമ്മിറ്റിയുടെ കാര്യം ഇവിടെ പറഞ്ഞിരുന്നു. ടെണ്ടുൽക്കർ കമ്മിറ്റിയെ നമ്മുടെ സംസ്ഥാന ഗവൺമെന്റും അംഗീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ടെൻഡുൽക്കർ കമ്മിറ്റിയെ അംഗീകരിച്ചാൽ കൂടുതൽ ബി.പി.എൽ.-കാർ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകും എന്നാണ് ഒരുവാദം. അത് വിഷയമാക്കേണ്ടതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ഇപ്പോൾ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കൂടിയ കേന്ദ്രഗവൺമെന്റിന്റെ ക്യാബിനറ്റ് സബ് കമ്മിറ്റി, ടെൻഡുൽക്കർ കമ്മിറ്റി അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റ് അംഗീകരിച്ചു എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : അതെ, ഇവിടെ സി.പി.ഐ (എം)-ന്റെ നേതാവ് സംസാരിച്ചപ്പോൾ കേന്ദ്രം ടെൻഡുൽക്കർ കമ്മിറ്റിയെ അംഗീകരിച്ചിട്ടില്ല എന്നൊരു ഇംപ്രഷനാണ് ഉണ്ടായത്. പക്ഷേ, ഞാൻ മനസ്സിലാക്കിയതും ഇദ്ദേഹം പറഞ്ഞതുപോലെയാണ്. ഇപ്പോൾ കേരളം അത് അംഗീകരിച്ചിട്ടില്ല. അപ്പോൾ ടെൻഡുർക്കർ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചാൽ. സംസ്ഥാനത്ത് കൂടുതൽ ബി.പി.എൽ.കാർക്ക് ബി.പി.എൽ. കാർഡുകൾ കൊടുക്കാൻ സാധിക്കുമെങ്കിൽ അത് അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ശ്രീ. പി. വിശ്വൻ പറഞ്ഞു. തട്ടിപ്പും വെട്ടിപ്പുമൊക്കെ കേരളത്തിനുവെളിയിലാണ് കേരളത്തിൽ മാത്രം തട്ടിപ്പും വെട്ടിപ്പുമില്ല എന്ന്. ആ ധാരണ ശരിയല്ല. റേഷൻ കടക്കാരും അതുപോലെ തന്നെ ഇടനിലക്കാരുമൊക്കെ ചേർന്ന് കരിഞ്ചന്ത നടത്തുന്ന കാര്യത്തിൽ ഇവിടേയും വ്യത്യാസമൊന്നുമില്ല. ഈ സംസ്ഥാനത്തും സംസ്ഥാനത്തിനു വെളിയിലും നടത്തുന്നുണ്ട്. സുപ്രീം കോടതി നിയോഗിച്ച കമ്മീഷൻ ഈ രാജ്യത്തെ മുഴുവൻ കാര്യങ്ങളാണ് സംസാരിച്ചിരിക്കുന്നത്. കേരളത്തിന് പുറത്തുള്ള സംഗതിയല്ല പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഇവിടെ അവതരിപ്പിച്ച മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഒരു ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന നന്മയേറിയ ധാരാളം പ്രവർത്തനങ്ങൾ ഒന്നൊന്നായി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അരി വെന്തോയെന്ന് ഒരു തവിയിൽ കോരി മൊത്തം ചോറും ഞെക്കിനോക്കേണ്ട കാര്യമില്ല. രണ്ടോമൂന്നോ എണ്ണം ഞെക്കിനോക്കിയാൽ മതിയാവും. അരി വെന്തോ വെന്തില്ലയോ എന്ന് അറിയാൻ;

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം"

എന്നുപറഞ്ഞുകൊണ്ട് നിരന്തരമായി നിയമസഭയ്ക്കകത്ത് നടത്തുന്ന വാക്കുകൊണ്ടുള്ള ആക്രമണം ഒഴിച്ചാൽ തെക്കേയറ്റത്ത് കിടക്കുന്ന ഒരു സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഇതിനപ്പുറം ഒരു ഗവൺമെന്റിനും ഒരു മായാജാലവുമില്ല എന്ന് പ്രതിപക്ഷത്തിന് നന്നായി അറിയാവുന്ന കാര്യമാണ്. യഥാർത്ഥത്തിൽ ഒരു കാര്യം ഞാൻ പറയട്ടേ; ഇപ്പോൾ ഇവിടെ ഇടിവെട്ടിയവന്റെ തലയിൽ വീണ്ടും പാമ്പ് കടിച്ചു എന്ന് പറഞ്ഞതുപോലെയാണ്. ഇവിടെ റേഷൻ വെട്ടിക്കുറയ്ക്കുന്നു, മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നു, ഗോതമ്പ് വെട്ടിക്കുറയ്ക്കുന്നു, കേന്ദ്രം ഇഷ്ടംപോലെ എന്തും ചെയ്തുകൊണ്ടിരിക്കുന്നു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമുള്ള തെക്കേയറ്റത്തു കിടക്കുന്ന ഒരു സംസ്ഥാനത്തിന് താങ്ങാനാവുന്നതിനപ്പുറമായി വിലക്കയറ്റം ആഗോള പ്രതിഭാസമാണെന്ന് യു.പി. എ. തന്നെ പറഞ്ഞിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് വീണ്ടും വീണ്ടും ആവർത്തിച്ച് പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

യു.പി.എ. ചെയർപേഴ്സൺ സോണിയാ ഗാന്ധിപോലും രാജ്യത്ത് ഇത് എന്തൊരു വിലക്കയറ്റമാണ് ഇന്ത്യ സ്വാതന്ത്ര്യമായതിനുശേഷം ഇത്രയും വലിയൊരു വിലക്കയറ്റം ഞാൻ കണ്ടിട്ടില്ല എന്ന് ശ്രീ. മൻമോഹൻ സിംഗിനോട് ചോദിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടം! അതാണ് ഞാൻ പറഞ്ഞത് ഇടിവെട്ടിയവന്റെ തലയിൽ വീണ്ടും പാമ്പു കടിച്ചിരിക്കുന്നുവെന്ന്. ഇപ്പോൾ എന്താണ്? വീണ്ടും പെട്രോളിന് മൂന്നുരൂപ ചില്ലറയും, ഡീസലിന് രണ്ട് രൂപ ചില്ലറയും മണ്ണെണ്ണയ്ക്കും ഗ്യാസിനും കൂട്ടിയതുമൊക്കെ ആർക്കുവേണ്ടിയാണ്; ആരെ സംരക്ഷിക്കുവാൻ വേണ്ടിയാണ്? ഇന്ത്യയിലെ മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ, കുത്തക കമ്പനികൾ, കോടാനുകോടി രൂപയ്ക്ക് ഓരോ വർഷവും പരസ്യം കൊടുത്തുകൊണ്ടിരിക്കുന്ന ഐ.ഒ.സി. (ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ), ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം തുടങ്ങിയ മൂന്നുകമ്പനികളെമാത്രം സഹായിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സാധാരണക്കാരുടെ തലയിൽ ഇടിത്തീയ് വാരിയിട്ടതുപോലെ വീണ്ടും വീണ്ടും വിലക്കയറ്റം ഉണ്ടാക്കുവാനുള്ള സമീപനം എടുത്തിരിക്കുന്നത്. അല്ലാതെ വേറെയാരെയെങ്കിലും സഹായിക്കുവാൻ വേണ്ടിയാണോ; ഇന്ത്യയിലെ പാവപ്പെട്ടവരെ സഹായിക്കുവാൻ വേണ്ടിയാണോ; ഇന്ത്യയിലെ തൊഴിലാളികളെ സഹായിക്കുവാൻ വേണ്ടിയാണോ; ഇന്ത്യയിലെ കർഷകരെ സഹായിക്കുവാൻ വേണ്ടിയാണോ ? അതുകൊണ്ട് വിലക്കൂട്ടൽ നയം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിനകത്തുള്ള ഒരു വിവേചനം ഞാൻ ചൂണ്ടിക്കാണിക്കട്ടെ; ഇവിടെ ഏവിയേഷൻ സ്പിരിറ്റ് ഉപയോഗിക്കുന്നത് ആരാണ്? വിമാനങ്ങളിലെ ഇന്ധനം, വില കൂട്ടിയോ ? കിംഗ് ഫിഷർ, ജെറ്റ് തുടങ്ങിയ എത്ര കുത്തകകളാണ് വിമാന കമ്പനികൾ നടത്തുന്നത്. അവർക്ക് നയാ പൈസാ വിലകൂട്ടിയോ? വില കൂട്ടിയെങ്കിൽ പറയട്ടെ അപ്പോൾ ഇത് ആരെ സഹായിക്കാനാണ്? കേരളത്തിലെ പാവപ്പെട്ടവരെയോ സാധാരണക്കാരനെയോ കർഷകനെയോ കൃഷിക്കാരനെയോ ആരെയും സഹായിക്കുവാനല്ല. മറിച്ച് കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണ്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ കഴിഞ്ഞ കൊല്ലം 818 കോടി രൂപയുടെ പരസ്യമാണ് കൊടുത്തത്. ഹിന്ദുസ്ഥാൻ പെട്രോളിയം...... ഇങ്ങനെ ഈ കുത്തകകളെ സഹായിക്കുന്ന നിലപാടുകൾ അടിക്കടി എടുത്തുകൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റിനിടയിൽ ഞെങ്ങിഞെരുങ്ങി നിൽക്കുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയിൽ എല്ലായിടവും വിലക്കയറ്റമുണ്ടായാലും ഇവിടെ വിലക്കയറ്റമില്ല. വിലക്കയറ്റം വന്നാൽ എന്താണ് ചെയ്യുന്നത്? വിലക്കയറ്റം വന്നാൽ നിങ്ങൾ വിചാരിക്കുന്നതുപോലെ 'എല്ലായിടത്തും വിലക്കയറ്റമുണ്ട്, ഇവിടെയും വിലക്കയറ്റം, കേരളത്തിലും വിലക്കയറ്റമാണ്. അപ്പോൾ നമുക്ക് എന്ത് ചെയ്യാനൊക്കും' എന്ന് പറയുകയാണോ? ഇപ്പോൾ പൊതുകമ്പോളത്തിൽ, ചാല കമ്പോളത്തിൽ വില വർദ്ധിച്ചു. എന്താണ് ചെയ്യുന്നത്? അങ്ങനെ വില വർദ്ധിച്ചാൽ അപ്പോൾത്തന്നെ അതിന്റെ തൊട്ടടുത്ത് ഒന്നോരണ്ടോ പൊതുവിതരണ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും മാവേലി സ്റ്റോറുകളും സ്ഥാപിക്കും. മുഴുവൻ ആളുകളും സർക്കാരിന്റെ കടയിൽ വന്ന് നിത്യോപയോഗ സാധനങ്ങൾ വാങ്ങണമെന്നല്ല അതിന്റെ കൺസെപ്റ്റ്. പൊതുകമ്പോളത്തിലെ വിലയേക്കാൾ കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്ക് ഇപ്പോഴത്തെ നിത്യോപയോഗ സാധനങ്ങൾ പാവപ്പെട്ടവർക്ക് ലഭിക്കുമെന്നൊരു കൺസെപ്റ്റ് ഇംപ്ലിമെന്റ് ചെയ്യുന്ന പ്രവൃത്തിയാണ് സർക്കാർ ഈ നടപടികളിലൂടെ സ്വീകരിച്ചത്. അതിന് വലിയ ഗുണമുണ്ടായി. വലിയ മാറ്റങ്ങളുണ്ടായി. അതിന്റെ ഫലമായി വില നിയന്ത്രിച്ചുനിർത്താൻ സർക്കാരിനുകഴിഞ്ഞു. അതുപോലെ റേഷൻ കടകളുടെ സ്ഥിതി എന്താണ്? നിങ്ങൾ ഭരിച്ചപ്പോഴുള്ള റേഷൻ കടകളുടെ സ്ഥിതിയാണോ ഇന്ന്? അവിടെ ഒഴിഞ്ഞ കുറേ കാലിച്ചാക്കും കാലിപ്പാട്ടയും ഒരു പഴയ ത്രാസ്സുമായി ഒരാൾ നേരം വെളുക്കുമ്പോൾ മുതൽ കുത്തിയിരിക്കും. മനുഷ്യനും മാൻജാതിയും അങ്ങോട്ട് തിരിഞ്ഞുനോക്കില്ല. വൈകുന്നേരങ്ങളിൽ കുറേ എലികളും പെരുച്ചാഴികളും മാത്രം വന്ന് കറങ്ങിപ്പോകുന്ന റേഷൻകടയാണോ ഇപ്പോഴുള്ളത്? ഇപ്പോൾ നല്ല ത്രാസ്സായി, ഇഷ്ടംപോലെ അരിയായി, ഗോതമ്പായി, മണ്ണെണ്ണയായി, പഞ്ചസാരയായി. ഇന്ന് റേഷൻകടയിൽ വന്ന് സാധനങ്ങൾ വാങ്ങുന്ന ഒരുപാട് ആളുകളുണ്ട്. നമ്മുടെ നാട്ടിൽ 70 ലക്ഷത്തോളം റേഷൻ കാർഡ് ഉടമകളുണ്ട്. പണ്ട് 20 ലക്ഷം ആളുകൾപോലും റേഷൻ കട ഉപയോഗിച്ചിരുന്നില്ല. എന്നാൽ ഇന്ന് ഏതാണ്ട് 50 ലക്ഷത്തിലധികം ആളുകൾ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ റേഷൻ കടകളിൽ വരുന്നുണ്ട്. അതാണ് മാറ്റം. അവിടെയാണ് മാറ്റം കാണേണ്ടത്. അതൊന്നും കാണാതെ ഇവിടെ പറഞ്ഞതുപോലെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സ്ഥിതി നമുക്ക് ഒഴിവാക്കണം. 20 ലക്ഷം ബി.പി.എൽ., 40 ലക്ഷം എ.പി.എൽ. കാർഡ് ഉടമകളുമുണ്ട്. അവർ വാങ്ങിക്കൊണ്ടിരുന്ന റേഷൻ സാധനത്തിൽ വെട്ടിക്കുറവുണ്ടായിട്ടും വിലക്കയറ്റമുണ്ടായിട്ടും ഇപ്പോൾ യഥേഷ്ടം കൊടുക്കുകയാണ്. രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്ന കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ; ചെറിയ കാര്യമാണോ? മൂന്നര കോടി ജനങ്ങളുള്ള 69 ലക്ഷം കുടുംബങ്ങളുള്ള ഒരു സംസ്ഥാനത്ത് 38 ലക്ഷം കുടുംബങ്ങൾക്കും രണ്ട് രൂപയ്ക്ക് അരി കൊടുക്കുകയാണ്. 100 രൂപ കൊടുത്താൽ 50 കിലോ അരി തന്റെ വീട്ടിലാണ്. പിന്നെ എന്താണ് പേടിക്കേണ്ടത്? ആരെ പേടിക്കണം? 50 രൂപ കൊടുത്താൽ 25 കിലോ അരി എന്റെ വീട്ടിലുണ്ടാകുന്നു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് തിരുവിതാംകൂർ - കൊച്ചി മാറി മലബാർ മാറി ഐക്യകേരളമുണ്ടായതിനു ശേഷം ഇവിടെ മാറിമാറി എത്രപേർ ഭരിച്ചു? എത്ര ഗവൺമെന്റുകളും എത്ര ഭക്ഷ്യ വകുപ്പുമന്ത്രിമാരും ഭരിച്ചു? ഒരു ഗവൺമെന്റിനും ഇങ്ങനെയൊരു ധീരമായ നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം നിങ്ങൾ ഓർക്കണം. ശ്രീ. ജോസഫ് എം. പുതുശ്ശേരി എന്റെ സമയം പോയി.....പ്ലീസ്.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, അങ്ങ് എ.പി.എൽ./ബി.പി.എൽ. കാർഡിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങ് എന്നത്തേയ്ക്ക് എ.പി.എൽ. വിഭാഗത്തിലാകുമെന്ന് അങ്ങ് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഞാൻ പറഞ്ഞില്ലേ ; ഞാൻ ഈ കാര്യം ഇവിടെ ആവർത്തിച്ചതല്ലേ പുതുശ്ശേരി. ഞാൻ എ.പി.എൽ.-ഉം അല്ല, ബി.പി.എൽ.-ഉം അല്ല. ആവശ്യമില്ലാതെ സ്വപ്നങ്ങളൊന്നും കാണുന്ന ആളല്ല

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ. എനിക്ക് എന്റെ കാര്യമേയുള്ളൂ. അതുകൊണ്ട് അങ്ങ് അതിനെക്കുറിച്ചൊന്നും ചിന്തിച്ച് ബേജാറാകേണ്ട. ഞാൻ പറഞ്ഞത്, റേഷൻ വിതരണ കാര്യത്തിൽ നമ്മുടെ നാട്ടിൽ വലിയൊരു സങ്കല്പമുണ്ടായിരുന്നു- റേഷൻ കടകളിലും പൊതുവിതരണ സമ്പ്രദായത്തിലുമെല്ലാം അഴിമതിയാണെന്ന്. ഒരുപരിധിവരെ കഴിഞ്ഞ ചില കാലഘട്ടങ്ങളിൽ അഴിമതിയൊക്കെ നടന്നിരുന്നു. ഇല്ലെന്നൊന്നും പറയുന്നില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും അഴിമതി നടത്താൻ പലരും ശ്രമിച്ചിട്ടുണ്ട്. ഇല്ലെന്ന് പറയുന്നില്ല. അതെങ്ങനെ കൈകാര്യം ചെയ്യുന്നു; മന്ത്രി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു; ഭക്ഷ്യവകുപ്പ് എന്തെല്ലാം കാര്യങ്ങളിൽ ഇടപെടുന്നു എന്നുള്ള കാര്യത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അഴിമതി എല്ലാ കാലഘട്ടത്തിലും നടക്കും. അകത്ത് അഴിമതിക്ക് വാസനയുള്ള ഉദ്യോഗസ്ഥർ ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ചിലപ്പോൾ ആരെങ്കിലും കാണും. നമ്മുടെ സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായ വുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങനെയുള്ള റാക്കറ്റുകൾ ഉണ്ടായിരുന്നു. ഈ കാലയളവിൽ അത് പൂർണ്ണമായി നിയന്ത്രിക്കാനും ഇല്ലാതാക്കാനുമുള്ള ധീരമായ നടപടികൾ മന്ത്രി സ്വീകരിച്ചു. ഞാൻ മറ്റ് ചില കാര്യങ്ങളിലേയ്ക്ക് കൂടി കടക്കുകയാണ്. ഇവിടെ ഭക്ഷ്യ- സിവിൽസപ്ലൈസ്- മൃഗസംരക്ഷണ വകുപ്പ്മന്ത്രി ഒരുപാട് നല്ല കാര്യങ്ങൾ സിവിൽസപ്ലൈസ് കോർപ്പറേഷൻ രംഗത്ത് നടപ്പാക്കിയതുപോലെ മൃഗസംരക്ഷണ രംഗത്തും മറ്റ് രംഗങ്ങ ളിലും നടത്തിക്കൊണ്ടിരിക്കുന്നു. അത് നമ്മൾ വിലകുറച്ചോ അല്ലെങ്കിൽ കാണാതെയോ പോകുന്നത് ശരിയല്ല. ഇവിടെ പലരും മൃഗസംരക്ഷണ രംഗത്തെ വലിയൊരു പുത്തൻ ഉണർവ്വിനെക്കുറിച്ച് സൂചിപ്പിച്ചു. ആ രംഗ ത്തേക്ക് ക്ഷീരകർഷകർക്ക് കടന്നുവരാനുള്ള ഒരു സൗകര്യമുണ്ടാക്കി. ഇവിടെ പാലിന്റെ വില കൂട്ടിയതിനെ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പി ച്ചു. പാലിന്റെ വില കൂട്ടിയത് തെറ്റാണെന്ന് അഭിപ്രായമുണ്ടോ? ഞങ്ങൾ കൂട്ടിയ പാലിന്റെ വില പോകുന്നത് ഗവൺമെന്റിനാണോ? മിൽമയ് ക്കാണോ? അത് ക്ഷീരകർഷകർക്ക് പോകട്ടെ എന്ന് വിചാരിച്ചു. ഗവൺമെന്റ് പരിമിതമായി, അഞ്ചുരൂപ വർദ്ധനവ് വേണമെന്ന് പറഞ്ഞിട്ടും മന്ത്രിയുടെ ഒരു നിശ്ചയദാർഢ്യം ആ കാര്യത്തിലുണ്ടായതുകൊണ്ടാണ് ഇത്ര യെങ്കിലും പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. വില വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾക്ക് ആഗ്രഹമില്ല. മിൽമ ആരാണ് ഭരിക്കുന്നത്? നിങ്ങൾക്ക് അറിയാ മല്ലോ? ഒരുപക്ഷേ മിൽമ ഒരു വെള്ളാനയാണെന്ന് ഞാൻ പറയും. കാരണം കഴിഞ്ഞ രണ്ട് പ്രാവശ്യവും വില കൂട്ടിയത് മിൽമയ്ക്കുവേണ്ടിയാണ്. ഞങ്ങൾ പറഞ്ഞത്, നിങ്ങൾ വിലകൂട്ടിക്കോ പക്ഷേ വിലകൂട്ടിയാൽ അത് കർഷകർക്കുവേണ്ടിയായിരിക്കണം. ഇപ്പോഴാണ് കർഷകർക്കുവേണ്ടി വിലകൂട്ടാനും അതിന്റെ ഗുണം അവരിൽ എത്തിക്കാനുമുള്ള ഒരു സാഹചര്യമുണ്ടായത്. ഈ ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ നടത്തിയി ട്ടുള്ള പരിശ്രമങ്ങളുടെ ഫലമാണത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്.........കഴിഞ്ഞു.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ഇല്ല സർ. ഒരുപാട് കാര്യങ്ങൾ ഈ രംഗത്ത് ചെയ്തു. പ്രതിമാസം 50,000 ലിറ്റർ പാൽ വർദ്ധിപ്പിക്കാനുള്ള ഹൈടെക് ഡയറി സംവിധാനം കേരളത്തിലുണ്ടാക്കാനുള്ള പരിശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഹൈടെക് ഡയറി എന്ന് പറയുമ്പോൾ എനിക്കൊരു അഭ്യർത്ഥനയുള്ളത്, എന്റെ മണ്ഡലത്തിൽ ഒരു ഹൈടെക് ഡയറിയുടെ പ്രൊപ്പോസൽ പൂർണ്ണമായി. വലിയതുറയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. അതുപോലെ സിവിൽസപ്ലൈസ് കോർപ്പറേഷന് വലിയതുറയിൽ ഒരു ഗോഡൗണുണ്ട്. ആ ഗോഡൗണിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി അവിടെ കയറ്റിറക്ക് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ട് പോകണം. അങ്ങ് പേടിക്കേണ്ട. അങ്ങയെക്കുറിച്ച് ആര് എന്ത് പറഞ്ഞാലും ശരി, അങ്ങൊരു അരയന്നത്തെപ്പോലെയാണ്. അരയന്നമെന്ന് പറഞ്ഞാൽ അറിയാമോ? അരയന്നം വളരെ നിർമ്മലമായ മനസ്സുള്ള ഒരു പക്ഷിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്.........യേസ്..........

ശ്രീ. വി. സുരേന്ദ്രൻ പിള്ള : പാലും വെള്ളവുംകൂടി മിക്സ്ചെയ്ത് അരയന്നത്തിന് കൊടുത്താൽ അതിനകത്തുനിന്നും നന്മ നിറഞ്ഞ പാൽ മാത്രം കൊത്തിക്കുടിക്കുന്ന ജീവിയാണ് അരയന്നം. വെള്ളം അത് ബഹിഷ്ക്കരിക്കും. അതുപോലെ അഴിമതി നിറഞ്ഞ ഈ വകുപ്പിലെ നന്മകളെല്ലാം കൊത്തിയെടുത്ത് കേരളത്തിലെ ജനങ്ങൾക്ക് ജനോപകാരപ്രദമായ രീതിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ കാലഘട്ടത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന നന്മനിറഞ്ഞ എല്ലാ പ്രവർത്തനങ്ങളേയും അംഗീകരിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നാല് വർഷക്കാലം വലിയ നേട്ടങ്ങളുണ്ടാക്കി അഞ്ചാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇന്നലെയും മന്ത്രിസഭായോഗം ചേർന്നുകൊണ്ട് മലബാർ മേഖലയിൽ 178 ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കാനും 22,000 പ്ലസ് വൺ സീറ്റുകൾ സൃഷ്ടിക്കാനും വേണ്ടിയുള്ള തീരുമാനമാണെടുത്തത്. പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയിൽ ഇത് വലിയ മുന്നേറ്റത്തിന് സഹായിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുപോലെതന്നെ ഇന്നലത്തെ മന്ത്രിസഭാ യോഗമാണ് 20 ലക്ഷം ബി.പി.എൽ. കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് നൽകാൻ തീരുമാനിച്ചത്. 71.55 രൂപ വിലവരുന്ന ഈ കിറ്റ് നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ 15 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇത് അവസാനത്തെ ഒരു ഉദാഹരണമാണ്. ഇങ്ങനെ നിരവധി കാര്യങ്ങൾ ഈ സർക്കാർ ഈ ഭരണ കാലയളവിൽ ചെയ്തിട്ടുണ്ട്. അതിന്റെ തുടർപ്രവർത്തനവുമായി ഈ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മുന്നോട്ടുപോകുകയാണ്. ഇവിടെ വിവിധ വകുപ്പുകളിലേക്ക് നടന്ന ധനാഭ്യർത്ഥനകളിലൊക്കെ ആ വകുപ്പുകളെ സംബന്ധിച്ച് ചർച്ച നടത്തി. പക്ഷേ ഭക്ഷ്യം സിവിൽസപ്ലൈസ് വകുപ്പെന്നുപറയുന്നത് കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടേയും ജീവിതത്തെ ബാധിക്കുന്ന ഒരു വകുപ്പാണ്. അതുകൊണ്ടുതന്നെ ഇവിടെ ഈ സർക്കാർ നിരന്തരം ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനും വിലക്കയറ്റം തടഞ്ഞുനിർത്താനും വേണ്ടിയുള്ള പരിശ്രമങ്ങളാണ് ഈ കാലയളവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഇവിടെ കാർഷികോല്പ്പാദനം വർദ്ധിപ്പിക്കാനും അതുപോലെതന്നെ പാല്, ഇറച്ചി, മുട്ട തുടങ്ങിയ ഭക്ഷ്യപദാർത്ഥങ്ങളുടെ ഉല്പ്പാദനം വർദ്ധിപ്പിക്കാനും വേണ്ടിയുള്ള വലിയ പരിശ്രമങ്ങളാണ് ഈ കാലയളവിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ ഭക്ഷ്യസുരക്ഷ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയസമീപനങ്ങൾ നല്ല രൂപത്തിലല്ലെങ്കിൽ കേരളത്തിന് ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി ഒന്നുംതന്നെ ചെയ്യാൻ കഴിയില്ല. റേഷൻ കടകൾവഴി വിതരണം ചെയ്യാനുള്ള 1,13,000 ടൺ അരി മാസം തോറും കേന്ദ്രം തന്നാൽമാത്രമേ ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയു. അങ്ങനെ ചുരുങ്ങിയ വിലയ്ക്ക് സാധാരണക്കാരന് അരി നൽകിയാൽ മാത്രമേ കേരള സംസ്ഥാനത്തിലെ പൊതു മാർക്കറ്റിൽ അരി വില പിടിച്ച് നിർത്താൻ കഴിയു. എന്നാൽ ഈ കാലവളവിൽ നമുക്ക് നൽകേണ്ട അരിവിഹിതത്തിൽ 86 ശതമാനവും കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറവ് വരുത്തി. ഇതിനെതിരായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രതികരിക്കാതിരിക്കുകയല്ല ചെയ്തത്. മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.മാരും എം.പി.മാരും ഉൾപ്പെടെ ഡൽഹിയിൽപോയി സമരം നടത്തി. കേരളത്തിന്റെ അരിവിഹിതം ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു മുഖ്യമന്ത്രി പാർലമെന്റിന് മുൻപിൽ സമരത്തിനിരുന്നത്. ഡൽഹിയിലെ കൊടുംചൂടിൽ അന്ന് ഒന്നര കിലോമീറ്റർ നടന്നിട്ടാണ് അഭിവന്ദ്യനായ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ജന്ദർമന്ദറിൽ എത്തിയത്. അന്ന് അദ്ദേഹം മയങ്ങിപ്പോയി. അപ്പോൾ ഇവിടത്തെ ചില പത്രങ്ങൾ വാർത്തയാക്കിയത് മുഖ്യമന്ത്രിയുടെ മയക്കത്തെ സംബന്ധിച്ചാണ്. കേരളീയരുടെ അരിപ്രശ്നം അവർക്ക് ഒരു വാർത്തപോലും ആയില്ല. അവർ അദ്ദേഹത്തിന്റെ മയക്കത്തിന്റെ പടമെടുത്താണ് പിറ്റേ ദിവസം പത്രത്തിൽ കൊടുത്തത്. ഇവിടത്തെ പത്രങ്ങൾ ജനജീവിതവുമായി ബന്ധപ്പെട്ട മേഖലകളിൽ കേരളത്തിന് ആവശ്യമായ പരിരക്ഷ കൊടുക്കുന്നതിനുള്ള വാർത്തകൾ പ്രസിദ്ധീകരിക്കാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നു, അതിലും അവർ രാഷ്ട്രീയമാണ് കാണുന്നത്. ഇത് മുൻ സർക്കാരിന്റെ കാലത്ത് തകർത്ത ഒരു പൊതുവിതരണ ശൃംഖലയായിരുന്നു, അതുകൊണ്ടാണല്ലോ 135 കോടി രൂപ വെട്ടിപ്പ് നടത്തിയതിന് ഇപ്പോൾ സി.ബി.ഐ. അന്വേഷണം നേരിടുന്നത്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ചെയ്തതല്ല. യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായ തിരിമറികളെയും,

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിപ്പുകളെയും കുറിച്ച് സി.ബി.ഐ. ആണ് അന്വേഷിക്കുന്നത്. അതുപോലുള്ള സമീപനം ഈ നാല് വർഷക്കാലമായി ഈ ഗവൺമെന്റിന്റെ ഏത് വകുപ്പിലെങ്കിലും പറയാൻ കഴിയുമോ? വിലക്കയറ്റം പിടിച്ചുനിർത്തുന്ന തിനുവേണ്ടി 13 രൂപ നിരക്കിലല്ലേ മാവേലി സ്റ്റോറിലൂടെ അരി വിതരണം നടത്തിയത്. ഇവിടത്തെ മാവേലി സ്റ്റോറുകളിൽ വലിയ നീണ്ട ക്യൂ ആണ്, എന്താണ് അത് വരാൻ കാരണം? ഇപ്പോൾ സ്കൂളിൽ പഠിപ്പിക്കാൻ പോകുന്ന ടീച്ചർമാർ വരെ രാവിലെ സഞ്ചിയും കൊണ്ടാണ് സ്കൂളിലേയ്ക്ക് പോകുന്നത്, വൈകുന്നേരം 4 മണിക്ക് അവർ മാവേലി സ്റ്റോറിന്റെ മുൻപിൽ സാധനം വാങ്ങാൻ ക്യൂ നിൽക്കുകയാണ്. വിലക്കുറവ് ഉള്ളതുകൊണ്ടാണ്. മാർക്കറ്റിൽ സാധനമില്ലാത്തതുകൊണ്ടല്ല. തൊട്ടടുത്ത കടകളിൽ സാധനം കിട്ടുമ്പോൾത്തന്നെ മണിക്കൂറുകൾ നീണ്ട ക്യൂവിൽനിന്ന് ഈ സാധനം വാങ്ങുന്നു എന്ന്പറയുന്നത് കേരളത്തിലെ പൊതുവിതരണ ശൃംഖലയുടെ ഏറ്റവും മെച്ചപ്പെട്ട നേട്ടമാണത്. അല്ലെങ്കിൽ ആളുകൾ നിൽക്കാ നുണ്ടാകുമോ? ഇവിടെ ഒരു ചാനൽ ഒരു വൃദ്ധയായ സ്ത്രീയെ കാണിച്ചിട്ട് അതിരാവിലെ 5 മണിക്ക് വന്ന് ക്യൂ നിൽക്കുന്നതാണ് വൈകുന്നേരം 7 മണി യായി ഇപ്പോഴും സാധനം കിട്ടിയിട്ടില്ലായെന്ന് വിലപിക്കുന്ന രീതിയിൽ പറഞ്ഞു. അപ്പോൾ എത്രമാത്രം ആളുകൾ ക്യൂ നിന്നിട്ടുണ്ടാവണം? നിങ്ങളുടെ കാലത്ത് അവിടെ ക്യൂ നിൽക്കാനൊന്നും ആളുണ്ടായിരുന്നില്ല. പൊതു മാർക്ക റ്റിലെ വിലയേക്കാൾ കൂട്ടിയ വിലയ്ക്കാണ് മാവേലി സ്റ്റോറുകളിൽനിന്ന് വിൽപ്പന നടത്തിയിരുന്നത്. അത് ചോദിച്ചപ്പോൾ പറഞ്ഞതെന്താണെന്നോ ? മാവേലി സ്റ്റോറുകളിൽ വിലകുറച്ച് വിറ്റാൽ അത് വാങ്ങി ആളുകൾ പുറത്തെ കടകളിൽ വിൽക്കും. അതുകൊണ്ടാണ് ഇവിടെ വില കൂട്ടി വച്ചിരിക്കുന്നത് എന്നാണ് ആ സമീപനമല്ലല്ലോ ഇവിടെ? ഇവിടെ വിലക്കയറ്റം തടഞ്ഞ് നിർത്താൻവേണ്ടി ഗവൺമെന്റ് പാടുപെടുമ്പോൾ കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? വിലക്കയറ്റം സൃഷ്ടിക്കുന്ന നയങ്ങളും സമീപനങ്ങളുമല്ലേ അവർ എടുക്കുന്നത്? അതിൽ ഏറ്റവും പ്രധാനപ്പെട്ടതല്ലേ പെട്രോളിയം ഉല്പ്പന്നങ്ങളുടെ വിലവർദ്ധനവ ബഡ്ജറ്റിൽ ശ്രീ. പ്രണാബ് കുമാർ മുഖർജി നികുതികൾ വർദ്ധിപ്പിച്ചു. അവിടം കൊണ്ട് നിന്നില്ലല്ലോ? പിന്നീട് കടുത്ത വിലക്കയറ്റമല്ലേ കഴിഞ്ഞതവണ ഉണ്ടാക്കിയത്. ഇതിനെന്താണ് ന്യായം? വിലക്കയറ്റം 17 ശതമാനത്തിൽ എത്തി നിൽക്കുമ്പോൾ, അത് തടഞ്ഞ് നിർത്തുന്നതിന് ഒരു നടപടിയെടുത്തില്ല എന്നത് പോകട്ടെ അത് കൂട്ടുന്ന തിനുവേണ്ടി പെട്രോളിയം ഉല്പ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച ഡോ. അർജുൻ സെൻ ഗുപ്ത കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, ഇവിടത്തെ 70 ശതമാനം ആളുകളും ഒരു ദിവസം 20 രൂപ യിൽ താഴെ വരുമാനമുള്ളവരാണെന്നാണ്. ആ 20 രൂപയിൽ താഴെ വരുമാന മുള്ള 77 ശതമാനം ആളുകളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണോ ഈ പെട്രോളിയം ഉല്പ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചത്? പെട്രോളിയം ഉല്പ്പന്നങ്ങ ളുടെ വില വർദ്ധിപ്പിച്ചതിനെ ന്യായീകരിച്ചുകൊണ്ട് കോടിക്കണക്കിന് രൂപ ചെലവാക്കി കേന്ദ്ര ഗവൺമെന്റ് പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി. അങ്ങനെ ജനങ്ങളെ വിഡ്ഢികളാക്കാൻവേണ്ടി ശ്രമിച്ചു. എന്നാൽ വിദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം ഉല്പ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതുകൊണ്ടാണ് ഇവിടെ എണ്ണക്കമ്പനികൾ നഷ്ടത്തിലായത് അതുകൊണ്ടാണ് വില വർദ്ധിപ്പിക്കേണ്ടി വന്നത് എന്നാണ് ആ പരസ്യങ്ങളിലെ ന്യായം. കഴിഞ്ഞ 3 മാസക്കാലത്ത് അന്താരാഷ്ട്ര രംഗത്ത് ക്രൂഡ് ഓയിലിന് ഒരു നയാപൈസപോലും വില വർദ്ധിച്ചിട്ടില്ല. ക്രൂഡ് ഓയിലിന്റെ വില ഈ കാലയളവിൽ ആകെ വർദ്ധിച്ചത് 1 ലിറ്ററിന് 70 പൈസയാണ്. പക്ഷേ ഇവിടെ ഒരു ലിറ്റർ പെട്രോളിന് 6.44 രൂപയും ഡീസലിന് 4.55 രൂപയും അല്ലേ ഇക്കൊല്ലം വർദ്ധിപ്പിച്ചത് ? മണ്ണെണ്ണയ്ക്ക് 3 രൂപയും പാചക വാതകത്തിന് 35 രൂപയുമല്ലേ വർദ്ധിപ്പിച്ചത് ? ഇതിനെന്താ ന്യായീകരണം? ഇന്ത്യ ഇറക്കുമതി ചെയ്യുന്നത് ക്രൂഡ് ഓയിലാണ്. ഇവർ പറയുന്നത് അന്താരാഷ്ട്ര വിപണിയിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചതുകൊണ്ടാണ് ഇവിടെ വില വർദ്ധിപ്പിക്കേണ്ടി വന്നത് എന്നാണ്. ഇന്ത്യ പെട്രോളും ഡീസലും ഇറക്കുമതി ചെയ്യുന്നില്ല, ക്രൂഡ് ഓയിലാണ് വാങ്ങുന്നത്. അത് ഇവിടത്തെ കമ്പനികളിൽ കൊണ്ടുവന്ന്, ഓയിൽ റിഫൈനറികളിൽ കൊണ്ടുവന്ന്, പെട്രോളും ഡീസലുമാക്കി മാറ്റിയാണ് വിൽപ്പന നടത്തുന്നത്. അപ്പോൾ ഇവിടത്തെ ചെലവല്ലേ അതിൽ കൂടുകയുള്ളൂ. അന്താരാഷ്ട്ര നിലവാരത്തിൽ പെട്രോളിയം ഉല്പ്പന്നങ്ങൾക്ക് വില വർദ്ധിച്ചാൽ ഇവിടെ വില വർദ്ധിപ്പിക്കേണ്ട കാര്യമെന്താണ്? അങ്ങനെ ഒരു ലിറ്റർ പെട്രോളിന് 51 ശതമാനം നികുതി ഏർപ്പെടുത്തി കേന്ദ്രം ജനങ്ങളിൽ നിന്ന് കൊള്ള നടത്തുന്നു. ഒരു ലിറ്റർ ഡീസലിന് 30 ശതമാനം നികുതി വർദ്ധനവ് ഏർപ്പെടുത്തി കൊള്ള നടത്തുന്നു. ഇതെല്ലാം ജനങ്ങളിൽ നിന്നല്ലേ പിഴിഞ്ഞെടുക്കുന്നത് ? ഇതിനെതിരായിട്ടാണ് ഇവിടെ ഇടതുപക്ഷ പാർട്ടികൾ സമരം നടത്തിയത്. ഇതിനെതിരായി സമരം നടത്തിയിട്ടില്ലെങ്കിൽ ഈ പാർട്ടികൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിൽ എന്ത് ന്യായമാണുള്ളത്? ജനങ്ങളെ ഇത്രമാത്രം ദ്രോഹിക്കുന്ന, ജനങ്ങൾക്കുമേൽ ഇത്രയും രൂക്ഷമായ വിലക്കയറ്റം അടിച്ചേൽപ്പിക്കുന്ന പെട്രോളിയം ഉല്പ്പന്നങ്ങളുടെ വില വർദ്ധനവിൽ പ്രതികരിക്കാതിരിക്കുന്ന ഒരു പാർട്ടിയും രാഷ്ട്രീയ പ്രവർത്തനം നടത്തി ജനങ്ങൾക്ക് വേണ്ടി അത് ചെയ്യുന്നു എന്ന് പറയാൻ അർഹരല്ല. ഇടതുപക്ഷ പാർട്ടികൾ കഴിഞ്ഞ 5-ാം തീയതി അഖിലേന്ത്യാ തലത്തിൽ ഒരു ഹർത്താൽ പ്രഖ്യാപിച്ചു. ഉടനെ ബി.ജെ.പി.യും അഖിലേന്ത്യാ തലത്തിൽ ഹർത്താൽ പ്രഖ്യാപിച്ചു. ഇവിടത്തെ പത്രങ്ങളും യു.ഡി.എഫ്.കാരും ഒക്കെ പറഞ്ഞത്, ഇടതുപക്ഷ മുന്നണി ഹർത്താൽ പിൻവലിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനദ്രോഹ ഹർത്താൽ നടത്തരുത് എന്ന് പറഞ്ഞാൽ ജനങ്ങൾക്ക് ഇതിൽ പ്രതികരിക്കാൻ മറ്റെന്ത് മാർഗ്ഗമാണുള്ളതെന്ന് ഇവർ ഉപദേശിക്കണം. അതിന് ഇവർ തയ്യാറല്ല. കേന്ദ്ര ഗവൺമെന്റ് നടത്തുന്ന ജനദ്രോഹ നയങ്ങളെയെല്ലാം അംഗീകരിച്ച് ഇവിടെ മിണ്ടാതിരിക്കണമെന്നാണ് ഈ ഉപദേശകരുടെ ആവശ്യം. അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന് സംരക്ഷണം കിട്ടും. എതിർക്കുമ്പോൾ, ജനങ്ങൾ രോഷാകുലരായി എതിർക്കും. ഞങ്ങൾ 5-ാം തീയതി ഹർത്താൽ പ്രഖ്യാപിച്ചു, ബി.ജെ.പി.യും ഹർത്താൽ പ്രഖ്യാപിച്ചു, ഞങ്ങളോട് പിൻവലിക്കാൻ പറഞ്ഞാൽ ഇവിടെ ഹർത്താലില്ലാതിരിക്കുമോ ? ഇവിടെ ബി.ജെ.പി. ദിവസവും ബന്ദ് നടത്തുന്നവരല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ബന്ദ് നടത്തി വിജയിപ്പിക്കുന്നവരല്ലേ ഈ കേരളം. അപ്പോൾ ഞങ്ങൾ പിൻവലിച്ചാലും ഇവിടെ ഹർത്താലുണ്ടാകും. അത് മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് ഞങ്ങൾ ഹർത്താൽ പിൻവലിക്കണം പിൻവലിക്കണം എന്ന് ഇവരൊക്കെ പ്രചരിപ്പിക്കുന്നത്. ജനങ്ങൾക്കെതിരായി നടക്കുന്ന ആക്രമണങ്ങളെ ചെറുക്കുന്നതിൽ മാർക്സിസ്റ്റ് പാർട്ടിക്കോ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ ഒരു മുൻകൈ കിട്ടാൻ പാടില്ല എന്ന രാഷ്ട്രീയ താല്പര്യമാണ് അതിന് പുറകിലുള്ളത്. ഇവിടെ ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ ബി.ജെ.പി. ഹർത്താൽ പ്രഖ്യാപിച്ചതിന് ഞങ്ങളെന്തിന് പിൻവലിക്കണം. പൊൻകുന്നം ദാമോദരന്റെ ഒരു നോവലുണ്ട് 'സർപ്പം കൊത്തുന്ന സത്യങ്ങൾ' അത് അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയ്ക്കും, ജാതീയമായ ക്രൂരതയ്ക്കും എതിരായി അദ്ദേഹം എഴുതിയ നോവലാണ്. അതിൽ ഒരു അന്തർജ്ജനമുണ്ട്. പ്രസവവേദന എടുത്ത് നിലവിളിക്കുകയാണ്, ഒരു ദിവസം മുഴുവൻ നിലവിളിച്ചു പ്രസവിച്ചില്ല. അപ്പോൾ നമ്പൂതിരിമാരൊക്കെ കൂടി അകലെയുള്ള ഒരു ഡോക്ടറെ കൊണ്ടുവരാൻ തീരുമാനിച്ചു. ഡോക്ടറെ വിളിച്ചുകൊണ്ടുവന്ന് പടിപ്പുരയ്ക്കൽ ഇരുത്തിയപ്പോഴാണ് മനസ്സിലായത് ഡോക്ടർ പട്ടികജാതിക്കാരനാണെന്ന്. അത് അന്തർജ്ജനത്തിന്റെ ചെവിയിലും കേട്ടു. പിന്നീടുള്ള നിലവിളിയെന്താണെന്ന് ചോദിച്ചാൽ, ഞാൻ മരിച്ചോട്ടെ എന്നെയൊരു പട്ടികജാതിക്കാരൻ തൊടണ്ട എന്ന് പറഞ്ഞിട്ടായി. അങ്ങനെ മരിച്ചുപോയി. അപ്പോൾ പട്ടികജാതിക്കാരൻ തൊടുന്നതിനേക്കാൾ നല്ലത് മരിക്കുകയാണ് എന്നുള്ള ബോധത്തിൽ, അന്നത്തെ ജാതിവ്യവസ്ഥയിൽ, ആ ജാതിക്രൂരത വരച്ച് കാട്ടുന്നതിനാണ് അദ്ദേഹം ആ നോവലിൽ ആ കഥാപാത്രത്തെ അവതരിപ്പിച്ചത്. അതുപോലെ ഈ രാജ്യത്തെ ജനങ്ങൾക്ക് എതിരായി കടന്നാക്രമണം നടത്തുമ്പോൾ ആരെങ്കിലും തൊട്ടാൽ നിങ്ങൾ അതിൽനിന്ന് പിൻവാങ്ങി ഇവരെ രക്ഷിക്കേണ്ടതല്ലേയെന്ന സമീപനമാണ് എടുക്കുന്നത്. ഞങ്ങൾ ബി.ജെ.പി.യുമായി മുന്നണി ഉണ്ടാക്കാൻ ശ്രമിക്കുന്നുയെന്ന് ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുവരെ പറഞ്ഞു. പ്രതിപക്ഷ നേതാവ് പറഞ്ഞതിൽ എനിക്ക് അൽഭുതമില്ല. പക്ഷേ ഞങ്ങൾ ബി.ജെ.പി.യുമായി മുന്നണി ഉണ്ടാക്കുകയാണെന്ന് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ വക്താവും പറഞ്ഞു. അത് വസ്തുതയാണോ? കരൾ പറിച്ച് കയ്യിൽ വച്ചുതന്നാലും ചെമ്പരത്തിപ്പൂവാണെന്ന് പറയുന്ന നിങ്ങളോട് അതിന് ബദൽ പറയേണ്ടകാര്യം ഞങ്ങൾക്കില്ല. ഞങ്ങൾ പിന്താങ്ങി 2004-ൽ ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായല്ലോ. അന്ന് കോൺഗ്രസ്സിന്റെ അവസ്ഥ എന്തായിരുന്നുവെന്ന് അറിയാമോ? കോൺഗ്രസ്സിന് ഒറ്റയ്ക്ക് 185 സീറ്റും നിങ്ങൾ യു.പി.എ. മുന്നണിക്ക് ആകെ 216 സീറ്റുമാണ് കിട്ടിയത്. അന്ന് കോൺഗ്രസ്സിന് ഭരിക്കാൻ കഴിയുമോ? അപ്പുറത്ത് ബി.ജെ.പി.-ക്ക് 135 സീറ്റും അവരുടെ മുന്നണിക്ക് ആകെ 180 സീറ്റും കിട്ടി. കോൺഗ്രസ്സിനെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിച്ചാൽ കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിക്കുകയില്ലെന്ന് ബോധ്യപ്പെട്ടാൽ രണ്ടാമത് പ്രസിഡന്റ് വിളിക്കേണ്ടത് ബി.ജെ.പി. യെയായിരുന്നു. അങ്ങനെയുള്ള ഒരവസ്ഥയിൽ ബി.ജെ.പി. മന്ത്രിസഭ രൂപീകരിക്കും, കോൺഗ്രസ്സിൽനിന്ന് വൻതോതിൽ കൂറുമാറ്റം നടക്കുമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ഉപാധിയുമില്ലാതെ ഇടതുപക്ഷ പാർട്ടികൾ നിങ്ങൾക്ക് 61 പേരുടെ പിന്തുണ നൽകിയത്. ബി.ജെ.പി.യുടെ ഭരണം ഇല്ലാതാക്കാനാണ്. അത് നിങ്ങൾ മറന്നു വെന്നാണോ ഇപ്പോൾ പറയുന്നത്.

ശ്രീ. വി. ശശികുമാർ: ഹർത്താലിൽ ബി.ജെ.പി. സഹകരിച്ചാൽ നമ്മൾ ബി.ജെ.പി.യാണ് മുന്നണി എന്നുപറഞ്ഞാൽ അടുത്ത് വരാൻ പോകുന്ന പണിമുടക്കിൽ ഐ.എൻ.ടി.യു.സി. ഉൾപ്പെടെയാണ് സമരത്തിൽ വരുന്നത്. എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. എം. ചന്ദ്രൻ: അത് ഞാൻ പറയാൻ പോകുകയാണ്. ഞങ്ങൾ അന്ന് പിന്തുണ നൽകിയതിൽ ഇപ്പോൾ നിങ്ങൾക്ക് മുലായംസിംഗ് യാദവും ലാലുപ്രസാദ് യാദവും പിന്തുണ നൽകുന്നത് പോലെയല്ലല്ലോ. കട്ട്മോഷന് എതിരായി വോട്ട് ചെയ്യാൻ പിന്തുണ അഭ്യർത്ഥിച്ചപ്പോൾ അവർ സി.ബി.ഐ. കേസ്സുകൾ ഒഴിവാക്കണമെന്ന് പറഞ്ഞ് നിങ്ങൾ ഒഴിവാക്കിയില്ലേ. അവർ 33 ശതമാനം സ്ത്രീ സംവരണ ബിൽ മാറ്റിവയ്ക്കണമെന്ന് പറഞ്ഞ് നിങ്ങൾ അത് അംഗീകരിച്ചില്ലേ? നിങ്ങളുടെ താത്പര്യങ്ങൾ ബലികഴിപ്പിച്ചു കൊണ്ടാണ് ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റിനെ ഇന്ന് നിങ്ങൾ നിലനിർത്തിയതെങ്കിൽ നിങ്ങളുടെ താത്പര്യം ഉയർത്തിപ്പിടിക്കാൻ അനുവദിച്ചു കൊണ്ടാണ് 61 പേരുടെ പിന്തുണ നിങ്ങൾക്ക് ഇടതുപക്ഷം പ്രഖ്യാപിച്ചതെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. ഒരു മന്ത്രിസ്ഥാനവും ആവശ്യപ്പെട്ടില്ല. ഒരു വകുപ്പും ആവശ്യപ്പെട്ടില്ല. അങ്ങനെ ബി.ജെ.പി.യെ ഭരണത്തിൽനിന്ന് മാറ്റി നിർത്തുന്നതിനു വേണ്ടിയാണ് ഞങ്ങൾ അത് ചെയ്തത്. ഞങ്ങളുടെ ബി.ജെ.പി. വിരോധം നിങ്ങളെ ബോധ്യപ്പെടുത്തേണ്ട ഒരു കാര്യവുമില്ല. അന്ന് നിങ്ങൾ നന്നായിട്ടുമില്ല. ഇവിടത്തെ ആളുകളെയല്ല ഞാൻ പറയുന്നത്. ഉത്തരേന്ത്യയിലെ കോൺഗ്രസ് എം.പി.മാർ ഖദർ മുണ്ട് ഉടുക്കുകയാണെ ങ്കിലും അടിയിൽ എപ്പോഴും കാക്കി ട്രൗസർ ഉണ്ടാകും. ഇവിടെയുള്ളവരെ ഞാൻ അങ്ങനെ പറയുന്നില്ല. മുണ്ട് അഴിച്ചാൽ ആർ.എസ്.എസ്. ആണ്. മുണ്ട് ഉടുത്താൽ കോൺഗ്രസ്സാണ്. അതാണ് അവിടത്തെ സ്ഥിതി. അവർക്ക് കൂറുമാറാൻ അധികസമയം വേണ്ട. ഇവിടത്തെ കോൺഗ്രസ്സുകാരെപ്പറ്റി എനിക്ക് ആ ആക്ഷേപമില്ല. പക്ഷേ ഉത്തരേന്ത്യൻ ലോബിയും നിങ്ങളും തമ്മിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. എം. ചന്ദ്രൻ: അതുകൊണ്ട് ബി.ജെ.പി.യുമായി മുന്നണി ഉണ്ടാക്കാനാണ് ഈ മന്ത്രി സഹകരിച്ചത് എന്ന വ്യാജ പ്രസ്താവന നിങ്ങൾ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീര വികസനം തുടങ്ങിയവയാണല്ലോ ചർച്ച. ഭക്ഷ്യം എന്നു പറയുമ്പോൾത്തന്നെ ജനങ്ങളൊക്കെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ദുരിതം അനുഭവിക്കുകയാണെന്ന് പറയുന്നതിൽ തെറ്റ് ഇല്ലായെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നത്. എല്ലാവരും അത് തന്നെയാണ് ഇവിടെ ചർച്ച ചെയ്തും. വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഇനിയും നമ്മൾ എത്രയോ മുന്നോട്ട് പോകേണ്ടതുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിക്കൊണ്ട് ഫലപ്രദമായി വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചിട്ടില്ലായെന്നത് സത്യം തന്നെയാണ്. വില നിയന്ത്രിക്കാൻ വേണ്ടിയുള്ള സർക്കാർ സ്ഥാപനങ്ങളുടെ സംവിധാനം ദയനീയം തന്നെയാണ്. സഹകരണ സ്ഥാപനങ്ങൾ പലപ്പോഴായി ഇതിൽ ഇടപെട്ടുകൊണ്ട് സിവിൽ സപ്ലൈസിൽനിന്ന് കൊടുക്കുന്നതിനേക്കാൾ വില കുറച്ചു കൺസ്യൂമർ ഫെഡ് മുഖാന്തിരം സാധനങ്ങൾ കൊടുക്കുന്നുണ്ട്. അത് എങ്ങനെയാണെന്ന് മനസ്സിലാക്കണം. നമുക്ക് പലപ്പോഴായി കാണാം. ഉദാഹരണത്തിന് പഞ്ചസാരയ്ക്ക് 25 രൂപ സിവിൽ സപ്ലൈസിന് ഉണ്ടാകുമ്പോൾ സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം നടക്കുന്ന ചന്തകളിൽ 20 രൂപയ്ക്ക് പഞ്ചസാര കൊടുക്കുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് ഇത്തരം ചന്തകൾ നടത്താനുള്ള വളരെ നല്ല രീതിയിലുള്ള നടപടികൾ ആരംഭിക്കുന്നു. കേന്ദ്രം അനുവദിക്കുന്ന റേഷൻ സബ്സിഡി യഥോചിതം ഉപയോഗിക്കാൻ സർക്കാരിന് സാധിച്ചില്ല. വളരെ ഗൗരവമുള്ള പ്രശ്നമുണ്ട്. ഇവിടെ ഇപ്പോൾ സബ്സിഡിയെക്കുറിച്ചൊക്കെ പറയുമ്പോൾ സംസ്ഥാന സർക്കാർ പറയുന്നത് കേന്ദ്രം റേഷൻ ഭക്ഷ്യധാന്യമായാണ് നൽകുന്നത് എന്നാണ്. ബഹുമാനപ്പെട്ട കെ. എം. മാണിക്ക് അങ്ങ് ഇന്നത്തെ അൺസ്റ്റാർഡ് ചോദ്യത്തിന് നൽകിയ ഉത്തരമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് എത്ര രൂപ റേഷൻ സബ്സിഡി നൽകി ? ഉത്തരം, കേന്ദ്രം റേഷൻ ഭക്ഷ്യ ധാന്യമായാണ് നൽകുന്നത്. എ.പി.എൽ., എ.എ.വൈ., ബി.പി.എൽ. വിഭാഗങ്ങൾക്ക് അലോട്ടുമെന്റിന് കേന്ദ്ര സർക്കാർ നേരിട്ട് സബ്സിഡി അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത് പൊതുവിതരണ ശൃംഖലയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന വാർഷിക സബ്സിഡിയിൽ 28,000 കോടി രൂപ ഉദ്യോഗസ്ഥരും റേഷൻ കടകളും ഇടനിലക്കാരും അടങ്ങിയ ഗൂഢസംഘങ്ങൾ തട്ടിയെടുക്കുകയാണ്. ഈ അഴിമതി തടയാൻ അടിയന്തര നടപടി ആവശ്യമാണെന്ന് മുൻസുപ്രീം കോടതി ജഡ്ജി പി. പി. വാദ്യ അധ്യക്ഷനായുള്ള സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിനും സബ്സിഡി കിട്ടുന്നുണ്ട്. 28,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കും കൊടുക്കുന്നതാണ്. അതിൽ നമുക്കും കിട്ടുന്നുണ്ട്. ആ കിട്ടുന്നത് ഇല്ല എന്നാണ് അങ്ങ് ഒരു മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഈ സബ്സിഡിയൊക്കെ യഥോചിതം ഉപയോഗിക്കാൻ സാധിക്കണം. കടല പോലെയുള്ള ധാന്യങ്ങൾ,-പലപ്പോഴായി ചർച്ച നടത്തിയതാണ്,- അനുവദിച്ച സബ്സിഡി ഉണ്ടായിട്ടും വൻവില ഈടാക്കി വിപണിയിൽ വിൽപ്പന നടത്തി. നമ്മുടെ റേഷൻ കടകളുടെ, മുഖച്ഛായ മാറിയിട്ടില്ല. പലതും പണ്ടുകാലത്ത് തുടങ്ങിയ അതേരീതിയിൽതന്നെയുള്ള റേഷൻ കടകളായി ഇപ്പോഴും തുടരുകയാണ്. എല്ലാമെന്ന് പറയാനാവില്ല. മതിയായ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാറില്ല. റേഷൻ കടകൾ പലതും കൃത്യ സമയത്ത് തുറക്കാറില്ല. സമയത്തിനുമുമ്പ് അടയ്ക്കുന്നു. റേഷൻ കടയാണോ യെന്ന് അകത്ത് കയറിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ബോർഡുപോലും ഇല്ലാത്ത സ്ഥിതിയാണുള്ളത്. ഇതൊക്കെതന്നെ നമ്മുടെ ജനങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമല്ല, ഉദ്യോഗസ്ഥർ ചില റേഷൻ കടയിൽ ഇൻസ്പെക്ഷന് പോയാൽ അവിടെ റേഷൻ കടയാണോ യെന്ന് മറ്റുള്ളവരോട് ചോദിച്ച് മനസ്സിലാക്കേണ്ട സ്ഥിതിയാണുള്ളത്. റേഷൻ ഭക്ഷ്യസാധനങ്ങളും മണ്ണെണ്ണയും കരിഞ്ചന്തയിലേക്ക് കടത്തി വിൽപ്പന നടത്തുന്നത് ഇന്നും തുടരുകയാണ്. നമ്മൾ പലപ്പോഴായി കാണാറുണ്ട്. മലയാള മനോരമയിലും ഏഷ്യാനെറ്റ് ന്യൂസുകളിലുമൊക്ക നമ്മൾ കണ്ടതാണ്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട പാവപ്പെട്ടവർക്കുപോലും അർഹമായ അരിയോ മറ്റ് സാധനങ്ങളോ റേഷൻ കാർഡ് മുഖാന്തിരം പലപ്പോഴും ലഭിക്കുന്നില്ല. നമ്മുടെ മാർക്കറ്റുകളിൽ ലഭിക്കുന്ന സാധനങ്ങളുടെ ഗുണമേൻമ പരിശോധിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ചും അങ്ങയുടെ വകുപ്പ് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ടതുണ്ട്. വില നിയന്ത്രണത്തിനുള്ള മാവേലി സ്റ്റോറുകളിലൂടേയും മറ്റ് പൊതുവിതരണ ശാഖ കളിലൂടേയും ഇന്ന് വിൽപ്പനനടത്തുന്ന സാധങ്ങളുടെ ഗുണമേൻമ വളരെ ദയനീയമാണ്. അത് പരിശോധിക്കാൻ സർക്കാർ സന്നദ്ധമാകുന്നില്ല. വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട്, ഞാൻ നേരത്തെ അങ്ങയോട് ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. അങ്ങ് ഉച്ചക്കഞ്ഞിക്ക് അരിയും പയറും കൃത്യമായി വിതരണം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? എന്ന ഒരു ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി പ്രകാരം വിതരണത്തിനുള്ള അരി യാതൊരു തടസ്സവും കൂടാതെ നൽകുന്നതിനുള്ള സ്റ്റോക്ക് സപ്ലൈകോ യുടെ എല്ലാ ഡിപ്പോകളിലുമുണ്ട് ; വിതരണത്തിനുള്ള ചെറുപയർ തടസം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയിൽ ഇത് ലഭിക്കണമെങ്കിൽ സബ്സിഡി മുഖാന്തിരം ലഭിക്കണം. എഫ്.സി.ഐ.-ൽ ഇന്ന് സമരമാണ്. തലശ്ശേരിയിലുള്ള മുഴപ്പിലങ്ങാട് എഫ്.സി.ഐ.-ൽ ഇന്നലെ സമരമാണ്. അതുകൊണ്ട് അവിടെയുള്ള പാനൂർ, ചൊക്ലി, തലശ്ശേരി, കൂത്തുപറമ്പ് എന്നീ ഉപജില്ലകളിലെ വിദ്യാലയങ്ങൾക്ക് ഉച്ചക്കഞ്ഞിക്ക് അരി കിട്ടിയില്ല. ഒരുപാട് വിദ്യാലയങ്ങൾക്ക് അരി കിട്ടിയിട്ടില്ല. ഏകദേശം അഞ്ചാം തീയതി മുതൽ 25-ാം തീയതി വരെയാണ് അരി വിതരണം നടത്തുന്നത്. അതിനിടയ്ക്ക് അരി കിട്ടിയില്ലെങ്കിൽപ്പിന്നെ കിട്ടാനും പോകുന്നില്ല. അത് വളരെ ഗൗരവത്തോടുകൂടി എടുത്തുകൊണ്ട് ഇതിനുവേണ്ടി കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അങ്ങ് മറുപടി നൽകിയിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞതുപോലെ അറിയില്ലെന്ന് ശ്രീ. കെ. പി. മോഹനൻ പറഞ്ഞേക്കരുത്.

1.00 P.M.] ദരിദ്രരുടെ എണ്ണം കുറയ്ക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരാൾക്ക് 2100 കലോറി പോഷകാഹാരം വേണമെന്ന തീരുമാനത്തെ മാറ്റിയിട്ട് 1800 കലോറി പോഷകാഹാരം മതിയെന്ന് നിശ്ചയിച്ചത് അങ്ങേക്ക് അറിയുമോ? ഭക്ഷ്യകാട്ട വെട്ടി കുറയ്ക്കുന്നത് ഇതിന്റെയൊക്കെ ഭാഗമായിട്ടല്ലേ? അങ്ങ് അതിനെ എതിർക്കുന്നുണ്ടോ ?

ശ്രീ. കെ. പി. മോഹനൻ : ഭക്ഷ്യ ക്വാട്ട വെട്ടി കുറയ്ക്കുന്നു, ഇതൊക്കെ പറയുമ്പോഴാണ് ഞാനും ഇത് പറയുന്നത് നമുക്ക് ലഭിക്കുന്ന സബ്സിഡി നമ്മൾ പരമാവധി ഉപയോഗിക്കുന്നില്ല. ഇതൊക്കെ ഉണ്ടാകാറുണ്ട്. ചിലപ്പോഴൊക്കെ ഭക്ഷ്യക്വാട്ട വെട്ടി കുറയ്ക്കാറുണ്ട്. അപ്പോഴൊക്കെ നമുക്കിവിടെ ദാരിദ്ര്യം നേരിടുമ്പോൾ സംസ്ഥാന സർക്കാർ ഇടപെട്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങി വിതരണം ചെയ്യാറുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരുന്ന സമയത്ത് അങ്ങനെ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. കേന്ദ്ര സർക്കാർ ചെയ്യുന്നതും സംസ്ഥാന സർക്കാർ ചെയ്യുന്നതും തെറ്റോ ശരിയോ എന്ന് നമ്മൾ തുലനം ചെയ്തുകൊണ്ട് അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതാണ് വേണ്ടത്. മിക്ക മാവേലി സ്റ്റോറുകൾക്കും ഭക്ഷ്യസാധനങ്ങൾ പലപ്പോഴും ലഭിക്കാറില്ല. മാവേലി സ്റ്റോറിന്റെ മുമ്പിൽ വലിയ ക്യൂവൊക്കെയുണ്ടെന്ന് ഇവിടെ പറഞ്ഞല്ലോ. ആ ക്യൂവിലൊക്കെ ആളുകൾ നിന്നിട്ട് ചിലപ്പോൾ വാങ്ങാതെ പോകേണ്ടസ്ഥിതി വരുന്നുണ്ട്. അവിടെ സാധനങ്ങൾ കിട്ടാറില്ല. പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. മാസങ്ങൾ കഴിഞ്ഞിട്ടും അത് ആരംഭിച്ചിട്ടില്ല. പലപ്പോഴായിട്ട് ഞാൻ പറയുന്ന ഒരു കാര്യമുണ്ട്. വില കൂടുതലാണെന്ന് പറയുന്നില്ലല്ലോ. എന്റെ നിയോജക മണ്ഡലത്തിൽ മൊകേരി പാത്തിപ്പാലത്ത് സർക്കാർ പറഞ്ഞ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ട് ഒരു വർഷമായെങ്കിലും ഇതുവരെ മാവേലി സ്റ്റോർ തുടങ്ങാൻ സാധിച്ചിട്ടില്ല. മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ എന്ന പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മണ്ഡലത്തിലൊക്കെതന്നെ ഒരു ലാഭം മാർക്കറ്റ് എന്ന് പറഞ്ഞിട്ടുണ്ട്. മിക്ക മണ്ഡലങ്ങളിലും ഇല്ല. അതുംകൂടി കണക്കിലെടുത്തുകൊണ്ട് അത് തുടങ്ങാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. സർക്കാരിനെ കുറ്റപ്പെടുത്തുമ്പോൾ യഥാവിധി ഇടപെടലുകൾ ഇല്ലെന്നാണ് ഞാൻ പറയുന്നത്. നമ്മൾ അത് ശ്രദ്ധിക്കേണ്ടതുണ്ട്. ഉദ്യോഗസ്ഥരെ അതിനുവേണ്ടി നിയോഗിച്ചുകൊണ്ട്, നമ്മളൊക്കെ വിജിലൻസ് കമ്മിറ്റിയിൽ പലപ്പോഴായി ചർച്ച ചെയ്യുന്നതാണ്. അതിൽ നമുക്ക് റേഷൻ കടക്കാരുടെ കാര്യങ്ങളുമൊക്കെ പലപ്പോഴും കേൾക്കാൻ കഴിയാറുണ്ട്. അതിലൊക്കെതന്നെ നമ്മൾ കാണുന്നതും ഇതുതന്നെയാണ്. സംസ്ഥാനത്തെ ക്ഷീരകർഷകരെക്കുറിച്ച് പറയുമ്പോൾ ഇവിടെ പലരും സൂചിപ്പിച്ചിട്ടുണ്ട്, - ഇപ്പോഴും വളരെയധികം പ്രതിസന്ധിയാണുള്ളതെന്ന്. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഇപ്പോഴും പുതിയ ജനുസുകൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. മുന്തിയ ഇനം പശുക്കളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പലപ്പോഴായിട്ട് ശ്രീ. പി.ജെ. ജോസഫ് ഒക്കെത്തന്നെ ചർച്ച ചെയ്യുമ്പോൾ വളരെ ഗൗരവത്തോടുകൂടി ഇവിടെ കാര്യങ്ങൾ പറയാറുണ്ട്. കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം പശുക്കളെ സംരക്ഷിക്കാൻ ക്ഷീര കർഷകർക്ക് സാധിക്കുന്നില്ല. കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ നൽകാനും സർക്കാർ നടപടി സ്വീകരിക്കണം. വെറ്ററിനറി മേഖലയെക്കുറിച്ചും വെറ്ററിനറി സർജൻമാരെ ക്കുറിച്ചുമൊക്കെ പറയാനുണ്ട്. പലർക്കും ചിലപ്പോഴൊക്കെതന്നെ ജോലിക്ക് പോകാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഒരുപാട് കാലമായി അവർക്ക് പല സ്ഥലത്തും ജോലി ഇപ്പോൾ കിട്ടുമെന്ന് വിചാരിച്ച് നിൽക്കുമ്പോൾ ട്രാൻസ്ഫറുകൾ നടക്കാത്ത സ്ഥിതിയും മറ്റ് ചില സ്ഥലത്ത് ആളില്ലാത്ത സ്ഥിതിയുമുണ്ട്. ഇതൊക്കെത്തന്നെ മാറ്റിയെടുത്തുകൊണ്ട് വളരെ നല്ല രീതിയിലേയ്ക്ക് കൊണ്ടുവരണം എന്നതാണ് അതിനെക്കുറിച്ച് പറയാനുള്ളത്. റേഷൻ കാർഡിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാനും ശ്രീ. പി. ജയരാജൻ എം.എൽ.എ.യും ഒക്കെതന്നെ റേഷൻ കാർഡിന്റെ അദാലത്ത് നടത്തി. ഏകദേശം മൂവായിരത്തോളം ആളുകളാണ് അതിൽ പങ്കെടുത്തത്. റേഷൻ കാർഡിന്റെ ഫാറമില്ലാത്തതുകൊണ്ട് ഫാറവും ഞങ്ങൾതന്നെ കൊടുത്തു. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ മൂവായിരത്തോളം റേഷൻ കാർഡിന് അപേക്ഷകൾ നൽകിയിട്ട് നാനൂറ് എണ്ണം മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളു. ഇപ്പോൾ അഞ്ചെട്ട് മാസമായി. അത് നിർബന്ധമായും നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. ഓണം, റംസാൻ മാസം വരാൻ പോകുകയാണ്. നമ്മൾ ഇവിടെ ഓണക്കിറ്റുകൾ നൽകും എന്നതിനെ കുറിച്ചൊക്കെ പ്രഖ്യാപിച്ചു. നല്ലകാര്യമാണ്. അഭിനന്ദനീയംതന്നെ. അതേസമയം നമുക്ക് ഇതൊന്നും യഥാസമയത്ത് കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. പലപ്പോഴായി ഓണം, റംസാൻ ചന്തകൾ നടത്തിക്കഴിഞ്ഞാൽ ചന്ത നടക്കുന്നതിന്റെ പത്തോ പതിനഞ്ചോ ദിവസം മുമ്പ് സാധനങ്ങൾ കിട്ടും. പെട്ടെന്ന് തീരും. പിന്നീട് അവിടത്തേയ്ക്ക് സാധനങ്ങൾ ലഭിക്കാറില്ല. കാരണം അവിടെ സാധനങ്ങൾക്ക് വിലകുറവാണ്, പെട്ടെന്ന് കിട്ടും എന്നതുകൊണ്ട് ആളുകൾ വാങ്ങാൻ വരും. അതുകൊണ്ട് സാധനങ്ങൾ പെട്ടെന്ന് തീരും. പക്ഷേ പിന്നെ പോകുമ്പോൾ അതിനുള്ള സമയമായില്ല, അടുത്തയാഴ്ച്ച വന്നാലേ കിട്ടുകയുള്ളൂ എന്ന് സിവിൽ സപ്ലൈസിൽ നിന്നും പറയുകയാണ്. ഈ നടപടികളിൽ മാറ്റം വരണം. യഥാസമയം ആളുകൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കാനുള്ള നടപടികൾ ഉണ്ടാകണം. അതുണ്ടാകാത്തതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് വിലക്കയറ്റം തടയുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഉൾപ്പെടെയുള്ള ആളുകൾ വളരെ നന്നായി ഇടപെടുന്നുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ എല്ലാ ദേശീയ ദിനത്തിലും ചെങ്കോട്ടയിൽ കയറി നമ്മുടെ പ്രധാനമന്ത്രി രണ്ട് കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാറുണ്ട്. ഇന്ത്യ നേരിടുന്ന രണ്ട് ഗുരുതരമായ പ്രശ്നങ്ങളാണുള്ളത്. ഒന്ന് വിലക്കയറ്റവും രണ്ട് തീവ്രവാദവും. പ്രസംഗം കഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങിവന്നാലുടനെ അദ്ദേഹം ചെയ്യുന്നത് പെട്രോളിനും ഡീസലിനും പാചകവാതകത്തിനുമൊക്കെ വില വർദ്ധിപ്പിക്കുകയാണ്. ഇപ്പോൾ വില വർദ്ധിപ്പിച്ച് ഉത്തരവ് ഇടാൻ കഴിയാത്തതുകൊണ്ട് ഇനി അടുത്ത വിലക്കയറ്റ ഉത്തരവ് നിങ്ങൾതന്നെ ഇട്ടുകൊള്ളൂ എന്നുള്ള ഒരു അനുവാദമാണ് പെട്രോൾ കമ്പനികൾക്ക്, കുത്തക കമ്പനികൾക്കൊക്കെ ഇപ്പോൾ ഗവൺമെന്റ് നൽകിയിട്ടുള്ളത്. മറ്റൊന്ന് തീവ്രവാദമാണ്. തീവ്രവാദത്തെ സംബന്ധിച്ച് പ്രസംഗിച്ച് ഇറങ്ങിവരുമ്പോഴാണ് ഇന്ത്യാ രാജ്യത്തിലെ മൂന്നിലൊന്ന് ജില്ലകൾ ഇപ്പോൾ സിവിൽ ഭരണകൂടത്തിന്റെ കീഴിലല്ല എന്നുള്ള വസ്തുത നമ്മൾ മനസ്സിലാക്കുന്നത്. ബോംബെയിൽ പാകിസ്ഥാനിൽ നിന്ന് അഞ്ച്, പത്ത് ആളുകൾ വന്ന് ഇന്ത്യാ രാജ്യത്തെ വിറപ്പിച്ചുപോയി എന്നുള്ള കാര്യങ്ങളൊക്കെ നമുക്ക് അറിയാം. പ്രധാനമന്ത്രിയുടെ പ്രസംഗം ഇങ്ങനെ തുടരുന്നതുകൊണ്ട് നമുക്ക് ചില പ്രതീക്ഷകൾ ഉണ്ട്. അദ്ദേഹം പ്രസംഗിക്കാതിരുന്നാൽ നമുക്ക് വെറുതെ ആവശ്യമില്ലാതെ സ്വപ്നം കാണേണ്ട കാര്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 'ഒരു പൂവ് ചോദിച്ചാൽ ഒരു വസന്തം തരുന്ന സർക്കാരാണ് ഈ സർക്കാർ' എന്ന് പറഞ്ഞിട്ടുള്ളത് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. എം. ഉമ്മർ ആണ്. ആ ഉമ്മറിന്റെ വാക്കുകൾ ഞാൻ കടം എടുത്തുകൊണ്ട് ബഹുമാനപ്പെട്ട സിവിൽ സപ്ളൈസ് വകുപ്പുമന്ത്രിയെക്കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഒരു മാവേലി സ്റ്റോറാണ് ഞാൻ ചോദിച്ചത്. എനിക്ക് രണ്ട് മാവേലി സ്റ്റോറുകൾ അദ്ദേഹം തന്നു. അതുപോലെതന്നെ പാവപ്പെട്ട സ്ത്രീകൾക്ക് കോഴിയെ കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഗ്രാമം നിറയെ കോഴികളെയാണ് കൊടുവള്ളിക്ക് തന്നത്. വളരെ സന്തോഷകരമായ ഒരു സാഹചര്യമാണ് ഇത്. ചോദിക്കുന്നതിൽ അധികമായ കാര്യങ്ങൾ തന്നുകൊണ്ട് പാവപ്പെട്ടവരെ സഹായിക്കുവാനുള്ള ബദ്ധശ്രദ്ധനായ ഒരു ബഹുമാനപ്പെട്ട മന്ത്രിയാണ് അദ്ദേഹം എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാവേലി സ്റ്റോറുകൾ പരിഷ്ക്കരിക്കുന്ന കാര്യത്തിലും വളരെയധികം നല്ല ശ്രമങ്ങളാണ് നടത്തുന്നത്. കൊടുവള്ളി നിയോജക മണ്ഡലത്തിൽ രണ്ട് മാവേലി സ്റ്റോറുകൾ അപ്ഗ്രേഡ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. എന്റെ നാടിനെ സംബന്ധിച്ചിടത്തോളം എല്ലാ വീടുകളിലും സി.എഫ്. ലാമ്പുകളും എല്ലാ വീടുകളിലും കോഴികളുമാണ്. ഇത്രയും പാവപ്പെട്ടവരെ സഹായിക്കുന്ന രൂപത്തിലുള്ള ഈ സർക്കാരിനെ കുറിച്ച് ഒരിക്കൽകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഒരു പൂവ് ചോദിച്ചാൽ ഒരു വസന്തം തന്നെ തരുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. അതുപോലെതന്നെ മലബാറിനോട്, കേരള ഫീഡ്സിന്റെ മലബാറിലെ ആദ്യത്തെ മിനറൽ മിക്സർ പ്ളാന്റും ഗോഡൗണും ആതവനാട്ടിൽ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. കെ. ടി. ജലീലിന്റെ മണ്ഡലത്തിൽ കേരളപ്പിറവി ദിനത്തിൽ ഉത്ഘാടനം ചെയ്യാൻ പോകുകയാണ്. ഹൈക്കോടതിയിൽവരെ കേസ് നടത്തിയിട്ടാണ് എന്റെ സുഹൃത്ത് ഇത് അവിടെ സ്ഥാപിക്കുവാൻവേണ്ടി ശ്രമിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസിനെ സംബന്ധിച്ച് പറയുമ്പോൾ നമ്മൾ ഒരുകാര്യം മനസ്സിലാക്കേണ്ടത് നമ്മൾ സാധാരണ വിലക്കയറ്റം പിടിച്ചുനിർത്താൻ വേണ്ടിയുള്ള മുഴുവൻ ശ്രമങ്ങളും നടത്തുന്നതോടൊപ്പം തന്നെ ഈ രാജ്യത്തെ കുത്തകകളുടെ ഇടപെടലിനെ അതിജീവിക്കാൻ വേണ്ടിയുള്ള വമ്പിച്ച ശ്രമം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്നുണ്ട് എന്ന് നമുക്ക് അറിയാം. 1.30 കോടി രൂപ ചെലവിൽ നാല് നിലകളിലായി 13041 ചതുരശ്ര അടി വിസ്തീർണമുള്ള ഹൈപ്പർ മാർക്കറ്റ് തിരുവനന്തപുരത്ത് ഈ വർഷം പൂർത്തിയാക്കുകയാണ്. 2.2 കോടി രൂപ ചെലവ് ചെയ്ത് 28227 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആറു നിലകളുള്ള ഹൈപ്പർ മാർക്കറ്റ് കോട്ടയത്ത് ഈ വർഷം പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. തലശ്ശേരിയിൽ 9.75 സെന്റ് സ്ഥലത്ത് 5267 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഹൈപ്പർ മാർക്കറ്റ് 71.8 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം അത് പൂർത്തിയാകും. തിരുവനന്തപുരത്ത് പഴവങ്ങാടിയിലുള്ള സൂപ്പർ മാർക്കറ്റ് 12.5 ലക്ഷം രൂപ ചെലവിൽ നവീകരിച്ച് പ്രവർത്തനം ഉടനെ വിപുലപ്പെടുത്താൻവേണ്ടി സർക്കാർ മുന്നോട്ടു പോകുകയാണ്. കോഴിക്കോട് വെള്ളയൂർ ഒന്നേമുക്കാൽ കോടി രൂപ മതിപ്പുചെലവിൽ സപ്ലൈകോ ടവർ ബിൽഡിംഗിന്റെ പണി ഈ വർഷം പൂർത്തിയാകുകയാണ്. ഈ രാജ്യത്തുണ്ടാകുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടു പോകാനുള്ള വൻപിച്ച ഒരു ശ്രമമാണ് സിവിൽ സപ്ലൈസിന്റെ ഭാഗത്തുനിന്ന് നടന്നത്. ഇവിടെ പെട്രോളിന് വില കൂട്ടിയപ്പോൾ അപ്പുറത്തുള്ള ആളുകൾചോദിച്ചു നിങ്ങൾ പാലിന് വില കൂട്ടിയില്ലേ എന്ന്. പാലിന് വില കൂട്ടിയതുകൊണ്ട് ഗവൺമെന്റിന് എന്താണ് മെച്ചമുള്ളത്? പാവപ്പെട്ട ക്ഷീര കർഷകർക്കാണ് അതുകൊണ്ടുള്ള ഗുണം ലഭിക്കുന്നത്. നേരെമറിച്ച് പെട്രോളിനും ഡീസലിനുമൊക്കെ വില വർദ്ധിപ്പിച്ചതുകൊണ്ട് സഹായിക്കുവാൻ ഉദ്ദേശിക്കുന്നത് ഈ രാജ്യത്തെ കുത്തകക്കമ്പനികളെയാണ് എന്നുള്ളത് ഒരു വസ്തുതയാണ്. നമ്മുടെ നാട്ടിൽ പൂട്ടിപ്പോയിരുന്ന ഒരുപാട് പെട്രോൾ പമ്പുകൾ ഇപ്പോൾ പെയിന്റടിച്ചു റെഡിയാക്കി ഉഷാറാക്കി വരുന്നുണ്ട്. എന്തിനു വേണ്ടിയാണ് ഈ സബ്സിഡി എടുത്തുകളഞ്ഞത് എന്നുള്ള കാര്യത്തിൽ ഒരു തർക്കവും വേണ്ട. ഇത്തരമാളുകളെ സഹായിക്കാൻ വേണ്ടിയാണെന്നുള്ളതിന് വളരെ വ്യക്തമായ ഒരു സൂചനയാണ് അത്. കേരളത്തിലെ വിപണിയിലിടപെടുന്നില്ല എന്നുള്ള ഒരു വിമർശനം ഇവിടെയുണ്ടായി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സാധനങ്ങളൊക്കെ വടക്കേ ഇന്ത്യയിൽനിന്നും പുറത്തുള്ള സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. അങ്ങനെ കൊണ്ടുവരുമ്പോൾ പൊതുമാർക്കറ്റിലുള്ള ആളുകൾ പോയി കൊണ്ടുവരുന്ന അതേ സ്ഥലത്തുവച്ചുതന്നെയാണ്, അതേ ആളുകളിൽ നിന്നു തന്നെയാണ് കേരള ഗവൺമെന്റും സാധനങ്ങൾ സംഭരിക്കുന്നത്. ഇവിടെ കൊണ്ടുവന്ന് നമ്മൾ അത് സബ്സിഡൈസ് ചെയ്തു കൊടുക്കുന്നതുകൊണ്ടാണ് മാർക്കറ്റിലെ വിലനിലവാരം പിടിച്ചുനിർത്താൻ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് സാധിക്കുന്നത്. നമ്മളൊരുകാര്യം മനസ്സിലാക്കേണ്ടത്, കേരളത്തിൽ ചെറുപയറിന് 28 രൂപയാണ് സപ്ലൈകോയിലെ വില. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ ഒരു സ്ഥാപനമുണ്ട്, ഒരു ഭണ്ഡാരം. ആ ഭണ്ഡാരത്തിൽ ചെറുപയറിന്റെ വില 79 രൂപയാണ്. ഉഴുന്ന് സപ്ലൈകോയിൽ 36 രൂപയ്ക്ക് വിൽക്കുമ്പോൾ ഭണ്ഡാരത്തിൽ വിൽക്കുന്നത് 78 രൂപയ്ക്കാണ്. കടല 37 രൂപ 60 പൈസയ്ക്ക് വിൽക്കുമ്പോൾ അവിടെ 40 രൂപ 2 പൈസയാണ് വില. വൻപയർ 26.50 രൂപയ്ക്ക് വിൽക്കുമ്പോൾ അവിടെ 54 രൂപയാണ് വില. തുവരപ്പരിപ്പിന് 34 രൂപയ്ക്ക് ഇവിടെ വിൽക്കുമ്പോൾ 77 രൂപയാണ് അവിടെയുള്ള വില. മുളക് 45 രൂപയ്ക്ക് വിൽക്കുമ്പോൾ 82 രൂപ 40 പൈസയാണ് അവിടെയുള്ള വില. മല്ലി 52 രൂപയ്ക്ക് ഇവിടെ വിൽക്കുമ്പോൾ അവിടെ 68 രൂപയാണ് വില, ജീരകത്തിന് 96 രൂപയ്ക്ക് ഇവിടെ വിൽക്കുമ്പോൾ 170 രൂപയാണ് ഭണ്ഡാരത്തിലെ വില. കടുക് 22 രൂപയ്ക്ക് ഇവിടെ വിൽക്കുമ്പോൾ 60 രൂപയാണ് ഭണ്ഡാരത്തിലെ വില. ഉലുവ 28 രൂപയ്ക്ക് ഇവിടെ വിൽക്കുമ്പോൾ 55 രൂപയാണ് ഭണ്ഡാരത്തിലെ വില. പഞ്ചസാരയ്ക്ക് മാത്രമാണ് 30 പൈസയുടെ വ്യത്യാസമുള്ളത്. പുഴുക്കലരി 13 രൂപയ്ക്ക് വിൽക്കുമ്പോൾ അവിടെ 23.91 രൂപയാണ്. പച്ചരി 13 രൂപയ്ക്ക് വിൽക്കുമ്പോൾ 21 രൂപ 25 പൈസയാണ് ഭണ്ഡാരത്തിലെ വില. ഭണ്ഡാരമെന്നു പറയുന്നത് ഒരു പണ്ടാരമായി മാറിയിരിക്കുന്നു എന്നുള്ളതാണ് നമുക്ക് പറയാൻ സാധിക്കുന്നത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങ് ഈ വലിയ മനുഷ്യരുടെ ലോകത്തിലെ കാര്യം ചോദിക്കുമ്പോൾ ഞാൻ കൊച്ചുമനുഷ്യരുടെ കൊച്ചു ലോകത്തിൽ താമസിക്കുന്ന ഒരു കൊച്ചുമനുഷ്യനായതുകൊണ്ടൊരു ചോദ്യം ചോദിക്കുകയാണ്. ഞാൻ ഇന്നലെ മൃഗങ്ങളുടെയും പട്ടികളുടെയും കാര്യം പറഞ്ഞപ്പോൾ ഇവിടെ ആർക്കും ഇഷ്ടപ്പെട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി വലിയ വിശാലഹൃദയനാണെന്ന് മനസ്സിലായതെങ്ങനെയെന്ന് അറിയാമോ? വെറും ടാക്സി ഡ്രൈവറായ ബാപ്പുട്ടിയെ ഞാൻ അദ്ദേഹത്തിന്റെ അടുത്തു കൊണ്ടുപോയപ്പോൾ അദ്ദേഹത്തിന് ജന്തുസ്നേഹി അവാർഡ് കൊടുത്തു, 25000 രൂപയും കൊടുത്തു. പക്ഷെ പ്രശ്നമെന്താണെന്നു വച്ചാൽ, ഈ ബാപ്പുട്ടിയെ ഇന്ന് കൊല്ലംകാരെല്ലാംകൂടി തല്ലിച്ചതച്ചിട്ടിരിക്കുകയാണ്. അപ്പോൾ കേരളത്തിനൊരു മനഃസ്സാക്ഷിയുണ്ടെങ്കിൽ, കേരള ജനതയുടെ ഉത്തരവാദിത്തമല്ലേ ഈ കക്ഷിയെ സംരക്ഷിക്കണമെന്നത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. പി. ടി. എ. റഹീം : അങ്ങും അങ്ങയുടെ കുടുംബവും മൃഗസ്നേഹമുള്ളവരാണെന്നകാര്യം എനിക്ക് വളരെ നന്നായിട്ട് അറിയാം. നമ്മൾ ടൂർപോയ അവസരത്തിൽ അങ്ങും കുടുംബവുമുണ്ടായിരുന്നു. വഴിയിൽ കാണുന്ന മുഴുവൻ തെരുവുപട്ടികൾക്കും ഭക്ഷണം വാങ്ങിച്ചുകൊടുക്കുന്നതിൽ അങ്ങും കുടുംബവും വളരെയേറെ താൽപ്പര്യമെടുത്തു. ആ സ്നേഹം എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. അങ്ങയുടെ വികാരത്തോട് യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അത്രയേറെ വിശാലഹൃദയനാണ്.

ശ്രീ. പി. ടി. എ. റഹീം : അദ്ദേഹത്തിന്റെ വികാരത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. മലബാറിനെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം സന്തോഷകരമായ ഒരു ദിവസമാണ് ഇന്ന്. 178 പ്ലസ് വൺ സ്കൂളുകളാണ് മലബാറിൽ ഇന്ന് കൊടുത്തിട്ടുള്ളത്. അതിൽ മലപ്പുറത്തെ 19 സ്കൂളുകളിൽ പ്ലസ് വൺ ഉണ്ടായിരുന്നില്ല എന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കണം. മലപ്പുറം ജില്ലയിലെ 19 പഞ്ചായത്തുകളിൽ പുതുതായി സ്കൂളുകൾ കൊടുക്കാൻ ഇടതുപക്ഷ ഗവൺമെന്റിനാണ് സാധിച്ചത്. മൊത്തം 27 സ്കൂളുകൾ കൊടുത്തു.

ശ്രീ. കെ. പി. മോഹനൻ : സ്കൂളുകൾ അനുവദിച്ചതിൽ വളരെ സന്തോഷമുണ്ടെന്ന് ഞങ്ങളൊക്കെതന്നെ പറയുന്നുമുണ്ട്. പക്ഷെ ഇത് ഇങ്ങനെ വൈകേണ്ടതില്ലായിരുന്നു എന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

ശ്രീ. പി. ടി. എ. റഹീം : വൈകാൻ കാരണം നിങ്ങൾ ഇവിടെയിരുന്നതു കൊണ്ടാണ്. നിങ്ങൾ അങ്ങോട്ടു പോയതുകൊണ്ടാണ് ഞങ്ങൾ ഇതു ചെയ്തത്. നിങ്ങളുള്ളതുകൊണ്ടാണ് ചെയ്യാത്തത്. ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ ചോദിക്കുകയുണ്ടായി..... 26000 സീറ്റുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം പ്ലസ് ടുവിന് വർദ്ധിപ്പിച്ചു. ഇന്നത്തോടുകൂടി 22000 സീറ്റുകൾകൂടി വർദ്ധിച്ച് മലബാറിലെ ഈ വിഷയത്തെ സംബന്ധിച്ചുള്ള പ്രശ്നം അവസാനിപ്പിച്ചിരിക്കുകയാണ്. ആർക്കെല്ലാമാണ് സ്കൂളുകൾ കൊടുത്തത്? വല്ല പ്രയാസമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട പാണക്കാട് തങ്ങൾ പ്രസിഡന്റായിട്ടുള്ള ദാറുൽ ഉലൂം സ്കൂളിനും നമ്മൾ പ്ലസ് ടു കൊടുത്തു. ഒരു പ്രശ്നവുമില്ല. *****

ശ്രീ. പി. ടി. എ. റഹീം : മലബാറുകാരോട് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള അനുകൂലമായ നിലപാടിൽ വിദ്യാഭ്യാസരംഗത്ത് ....(തടസം)... പ്രോത്സാഹനത്തിലും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ****

ശ്രീ. പി. വിശ്വൻ: സർ, കേരള സർക്കാരിന്റെ ഇച്ഛാശക്തിയെ വെളിപ്പെടുത്തുന്ന ഭക്ഷ്യ, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. പാവപ്പെട്ടവരുടെയും തൊഴിലാളികളുടെയും കർഷകരുടെയും സാധാരണക്കാരുടെയും പ്രതീക്ഷയെ നെഞ്ചിലേറ്റിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. രണ്ടാം യു.പി.എ. സർക്കാരിന്റെ, നയം യഥാർത്ഥത്തിൽ വിലക്കയറ്റത്തെ വിലക്കുതിപ്പാക്കി മാറ്റുകയാണ്. അതിൽ രാഷ്ട്രീയമായ എതിർപ്പു മാത്രമല്ല ഇൻഡ്യാരാജ്യത്ത് വളർന്നുവന്നിട്ടുള്ളത്. അതിനെതിരെ ബഹുജന എതിർപ്പ് ശക്തിപ്പെട്ടിരിക്കുന്നു എന്നുള്ളത് ഇന്നു കാണേണ്ടതായിട്ടുണ്ട്. വെറും ഒരു പൊളിറ്റിക്കലായ ആക്രമണം മാത്രമല്ല, ബഹുജനങ്ങൾ, തൊഴിലാളികൾ, കൃഷിക്കാർ,

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തിരിക്കുന്നു.
(ഫയൽ നം.3507/ഇ.ബി/10/ലെജി.തീയതി 3-8-2010)

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളികൾ, വിവിധ മേഖലയിൽ പണിയെടുക്കുന്ന എല്ലാവരും ഒത്തുചേർന്നുകൊണ്ട് ഈ നയത്തെ എതിർത്തുകൊണ്ടിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് പല മെമ്പർമാരും ഇവിടെ പറഞ്ഞിട്ടുള്ള ജൂലായ് 5-ന്റെ ബന്ദ്. ദശലക്ഷങ്ങൾ ഈ രാജ്യത്ത് പങ്കെടുത്ത ഉജ്ജ്വലമായ ഒരു സമരമായി വിലക്കയറ്റത്തിനെതിരായിട്ടുള്ള പോരാട്ടമായി അത് മാറിക്കഴിഞ്ഞിരിക്കുകയാണ്. അത് ഏതവസരത്തിലാണെന്ന് ചോദിക്കുമ്പോൾ കേന്ദ്ര സർക്കാർതന്നെ വിലക്കയറ്റത്തെ ന്യായീകരിക്കുകയാണ്. അവർ പത്രങ്ങൾക്കൊക്കെ വലിയ പരസ്യം കൊടുക്കുന്നു- Small price to be paid today to reap big benefits tomorrow അതാണ് കേന്ദ്ര ഗവൺമെന്റിന്റെ പരസ്യം. Small price to be paid today to reap big benefits tomorrow എന്ന പരസ്യം വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടാണ് വിലക്കയറ്റത്തെ വിലക്കുതിപ്പാക്കി മാറ്റാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി ഒരു ബദൽനയം ആവിഷ്ക്കരിച്ചുകൊണ്ട് വിലക്കയറ്റത്തെ പിടിച്ചുനിർത്താനും കേരളീയ സമൂഹത്തെ സംരക്ഷിക്കാനും എൽ.ഡി.എഫ്. സർക്കാർ ഉജ്ജ്വലമായ നേതൃത്വം കൊടുത്തു എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത്. കേരളത്തിലെ കുത്തഴിഞ്ഞ പൊതുവിതരണം ശക്തിപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം കുടുംബങ്ങളുടെ താളംതന്നെ തെറ്റിച്ചിരിക്കുകയാണ്. ഇൻഡ്യയിൽ മറ്റേത് സംസ്ഥാനത്തേക്കാളും വിലക്കയറ്റം പിടിച്ചുനിർത്തിയ സ്റ്റേറ്റായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. മാർക്കറ്റിൽ ഇടപെടാൻ ഈ സർക്കാർ ധൈര്യം കാണിച്ചു എന്നുള്ളതാണ് അതിന്റെ പ്രത്യേകത. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 6.5 ലക്ഷം പേർക്ക് 13 രൂപയ്ക്ക് അരി കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. 20 രൂപ സബ്സിഡി കൊടുത്ത് 26 ലക്ഷം പേർക്ക് 2 രൂപയ്ക്ക് അരി കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. അത് വിപുലപ്പെടുത്തി ഓരോ വർഷവും വിലക്കയറ്റത്തെ പ്രത്യേകിച്ച്, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ ഖജനാവിലെ പണം ഉപയോഗപ്പെടുത്തി എന്നുള്ളത് നിസ്സാരമായ കാര്യമല്ല. 26 ലക്ഷമെന്നുള്ളത് ഇന്ന് 36 ലക്ഷം പേർക്ക് രണ്ടുരൂപയ്ക്ക് അരി കിട്ടത്തക്ക രൂപത്തിലുള്ള നടപടികൾ ഈ സർക്കാർ എടുത്തുകഴിഞ്ഞിരിക്കുകയാണ്. ഭക്ഷ്യ സുരക്ഷയെക്കുറിച്ചാണല്ലോ പറയുന്നത്. ഇൻഡ്യാ രാജ്യത്ത് ഭക്ഷ്യ സുരക്ഷയുണ്ടോ? ഈ സാമ്പത്തികവർഷം മാത്രം 1,10,00,000 ടൺ ധാന്യോല്പാദനം കുറഞ്ഞിരിക്കുന്നു. കേന്ദ്രം ഭരിക്കുന്ന സർക്കാർ ധാന്യോല്പാദനത്തിൽ നിന്ന് പുറകോട്ട് പോയികൊണ്ടിരിക്കുകയാണ്. മാത്രമല്ല, അമേരിക്കൻ ഐക്യനാടുകളിൽ ധാന്യമുപയോഗിച്ച് പെട്രോളുണ്ടാക്കുന്നതു പോലെതന്നെ ഫുഡ് ഗ്രെയിൻസ് ഉപയോഗിച്ചുകൊണ്ട് ലിക്വറുണ്ടാക്കാൻ കേന്ദ്ര സർക്കാർ മുന്നോട്ടുവരികയല്ലേ. പ്രത്യേകിച്ച് മഹാരാഷ്ട്രയിൽ. ആർക്കാണ് ലിക്വറുണ്ടാക്കാനുള്ള ലൈസൻസുകൾ കൊടുക്കുന്നത്. വൻകിട കുത്തകക്കാർക്ക്, Son of Union Heavy Industries Minister Vilas Rao Deshmugh, Daughter of Bharatheeya Janatha Party Deputy Lok Sabha Leader, Son-in-law of Former Prime Minister Narasimha Rao അവർക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് പെർമിഷൻ കൊടുക്കുന്നത്. എന്തുണ്ടാക്കാനാണ് ? ചോളത്തിൽ നിന്ന് ലികറുണ്ടാക്കാൻ. വടക്കേ ഇൻഡ്യയിലെ ജനങ്ങൾക്കാവശ്യമായ ധാന്യം ലികർ ഉണ്ടാക്കാനായി ഉപയോഗപ്പെടുത്തുന്നു. ധാന്യോൽപ്പാദനത്തിൽനിന്ന് സർക്കാർ പുറകോട്ട് പോകുന്നു. ധാന്യം ഉൽപ്പാദിപ്പിക്കാൻ മൂലധനം നിക്ഷേപിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ പുറകോട്ട് പോകുന്നു. എന്തുകൊണ്ട് അതിനെപ്പറ്റി ഒരു ചർച്ച ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നില്ല? സർക്കാർ പുറകോട്ട് പോകുന്നു. ബ്രിട്ടീഷുകാരൻ നമ്മുടെ മണ്ണ് ഉഴുതുമറിച്ചത് അവർക്കുവേണ്ടിയായിരുന്നു. സായിപ്പൻമാർക്കും മദാമ്മമാർക്കും ജാമുണ്ടാക്കാൻ, സോസ് ഉണ്ടാക്കാൻ, ചിപ്സുണ്ടാക്കൻ അവർക്ക് ഈ മണ്ണ് ഉഴുതു മറിക്കാമായിരുന്നു. അതിന്റെ ഫലം നമ്മൾ കണ്ടിട്ടുള്ളതാണ്. മഹാനായ നെഹ്റുതന്നെ ബംഗാൾ ക്ഷാമത്തെക്കുറിച്ച് പറഞ്ഞ വിഷയം ഞാനിവിടെ ഊന്നിപ്പറഞ്ഞുവെന്നേയുള്ളൂ. 1942 –1943 കാലഘട്ടത്തിൽ ബംഗാൾ ക്ഷാമത്തിൽ 30 ലക്ഷംപേരാണ് ബംഗാളിൽ മരിച്ചത്. സായിപ്പൻമാർ ലോകത്തോട് പറഞ്ഞതെന്താണെന്ന് നോക്കൂ. The wretched creatures in Bengal, വൃത്തിഹീനന്മാർ സാംക്രമിക രോഗം പിടിപെട്ട് മരിച്ചുവെന്നാണ്. മഹാനായ നെഹ്റു പറഞ്ഞു - അതല്ല, ബ്രിട്ടീഷുകാർ ഇൻഡ്യയുടെ മണ്ണ് ഉഴുതുമറിച്ചതുകൊണ്ടാണ്. രാജ്യം ഭരിച്ചവർ ഒരുഭാഗത്ത് ഭക്ഷ്യ സുരക്ഷയെക്കുറിച്ച് പറയുക, എന്നിട്ട് ധാന്യോൽപ്പാദനത്തിൽനിന്ന് പുറകോട്ട് പോകുക. ഉൽപ്പാദിപ്പിച്ച ധാന്യം പോലും ലികർ ഉണ്ടാക്കുന്നതിനായി ലികർ ലോബികൾക്ക് പെർമിഷൻ കൊടുക്കുക. ഈ സർക്കാർ ഭക്ഷ്യോൽപ്പാദന രംഗത്ത് മുന്നോട്ടുപോയി. ഒരു ലക്ഷം ടണ്ണിൽ കൂടുതൽ നെല്ല് കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : അങ്ങ് ഈ വക കാര്യങ്ങളൊന്നും ഇവരോട് പറഞ്ഞിട്ട് കാര്യമില്ല. കാരണം, അവർ നെഹ്റുവിന്റെ പുസ്തകമൊന്നും വായിച്ചിട്ടില്ല. അത് വായിക്കാനുംകൂടി അങ്ങ് ഒന്ന് ഉപദേശിക്കണ്ടേ?

ശ്രീ. കെ. ബാബു : നെഹ്റുവിന്റെ കാലത്ത് പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് ഭക്ഷ്യോൽപ്പാദന മേഖലയിലും മറ്റെല്ലാ മേഖലയിലും മുന്നേറ്റം നടത്തിയപ്പോൾ പഞ്ഞവത്സര പദ്ധതിയെന്നു പറഞ്ഞ് ആക്ഷേപിച്ചു നടന്ന നിങ്ങൾക്ക് നെഹ്റു ആരാദ്ധ്യ പുരുഷനായതിൽ ഞങ്ങൾക്ക് വളരെയേറെ സന്തോഷമുണ്ട്.

ശ്രീ. പി. വിശ്വൻ : നെഹ്റുവിന്റെ കാലത്ത് ഭക്ഷ്യനയത്തെക്കുറിച്ച് ആരും എതിർത്ത് പറഞ്ഞിട്ടില്ല. ആ ഭക്ഷ്യ നയത്തിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിച്ചില്ല എന്ന് പറഞ്ഞില്ല. പക്ഷേ പുത്തൻ ആഗോളവത്ക്കരണനയം വന്നതോടുകൂടി ഭക്ഷ്യനയത്തിൽനിന്നും പിന്മാറി മൂലധന നിക്ഷേപം കാർഷിക മേഖലയിൽ നടത്താതെ പുറകോട്ടുപോയി എന്നുള്ളതിനെയാണ് ഞങ്ങൾ പാർലമെന്റിൽ ആക്ഷേപിച്ചിട്ടുള്ളത്. പാർലമെന്റ് ഡോക്യുമെന്റ്സ് എടുത്തുനോക്കിയാൽ കാണാൻകഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. പി. പത്മനാഭൻ : പഞ്ചവത്സര പദ്ധതി സ്റ്റാലിന്റെ വരവോടുകൂടി റഷ്യയിൽ ആരംഭിച്ചു. കൃഷിഭൂമി കൃഷിക്കാരന് കൊടുത്ത് കാർഷിക യന്ത്രങ്ങൾ നവീകരിച്ച്, ഭക്ഷ്യപ്രതിസന്ധി പരിഹരിക്കാനാണ് സ്റ്റാലിൻ നയം ആവിഷ്ക്കരിച്ചത്. ആ നയം ഇവിടെ എങ്ങനെയാണ് ആവിഷ്ക്കരിച്ചത്? ഇവിടെ പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ച് ഭൂമി സ്വകാര്യ മുതലാളിമാരെ ഏൽപ്പിക്കാൻ ശ്രമിച്ചു. അന്ന് ആ പദ്ധതികളെ എതിർത്ത് പലരും പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : ഇൻഡ്യയിലെ ഭൂമി ഇൻഡ്യ ഇൻഡ്യാക്കാരനാൽ ഭരിക്കപ്പെട്ടപ്പോൾ എങ്ങനെ ഉഴുതുമറിച്ചു എന്നതിനെക്കുറിച്ച് ഒരു കൃത്യത യില്ല. ഒരു നല്ല പഠനം നടത്തേണ്ട വിഷയം തന്നെയാണ്. ഞാൻ പറയു ന്നത് ഭക്ഷ്യ സുരക്ഷയ്ക്കുവേണ്ടി ഒരുഭാഗത്ത് കേന്ദ്ര ഗവൺമെന്റ് വല്ലാതെ വാചാലമായി പറയുമ്പോൾ മറുഭാഗത്ത് ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി ഒന്നും ചെയ്തില്ല എന്നു മാത്രമല്ല, പൊതുവിതരണ ശൃംഖലയെ തകർക്കാൻ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ആവശ്യമായ ധാന്യം തരുന്നതിൽനിന്നും പുറകോട്ട് പോകുന്നു. അത് നമ്മുടെ പ്രതിപക്ഷ കക്ഷിയംഗങ്ങൾ കാണേണ്ട എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എന്റെ മനസ്സിൽ ഉയർന്നുവരുന്ന ഒരു വിഷയം 1993-ൽ ഒരു യു.എൻ.ഒ. വിമാനത്തിന്റെ ചിത്രം കാണിച്ചുകൊണ്ട് സുഡാനിലെ ജനങ്ങളുടെ പട്ടിണിയെക്കുറിച്ച് കാണിക്കുന്ന ചിത്രം പത്രങ്ങളിൽ വന്നിരുന്നു. ഭക്ഷണപ്പൊതി എറിഞ്ഞുകൊടുക്കുന്ന യു.എൻ.ഒ. വിമാനം. മരിക്കാൻ പോകുന്ന ഒരു പിഞ്ചുപെൺകുട്ടി ഒരു വലിയ മൈതാനിയിൽ ഇരിക്കുന്നു. അതിന്റെ പുറകിൽ ഒരു കഴുകൻ കൊത്തിക്കീറാൻ. ആ രൂപത്തിൽ ഭക്ഷണത്തിനുവേണ്ടി പട്ടിണിയിലേയ്ക്ക് പോകുന്ന ജനങ്ങളെ കാണിക്കുന്ന ആ ചിത്രവും ! ഒരു സൗത്ത് ആഫ്രിക്കൻ ഫോട്ടോ ജേർണലിസ്റ്റ് കെവിൻ കോർട്ടർ എടുത്ത ഫോട്ടോയാണ്. ആദ്ദേഹം സൂയിസൈഡ് ചെയ്തു. ഈ ഭക്ഷ്യനയം ആവിഷ്ക്കരിക്കുകയാണെങ്കിൽ ആ ഒരു അവസ്ഥ യിലേയ്ക്ക് ഇൻഡ്യ പോകില്ല എന്ന് നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ?

ശ്രീ. പി. സി ജോർജ് : അങ്ങ് പറയുന്നതെല്ലാം വളരെ ഗഹനങ്ങളായ വിഷയങ്ങളാണ്. നമുക്ക് പഠിക്കേണ്ട കാര്യങ്ങളാണ്. നമ്മുടെ ഭക്ഷ്യ വകുപ്പുമന്ത്രി ഇവിടെ വളരെ ആത്മാർത്ഥമായി ജോലി ചെയ്തുകൊണ്ടിരിക്കു കയാണ്. അദ്ദേഹത്തെപ്പറ്റി രണ്ട് നല്ല വാക്ക് പറയാനുള്ള സന്മനസ്സ് കാണിക്കണം.

ശ്രീ. പി. വിശ്വൻ : ശ്രീ. പി. സി ജോർജിനെക്കുറിച്ച് ഞാൻ എന്തു പറയാനാണ്. കബീറിന്റെ ദോഹ മാത്രമേ അതിന്റെ മറുപടിയായി എന്റെ മനസ്സിലുള്ളൂ.

ബഡേ ഹുവേ തോ ക്യാ ഹുവാ

ജൈസേ പേഡ് കസൂർ.

വലുതായിട്ടെന്തു കാര്യമാ? പനപോലെ വളർന്നു പന്തലിച്ചിട്ട് എന്തു കാര്യം എന്നാണ് കബീർദാസ് ചോദിച്ചിട്ടുള്ളത്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: അങ്ങ് വളരെ താത്വികമായി എല്ലാം വിലയിരുത്തുകയാണ്. ജവഹാർലാൽ നെഹ്രുവിനെ ഒരുകാലത്ത് കമ്മ്യൂണിസ്റ്റുപാർട്ടി ആക്ഷേപിച്ചു, ഇപ്പോൾ പ്രശംസിക്കുന്നു. ഇന്ദിരാഗാന്ധിയെ ആക്ഷേപിച്ചു, ഇപ്പോൾ പ്രശംസിക്കുന്നു. അപ്പോൾ തെറ്റുകൾ ചെയ്യുക, പത്ത് കൊല്ലം കഴിഞ്ഞ് അത് തിരുത്തുക എന്നുള്ളത് നിങ്ങളുടെ നയത്തിന്റെ ഭാഗമല്ലേ?

ശ്രീ. രാജു എബ്രഹാം: ജവഹർലാൽ നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ആശയങ്ങളെ എന്നും ഇൻഡ്യയിലെ ജനങ്ങൾ മുഴുവനും സ്വാഗതം ചെയ്തിട്ടുള്ളതാണ്. അദ്ദേഹം ആദ്യം പഞ്ചവത്സര പദ്ധതിയിൽ കാർഷിക പ്രാധാന്യം കൊണ്ടുവന്നപ്പോഴും രണ്ടാമത് വ്യാവസായിക പ്രാധാന്യം കൊണ്ടുവന്നപ്പോഴും ഒക്കെ സ്വാഗതം ചെയ്തതാണ്. നിങ്ങളാണ് ജവഹർലാൽ നെഹ്റുവിന്റെ ആശയങ്ങളെ കുഴിച്ചുമൂടി മുന്നോട്ടുപോകുന്നത്.

ശ്രീ. പി. സി. ജോർജ്: ചൈനീസ് നോക്കികളായ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാരൻ ചൗവൻ ലായ്-നെ കൊണ്ടുവന്ന് ഇൻഡ്യാ-ചീനാ ഭായി.... ഭായി എന്ന് പ്രസംഗിപ്പിച്ച് മുദ്രാവാക്യം വിളിപ്പിച്ചു. പക്ഷേ ചൗവൻ ലായ് ജയിച്ചുവന്ന് ഇൻഡ്യയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് പതിനായിരക്കണക്കിന് ഇൻഡ്യൻ പട്ടാളത്തെ വെടിവച്ചു കൊന്നത് നിങ്ങൾ ഓർക്കണം.

ശ്രീ. പി. വിശ്വൻ: കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും ലോക വിപ്ലവകാരികളെക്കുറിച്ചും ഇനിയും പഠിക്കേണ്ടതായിട്ടുണ്ട്. ഹാ മനുഷ്യൻ! എത്ര സുന്ദരമായ പദം എന്ന ഗോർഖിയുടെ ഹൃദയത്തുടിപ്പ് സ്വന്തം ഹൃദയത്തുടിപ്പാക്കിയ കമ്മൂണിസ്റ്റുകാരെക്കുറിച്ച് ആർക്കും എതിർത്തുപറയാൻ കഴിയില്ല. ഇത്തരം ഒരു അവസ്ഥയിൽ കേരളത്തിലെ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താൻ കേരള സർക്കാർ കൊടുത്ത നേതൃത്വപരമായ പങ്കിനെ ശ്രീ. പവാർപോലും പറഞ്ഞു – കേരളത്തെ കണ്ടുപഠിക്കൂ, മാതൃകയാക്കൂ എന്ന്. അദ്ദേഹം ഇൻഡ്യൻ ജനതയോട് പറയുകയാണ്. ബഹുമാനപ്പെട്ട എന്റെ ഒരു സുഹൃത്ത് സംസാരിച്ചപ്പോൾ ഇടപെട്ട് പറഞ്ഞ ഒരു വിഷയം ഞാൻ പറയട്ടെ. വളരെ പ്രഗത്ഭനായ വിജിലൻസ് കമ്മിറ്റിയുടെ പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ നേതൃത്വം വഹിച്ചിരുന്ന ചെയർമാനായ വാധ്വ ഹിന്ദി പത്രം ക്വാട്ട് ചെയ്ത് പറയുകയാണ്. Mr.Wathwa was impressed with the retailing function of SUPPLICO and suggested that such marketing intervention by Government Agencies could be copied by other States. അതിൽ കവിഞ്ഞ് നിങ്ങളുടേതായ ഒരു അഭിപ്രായം ഞങ്ങൾക്ക് വേണ്ട. വേണ്ട എന്ന് ഞാൻ പറയുന്നില്ല. പക്ഷേ നിങ്ങൾ നെഗറ്റീവായി മാത്രമേ കാര്യങ്ങൾ കാണുന്നുള്ളൂ എന്നാണ് ഞാൻ പറയുന്നത്. ഈ രൂപത്തിൽ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താൻ, ഞാൻ കണക്കുകളിലേയ്ക്ക് പോകുന്നില്ല. പക്ഷേ ഒന്ന് ഞാൻ പറയട്ടെ. യു.പി.എ. സർക്കാർ എന്നുപറയുന്ന ആ സംവിധാനം യഥാർത്ഥത്തിൽ ഏതുപോലെയായിരിക്കും എന്ന് ചോദിച്ചാൽ അത് തലയോട്പോലെയായി

LIBRARY ARCHIVES Kerala Legislative Assembly

മാറിക്കൊണ്ടിരിക്കുന്നു എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഒരു തലയോട് പോലെ മാംസവും കണ്ണും മൂക്കും കാലും എല്ലാം കടംവാങ്ങി വന്നിട്ടുള്ള ഒരു തലയോടുപോലെ. പ്രഗത്ഭനായ നൈജീരിയൻ എഴുത്തുകാരൻ ആമോസ് ടുറ്റോവോളയുടെ The Palm wine Drunkard എന്നുപറയുന്ന പ്രസിദ്ധമായ ഒരു നോവലുണ്ട്. പച്ച മലയാളത്തിൽ അതിനെ കള്ളുകുടിയൻ എന്നാണ് പറയുന്നത്. അതിൽ ഒരു തലയോടിനെക്കുറിച്ച് പറയുന്നുണ്ട്. വിചിത്ര ജീവികളുടെ ചന്തയെക്കുറിച്ച് പറയുന്നുണ്ട്. ആ വിചിത്ര ജീവികളുടെ ചന്തയിലെ ഒരു തലയോടുപോലെ യു.പി.എ.സർക്കാർ മാറിയിരിക്കുന്നു ; അതിന് നേതൃത്വം വഹിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് മാറിയിരിക്കുന്നു എന്നുള്ളതാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. കാരണം, അവർക്ക് വിലക്കയറ്റത്തിൽ പ്രയാസമനുഭവിക്കുന്ന ഇൻഡ്യൻ ജനതയുടെ വികാരത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല. അതു മാത്രമല്ല, ആ നയത്തിൽ നിന്നും വ്യത്യസ്തമായ നയം ആവിഷ്ക്കരിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തുടിപ്പാക്കി മാറ്റിയ ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും നേതൃത്വപരമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

വിലക്കുറവിൽ കേരളം നാലാം സ്ഥാനത്താണ് നിൽക്കുന്നത്. എന്തെല്ലാമാണ് ഇവിടെയുള്ള സംവിധാനങ്ങൾ ? 400 ശബരിസ്റ്റോറുകൾ, 322 സൂപ്പർ മാർക്കറ്റുകൾ, 868 മാവേലി സ്റ്റോറുകൾ, 5 പീപ്പിൾ ബസാർ, 98 മെഡിക്കൽ മാവേലി സ്റ്റോറുകൾ, 3000-ത്തോളം ഔട്ട്ലെറ്റുകൾ എന്നിവവഴി പൊതുവിതരണ ശൃംഖല ഈ സർക്കാർ ശക്തിപ്പെടുത്തി എന്നുപറഞ്ഞാൽ ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? കഴിയില്ല. യു.ഡി.എഫ്. ന്റെ ഭരണ കാലത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല, പുണ്ണിൽ കുത്തി വേദനിപ്പിക്കാൻ ഞാൻ തുനിയുന്നില്ല. പക്ഷെ 70 ലക്ഷം കുടുംബങ്ങൾക്ക് ലാമിനേറ്റഡ് കാർഡ് കൊടുക്കാനും, പതിനായിരത്തോളം വരുന്ന റേഷൻ ഷോപ്പുകൾക്ക് പുത്തൻ ജീവൻ കൊടുക്കാനും ഈ സർക്കാരിന് കഴിഞ്ഞു എന്നുള്ളത് ചെറിയ കാര്യമല്ല. അതുപോലെ തന്നെയാണ് ക്ഷീരവികസന മേഖല. സമയക്കുറവുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അത് ഉജ്ജ്വലം തന്നെയാണ്. 24 ലക്ഷം വരുന്ന കാലിസമ്പത്ത് വിപുലപ്പെടുത്തിയെടുക്കാൻ ഈ സർക്കാർ കാണിച്ച നേതൃത്വപരമായ പങ്കിനെ ആർക്കും കണ്ടില്ല എന്നു നടിക്കാൻ കഴിയില്ല. 85,000 കന്നുകാലികൾക്ക് ഇൻഷ്വറൻസ് പദ്ധതികൊടുത്ത ഈ സർക്കാരിനെ ആർക്കും മറച്ചുപിടിക്കാൻ കഴിയില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു റിക്വസ്റ്റുണ്ട് എന്താണെന്നറിയാമോ? ഒരു സർഗ്ഗാത്മകതയായിരിക്കാം, എന്റെ മനസ്സിലെ വികാരമായിരിക്കാം കന്നുകാലികളുടെ പ്രത്യേകിച്ചും പശുക്കളുടെ ശബ്ദത്തിന് മാറ്റംവരുന്നു എന്നുള്ളത്. ഇമ്പേ... എന്നുവിളിക്കുന്നതിനു പകരം ബൗ... ബൗ... എന്നുള്ളതിലേയ്ക്ക് മാറുമ്പോൾ എനിക്കതിന്റെ ശാസ്ത്രീയത അറിയില്ല. ഏതായാലും പുത്തൻ

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്ര സാങ്കേതിക വിദ്യ ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നതോടൊപ്പം പഴയ നല്ലതിനെ കാത്തുസൂക്ഷിക്കാനുള്ള ദൃഢതകൂടി നമുക്കുണ്ടാകണമെന്നേ ഞാൻ പറയുന്നുള്ളൂ. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ സർക്കാരിനെ കേരളത്തിലെ ജനത എന്നും നെഞ്ചിലേറ്റുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ചന്ദ്രൻ)

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമുക്കാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഒരു കൺസ്യൂമർ സ്റ്റേറ്റാണ് കേരളം. പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ, 74 ശതമാനം പാല് ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഏറ്റവും ചുരുങ്ങിയ മുതൽമുടക്കു കൊണ്ട് ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു മേഖല കൂടിയാണ് ക്ഷീര മേഖല. എന്നാലും ക്ഷീരകർഷകർക്ക് സംസ്ഥാന സർക്കാരിൽ നിന്നും പ്രത്യേകിച്ച് ഈ സർക്കാരിൽ നിന്നും കാര്യമായ ഒരു സഹായവും ഈ നാലുവർഷവും മൂന്നുമാസവും പിന്നിടുമ്പോൾ ലഭിച്ചിട്ടില്ല എന്നുള്ളത് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. മറ്റ് ചില സംസ്ഥാനങ്ങൾ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നുണ്ട്. എന്നാൽ കേരളത്തിൽ ആ സബ്സിഡി ഇതുവരെ നടപ്പാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അതുപോലെതന്നെ പശുക്കളെ സംബന്ധിച്ചിടത്തോളവും പാൽ ഉൽപ്പാദനക്ഷമതയ്ക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ളത് അതിന്റെ തീറ്റയുടെ ലഭ്യതയാണ്. കേരളം ഒഴിച്ചുള്ള തമിഴ്നാട്, കർണ്ണാടകം, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലം, വെളിസ്ഥലമായി കിടക്കുന്നതുകൊണ്ട്, അത് അവിടത്തെ ക്ഷീരവികസന വകുപ്പും സർക്കാരും ആയിരം ഏക്കർ വീതം മേച്ചിൽപുറങ്ങളായി ഉപയോഗിക്കുന്നതുകൊണ്ട് അവിടെ പശുവിന് തീറ്റ ലഭിക്കുക എന്നുപറയുന്ന ഒരു വലിയ പ്രശ്നം അവർക്ക് അഡ്ജസ്റ്റ് ചെയ്യാൻ കഴിയുന്നു. പക്ഷെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജനസാന്ദ്രത വളരെ കൂടുതലായതുകൊണ്ട് ഇവിടെ മേച്ചിൽപ്പുറങ്ങൾ ഒട്ടുംതന്നെ ഇല്ല. അപ്പോൾ പുല്ല് ഉൽപ്പാദനം എന്നുപറയുന്നത് വളരെ പരിമിതമായ ഈ സംസ്ഥാനത്ത് ക്ഷീരകർഷകർ ആശ്രയിക്കേണ്ടിവരുന്നത് കാലിത്തീറ്റയെയാണ്. ഇതുകാരണം കേരളത്തിൽ പാൽ ഉൽപ്പാദനത്തിന്റെ ചെലവ് വളരെ കൂടിയിരിക്കുകയാണ്. വൈക്കോൽ ഉൾപ്പെടെയുള്ള തീറ്റകളുടെ ലഭ്യതക്കുറവും ഇവയുടെ അമിത വിലയും കർഷകനെ ഏറ്റവും കൂടുതൽ അലട്ടുന്ന ഒരു പ്രശ്നമാണ്. ഇവിടെ സർക്കാർ കാലിത്തീറ്റയുടെ അഭാവത്തിനും, അതുപോലെ കാലിത്തീറ്റയുടെ വിലവർദ്ധനവിനും പരിഹാരം കണ്ടെത്തുന്നതിനു പകരം നിർഭാഗ്യമെന്നു പറയട്ടെ, അഞ്ചുവർഷംകൊണ്ട് അഞ്ചു പ്രാവശ്യമായി പാലിന് എട്ടു രൂപ വില വർദ്ധിപ്പിച്ചുകൊണ്ട് തീറ്റയുടെ സബ്സിഡി കൊടുക്കുകയോ അല്ലെങ്കിൽ തീറ്റ വിലകുറച്ച് കൊടുക്കുകയോ ചെയ്യാനുള്ള നടപടികൾക്ക് ഒരു ബൈപാസ്

LIBRARY ARCHIVES Kerala Legislative Assembly

ആയി വില വർദ്ധിപ്പിക്കുകയെന്നതാണ് ഈ സർക്കാർ കണ്ടിരിക്കുന്നത്. അത് പ്രതിഷേധാർഹമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാൽ കർഷകർക്ക് സംഘങ്ങളിലോ അല്ലെങ്കിൽ അവർക്ക് മറ്റു തരത്തിലോ സബ്സിഡി കൊടുക്കുന്നതുപോലെതന്നെ കാലിത്തീറ്റയ്ക്കും സബ്സിഡി കൊടുക്കുന്ന ഒരു നടപടി ഇവിടെ ഉണ്ടാകണം. 2008-നുശേഷം കാലിത്തീറ്റയുടെ വില മൂന്നു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ന് ടണ്ണിന് പതിനായിരം രൂപയ്ക്കു മുകളിലാണ് കാലിത്തീറ്റയുടെ വില എന്നുള്ളത് ഇതിന്റെ ഉൽപ്പാദനച്ചെലവ് വളരെയധികം വർദ്ധിപ്പിച്ചിരിക്കുന്നു. ഇത്രയുമൊക്കെ പ്രതിസന്ധികളും വിഷമസന്ധികളും ക്ഷീരകർഷകൻ നേരിടുന്ന സമയത്താണ് ക്ഷീരകർഷകൻ 74 ശതമാനം പാൽ നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തെ പരിപോഷിപ്പിക്കുവാനുള്ള കഠിനാദ്ധ്വാനം നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് അരിയുടെ ഉൽപ്പാദനം അത്രയുമില്ല, മറ്റൊരു അവശ്യ സാധനങ്ങളുടേയോ മാംസത്തിന്റേയോ മുട്ടയുടേയോ ഒന്നും ഉൽപ്പാദനം 74 ശതമാനം ഇല്ല. പക്ഷെ ക്ഷീരകർഷകർക്ക് ഇന്ന് ക്ഷീരകൃഷി ലാഭകരമല്ലാതായിരിക്കുന്നു. ക്ഷീരകൃഷി ലാഭകരമല്ലാതെ മുന്നോട്ടുപോകുകയാണെങ്കിൽ എന്താണ് സംഭവിക്കാൻ പോകുന്നത്? നെൽകൃഷി ലാഭകരമല്ലാത്തപ്പോൾ നെൽകർഷകർ കാർഷിക മേഖലയിൽനിന്ന് പിന്മാറിയതുപോലെ, നാളികേര കർഷകൻ മണ്ഡരിയും മറ്റ് രോഗങ്ങളും ബാധിച്ച് നാളികേരകൃഷി ലാഭകരമല്ലാത്തപ്പോൾ കാർഷികമേഖലയിൽ നിന്ന് പിന്മാറിയതുപോലെ ഈ അടുത്ത അനതിവിദൂരഭാവിയിൽ ക്ഷീരകർഷകർക്ക് ക്ഷീരകൃഷി ലഭകരമല്ലാത്തതുകൊണ്ട് ഈ മേഖലയിൽനിന്ന് മാറേണ്ടിവരും. അതിനുള്ള ഒരു സൂചന ഈയിടെ അച്ചടിച്ച് എം.എൽ.എ. മാർക്ക് തന്ന എക്കണോമിക് റിവ്യൂവിലെ പേജ് 65 പട്ടിക 4(16)-ൽ ചിത്രം 4(12)-ൽ പറയുന്നുണ്ട്. 2001-2002-ൽ സംസ്ഥാനത്തിന്റെ പാലുൽപ്പാദനം 27.18 ലക്ഷം ടൺ ആയിരുന്നത് 2008-09-ൽ അത് 24.63 ലക്ഷം ടണ്ണായി കുറഞ്ഞിരിക്കുന്നു എന്ന വളരെ ആശങ്കാജനകമായ ഒരു സ്ഥിതിയാണ് പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ക്ഷീരോൽപ്പാദകരുടെ എണ്ണമാകട്ടെ 18 ലക്ഷത്തിൽ നിന്നും 12 ലക്ഷമായി കുറഞ്ഞു. അതേസമയം നമ്മുടെ സംസ്ഥാനത്ത് പാലിന്റെ ആവശ്യകത വർദ്ധിച്ചുവരികയും ചെയ്യുന്നു. ക്ഷീരകൃഷി ലാഭകരമാക്കാനുള്ള നടപടികളെക്കുറിച്ചാണ് സംസ്ഥാന സർക്കാർ ഇനിയും വളരെ സജീവമായി ആലോചിക്കേണ്ടത്. ഇപ്പോൾ സർക്കാർ പാലിന് മൂന്നുരൂപ വില വർദ്ധിപ്പിച്ചു. കൃഷിക്കാർക്ക് അതുകൊണ്ട് വലിയ നേട്ടം ലഭിച്ചിട്ടില്ല. അതിൽ ഏജന്റിന്റേയും അതുപോലെ മിൽമയോ ടി.ആർ.സി.എം.പി.-യോ അടങ്ങുന്ന ഏജൻസികളുടേയും കമ്മീഷൻ എടുത്തു കഴിഞ്ഞാൽ കർഷകർ ആവശ്യപ്പെട്ടിരുന്നത് അഞ്ചുരൂപ ലാഭമാണെങ്കിൽ അവർക്ക് ഇപ്പോൾ 2 രൂപ 12 പൈസയോ 13 പൈസയോ കമ്മീഷൻ കൊടുക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ഈ വർദ്ധനവുകൊണ്ട് യഥാർത്ഥത്തിൽ കർഷകർക്ക് വർദ്ധനവ് കൊടുക്കാനാണെന്നുള്ള വ്യാജേന നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പാവങ്ങളിൽ പാവങ്ങളായ ഉപഭോക്താക്കളുടെ ചുമലിലേയ്ക്ക് ഈ ഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. അങ്ങ് തെറ്റായ വിവരം ഇവിടെ പറയുകയാണ്. എക്കണോമിക് റിവ്യൂ ഉദ്ധരിച്ചുകൊണ്ട് അങ്ങ് പറഞ്ഞിരിക്കുന്ന കണക്ക് തെറ്റാണ്. അത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. അദ്ദേഹം ഇവിടെ എക്കണോമിക് റിവ്യൂവിന്റെ 65-ാമത്തെ പേജിലെ കണക്ക് ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത് 2003-ലേതിൽ നിന്നും കേരളത്തിലെ ഉൽപ്പാദനം കുറഞ്ഞു എന്നാണ്. പക്ഷെ എക്കണോമിക് റിവ്യൂ വ്യക്തമാക്കുന്ന കാര്യം 2003-2004 കാലഘട്ടത്തിൽ യു.ഡി.എഫ്. ഭരണകാലത്ത് 21.11 ലക്ഷം ടണ്ണായിരുന്നത് 2008-2009 ആകുമ്പോൾ 24.63 ടണ്ണായി വർദ്ധിച്ചു എന്നാണ് അതിനുപകരം ഇത് കുറഞ്ഞു എന്ന് തെറ്റിദ്ധരിപ്പിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. ബി. ബാബു പ്രസാദ്: അല്ല. സർ, ശ്രീ. വി. എസ്. സുനിൽ കുമാർ ഉദ്ധരിച്ചത് 2003-2004-ഉം, 2008-2009-ഉം ആണ്. ഞാൻ പറഞ്ഞത് 2001-2002-ഉം, 2008-2009-ഉം ആണ്. എക്കണോമിക് റിവ്യൂവിൽ പേജ് നമ്പർ 65 പട്ടിക 4 (16), ചിത്രം 4 (12)-ൽ വളരെ വ്യക്തമായി കൊടുത്തിട്ടുണ്ട്. 2001-2002-ൽ സംസ്ഥാനത്തിന്റെ പാലുൽപ്പാദനം 27.18 ലക്ഷം ടൺ ആയിരുന്നു. അത് 2008-2009-ൽ 24.63 ലക്ഷം ടണ്ണായി. അപ്പോൾ ശ്രീ. വി. എസ്. സുനിൽ കുമാറാണ് സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ശ്രീ. സുനിൽകുമാറിന്റെ പരാമർശമാണ് രേഖകളിൽ നിന്ന് നീക്കേണ്ടത്. ഞാൻ പറഞ്ഞുവന്നത് ഇത് ഉപഭോക്താക്കളെ പിഴിഞ്ഞുകൊണ്ട് കർഷകരെ രക്ഷിക്കാനാണെന്നുള്ള വ്യാജേന, ക്ഷീരകർഷകരെ രക്ഷിക്കുക എന്നുള്ള ആവശ്യം അവരുടെ ഭാഗത്തുനിന്ന് വളരെ കാലങ്ങളായിട്ടുണ്ട്. ഉപഭോക്താക്കളെ പിഴിഞ്ഞുകൊണ്ട് ക്ഷീരകർഷകരെ രക്ഷിക്കാനാണെന്നുള്ള വ്യാജേന ഇവിടെ നടത്തിയിരിക്കുന്ന വിലവർദ്ധനവ് സത്യത്തിൽ ഈ സംസ്ഥാനത്തെ ഉപഭോക്താക്കളുടെമേൽ വെള്ളക്കരം കൂട്ടിയതുപോലെ, ട്രാൻസ്പോർട്ട് ചാർജ്ജ് വർദ്ധിപ്പിച്ചതുപോലെ, കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ചതുപോലെ, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് സർക്കാർ നോക്കുകുത്തിയായി നിന്നതുപോലെ ഈ രാജ്യത്ത് പാൽ ഉപഭോക്താക്കളോട് ചെയ്ത ഏറ്റവും വലിയ ഒരു നീതി നിഷേധമായിപ്പോയി. അതുപോലെതന്നെ ഡോക്ടർ എൻ. ആർ. ഉണ്ണിത്താൻ ഈ മേഖലയിലെ ഏറ്റവും വിദഗ്ദ്ധനായ ഒരാളാണ്. അദ്ദേഹം പറയുന്നു "ഒരു ക്ഷീരകർഷകന് വെറ്ററിനറി ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരുടെ ചില അനഭിലഷണീയമായ പ്രവണതകൾമൂലം ഒരു പശുവിനെ നന്നായി വളർത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. പശുവിനെ ചികിൽസിക്കാനുള്ള ഡോക്ടറുടെ ഒരു ദിവസത്തെ സന്ദർശനത്തിന് 600 രൂപ കർഷകർ കൊടുക്കണം." എൻ.ആർ. ഉണ്ണിത്താന്റേതായിട്ട് ഒരു പത്രത്തിൽ വന്ന വാർത്തയാണ് ഞാൻ വായിക്കുന്നത്. "പശുവിന് വരുന്ന ഒരു അസുഖം ഭേദമാക്കുന്നതിന് ഒരു കർഷകന് 2000-3000 രൂപ ചെലവ് വരും. പശുവിന് അസുഖമായാൽ മൃഗാശുപത്രിയിൽ വരുന്നത് ഡോക്ടർമാർ പ്രോത്സാഹിപ്പിക്കുന്നില്ല. പകരം വീട്ടിലെത്തി സ്വകാര്യ പ്രാക്ടീസ് നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പശു നിൽക്കുന്ന സ്ഥലത്തേയ്ക്ക് ഞാൻ പോകാമെന്ന് പറഞ്ഞ് ഡോക്ടർ അങ്ങോട്ട് പോവുകയാണ്. ഒരു ഓട്ടോറിക്ഷാ പിടിക്കേണ്ടിവരുന്നു, ഒരു സഹായിയെ കൂടി കയറ്റേണ്ടി വരുന്നു, അവിടെ പോയി പശുവിനെ നോക്കുന്നു. അതിനുശേഷം ഒരു കൈമടക്ക്....," അങ്ങയുടെ വകുപ്പിന് കീഴിലുള്ള 80 ശതമാനം ഡോക്ടർമാരും സഹായിയെക്കൊണ്ട് കൈമടക്ക് വാങ്ങിച്ച്, എട്ടോ പത്തോ ലിറ്റർ പാൽ വിറ്റ് ജീവിക്കുന്ന പാവപ്പെട്ട കർഷകന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന തരത്തിൽ അറുനൂറ് രൂപയും ഓട്ടോറിക്ഷാ ചെലവും വാങ്ങിക്കൊണ്ട് ഇവർ തിരിച്ച് പോകുന്നു. മെഡിക്കൽ കോളേജുകളടക്കമുള്ള ഒന്നാം കിട ആശുപത്രികളിലെ ഡോക്ടർമാരുടെ ശമ്പളം വർദ്ധിപ്പിച്ചുകൊണ്ട് അവരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയ ഒരു സംസ്ഥാനമാണ് നമ്മുടേത്. അതിന്റെ ഗുണദോഷങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നമ്മുടെ സംസ്ഥാനം അതിൽ മാതൃക കാണിച്ച ഒരു സംസ്ഥാനമാണ്. അങ്ങ് ഇന്ന് ഇവിടെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഈ ഡോക്ടർമാർ വീട്ടിൽ പോയി പശുവിനെ നോക്കാൻ പാടില്ല, അതിനാണ് സംസ്ഥാന സർക്കാർ ഇത്രയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് മൃഗാശുപത്രികൾ ഇവിടെ ഉണ്ടാക്കിയിരിക്കുന്നത് എന്ന് നിഷ്ക്കർഷിച്ചുകൊണ്ട് ഇത്തരത്തിലുള്ള കിമ്പളങ്ങൾ നമ്മുടെ പൊതു സമൂഹത്തിൽനിന്നും തുടച്ചുനീക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ പ്രതിഷേധരൂപത്തിൽ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് അഞ്ച് പ്രാവശ്യം പാലിന്റെ വില വർദ്ധിപ്പിച്ചതിനെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. ക്ഷീര കർഷകർക്ക് സബ്സിഡി പ്രഖ്യാപിക്കാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. കർണ്ണാടക സർക്കാർ പാൽ വില കൂട്ടുന്നതിന് പകരം ഉൽപ്പാദന ചെലവിനനുസൃതമായി പാൽ അളക്കുന്ന കർഷകന് രണ്ട് രൂപ സബ്സിഡി കൊടുക്കുന്നതുപോലെ നമ്മുടെ സംസ്ഥാനത്തും രണ്ട് രൂപ സബ്സിഡി കൊടുത്തുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അങ്ങയുടെ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ എം.എൽ.എ.മാർക്ക് രണ്ട് അധികാരങ്ങളാണ് ആകെയുള്ളത്. ഒന്ന്, ടോൾ ഗേറ്റിൽ പണം കൊടുക്കാതെ കാറിൽ പോകാം. രണ്ട്, റേഷൻ കാർഡിന് കത്ത് കൊടുക്കുന്ന അധികാരമാണ്. സംസ്ഥാനത്ത് 66,12,000 ആളുകളുടെ റേഷൻ കാർഡ് ഡിജിറ്റലൈസ് ചെയ്ത് കൊടുത്തുകഴിഞ്ഞു. ഇപ്പോൾ താലൂക്ക് സപ്ലൈ ഓഫീസിൽ 2011 ജൂൺ 11-ന് ശേഷം, മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ, റേഷൻ കാർഡ് കൊടുക്കുകയുള്ളൂ എന്ന് എഴുതിവച്ചിരിക്കുകയാണ്. അവിടെ പോകുന്ന ആളുകളോട് എം.എൽ.എ.യുടെ കത്തുണ്ടെങ്കിലേ കാർഡ് കൊടുക്കുകയുള്ളൂ എന്ന് പറഞ്ഞതിനുശേഷം, യാതൊരു മുന്നറിയിപ്പുമില്ലാതെ റേഷൻ കാർഡ് കൊടുക്കുന്നത് 2011 ജൂൺ 11 വരെ നിർത്തിവച്ചതുമൂലം എം.എൽ.എ.മാരുടെ കത്തുമായി പോകുന്ന സാധാരണക്കാരായ ആളുകൾക്ക് റേഷൻ കാർഡ് ലഭിക്കാൻ ഇനി ഒരു വർഷം കൂടി കാത്തിരിക്കണം. ഏഴ് ലക്ഷം ആളുകളേയുള്ളൂ. ബാക്കി 66,12,000-പേർക്കും കൊടുത്തുകഴിഞ്ഞു. അതിൽ 48 ലക്ഷം എ.പി.എൽ-ഉം ബാക്കി ബി.പി.എൽ-ഉം ആണെന്ന് നമ്മൾ തരംതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ, ഇന്നത്തെ അവസ്ഥയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ ചികിത്സയ്ക്ക് പോകണമെങ്കിൽ, വോട്ടർ പട്ടികയിൽ പേര് ചേർക്കണമെങ്കിൽ, നീർത്തട സംരക്ഷണ സമിതിയുടെ അംഗീകാരം വേണമെങ്കിൽ, വീടിന് നമ്പർ ഇടണമെങ്കിൽ, സമ്പൂർണ്ണ വൈദ്യുതീകരണത്തിന് അപേക്ഷിക്കണമെങ്കിൽ ഇതുപോലെയുള്ള ഏത് ആവശ്യത്തിനും ഒരു റേഷൻ കാർഡില്ലാതെ കഴിയില്ല. റേഷൻ കാർഡ് കേരളത്തിൽ ഏഴ് ലക്ഷം ആളുകൾക്ക് കൂടി കിട്ടാനുള്ളപ്പോൾ അടുത്ത വർഷമേ ഇനി ഇത് കൊടുക്കുകയുള്ളു എന്നവകുപ്പിന്റെ പ്രഖ്യാപനം പിൻവലിക്കണമെന്നും ടി.എസ്.ഒ ഓഫീസിൽ കമ്പ്യൂട്ടറും പ്രിന്ററും വച്ച് ഡിപ്ലോയ് ചെയ്ത് പോയിരിക്കുന്ന സ്റ്റാഫിനെയും തിരിച്ചു വിളിച്ചു ആ നടപടികൾ പൂർത്തിയാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇൻഡ്യയിലെ ക്ഷേമ സംസ്ഥാനങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ ധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ 15-ാം തീയതി യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി)-യുടെ ഇരുപതാം വാർഷിക എഡിഷനിൽ പറഞ്ഞിരിക്കുന്ന കണക്ക് പ്രകാരം കേരളമാണ് ഇൻഡ്യാ രാജ്യത്തെ ഏറ്റവും മികച്ച ക്ഷേമ സംസ്ഥാനം. നമുക്ക് ഏവർക്കും അഭിമാനിക്കാവുന്ന ഒരു കാര്യമാണത്. പാവങ്ങൾക്കുവേണ്ടി വളരെ ഉറച്ച നിലപാടെടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്, അതിൽ പ്രത്യേകിച്ച് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഏറ്റവും മാതൃകാപരമായ നടപടികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഒരു ചെറിയ ഉദാഹരണം മാത്രം എടുക്കാം. പാലുൽപ്പാദനത്തെ സംബന്ധിച്ച് ശ്രീ. ബാബു പ്രസാദ് പറഞ്ഞ 2001-ലെ കണക്ക് ശരിയാണ്. 2001-ൽ 27 ലക്ഷം ടൺ, ശരിയാണ്. കാരണം എന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്ഥാനം ഒഴിഞ്ഞ വർഷമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോൾ 27 ലക്ഷം ടണ്ണായി. യു.ഡി.എഫ് പിന്നീട് അധികാരത്തിൽ വന്നപ്പോൾ, 2003-ൽ 24.20 ലക്ഷം ടൺ, 2004-ൽ അത് 21 ലക്ഷം ടണ്ണായി കുറഞ്ഞു. അത് വീണ്ടും ഈ ഗവൺമെന്റിന്റെ ഉജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായി 2008-ൽ 22.47 ലക്ഷം ടണ്ണായും 2009-ൽ 24.63 ലക്ഷം ടണ്ണായും വർദ്ധിപ്പിച്ചു. ഇപ്പോൾ ലഭ്യമായിരിക്കുന്ന ഈ വർഷത്തെ കണക്കനുസരിച്ച് 27 ലക്ഷം ടണ്ണിലേയ്ക്ക് വന്നിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുൻപ് അധികാരമൊഴിഞ്ഞപ്പോൾ എത്രയായിരുന്നോ ഉൽപ്പാദനം ആ ഉൽപ്പാദനത്തിലേയ്ക്ക് മടങ്ങി വരാൻ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കേരളത്തിൽ അധികാരത്തിൽ വരേണ്ടി വന്നു. ഇതാണ് നമ്മൾ കാണുന്ന മാറ്റം. രണ്ട്, മുട്ട ഉൽപ്പാദനം, 2007-ൽ മുട്ട ഉൽപ്പാദനം 1199 മില്ല്യനായിരുന്നെങ്കിൽ 2008-ൽ 1379 മില്ല്യൻ, 2009-ൽ 1507 മില്ല്യൻ, ഏറ്റവും ഒടുവിൽ അത് 1652 മില്ല്യനായി വർദ്ധിച്ചു. അപ്പോൾ പാലുൽപ്പാദനത്തിന്റെ കാര്യത്തിലാണെങ്കിലും മുട്ട ഉൽപ്പാദനത്തിന്റെ കാര്യത്തിലാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഗണ്യമായ ഒരു പുരോഗതി സംസ്ഥാനത്ത് കാണാൻ കഴിഞ്ഞത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുകൊണ്ട് മാത്രമാണ്. ഗ്രാമം നിറയെ കോഴികൾ, വീട്ടമ്മയുടെ അരുമ കോഴികൾ, പശുഗ്രാമം, മിൽക്ക് ഷെഡ്ഡ് ഇത്തരം മാതൃകാപരമായ പരിപാടികളാണ് ഈ വർദ്ധനവിന് ഇടയാക്കിയത് എന്ന് കാണുമ്പോഴാണ് ഈ പ്രവർത്തനങ്ങളെയെല്ലാം നമുക്ക് അംഗീകരിക്കേണ്ടി വരുന്നത്. ഈ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ റേഷൻ വിഹിതം വെട്ടിക്കുറച്ചതിനെ സംബന്ധിച്ച് ഇവിടെ പലതവണ പരാമർശിക്കപ്പെട്ടപ്പോഴും ഇവിടെ അന്ന് പ്രതിപക്ഷം ഉയർത്തിയ ഒരു പ്രശ്നം, ഓഫ് ടേക്ക് ഇല്ലാതിരുന്നതുകൊണ്ടാണ് കേന്ദ്രം അരി വെട്ടിക്കുറച്ചതെന്നാണ്. 1,13,000 മെട്രിക് ടണ്ണിൽ നിന്ന് 17,000 മെട്രിക് ടണ്ണായിട്ടാണ് വെട്ടിക്കുറച്ചത്. ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പരിശ്രമത്തിന്റെ ഫലമായി നമുക്ക് തരുന്ന അരി നൂറ് ശതമാനം എടുക്കുകയാണ്. 2009-10 വർഷം നമ്മുടെ അലോട്ട്മെന്റ് കേവലം 4,47,000 ടണ്ണാണ്. ഇവിടെ നമ്മൾ എടുത്തത് 4,47,000 ടൺ. ഇതൊരു അത്ഭുതകരമായ മാറ്റമാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 2001-02-ൽ നമുക്ക് അനുവദിച്ചത് 1,13,000 മെട്രിക് ടൺ, എടുത്തത് കേവലം 33,000 മെട്രിക് ടൺ മാത്രം. ഓഫ് ടേക്ക് 1.5 ശതമാനമാണ്. 2002-03-ൽ 0.42 ശതമാനമാണ് ഓഫ് ടേക്ക് വരുന്നത്. 2003-04-ൽ അത് 0.31 ശതമാനവും 2004-05-ൽ 4.6 ശതമാനവും 2005-06-ൽ 2.9 ശതമാനവുമായി മാറി. 2006-07 മുതൽ ഇതിൽ വർദ്ധനവാണ്. 2006-07-ൽ 11.61 ശതമാനം, 2007-2008-ൽ 98.29 ശതമാനം, 2008-09-ലും 2009-10-ലും നമുക്ക് അലോട്ട് ചെയ്ത നൂറുശതമാനം അരിയും എടുത്തു. ഓഫ് ടേക്കിന്റെ പേര് പറഞ്ഞുകൊണ്ട് കേരളത്തിന് നിഷേധിച്ച അരി ഇത്രയും നല്ല ഒരു പെർഫോർമൻസ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പുനഃസ്ഥാപിക്കുന്നില്ല? കേരളത്തിലെ ജനങ്ങളെ അരി നൽകാതെ പട്ടിണിക്ക് ഇടാൻ വേണ്ടി ഒരു പരിശ്രമം നടത്തിയപ്പോൾ അതിനെതിരായി രണ്ട് വാക്ക് ഉച്ചരിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ലെന്നുള്ളത് ഏറ്റവും ഖേദകരമാണ്. ഇവിടെ നമുക്കറിയാം, തമ്മിലടി തീർക്കാൻ ആഴ്ചയിൽ നാല് വട്ടം ഡൽഹിക്ക് പോകുന്നുണ്ട്. അതിൽ ഒരു തവണയെങ്കിലും ഒരു നിവേദനം പ്രധാനമന്ത്രിക്ക് കൊടുത്താൽ സ്വാഭാവികമായിട്ടും നമുക്കുള്ള അരിവിഹിതം പുനഃസ്ഥാപിച്ച് എടുക്കാൻ കഴിയും. പക്ഷേ അത്തരത്തിലുള്ള ഒരു നീക്കവും നടത്താൻ കഴിഞ്ഞില്ല എന്നുള്ളത് തികച്ചും ലജ്ജാകരമായിട്ടുള്ള സംഭവം തന്നെയാണ്. ഇവിടെ എടുക്കുന്ന സമീപനം എന്താണ് ? പഞ്ചസാരയുടെ കാര്യത്തിലാണെങ്കിലും മണ്ണെണ്ണയുടെ കാര്യത്തിലാണെങ്കിലും ഈ നിലയിലുള്ള വെട്ടിക്കുറവ് വരുത്തിക്കൊണ്ടിരിക്കുകയാണ്. 2001 -ൽ 64,537 മെട്രിക് ടൺ പഞ്ചസാര നമുക്ക് തന്നിരുന്നുവെങ്കിൽ 2008 ആകുമ്പോൾ അത് 49,236 മെട്രിക് ടണ്ണായി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു. മണ്ണെണ്ണയുടെ കാര്യത്തിൽ 2001-ൽ 3,46,308 കിലോ ലിറ്ററായിരുന്നെങ്കിൽ അത് ഇപ്പോൾ 2009-10 ആകുമ്പോൾ 18,756 കിലോ ലിറ്ററിലാണ് എത്തി നിൽക്കുന്നത്. നമുക്ക് ആർക്കും അംഗീകരിക്കാൻ കഴിയാത്ത രൂപത്തിലാണ് കേന്ദ്രത്തിന്റെ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുള്ള സമീപനം എന്ന് കാണുമ്പോഴാണ് നമുക്ക് മനോവിഷമം ഉണ്ടാകുന്നത്. എനിക്ക് മുമ്പ് ഇവിടെ സംസാരിക്കുകയുണ്ടായി ഏറ്റവും മാതൃകാപരമായിട്ടുള്ള നടപടിയിലൂടെയാണ് ഈ കൊടിയ വിലക്കയറ്റത്തെ നാം അതിജീവിച്ചതെന്ന്. പെട്രോളിയം ഉല്പന്നങ്ങളുടെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചപ്പോൾ സ്വാഭാവികമായും വില വാണംപോലെ കയറും. പെട്രോളിയം ഉല്പന്നത്തിന്റെ മറവിൽ വില കൂടിയെന്നാണ് അപ്പുറത്തുള്ളവരുടെ അവകാശവാദം. ഇവിടെ എന്ത് മറയ്ക്കാനാണ് ? 15 ശതമാനമാണ് ലോറിക്കൂലി മാത്രം കൂടിയത്. സ്വാഭാവികമായിട്ടും അതിനനുസരിച്ച് വില കൂടും. ഇവിടെ മിൽമാ പാലിന്റെ വില വർദ്ധിപ്പിച്ചുവെന്ന് ആക്ഷേപം പറഞ്ഞു. ആരാണ് മിൽമ ഭരിക്കുന്നത്. കോൺഗ്രസ് പാർട്ടി. ആരാണ് പാലിന്റെ വില കൂട്ടാൻ ആവശ്യപ്പെട്ടത ? മിൽമയുടെ ചെയർമാൻ. എത്ര തവണ ആവശ്യപ്പെട്ടു.... എങ്കിൽ പിന്നെ അത് പറയരുത്. മന്ത്രിമാരെ വെറുതെ വിടുമോ, വില കൂട്ടിയില്ലെന്നുണ്ടെങ്കിൽ മിൽമ അടയ്ക്കും ഞങ്ങൾ പുറത്ത് നിന്ന് ഇറക്കും എന്നൊക്കെ പറഞ്ഞ് എന്തൊരു ഭീഷണിയായിരുന്നു. അപ്പോൾ പാലിന്റെ വില വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് കോൺഗ്രസ് പാർട്ടി, വില വർദ്ധിപ്പിച്ചാൽ ആക്ഷേപം പറയുന്നതും കോൺഗ്രസ് പാർട്ടി. ഇതെന്തൊരു പാർട്ടിയാണ്, ആ നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ക്ഷേമമല്ല ഇവിടെ നോക്കുന്നത് എന്നുള്ളതാണ് അർത്ഥം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പട്ടിണിയില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്, കാണം വിറ്റും ഓണം ഉണ്ണണമെന്നുള്ളത് മലയാളികളുടെ ഗ്രഹാതുരത്വത്തെ ഉണർത്തുന്ന ഒരു പറച്ചിലാണ്. പക്ഷേ ഇന്ന് നമുക്ക് കാണം വിറ്റ് ഓണം ഉണ്ണേണ്ട കാര്യമില്ല. കഴിഞ്ഞ നാല് വർഷക്കാലമായി 20 ലക്ഷം കിറ്റുകൾ, മലയാളികളുടെ കൈയിൽ സൗജന്യമായി എത്തുകയാണ്. ഇന്നലെ കൂടിയ മന്ത്രിസഭാ യോഗം വീണ്ടും ഇത് നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നതുമൂലം പട്ടിണിക്ക് എതിരായിട്ടുള്ള ഈ ഗവൺമെന്റിന്റെ പോരാട്ടത്തിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ഏറ്റവും നിർണ്ണായകമായിട്ടുള്ള ഒരു നേതൃത്വവും ധനകാര്യ വകുപ്പ് ഏറ്റവും ഉജ്ജ്വലമായിട്ടുള്ള പിന്തുണയുമാണ് ഇക്കാര്യത്തിൽ നൽകിക്കൊണ്ടിരിക്കുന്നത്. ഈ നിലയിൽ നമ്മുടെ പ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ നമ്മുടെ പൊതുവിതരണ ശൃംഖല കുറച്ചുകൂടി ശക്തമാക്കേണ്ടതുണ്ട്. പുതിയ മാവേലി സ്റ്റോറുകൾ കൂടുതൽ അനുവദിക്കേണ്ടതായിട്ടുണ്ട്. അങ്ങ് പ്രഖ്യാപിച്ചിരിക്കുന്ന മാവേലി സ്റ്റോറുകൾ കുറച്ചുകൂടി അനുവദിച്ചുകൊണ്ട് ഈ നിലയിൽ പ്രവർത്തിക്കാൻ കഴിയുകയാണെന്നുണ്ടെങ്കിൽ ഒരു പക്ഷേ ഇന്ത്യാ രാജ്യത്തിലെ മറ്റ് സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാരും ഇന്ത്യൻ പ്രധാനമന്ത്രി പോലും എങ്ങനെയാണ് വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിയുന്നത് എന്ന് പഠനം നടത്താൻ കേരളത്തിൽ വരും. ജനകീയാസൂത്രണം പണ്ട് നമ്മൾ നടത്തിയപ്പോൾ ദിഗ്‌വിജയ് സിംഗിനെപ്പോലെയുള്ള മുഖ്യമന്ത്രിമാർ കേരളത്തിൽവന്ന് ക്യാമ്പ് ചെയ്ത് എങ്ങനെയാണ് ഇത് നടപ്പിലാക്കിയതെന്ന് പഠിച്ച് മടങ്ങുകയുണ്ടായി. ഏറ്റവും മാതൃകാപരമായിട്ടുള്ള ഒരു പ്രവർത്തനമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം കാര്യങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സഭയിൽ വന്ന പൊതു അഭിപ്രായത്തോട് യോജിച്ചുകൊണ്ടുതന്നെ ചെറിയ ഒന്ന് രണ്ട് നിർദ്ദേശങ്ങൾ പറയട്ടെ. റേഷൻ കാർഡിലെ തെറ്റ് തിരുത്താനുള്ള നടപടികൾ കുറച്ചുകൂടി വേഗത്തിലാക്കണമെന്നുള്ളത് സ്വാഭാവികമായിട്ടും ഭരണ-പ്രതിപക്ഷ കക്ഷികളുടെ ഭാഗത്തുനിന്ന് ഉയർന്നു വന്നിട്ടുള്ള കാര്യമാണ്. അതുപോലെതന്നെ മലയോര പ്രദേശങ്ങളിൽ കൂടുതൽ സഞ്ചരിക്കുന്ന മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത് പ്രയോജനകരമായിരിക്കും. ആ നിലയിലുള്ള ഒരു പരിശ്രമം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഏറ്റവും മാതൃകാപരമായിട്ടുള്ള പ്രവർത്തനത്തെ അനുകൂലിക്കാതിരിക്കാൻ കഴിയില്ല. ഇങ്ങനെയുള്ള മാതൃകാപരമായ പ്രവർത്തനം നടത്തുമ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ഇടതുപക്ഷ സ്ഥാനാർത്ഥികൾ വ്യക്തിപരമായി മേന്മയുള്ളവരാണെങ്കിലും വികസനത്തിൽ താല്പര്യമുള്ളവരാണെങ്കിലും ജനസമ്മതരാണെങ്കിൽപ്പോലും അവർക്ക് വോട്ട് ചെയ്യരുതെന്നാണ് 18- ാം തീയതി പുറത്ത് ഇറക്കിയ ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഇത് പച്ചയായിട്ടുള്ള രാഷ്ട്രീയ ഇടപെടലാണ്. യു.ഡി.എഫ്.ന് വോട്ട് ചെയ്യണം എന്നതിന്റെ മറുരൂപമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ് : സർ, ഇന്നും ഇന്നലെയുമായി കുറെ ദിവസമായിട്ട് കേൾക്കുന്നു ഇടയലേഖനം ഇടയലേഖനം എന്ന്. കത്തോലിക്ക സഭ ഇടയലേഖനം ഇറക്കിയത് ആ സമുദായത്തിന്റെ കാര്യമാണ്. നമ്മൾ എന്തിനാണ് അതിൽ ഇടപെടുന്നത്. ആ ഇടയലേഖനം ഇത്രയേ പറഞ്ഞിട്ടുള്ളൂ. ആ ഇടയലേഖനത്തിൽ ആകെ പറഞ്ഞിരിക്കുന്നത് എന്താണ് ? മനുഷ്യൻ ആട്ടിൻതോലിട്ട ചെന്നായ്ക്കളെ സൂക്ഷിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടി ആളുകളെ അന്തസ്സായിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥിയാണെന്ന് പറഞ്ഞ് നിർത്തി വോട്ട് വാങ്ങുന്നതിനു പകരം സ്വതന്ത്രന്റെ വേഷം കെട്ടിച്ച് ഈ കളിപ്പീര് വേണ്ട എന്നേ സഭ പറഞ്ഞിട്ടുള്ളൂ. സത്യസന്ധമായി കാര്യം പറഞ്ഞതിന് ഇത്രമാത്രം വിഷമിക്കേണ്ട കാര്യമെന്താണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തെ മുടിച്ച് നാറാണക്കല്ല് പിടിപ്പിച്ച് അഴിമതിയും സ്വജനപക്ഷപാതവും തിരിമറിയും എല്ലാം നടത്തി നാട്ടിൽ ഇറങ്ങി നടക്കാൻ കഴിയാത്ത ഇവർക്ക് ആകെയുള്ള ഒരു അത്താണി ഇങ്ങനെ ഒരു ഇടയലേഖനമാണ്. ഇത് ഇറക്കിയിരിക്കുന്നതുകൊണ്ട് എന്തെങ്കിലും പച്ചകിട്ടുമോ എന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. ജയരാജൻ : ഇന്നലെ കേരളത്തിലെ പള്ളികളിൽ വായിച്ചിട്ടുള്ള ഇടയലേഖനത്തിന്റെ കോപ്പിയാണ് എന്റെ കൈയിലിരിക്കുന്നത്. ഇതിൽ പറയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ വോട്ടർമാർക്ക് കെ.സി.ബി.സി. നൽകുന്ന ആഹ്വാനം. വോട്ടർമാരെ വിശ്വാസികളെന്നും അവിശ്വാസികളെന്നും നിരീശ്വരവാദികളെന്നും വേർതിരിച്ചുകൊണ്ട് വോട്ട് ചെയ്യാൻ പറയുന്നത് ഭരണഘടനയുടെ തികഞ്ഞ ലംഘനമാണ് എന്ന കാര്യം ബഹുമാനപ്പെട്ട രാജു എബ്രാഹാമിന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, ഇത് ഭരണഘടനയുടെ ലംഘനം മാത്രമല്ല, ഇതുതന്നെയാണ് സംഘപരിവാറും പോപ്പുലർ ഫ്രണ്ടും പറയുന്നത്. വേറെ യാതൊരു വ്യത്യാസവുമില്ല. സംഘപരിവാറിന്റെയും പോപ്പുലർ ഫ്രണ്ടിന്റെയും നിലവാരത്തിലേയ്ക്ക് പോകുകയാണെങ്കിൽ ഹിന്ദുവിന്റെ വോട്ട് ഹിന്ദുവിനും മുസ്ലീമിന്റെ വോട്ട് മുസ്ലീമിനും ക്രസ്ത്യാനിയുടെ വോട്ട് ക്രിസ്ത്യാനിക്കുമാണ്. നമ്മുടെ നാട് എവിടേയ്ക്കാണ് പോകുന്നത് ? ജനപ്രാതിനിധ്യ നിയമത്തിന്റെ നഗ്നമായിട്ടുള്ള ലംഘനവും ജനാധിപത്യ വിരുദ്ധവുമാണിത്. ആർക്കാണ് വോട്ട് ചെയ്യേണ്ടത്. ഇടതുപക്ഷക്കാർ ഏറ്റവും മെച്ചപ്പെട്ട ആളുകളാണെങ്കിൽപ്പോലും ഇടതുപക്ഷത്തിന് വോട്ട് ചെയ്യേണ്ട കാര്യമില്ല. എതിർ സ്ഥാനാർത്ഥി ആര് വന്നാലും അവർക്ക് വോട്ട് ചെയ്യണം. വെള്ളമടിച്ച് പെണ്ണ് പിടിച്ച് മോഷണം നടത്തി അഴിമതി നടത്തി ജയിലിൽ നിന്ന് ഇറങ്ങി വന്ന യു.ഡി.എഫ്. സ്ഥാനാർത്ഥിയാണ് നല്ലൊരു ഇടതുപക്ഷ സ്ഥാനാർത്ഥിക്ക് എതിരായി നിൽക്കുന്നതെങ്കിൽ ആർക്കാണ് വോട്ട് ചെയ്യേണ്ടത്? ഈ സാമൂഹ്യവിരുദ്ധന് വോട്ട് ചെയ്യണമെന്നാണോ പറയുന്നത് ? എന്തൊരു നാടാണ് നമ്മുടെ നാട്. ഈ നിലയിലേയ്ക്ക് അധഃപതിക്കാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇടയലേഖനം ഇറങ്ങിയ ദിവസം തന്നെ കൊച്ചിയിൽ ഇടയലേഖനം കുറച്ച് ആളുകൾ കത്തിച്ചത്. ഇവിടത്തെ ബിഷപ്, ആരാധ്യനായിട്ടുള്ള സൂസപാക്യം തിരുമേനി എന്താണ് പറഞ്ഞത് ? സമുദായത്തിന്റെ കാര്യം മാത്രം ശ്രദ്ധിച്ച് പ്രവർത്തിച്ചാൽ മതമൗലികതയിൽ വീണുപോകാൻ സാധ്യതയുണ്ടെന്നുള്ളതുകൊണ്ട് ആ ദേവാലയങ്ങളിൽ അത് വായിച്ചില്ല എന്നാണ് പത്രവാർത്തകൾ പുറത്ത് വന്നിരിക്കുന്നത്. അപ്പോൾ ശ്രീ. ഡൊമിനിക് പ്രസന്റേഷന് ഇതിനകത്ത് പങ്കുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇടയലേഖനം മതേതരത്വ നിലനിൽപിന്റെ നഗ്നമായിട്ടുള്ള ലംഘനമാണ്. പുരോഹിത മേധാവിത്വം പറയുന്നത് നടപ്പിലാക്കിയാൽ ഹിന്ദുവിനും ക്രിസ്ത്യാനിക്കും മുസ്ലീമിനും വേറെ വേറെ ഭരണ സംവിധാനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കേണ്ടിവരും. ഇത് തികച്ചും വർഗ്ഗീയതയാണ്. ഇന്ത്യാ വിഭജനകാലത്തും ഗുജറാത്തിൽ ആയിരക്കണക്കിന് ആളുകളെ ചുട്ടു കൊല്ലുമ്പോഴും ബാബറി മസ്ജിദ് പൊളിക്കുമ്പോഴും വർഗ്ഗീയ വാദികൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ഇവിടെ പറയുന്നത്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പട്ടിണിയില്ലാത്ത ജനങ്ങളെ സൃഷ്ടിച്ചിരിക്കുന്ന ഒരു സംസ്ഥാനത്തെ ഭരണസംവിധാനം വീണ്ടും ഇടതുപക്ഷത്തിന്റെ കൈയിലേയ്ക്ക് പോകുമെന്ന് ഭയപ്പെടുകയാണ്. യേശുക്രിസ്തു ആർത്തന്മാർക്കും ആലംബഹീനർക്കും വേണ്ടിയാണ് നിലകൊണ്ടത്. ആർത്തൻമാർക്കും ആലംബഹീനർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച യേശുക്രിസ്തു വീണ്ടും വരുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്യും. അതാണ് നമ്മൾ കാണേണ്ടത്. അതുകൊണ്ട് ഈ പുരോഗതി തുടരണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ഭരണപക്ഷത്തുനിന്ന് സംസാരിച്ച ആളുകളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി കേരളത്തിൽ തേനും പാലും ഒഴുക്കി കനാൻ ദേശമാക്കി മാറ്റിയെന്നാണ് പറഞ്ഞത്. എനിക്ക് അങ്ങയോട് പറയാനുള്ളത്, ഈ സ്തുതിപാഠകരുടെ സ്തുതിവചനങ്ങൾ കേട്ട് അങ്ങ് കുഴപ്പത്തിലാകരുതെന്നാണ്. പറഞ്ഞുപറഞ്ഞ് ഹംസമാണ് എന്നുവരെ പറഞ്ഞു. നമ്മൾ അരയന്നത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. ഹംസഗാനം എന്നുപറഞ്ഞാൽ പരിപാടി അവസാനിച്ചു എന്നാണ് അർത്ഥം. അപ്പോൾ ശ്രീ. സുരേന്ദ്രൻപിള്ള ഈ ഗവൺമെന്റിന്റെ പരിപാടി അവസാനിച്ചു എന്നുള്ള നിലയിലാണോ അങ്ങേയ്ക്ക് ആ വിശേഷണം നൽകിയത് എന്ന് എനിക്ക് അറിയില്ല. ഏതായാലും അങ്ങ് ഈ കുഴിയിൽ വീഴരുതെന്നു മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതിന് ഒരു കാരണം കൂടിയുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നേട്ടങ്ങൾ പറഞ്ഞുകൊണ്ട് അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഇറക്കിയിരിക്കുന്ന ഒരു ബ്രോഷർ, ത്രിവർണ്ണ പതാക, ദേശീയ പതാക, ആ പതാകയിൽ അങ്ങയുടെ തലയുടെ ചിത്രം വച്ച് അടിച്ചിരിക്കുകയാണ്. ഇതൊരു ക്രിമിനൽ കുറ്റമാണ്. അങ്ങയോട് എനിക്ക് സ്നേഹം ഉള്ളതുകൊണ്ട് പറയുകയാണ്. ഭരണഘടന അനുസരിച്ച്, രാജ്യത്ത് നിലനിൽക്കുന്ന നിയമ സംവിധാനം അനുസരിച്ച് അങ്ങേയ്ക്കെതിരെ കേസ്സെടുത്താൽ അങ്ങ് അകത്ത് പോകേണ്ട സ്ഥിതി വിശേഷമുണ്ടാകും. മൃഗസംരക്ഷണവകുപ്പ് അശോക ചക്രം പതിച്ച ത്രിവർണ്ണ പതാകയിൽ അങ്ങയുടെ ചിത്രം പതിച്ച ബ്രോഷർ ഇറക്കിയിരിക്കുകയാണ്. അതു മാത്രമല്ല, സർ, അങ്ങയുടെ തലയുടെ ചിത്രം പതിച്ച് അടിച്ചിരിക്കുന്ന ബ്രോഷറിന്റെ താഴെ ഇന്ത്യയുടെ ഭൂപടം ഉണ്ട്. ആ ഭൂപടത്തിൽ കാശ്മീർ മുഴുവനായിട്ടില്ല. എന്ത് ദേശദ്രോഹപരമാണ്? ഈ കാര്യത്തിൽ ഒരു വീക്ഷണ ഗതിവേണ്ടേ ?

<u>ശ്രീ. കെ. ബാബു :</u> അത് ചെയ്തത് മൃഗ സംരക്ഷണ വകുപ്പല്ലേ? അപ്പോൾ അതിൽ കൂടുതൽ പ്രതീക്ഷിക്കേണ്ടല്ലോ.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ) :</u> ഇതൊരു രാഷ്ട്രീയ പ്രചരണമായി ഉപയോഗിക്കരുത്. കാരണം കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയായിട്ടാണ് ഞാൻ പോയത്. അവിടെ ഇതൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. അവിടെ ഏതോ സ്വകാര്യ സഹകരണ പാൽ സൊസൈറ്റി അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉപയോഗിച്ചതാണ്. അത് ഇവിടെ വന്ന് എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ പാരീസിലെ എമ്പസിക്കും കേന്ദ്ര ഗവൺമെന്റിനും ഹോം ഡിപ്പാർട്ടുമെന്റിനും എഴുതിയിട്ടുണ്ട്. എന്തിനാണ് ഇത് ഇവിടെ ചർച്ച ചെയ്യുന്നത്?

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി :</u> സർ, അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഇത് സംബന്ധിച്ച് പുറത്തിറക്കിയ ബ്രോഷറിനകത്തെ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്.

<u>ശ്രീ. സി. ദിവാകരൻ :</u> ഡിപ്പാർട്ടുമെന്റ് അങ്ങനെ ഇറക്കിയിട്ടേ ഇല്ല.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി :</u> ഈ ബ്രോഷർ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ സൂചിപ്പിക്കുന്നത് അങ്ങ് ചെയ്തു എന്നുള്ള അർത്ഥത്തിലല്ല. അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ ഇത് ഗുരുതരമായ ക്രമക്കേടാണ്. ആ നിലയിലുള്ള സ്തുതിവചനങ്ങളാണ് ഇവിടെ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം എം. ചന്ദ്രൻ പറഞ്ഞു, മാവേലി സ്റ്റോറിൽ ഭയങ്കര ക്യൂ ആണ്. അത് ശരിയാണ്, ഭയങ്കര ക്യൂ ആണ്. രാവിലെ ക്യൂ നിൽക്കുന്ന ആളുകൾക്ക് വൈകിട്ടും സാധനം കിട്ടാതെ ക്യൂവിന്റെ ആധിക്യം കൂടുകയാണ്. കാരണം സാധനം കൊടുക്കുന്നില്ല. സാധനം വാങ്ങി ആളുകൾക്ക് പോകുവാൻ കഴിയാത്തതുകൊണ്ടാണ് അവിടെ ക്യൂ. അതുകൊണ്ടാണ് വളരെ രാവിലെ നിൽക്കുന്ന ആൾ വൈകുന്നേരംവരെ നിൽക്കേണ്ടി വരുന്നത്. അതല്ലേ സർ വസ്തുത ? ഇത് മറച്ചു വയ്ക്കുവാൻ ഇടയ ലേഖനത്തിന്റെ കാര്യം പറഞ്ഞ് മറ്റുള്ളവരുടെ പുറത്ത് കയറിയിട്ട് എന്താണ് കാര്യം? ബഹുമാനപ്പെട്ട രാജു എബ്രഹാം ഇവിടെ പറഞ്ഞു, ഇടയ ലേഖനത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് വോട്ട് ചെയ്യാൻ പറഞ്ഞിട്ടില്ല. വളരെ സൂക്ഷ്മമായിട്ടാണ് പറഞ്ഞിരിക്കുന്നത്. നിരീശ്വരവാദിക്ക് വോട്ടുചെയ്യരുതെന്നാണ് പറഞ്ഞത്. സർ, ഒരു വിശ്വാസി അതൊരു ക്രിസ്ത്യാനി ആകട്ടെ, മുസൽമാൻ ആകട്ടെ, ഹൈന്ദവൻ ആകട്ടെ, ഒരു വിശ്വാസിക്ക് എങ്ങനെ നിരീശ്വരവാദവുമായി കോംപ്രമൈസ് ചെയ്യാൻ കഴിയും? ഇവിടെ ശ്രീ. എം. എം. മോനായിയും ശ്രീമതി അയിഷാ പോറ്റിയും ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തത് പാർട്ടിക്കാകെ വരുത്തിവച്ച അപമാനമാണ് എന്ന് നിലപാടെടുത്ത ഒരു പാർട്ടിക്ക് വോട്ട് ചെയ്യണമെന്ന് പറയാൻ ഈശ്വര വിശ്വാസികൾക്ക് എങ്ങനെ കഴിയും? ആ നിലപാട് തിരുത്തിയിട്ടുണ്ടോ? ആ പാർട്ടി ആ നിലപാട് തിരുത്തിയിട്ടുണ്ടോ? ഇടയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് നിരീശ്വരവാദികളെ തിരിച്ചറിയണം, അവർ ആളുകളെ പറ്റിക്കുവാൻ വേണ്ടി സ്വാതന്ത്ര്യത്തിന്റെ കുപ്പായമിട്ട് വേഷമണിഞ്ഞ് വരും.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സഭയെ വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകളാണ് ബഹുമാനപ്പെട്ട കല്ലൂപ്പാറ മെമ്പറുടെ ഭാഗത്തുനിന്നും വരുന്നത്. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇവിടെ നമുക്ക് അറിയാം, ദൃഢ പ്രതിജ്ഞ എടുക്കുന്ന നിരവധി ആളുകളുണ്ട്. ശ്രീ. രാഹുൽ ഗാന്ധി ഉണ്ട്, ശ്രീ. എ. കെ. ആന്റണിയുണ്ട്, ജവഹർലാൽ നെഹ്റു ഉണ്ട്. ......(ബഹളം)..... ഒരിക്കൽ ശ്രീ. ആര്യാടൻ മുഹമ്മദും ഉണ്ടായിരുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 70 ലക്ഷം ആളുകൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്തതിൽ 50 ലക്ഷം ആളുകൾ ഈശ്വര വിശ്വാസം ഉള്ളവരാണ്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സർ, ഭരണഘടനാപരമായ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞില്ല. ഒരു വിശ്വാസ സമൂഹത്തിന് നിരീശ്വരവാദിക്കെതിരെ നിലപാടെടുക്കുവാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. അക്കാര്യമാണ് ഞാൻ പറഞ്ഞത്. വെറുതേ ഇഷ്ടമില്ലാത്തതിന്റെ പേരിൽ ഇടയ ലേഖനത്തിന്റെ കാര്യം പറഞ്ഞ് ആക്രമിച്ചതുകൊണ്ടൊന്നും ഒരു പ്രയോജനവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: ഇവിടെ പറഞ്ഞതുപോലെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ശ്രീ. എ. കെ. ആന്റണിയെപ്പോലെയുള്ള പല ആളുകളുമൊക്കെ പള്ളിയിൽ പോകാത്തവരും അമ്പലത്തിൽ പോകാത്തവരുമുണ്ട്. ശ്രീ. ജോസഫ് എം. പുതുശ്ശേരി ഇവിടെ പറഞ്ഞത് എന്താണെന്ന് അറിയാമോ? സാധാരണ നിരീശ്വരവാദികളെക്കുറിച്ചല്ല, വിശ്വാസികളുടെ നെഞ്ചത്തു കയറുന്ന നിരീശ്വരവാദികളെക്കുറിച്ചാണ് ശ്രീ. പുതുശ്ശേരി ഇവിടെ സൂചിപ്പിച്ചത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഇവിടെ സമീപ കാലത്തുണ്ടായ സംഭവ വികാസങ്ങളൊക്കെ നമുക്കറിയാം. ഇത് വെറുതേ തെറ്റിദ്ധരിപ്പിക്കുവാൻവേണ്ടി ശ്രമിക്കുകയാണ്. ഇടയ ലേഖനത്തിൽ വർഗ്ഗീയ വിദ്വേഷം ഉണ്ടാക്കുന്ന തരത്തിലുള്ള ഒരു വാചകവും പറഞ്ഞിട്ടില്ല, ക്രിസ്ത്യാനിക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടില്ല, ഏതെങ്കിലും വിഭാഗത്തിന് വോട്ട് ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. ഇത്തരക്കാരെ തിരിച്ചറിയാൻ കഴിയണം, നിരീശ്വര വാദവുമായി നടക്കുന്ന ഇത്തരക്കാരെ തിരിച്ചറിയാൻ കഴിയണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ശ്രീ. പുതുശ്ശേരിയെ സഹായിക്കാനായി എഴുന്നേറ്റ എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഈശ്വര വിശ്വാസികളുടെ നെഞ്ചത്ത് കയറുന്ന ആളുകൾക്ക് വോട്ട് ചെയ്യരുതെന്ന് പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സി. കേശവനും ഈശ്വര വിശ്വാസികളുടെ നെഞ്ചത്ത് കയറിയ ആൾക്കാരാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? ഒരു അമ്പലം പൊളിഞ്ഞാൽ അത്രയും അന്ധത കുറയുമെന്ന് പറഞ്ഞ (ബഹളം)

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഈ പറയുന്ന പരിണിതപ്രജ്ഞരായ ആളുകളൊന്നും ഏതെങ്കിലും സഭാ വിഭാഗത്തെ വെല്ലുവിളിക്കുവാൻ പോയിട്ടില്ല. അസഹിഷ്ണുത പ്രകടിപ്പിച്ചിട്ടില്ല. സി.പി.ഐ.(എം)-നെപ്പോലെ തങ്ങൾക്കെതിരായിട്ടുള്ളവരെയെല്ലാം ഉന്മൂലനാശം വരുത്തണമെന്ന് ആഗ്രഹിക്കുകയും അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യുന്ന ആളുകൾക്കുണ്ടായിരിക്കുന്ന പ്രശ്നങ്ങളാണ് ഈ പറയുന്നത്. അല്ലാതെ മറ്റ് കാര്യങ്ങളൊന്നും അല്ല. ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ വലിയ നേട്ടങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ഞാൻ ഭരണകക്ഷി അംഗങ്ങളൊക്കെ ശ്രദ്ധിക്കുവാൻവേണ്ടി പറയുകയാണ്. കൺസ്യൂമർ ഫെഡ്ഡിന്റെ ചെയർമാൻ ശ്രീ. എ. കെ. നാരായണൻ ഇറക്കിയ പ്രസ്താവന എന്താണ്? അദ്ദേഹം പറഞ്ഞു സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാദമുഖങ്ങൾ തെറ്റാണെന്ന്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പ്രസ്താവന ഇറക്കി, ഞങ്ങളാണ് വില കുറച്ചതെന്ന്. ശ്രീ. എ. കെ. നാരായണൻ പറഞ്ഞു, ഒരു കാര്യവുമില്ല, ഞങ്ങൾ ഇടപെട്ടിട്ടുണ്ട്. ശ്രീ. എ. കെ. നാരായണന്റെ പ്രസ്താവന അങ്ങേയ്ക്ക് നിഷേധിക്കാമോ? ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇല്ല. അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്, നിഷേധിക്കുവാൻ കഴിയുമോ? ശ്രീ. എ. കെ. നാരായണൻ പറഞ്ഞു എന്ന് മാത്രമല്ല, ശ്രീ. എ. കെ. നാരായണന്റെ പ്രസ്താവനയിലെ ഒരു വാചകം ഞാൻ വായിക്കുന്നു. "സർക്കാരിന്റെ എല്ലാവിധ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിട്ടാണ് കൺസ്യൂമർ ഫെഡ് പ്രവർത്തിക്കുന്നത്. ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ഇറക്കുന്ന ഉദ്യോഗസ്ഥർ മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ് " എന്ന് അദ്ദേഹം പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷനെ കുറിച്ചാണ് പറഞ്ഞത്. മാത്രമല്ല, ഈ പ്രവൃത്തി ഔദ്യോഗിക സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് ശ്രീ. എ. കെ. നാരായണൻ ആരോപിച്ചിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലക്കയറ്റവുമായി ബന്ധപ്പെട്ട് ഇറക്കിയിരിക്കുന്ന പ്രസ്താവനയെക്കുറിച്ച് CPM നേതാവായ ശ്രീ. എ. കെ. നാരായണൻ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ സർട്ടിഫിക്കറ്റ് വേണമോ ? ഇവിടെ ഇത്രനേരം പ്രസംഗിച്ചിട്ട് കാര്യമുണ്ടോ? ഇതിനേക്കാൾ വലിയ സർട്ടിഫിക്കറ്റ് വേണമോ ? ഇവിടെ മാവേലി സ്റ്റോറിലെ വിറ്റുവരവ് കൂടി എന്നാണ് പറയുന്നത്. മാവേലി സ്റ്റോറിൽ ലാഭം മാർക്കറ്റ്‌വഴി സാധനങ്ങൾ വിലകൂട്ടി വിൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഇപ്പോൾ ഒരു കാര്യത്തിൽ നന്ദിയുണ്ട്. കാരണം അദ്ദേഹം കേന്ദ്രം സബ്സിഡി ഇനത്തിൽ നൽകിയ കടല 28 രൂപയ്ക്ക് വിറ്റു. ഇവിടെ വിവാദമായി. കഴിഞ്ഞ സമ്മേളനത്തിൽ അങ്ങേയ്ക്കുതന്നെ അത് സമ്മതിക്കേണ്ടി വന്നു. ഇപ്പോൾ 20 രൂപ ആക്കി. സബ്സിഡി നിരക്കിൽ കിട്ടുന്ന സാധനങ്ങൾവരെ വിലകൂട്ടി വിറ്റിട്ട് മാവേലി സ്റ്റോറിലെ വിറ്റുവരവ് വർദ്ധിച്ചു എന്നുള്ള കണക്കുമായി ഇവിടെ വന്നാൽ എന്ത് യാഥാർത്ഥ്യമാണ് അക്കാര്യത്തിലുള്ളത്? വിറ്റുവരവ് വർദ്ധിക്കുന്നതിൽ കാര്യമുണ്ടോ? വിലക്കയറ്റം തടയാൻ കഴിയണമെങ്കിൽ ഫലപ്രദമായ ഇടപെടൽ വേണം. അതിന് സബ്സിഡി കൊടുക്കണം. സബ്സിഡി കൊടുത്തെങ്കിൽ മാത്രമേ വിലക്കയറ്റം ഫലപ്രദമായി തടയാൻ കഴിയൂ. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഗവൺമെന്റിന്റെ മുമ്പാകെ ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്. എന്താണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്? പതിനായിരം വിപണന കേന്ദ്രങ്ങൾ വേണമെന്നാണ്. കാരണം ഫലപ്രദമായ ഇടപെടൽ വേണമെങ്കിൽ പതിനായിരം പുതിയ വിപണന കേന്ദ്രങ്ങളെങ്കിലും ആരംഭിക്കണമെന്നു പറഞ്ഞ് ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതു മതിയെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? സബ്സിഡി കൊടുത്തുകൊണ്ട് കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിയൂ. പെട്രോൾ, ഡീസൽ വില വർദ്ധിപ്പിച്ചുപോയി അതുകൊണ്ട് എല്ലാം അതാണെന്ന് പറഞ്ഞ് കൈകഴുകാനാണോ ഒരു ഗവൺമെന്റ് ? അതിനാണോ ഒരു ഡിപ്പാർട്ടുമെന്റ് ? ഏത് സാഹചര്യത്തേയും അതിന്റെ ഗൗരവത്തോടുകൂടി അഭിമുഖീകരിക്കാനും ജനങ്ങൾക്കുതകുന്ന ആശ്വാസ നടപടികൾ സ്വീകരിക്കാനുമാണ് ഒരു ഗവൺമെന്റ് വേണ്ടത്. അല്ലാതെ കേന്ദ്ര ഗവൺമെന്റ് കൂട്ടി അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണെന്ന് പറഞ്ഞ് കൈകഴുകുന്നതിന് ഒരു ഗവൺമെന്റിന്റെ ആവശ്യമില്ല. ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ടത് ഈ നിലയിൽ നടപടികൾ സ്വീകരിക്കാനാണ്. അത്തരത്തിൽ യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഇവിടെ റേഷൻ കാർഡിന്റെ കാര്യം പറഞ്ഞു. ഒരു അപേക്ഷയും സ്വീകരിക്കേണ്ട എന്ന് ഉത്തരവ് കൊടുത്തിരിക്കുകയാണ്. പാവപ്പെട്ടവന്റെ എല്ലാ കാര്യങ്ങളുടേയും ആധികാരിക രേഖയാണ് റേഷൻ കാർഡ്. ഒരപേക്ഷയും സ്വീകരിക്കേണ്ടതില്ലെന്ന് താലൂക്ക് സപ്ലൈ ഓഫീസുകളിലേയ്ക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. എന്താണ് ഇതിന്റെ അർത്ഥം? പത്ത് ലക്ഷം കാർഡുകൾ കെട്ടിക്കിടക്കുകയാണ്. തിരുത്തൽ നടക്കുന്നില്ല. പേര് ഒഴിവാക്കൽ നടക്കുന്നില്ല. പുതിയ കാർഡ് കൊടുക്കുന്നില്ല. നാല് വർഷംകൊണ്ട് തേനും പാലും ഒഴുക്കി കനാൻ ദേശമാക്കി മാറ്റിയ സംസ്ഥാനത്ത് കാര്യക്ഷമതയുടെ ഉദാഹരണമാണിത്. അങ്ങേയ്ക്ക് ഇത് നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ? കഴിഞ്ഞ ദിവസം തൃശ്ശൂർ ജില്ലയിലെ ചാവക്കാട്ട് സിനി ആന്റണി എന്ന് പറയുന്ന ആൾക്ക് ഒരു റേഷൻ മൊത്തവ്യാപാരത്തിന് ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ട്. ലൂസി പോൾ എന്ന ആൾ നടത്തിവന്ന റേഷൻ ഹോൾസെയിലാണ്. സ്വാഭാവികമായി അതിന്റെ നിയമത്തിൽ പറയുന്നുണ്ട്, ഹോൾസെയിൽ നിന്നുപോയാൽ, അടുത്ത കടയെ ഏൽപ്പിക്കണം അവർ സന്നദ്ധമല്ലെങ്കിൽ അടുത്ത താലൂക്കിന് സമ്മതമാണോ എന്ന് ചോദിക്കണം. അതാണ് അതിന്റെ നടപടിക്രമം. ഈ നടപടിക്രമങ്ങളൊന്നും നടക്കാതെ 22-6-2001 -ൽ ശ്രീമതി സിനി ആന്റണി, വൈഫ് ഓഫ് സിസിൽ ആന്റണിയിൽനിന്നും അപേക്ഷ സ്വീകരിച്ചു. അവർ മാത്രം എങ്ങനെയാണ് ഈ കാര്യങ്ങൾ സിവിൽ സപ്ലൈസിൽനിന്നും അറിയുന്നത്? അവരിൽനിന്ന് ഒരു അപേക്ഷ വാങ്ങിച്ച് ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കൊടുത്തിരിക്കുകയാണ്. ഇത്തരത്തിൽ നേരത്തെ നടത്തിയിരുന്ന റേഷൻ ഹോൾസെയിൽ സിവിൽസപ്ലൈസ് കോർപ്പറേഷനാണ് നടത്തേണ്ടതെന്ന് ഹൈക്കോടതിയിൽ ഗവൺമെന്റ് നിലപാടെടുത്തിരിക്കുകയാണ്. ഇതുപോലെ മറ്റൊരു കേസിൽ ഹൈക്കോടതി വിധിയിൽ പറയുന്നതാണ്, The Advocate General appearing for the State and Government agencies, supported the orders of the Commissioner and the Government and besides this, he has also stated that Government, as a matter of policy propose to appoint Civil Supplies Corporation which is a Government Corporation for wholesale distribution of ration articles. സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് ഇത് നടത്തേണ്ടത് എന്ന് പറഞ്ഞ് ഗവൺമെന്റ് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്ത് നിലപാടെടുത്തതിനുശേഷം ഞങ്ങൾക്ക് ഇത് നടത്താൻ പറ്റില്ലെന്ന് പറഞ്ഞ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കയ്യിൽനിന്ന് ഒരു കത്തു വാങ്ങി. ആ ഉത്തരവ് കയ്യിൽ വാങ്ങി വച്ചിട്ട് രഹസ്യമായി സ്വകാര്യ വ്യക്തിക്ക് കൊടുത്തു. ആരും അറിഞ്ഞിട്ടില്ല. അപേക്ഷ ക്ഷണിച്ചിട്ടില്ല, അതിന്റെ നടപടിക്രമങ്ങളില്ല. ഗുരുതരമായ ക്രമക്കേടാണ് ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിരിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഗുരുതരമായ ക്രമക്കേടുകളാണ്. ഇത്തരം അഴിമതി സംബന്ധമായ കാര്യങ്ങളെല്ലാം നടക്കുന്ന സാഹചര്യത്തിലാണ് കാര്യങ്ങളെല്ലാം നന്നായി നടക്കുന്നു എന്ന് പറയുന്നത്. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്നു. ഈ രംഗത്ത് ഗുരുതരമായ ക്രമക്കേടും അഴിമതിയും കെടുകാര്യസ്ഥതയുമാണ് നടക്കുന്നത്.

ശ്രീ. വി.എസ്. സുനിൽ കുമാർ: ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിൻതുണയ്ക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ അഞ്ചാമത്തെ വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ജനങ്ങൾക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്ത സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. കേരളത്തിൽ മാത്രമല്ല, രാജ്യവ്യാപകമായി വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്-ന്റെ സ്നേഹിതൻമാർ എന്തായാലും രണ്ടുകാര്യം സമ്മതിച്ചു. ഒന്ന്, വിലക്കയറ്റം രാജ്യത്ത് വളരെ രൂക്ഷമാണെന്ന് അവർ സമ്മതിച്ചു. രണ്ടാമത്തെ കാര്യം, ജനങ്ങൾ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്നു എന്ന കാര്യവും സമ്മതിച്ചിരിക്കുകയാണ്. പക്ഷേ വസ്തുതകളിലേയ്ക്ക് കടന്ന് ചർച്ച ചെയ്യാൻ യു.ഡി.എഫ്.-ന്റെ സ്നേഹിതൻമാർ തയ്യാറല്ല. വിലക്കയറ്റത്തിന്റെ ഉത്തരവാദികൾ ആരാണ്? ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ്, ഡൽഹിയിൽ മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി അദ്ദേഹം ചെയ്ത കാര്യം കുറേ ഉപദേശം കൊടുക്കലാണ്. സംസ്ഥാന ഗവൺമെന്റുകൾ വേണ്ടുംവിധം കാര്യങ്ങൾ ചെയ്യണം, ഉൽപ്പാദനം വർദ്ധിപ്പിക്കണം, ശക്തമായ നടപടി സ്വീകരിക്കണം എന്ന ഉപദേശം അല്ലാതെ കാര്യക്ഷമമായ, ശക്തമായ ഇടപെടൽ കേന്ദ്ര ഗവൺമെന്റ് നടത്തുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരല്ല ഏത് സർക്കാരാണെങ്കിലും സംസ്ഥാനങ്ങളുടെ അധികാരം എത്രമാത്രം പരിമിതമാണെന്ന് എല്ലാവർക്കും അറിയാം. എന്നാൽ അനന്തമായ, അറ്റമില്ലാത്ത അധികാരമുള്ളവരാണ് കേന്ദ്ര സർക്കാർ. പ്രത്യേകിച്ച് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മുഖ്യമായ പങ്ക് വഹിക്കുന്ന എല്ലാ നിയമങ്ങളും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാത്രം അധികാരത്തിൽപ്പെട്ട ഒരുപാട് കാര്യങ്ങൾ, കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നുണ്ടോ എന്ന ചോദ്യത്തിന് ഒരു യു.ഡി.എഫ്. സ്നേഹിതൻമാരും മറുപടി പറഞ്ഞില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുകയുണ്ടായി. അതിന്റെ നിരവധി ഉദാഹരണങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾതന്നെ സൂചിപ്പിക്കുകയുണ്ടായി. വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി 3975 ഔട്ട്ലെറ്റുകളിലൂടെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഓരോരോ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞു സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആകെ തകരാറിലാണെന്ന്. ഇവിടെ വിറ്റുവരവ് കൂടിയതുകൊണ്ട് യാതൊരു കാര്യവുമില്ലെന്ന് പറയുകയുണ്ടായി. 1974-ൽ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ച സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇന്ന് രണ്ടായിരം കോടിയോളം രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്. നിങ്ങളുടെ ഭരണകാലത്ത് അവിടെ വന്നിരുന്ന ആളുകൾ പ്രതിമാസം അൻപത്തിരണ്ട് ലക്ഷം പേരാണ്. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ ഒന്നേകാൽ കോടി ആളുകളാണ് വരുന്നത്. അവിടെ വില കൂടുതലായതുകൊണ്ടാണോ? നിങ്ങളുടെ കാലത്ത് 710 കോടി രൂപയുടെ വിറ്റുവരവും 135 കോടി രൂപയുടെ അഴിമതിയുമല്ലാതെ ഈ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എന്തെങ്കിലും നടന്നിട്ടുണ്ടോ? ഒന്നും നടന്നിട്ടില്ല. ഇന്ന് അതല്ല സ്ഥിതി. രണ്ടായിരത്തിൽചില്വാനം കോടി രൂപയുടെ വിറ്റുവരവുണ്ടായിയെന്നുമാത്രമല്ല, ഒന്നേമുക്കാൽ കോടിയോളം വരുന്ന ഉപഭോക്താക്കൾ ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ വരുന്നു എന്ന് പറയുന്നതുതന്നെ ഈ സ്ഥാപനത്തെ അവർ എത്രമാത്രം അത്താണിയായി കാണുന്നു എന്നുള്ളതാണ്. അത്താണി എന്നുപറഞ്ഞാൽ നിങ്ങൾക്കറിയാം, പണ്ട് രാജാക്കൻമാരുടെ കാലത്ത് ഭാരം ചുമന്നുവരുന്ന തൊഴിലാളികൾ വഴിയോരത്ത് ഭാരം ഇറക്കി വയ്ക്കാൻവേണ്ടി സ്ഥാപിച്ചിരുന്നതാണ്. ഇന്ന് സത്യത്തിൽ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന കേരളത്തിലെ സാധാരണക്കാരായ മനുഷ്യന്റെ ഭാരം ഇറക്കിവയ്ക്കാൻ കഴിയുന്ന 2975 അത്താണികൾ ഇവിടെ സപ്ലൈകോ സ്ഥാപിച്ചിരിക്കുകയാണ്. അതിൽ മനുഷ്യൻ ഭാരം ഇറക്കി വയ്ക്കുന്നു. ഈ ഭാരം ഉണ്ടാക്കിയത് ആരാണ്? ഞങ്ങളാണോ? ഞങ്ങൾ ഈ സംസ്ഥാനത്ത് അരിയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചു. ബഹുമാന്യനായ അംഗം ബാബു പ്രസാദ് ഒരു കാര്യം സൂചിപ്പിച്ചു. പാലിന്റെ ഉൽപ്പാദനം ഇവിടെ തകരാറിലായിരിക്കുന്നുവെന്ന് ഒരു പച്ചക്കള്ളം അദ്ദേഹം പറഞ്ഞു. 2001-ലെ കണക്കാണ്. 2001-ലെ കണക്കെന്നു പറഞ്ഞാൽ ഞങ്ങൾ ഭരണം വിട്ടൊഴിയുന്ന കാലത്തെ കണക്കാണ്, അത് സത്യമാണ്.

ശ്രീ. കെ. ബാബു : റൂൾ 307, ഇവിടെ പച്ചക്കള്ളം പറഞ്ഞു എന്ന് പറഞ്ഞു. കള്ളം എന്നുള്ളത് പാർലമെന്ററി അല്ല. അത് സഭാ രേഖയിൽ ഉണ്ടാകരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : പോലീസിനെ പട്ടി എന്ന് വിളിക്കാൻ പാടില്ല. പക്ഷേ പട്ടിയെ പോലീസ് എന്ന് വിളിക്കാൻ കുഴപ്പമില്ലാഎന്നു പറഞ്ഞ് പട്ടിയെ പോലീസുകാരാ എന്ന് വിളിച്ചതുപോലെയാണ്. കള്ളം എന്നുള്ളത് മാറ്റിയാൽ കുഴപ്പമില്ല, പക്ഷേ കള്ളം കള്ളമായിത്തന്നെ നിൽക്കും. കാരണം. അവാസ്തവം, വസ്തുതാവിരുദ്ധം ഇതുതന്നെയാണ് ഈ പറയുന്നത്. 2001- എന്ന് പറഞ്ഞാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞ സമയത്ത് കേരളത്തിലെ പാൽ ഉൽപ്പാദനം 2420000 ലിറ്ററായിരുന്നു. നിങ്ങൾ അഞ്ച് കൊല്ലക്കാലം ഭരിച്ചപ്പോൾ അത് ചുരുങ്ങിച്ചുരുങ്ങി 20 ലക്ഷം ലിറ്ററായപ്പോൾ, ഞങ്ങൾ വീണ്ടും ഭരണത്തിൽ വന്നതിനുശേഷം 2009 ആയപ്പോഴേക്കും 24.63 ലക്ഷം ലിറ്ററായി പാലിന്റെ ഉൽപ്പാദനം വർദ്ധിച്ചു. ഇവിടെ പാലിന്റെ ഉൽപ്പാദനം മാത്രമല്ല മുട്ടയുടെ ഉല്പാദനത്തിലും വർദ്ധനവുണ്ടായി. ഇറച്ചിയുടെ അളവിലും വർദ്ധനവുണ്ടായി. നമുക്കാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഭക്ഷ്യധാന്യങ്ങളിൽ 15 ശതമാനം മാത്രം ഉൽപ്പാദിപ്പിക്കുന്നതും 85 ശതമാനം സാധനങ്ങളും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതുമായ ഒരു സംസ്ഥാനമാണ് കേരളം. രാജ്യവ്യാപകമായി തീ പിടിച്ചതുപോലെ വിലക്കയറ്റം ഉണ്ടായപ്പോൾ വാസ്തവത്തിൽ ഏറ്റവുമധികം വിലക്കയറ്റം ഉണ്ടാകേണ്ട സംസ്ഥാനം കേരളമല്ലേ? ഇവിടെ ഉണ്ടായില്ല. എന്തുകൊണ്ടാണ്? സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ബഹുമാന്യനായ മന്ത്രി സി ദിവാകരന്റെ നേതൃത്വത്തിൽ ഏറ്റവും ശക്തമായ ഇടപെടൽ നടത്തി. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ കാലത്താണ് മാവേലിസ്റ്റോറുകൾ ആരംഭിച്ചത്. ഇപ്പോൾ ശ്രീ. സി. ദിവാകരൻ വന്നപ്പോൾ എല്ലായിടത്തും മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ തീരുമാനിച്ചു. എനിക്ക് ഏറ്റവും ആദരവുള്ള അംഗമായ ശ്രീ. എം. മുരളിയോട് ഞാൻ ചോദിക്കട്ടെ, അദ്ദേഹം സൂചിപ്പിച്ചത് ഇവിടെ ആരും സപ്ലൈകോയുടെ സാധനം വാങ്ങാൻ പോകുന്നില്ല, അവിടെ ആകെ തകരാറാണെന്നാണ്. അങ്ങയുടെ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിരിക്കുന്ന മാവേലി സ്റ്റോർ വേണ്ടെന്ന് വയ്ക്കാൻ അങ്ങ് തയ്യാറാണോ? എന്താണ് തയ്യാറാകാത്തത്? ഈ ഗവൺമെന്റ് അനുവദിച്ച മാവേലി സ്റ്റോർ എനിക്കുവേണ്ട, ജനങ്ങൾക്കെതിരായ സംഗതിയാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്ന് പറയാൻ പറ്റുമോ? വിലക്കയറ്റംകൊണ്ട് ബുദ്ധിമുട്ടുന്ന സാധാരണക്കാരായ ജനങ്ങളുടെ പ്രയാസങ്ങൾ അവസാനിപ്പിക്കാൻ വേണ്ടിയുള്ള ശക്തമായ പ്രവർത്തനങ്ങളാണ് സപ്ലൈകോയുടെ സ്ഥാപനങ്ങളെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ നിങ്ങളുടെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം എന്താണ്?

ശ്രീ. പി. സി. ജോർജ് : നന്ദികേട് പാടില്ല. ആദ്യമായി സംസ്ഥാനത്ത് മാവേലി സ്റ്റോറിന് മുമ്പ് കേരളാ സ്റ്റോറാണ് തുടങ്ങിയത്. അത് ബഹുമാന്യനായ ടി.എസ്. ജോൺ ഭക്ഷ്യവകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ്. പിന്നീട് കേരളാ സ്റ്റോർ മാവേലി സ്റ്റോറാക്കി മാറ്റി. ആ നന്ദികേട് പറയാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : എന്നാൽ നിങ്ങൾ ചെയ്ത കാര്യം എന്താണ്?

ശ്രീ. എം. മുരളി : ഞാൻ മാവേലി സ്റ്റോറിനെയോ പ്യൂപ്പിൾസ് ബസാറിനെയോ തള്ളിപ്പറഞ്ഞതല്ല. പക്ഷേ മൂന്നു മാസക്കാലമായി അവിടെ സബ്സിഡി റേറ്റിൽ സാധനങ്ങൾ കൊടുക്കുന്നില്ല. നോൺ സബ്സിഡി സാധനങ്ങൾ മാത്രമേ കൊടുക്കുകയുള്ളു. സബ്സിഡി റേറ്റിലുള്ള സാധനങ്ങളില്ലെന്നാണ് പറയുന്നത്. ആ സ്ഥിതി മാറണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : കേരളത്തിൽ രണ്ടു കൊല്ലമായി ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ 13 ഇനം സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ തുടർന്നുപോകുന്ന ഒരു സ്ഥാപനമാണ് സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾ. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുന്ന കാര്യമാണോ? ഞാൻ ചോദിക്കുന്നത് നിങ്ങൾ കോൺഗ്രസ്സിന്റെ ആളുകളാണല്ലോ ഉത്തരവാദ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ആളുകളുമാണ്. 2004 മുതൽ 2010 വരെയുള്ള ആദ്യത്തെ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ചെയ്തത് എന്താണ്? വിലക്കയറ്റം ഉണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചു. സത്യമല്ലേ? ഇടതുപക്ഷം പിന്തുണ യ്ക്കുമ്പോൾപോലും നിങ്ങൾ അഞ്ചുകൊല്ലംകൊണ്ട് അഞ്ചു തവണ ഇവിടെ വില വർദ്ധിപ്പിച്ചു. എന്നാൽ 2009-2010-ഈ ഒരു കൊല്ലംകൊണ്ട് നിങ്ങൾ മൂന്നു തവണ പെട്രോളിന്റെ വില വർദ്ധിപ്പിച്ചില്ലേ? ഒരു ലിറ്റർ പെട്രോളിന് മൊത്തം 20 രൂപ വില വർദ്ധിച്ചു. ഡീസലിന് 15 രൂപ കൂടി, പാചക വാതക ത്തിന് 90 രൂപ കൂടി. നിങ്ങളുടെ ഗവൺമെന്റ് ഒരു പരസ്യം ഇറക്കി. 'ഭാരത് ബന്ദ് ഒരു പരിഹാരമല്ല', 'ഇപ്പോൾ നൽകുന്ന ചെറിയ വില നാളെ മെച്ച ങ്ങൾ കൊയ്തെടുക്കും. ഇത് ആരാണ് വിശ്വസിക്കാൻ പോകുന്നത്? ഇൻഡ്യയിലെ യാഥാർത്ഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ? നിങ്ങൾ സത്യത്തിൽ ചെയ്തതെന്താണ്? നിങ്ങൾ ഇവിടെ ചെയ്ത കാര്യങ്ങൾമൂലം വിലക്കയറ്റം വർദ്ധിപ്പിച്ചു. അടിസ്ഥാന പ്രശ്നമെന്ന് പറയുന്നത്, ഉത്പാദന രംഗത്ത് നിങ്ങൾ ചെയ്ത ഏറ്റവും വലിയ തെറ്റുകളിലൊന്ന് സംസ്ഥാന ഗവൺമെന്റ് ഉത്പാദനം വർദ്ധിപ്പിച്ച കാര്യം ഞാൻ ഇവിടെ പറയുകയുണ്ടായി. ഉത്പാദനച്ചെലവ് വർദ്ധിപ്പിക്കാൻ വേണ്ടി ഈ മേഖലയിലെ ഏറ്റവും സുപ്രധാനമായ അല്ലെങ്കിൽ കുപ്രസിദ്ധമായ ഒരു തീരുമാനം നിങ്ങളെടുത്തു. എന്താണ്? വളത്തിനു കൊടുത്ത സബ്സിഡി നിങ്ങൾ പിൻവലിച്ചുകൊണ്ടി രിക്കുകയാണ്. വളത്തിന്റെ വിലനിർണ്ണയാധികാരം കേന്ദ്ര ഗവൺമെന്റിനാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അത് പിൻവലിച്ചു. പെട്രോളിന്റെയും വിലനിർണ്ണയാവ കാശം നിങ്ങൾ പിൻവലിച്ചു. വളത്തിന്റെ വിലനിർണ്ണയാവകാശം അത് ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് കൊടുത്തിരിക്കുന്നു. ഇപ്പോൾ പെട്രോളിന്റെ വിലനിർണ്ണയാവകാശം കൊടുത്തിരിക്കുന്നു. ഇതിന്റെ അർത്ഥമെന്താണ്? കോർപ്പറേറ്റുകൾക്കുവേണ്ടി നിങ്ങൾ ഓരോരോ കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ഉത്പാദന മേഖലയിൽ ഇടപെടാൻ വേണ്ടി നിങ്ങൾ കോർപ്പറേറ്റുകൾക്ക് അവസരം കൊടുത്തു. അതുപോലെ സംഭരണ മേഖലയിൽ, ഇപ്പോഴത്തെ അടിസ്ഥാന പ്രശ്നമെന്താണ്? 1998-ന് മുമ്പുവരെ ഇൻഡ്യയിലെ മൊത്തം ഭക്ഷ്യധാന്യത്തിന്റെ 50 ശതമാനം സംഭരിച്ച് വിതരണം നടത്തിയിരുന്ന പൊതുമേഖലാ സ്ഥാപനമാണ് എഫ്.സി.ഐ. ഈ പൊതുമേഖലാ സ്ഥാപനം 50 ശതമാനത്തിൽനിന്നു മാറി. ഇപ്പോൾ എന്താണ് സ്ഥിതി? 2009-ലെ സർവ്വേ അനുസരിച്ച് 15 ശതമാനംപോലും സംഭരണം നടത്തുന്നില്ല. ഏകദേശം നാനൂറ് ദശലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ഉത്പാദിപ്പിച്ചപ്പോൾ അതിന്റെ 15 ശതമാനം ഭക്ഷ്യധാന്യങ്ങൾപോലും കേന്ദ്രത്തിന്റെ എഫ്.സി.ഐ. ഗോഡൗണിൽ ഇല്ല. എന്നാൽ അതിനേക്കാൾ കൂടുതലായി ഭക്ഷ്യധാന്യങ്ങൾ ഇന്ന് ശേഖരിച്ചുവയ്ക്കാൻ നിങ്ങൾ അവസരം കൊടുത്തത് ആർക്കാണ്? റിലയൻസ് കമ്പനിക്ക് നിങ്ങൾ അവസരം കൊടുത്തു, ബിഗ് ബസാർ കമ്പനിക്ക് അവസരംകൊടുത്തു. അങ്ങനെ എല്ലാ കമ്പനികൾക്കും അവസരം കൊടുത്ത് മാർക്കറ്റ് പൂർണ്ണമായും കോർപ്പറേറ്റുകളുടെ കയ്യിൽ ഏൽപ്പിച്ചുകൊടുത്തത് ആരാണ്? ഞങ്ങളാണോ?

നിങ്ങൾ ചെയ്ത കാര്യമാണ്. റീട്ടെയിൽ വ്യാപാര രംഗത്ത് ബിഗ് ബസാർ വന്നു, റിലയൻസ് വന്നു, എല്ലാ കമ്പനികളേയും നിങ്ങൾ ഇവിടെ കൊണ്ടു വന്നു. ഇങ്ങനെയെല്ലാം ചെയ്തതാണ് വിലക്കയറ്റം വർദ്ധിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണമെന്ന് പറയുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ നിങ്ങളാരും തയ്യാറല്ല. നമുക്ക് അർഹമായ മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചു, അരിയുടെ വിഹിതം വെട്ടിക്കുറച്ചു, പഞ്ചസാരയുടെ വിഹിതം വെട്ടിക്കുറച്ചു. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തോട് ഒരു ഫെഡറൽ റിപ്പബ്ലിക്, കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട യാതൊരു നീതിയും നമുക്ക് ചെയ്ത് കിട്ടിയില്ല. നമുക്ക് എല്ലാം വെട്ടിക്കുറച്ചു. പക്ഷേ ശ്രീ. ജോസഫ്. എം. പുതുശ്ശേരി പറയുമ്പോൾ എല്ലാം കേന്ദ്രം ചെയ്തതാണ്. എല്ലാ കോൺഗ്രസ്സുകാരും അങ്ങനെ പറയും, ഇത് കേന്ദ്ര ഗവൺമെന്റ് ചെയ്തതല്ലേ? സത്യത്തിൽ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന എന്തെങ്കിലും കാര്യം നമുക്ക് നേട്ടത്തിന് കിട്ടിയിട്ടുണ്ടോ? നിങ്ങൾ ഒരുപാട് നിബന്ധനകൾ വയ്ക്കുന്നു, ആ നിബന്ധനകളനുസരിച്ച് തന്നോ എന്നു ചോദിച്ചാൽ തന്നു. പക്ഷേ നമ്മുടെ അനുഭവത്തിൽ എന്താണ് സ്ഥിതി? അനുഭവിക്കാൻ പറ്റുന്നുണ്ടോ? അനുഭവിക്കാൻ പറ്റുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളാണ്. പക്ഷേ കോൺഗ്രസ്സുകാർ എന്താണ് പറയുന്നത് ? എല്ലാം കേന്ദ്രം ചെയ്യുന്നതാണ്. ഞങ്ങളുടെ നാട്ടിൽ കുട നന്നാക്കുന്ന ഒരാളുണ്ട്, കൊച്ചുവറീതേട്ടൻ. അന്തിക്കാട് സെന്ററിൽ അദ്ദേഹം കുട നന്നാക്കിക്കൊണ്ടിരിക്കും. അദ്ദേഹത്തിന് മൂന്നു മക്കളാണ്. മൂന്നു മക്കളും നല്ല നിലയിലാണ്. ഒരാൾ ഔസേപ്പ്, അയാൾ ദുബായി-ൽ ജോലി ചെയ്യുകയാണ്. രണ്ടാമത്തെ മകൻ അന്തോണി ബോംബെയിൽ ബിസിനസ്സുകാരനാണ്. പിന്നെ വേറൊരു മകനുണ്ട്. അദ്ദേഹം വെറ്ററിനറി ഹോസ്പിറ്റലിൽ അറ്റൻഡറാണ്. ഞാൻ ഒരു ദിവസം കൊച്ചുവറീതേട്ടനോട് ചോദിച്ചു, കൊച്ചുവറീതേട്ടാ, ഇപ്പോൾ എങ്ങനെയുണ്ട് സ്ഥിതി? അപ്പോൾ കൊച്ചുവറീതേട്ടൻ പറഞ്ഞു, എനിക്കെന്താ മോനേ കുഴപ്പം? എനിക്ക് നല്ല സ്ഥിതിയല്ലേ? എന്റെ മൂത്തമോൻ ദുബായിലാണ്. അവന് പത്തൻപതിനായിരം രൂപ ശമ്പളം കിട്ടും. അവന്റെ വീട്ടുചെലവും ഭാര്യയുടെ ചെലവും അവന്റെ ചെലവും കഴിച്ച് പതിനയ്യായിരം രൂപ അവൻ എല്ലാ മാസവും അയയ്ക്കും. രണ്ടാമത്തെ മകന് ബിസിനസ്സാണ്. അവൻ ജോലിചെയ്തുകൊണ്ടിരിക്കുകയാണ്. അവനും കിട്ടും പത്തുനാൽപ്പതിനായിരം രൂപ. അവന്റെ ചെലവ് കഴിഞ്ഞ് ഒരു പതിനായിരം രൂപ എനിക്ക് അയയ്ക്കും. പിന്നെ മൂന്നാമത്തെ മകൻ അറ്റൻഡറാണെങ്കിലും ശമ്പളം കുറവാണെങ്കിലും കിമ്പളം കിട്ടും. അവൻ എല്ലാ ചെലവും കഴിഞ്ഞ് അയ്യായിരം രൂപ അയച്ചുതരും. അപ്പോൾ എത്രയായി മോനേ? ഞാൻ കൂട്ടി നോക്കി. മുപ്പതിനായിരം രൂപ. മുപ്പതിനായിരം രൂപ എനിക്ക് കിട്ടും. പിന്നെ എന്താണ് മോനേ? അയച്ചു കിട്ടണം. ഇന്നുവരെ അഞ്ചുനയാപൈസ ഈ കുരുത്തംകെട്ട മക്കൾ അയച്ചുതന്നിട്ടില്ല. ഞാൻ ഇവിടെ കുട നന്നാക്കി ജീവിക്കയാണ് മോനേ, എന്ന് പറഞ്ഞപോലെയാണ് ഇന്ന് കേരളത്തിന്റെ സ്ഥിതി. കേന്ദ്രം ഒരു ചുക്കും തരുന്നില്ല. വാഗ്ദാനങ്ങളും ഉപദേശങ്ങളുമല്ലാതെ കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. മൃഗസംരക്ഷണ വകുപ്പുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുകൊണ്ടാണെങ്കിലും കേരളത്തിന്റെ ചരിത്രത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. മൃഗസമ്പത്ത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഏകദേശം 25 ലക്ഷത്തോളം വരുന്ന കന്നുകാലികളുമായി ബന്ധപ്പെട്ട മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നിലയിൽ ഗവേഷണം നടത്താൻവേണ്ടി, ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നു. ആ നിലയിലേയ്ക്ക് ഇന്ന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് പോകുകയാണ്. എന്നുമാത്രമല്ല, ഇന്ന് സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പി. വിശ്വൻ ഒക്കെ പറയുകയുണ്ടായി. കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് ഇന്ന് കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെല്ലാം എ.പി.എൽ/ബി.പി.എൽ. അടിസ്ഥാനത്തിലാണ്. നെൽക്കൃഷിക്കാർക്ക് അങ്ങനെയില്ല. ഇതിന് അടിയന്തരമായി മാറ്റമുണ്ടാകണം. ഉത്പാദനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉത്പാദനച്ചെലവാണ്. കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി കൊടുക്കണം. ഉത്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ നമ്മുടെ വീടുകളിൽ പശുക്കളെ വളർത്താനല്ല ആളുകൾക്ക് താത്പര്യം. നേരത്തെ എല്ലാ വീടുകളുടെ മുമ്പിലും ഒരു തൊഴുത്തുണ്ടായിരുന്നു. ഇപ്പോൾ നായ്ക്കൂടാണ് വീടുകളുടെ മുൻപിലുള്ളത്. അത് നല്ലകാര്യമാണോ മോശമായ കാര്യമാണോയെന്ന് ഞാൻ ചർച്ച ചെയ്യുന്നില്ല. ഇപ്പോൾ അംഗങ്ങൾക്ക് പശുവിനേയും ആടിനേയുമൊക്കെ തരാമെന്ന് പറഞ്ഞത് ആ സംസ്ക്കാരം വളർത്തിയെടുക്കാനാണെന്ന് ഞങ്ങൾക്കൊക്കെ അറിയാം. നമ്മുടെ വീടുകളിലേയ്ക്ക് ആവശ്യമായ പശുവാണോ മറ്റ് എന്താണോ അത് നമുക്ക് തരും. അത് ഓരോരുത്തരുടേയും അഭിരുചിക്കനുസരിച്ച് ചോദിച്ചാൽ മതി. ഇതൊരു പ്രതീകമാണ്. കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഈ ഗവൺമെന്റ് ചെയ്യുന്നതിന്റെ പ്രതീകമായിട്ടാണ് എം.എൽ.എ.മാർക്കുകൂടി ഇവയെ സമ്മാനിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ട് ജനങ്ങളെ സംരക്ഷിക്കാൻ വേണ്ടി ഒരത്താണിയായി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഭക്ഷ്യവകുപ്പിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്തം ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കലാണ്. ഉത്പാദനം കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായിട്ടാണ് വരുന്നത്. പക്ഷേ കേരളത്തിൽ ഭക്ഷ്യസുരക്ഷിതത്വം നേടുന്നതിന് ഒട്ടേറെ തടസ്സങ്ങളുണ്ട്. നെൽവയലുകളുടെയും കൃഷിഭൂമിയുടെയും വിസ്തൃതി കുറയുകയാണ്. ഉള്ള ഭൂമി ഇന്ന് നാണ്യവിള ചെയ്യുന്നതിനാണ് വിനിയോഗിക്കുന്നത്, നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കർഷകന് ഉത്പാദനച്ചെലവുമായി ബന്ധപ്പെട്ട് വില കിട്ടാത്ത അവസ്ഥയുണ്ട്, ഭക്ഷ്യസുരക്ഷിതത്വം നേടുന്നതിൽ കേരളത്തിൽ പ്രതിസന്ധിയുണ്ടെന്നുള്ള കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പാണ്. ഇവിടെയാണ് ഭക്ഷ്യസുരക്ഷിതത്വം എങ്ങനെയുണ്ടാക്കാം എന്ന കാര്യം ആലോചിക്കേണ്ടത്. രാജ്യത്തിന്റെ ഭക്ഷ്യോത്പാദനമാണ് കേരളത്തിന്റേയും സുരക്ഷിതത്വം. രാജ്യത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉണ്ടാക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 510 ഗ്രാം ഭക്ഷ്യധാന്യം ആളോഹരി ഉത്പാദിപ്പിച്ച രാജ്യമാണ് ഇൻഡ്യ. പക്ഷേ ഇപ്പോൾ ഭക്ഷ്യധാന്യ സുരക്ഷിതത്വം ഈ രാജ്യത്തില്ല. 403 ഗ്രാമായി ചുരുങ്ങിയെന്ന് മാത്രമല്ല, ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് മൂന്നുനേരം കഴിക്കാനാവശ്യമായ ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കുന്നില്ലെന്നാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. ഈ ഭക്ഷ്യസുരക്ഷിതത്വം നശിപ്പിക്കുന്നത് കേന്ദ്ര നയങ്ങളാണെന്ന് കാണാൻ സാധിക്കും. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ പ്രതിസന്ധിക്കിടയിലാണ് ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കിയത്. വിലക്കയറ്റത്തിൽനിന്നും പട്ടിണി മരണത്തിൽനിന്ന് കേരളത്തെ മോചിപ്പിച്ചു, പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ സാധാരണ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷിതത്വം ഈ ഗവൺമെന്റ് ഉറപ്പാക്കിയെന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് കർഷകത്തൊഴിലാളി, കയർത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി, ബീഡിത്തൊഴിലാളി, ചൊദിത്തൊഴിലാളി, പനമ്പ് തൊഴിലാളി, ഈറ്റത്തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവർ തുടങ്ങിയ 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപയ്ക്ക് അരി കൊടുത്തുകൊണ്ട് സർക്കാർ സ്വീകരിച്ച നടപടി. ഭക്ഷ്യസുരക്ഷിതത്വം കേരളത്തിൽ ഉറപ്പാക്കി. ഭക്ഷ്യസുരക്ഷിതത്വം ഇൻഡ്യയിൽ തകർക്കുന്നത് ആരാണെന്ന് കാണാൻ കഴിയും. അർഹതപ്പെട്ട റേഷൻ ലഭിക്കാതിരിക്കുമ്പോൾ ജീവൻ നിലനിർത്താൻവേണ്ടി ഭക്ഷ്യവസ്തുക്കൾക്കായി പൊതു കമ്പോളത്തിലേയ്ക്ക് ജനങ്ങൾ പോകുകയാണ്. ഈ കമ്പോളത്തിലാണ് വിലകയറ്റി കൊള്ളയടിക്കുന്നതിനുവേണ്ടിയുള്ള നയം ഈ രാജ്യത്ത് കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്നത്. പെട്രോളിന്റെ വിലക്കയറ്റത്തെപ്പറ്റി ഇവിടെ പറഞ്ഞു, ആരാണ് പെട്രോളിന്റെ വില കയറ്റുന്നതെന്ന് എല്ലാവർക്കും അറിയാം. റേഷൻ വെട്ടിക്കുറച്ചത് ആരാണെന്നറിയാം. അവധി വ്യാപാരം അനുവദിച്ചത് ആരാണെന്ന് അറിയാം. പഞ്ചസാര ലോബിക്കുവേണ്ടി കയറ്റുമതിചെയ്ത് വില വർദ്ധിപ്പിച്ചത് ആരാണെന്ന് അറിയാം. ഓഹരി കമ്പോളത്തിലേയ്ക്ക് ഭക്ഷ്യധാന്യങ്ങളെ വലിച്ചിഴച്ചത് ആരാണെന്നറിയാം. ഇതെല്ലാം രണ്ടാം യു.പി.എ. ഗവൺമെന്റാണ് ചെയ്തത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതുമാത്രമല്ല ഭക്ഷ്യസുരക്ഷിതത്വം ലഭിക്കേണ്ട പാവപ്പെട്ട കുടുംബങ്ങളുണ്ട്; ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ഇൻഡ്യയിൽ 6 കോടി 52 ലക്ഷം കുടുംബങ്ങളുണ്ടെന്നാണ് കണക്ക്. ഇപ്പോൾ പറയുന്നത് 5 കോടി 91 ലക്ഷമായി ചുരുങ്ങിയെന്നാണ്. രാജ്യത്ത് ദാരിദ്ര്യം കുറയുന്നുണ്ടുപോലും. ഈ കണക്കെടുക്കാൻ കാരണം ഇന്ത്യയിൽ മുതലാളിത്തം വളരുന്നുണ്ട്. ഉദാഹരണത്തിന് 9 കുത്തകകൾ, 53 ആയി വർദ്ധിച്ചു. ആ വളർച്ച വച്ചുകൊണ്ടാണ് രാജ്യത്ത് എല്ലാപേരേയും അളക്കാൻ സോണിയാഗാന്ധി തയ്യാറാകുന്നത്. എന്നാൽ ടെൻഡുൽക്കർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഗ്രാമീണ ദരിദ്രർ 46 ശതമാനമായും നഗര ദരിദ്രർ 26 ശതമാനമായും

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നുവെന്ന വസ്തുത പരസ്യമായിത്തന്നെ പറയുന്നുണ്ട്. ഈ വസ്തുതയാണ് ഇന്ത്യയിൽ സോണിയാഗാന്ധി മറച്ചുവയ്ക്കുന്നത്. അർജുൻസിംഗ് ഗുപ്തയുടെ റിപ്പോർട്ട് ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കണമെങ്കിൽ സബ്സിഡി നൽകാൻവേണ്ടി കേന്ദ്രം തുക നീക്കിവയ്ക്കുകയാണ് വേണ്ടത്. 2009-ൽ 52,459 കോടി രൂപയാണ് സബ്സിഡി നൽകാൻ കേന്ദ്ര ഗവൺമെന്റ് നീക്കിവച്ചത്. അത് മൊത്തം ജി.ഡി.പി.യുടെ 1.18 ശതമാനം വരും. പല രാജ്യങ്ങളും ഈ കാര്യത്തിന് 3 ശതമാനം വരെ നീക്കിവയ്ക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ ബഡ്ജറ്റോടുകൂടി ഈ ഭക്ഷ്യസബ്സിഡിയുടെ തുക കേന്ദ്രം വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. മുതലാളിമാർക്ക് നാല് ലക്ഷം കോടി രൂപയുടെ നികുതി ആനുകൂല്യം കേന്ദ്രം അനുവദിച്ചിട്ടുണ്ട്, കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് പ്രതിദിനം 700 കോടി രൂപയുടെ നികുതി ആനുകൂല്യം ഇന്ത്യ നൽകുന്നുണ്ടെന്നാണ് കണക്ക്. ഇത് അവസാനിപ്പിച്ച് പാവപ്പെട്ടവരെ സഹായിക്കാൻ ആവശ്യമായ നയം സ്വീകരിച്ചാലേ ഇന്ത്യയിൽ ഭക്ഷ്യസുരക്ഷിതത്വം ഉണ്ടാക്കാൻ കഴിയുകയുള്ളു. 2006-ലെ ദേശീയ ആരോഗ്യ സർവ്വേ പ്രകാരം ഇൻഡ്യയിൽ 46 ശതമാനം കുട്ടികൾ പോഷകാഹാരക്കുറവുള്ളവരാണ്. ആഫ്രിക്കയേക്കാൾ പോഷകാഹാരക്കുറവുള്ള രാജ്യം ഇന്ത്യയാണെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. 88 രാജ്യങ്ങളെ പരിശോധിച്ചപ്പോൾ വിശപ്പിൽ ഇൻഡ്യക്ക് 66-ാം സ്ഥാനമാണെന്ന് ഈ രാജ്യത്തെ കോൺഗ്രസ്സുകാർ മനസ്സിലാക്കണം. വിശപ്പ് വർദ്ധിപ്പിക്കുന്ന നയമാണ് കേന്ദ്രം ഇപ്പോൾ വീണ്ടും സ്വീകരിക്കുന്നത്. പാവപ്പെട്ടവർ എങ്ങനെയാണ് ജീവിക്കുക? ഉദാഹരണത്തിന് പെട്രോളിന്റെ വിലക്കയറ്റം ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇന്ത്യൻ പ്രധാനമന്ത്രി പറയുന്നത് ഇത് ഈ രാജ്യത്തിന് ആവശ്യമാണെന്നാണ്. ഇങ്ങനെയൊരു പ്രധാനമന്ത്രിയെ നമ്മളാരും കണ്ടിട്ടില്ല. ഇതെന്ത് പ്രധാനമന്ത്രിയെന്നാണ് ആളുകൾ ചോദിക്കുന്നത്. പെട്രോൾ ഇറക്കുമതി ചെയ്തത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഇവിടെ ഇറക്കുമതി ചെയ്യുന്നത് ക്രൂഡോയിൽ ആണ്. ഒരു കൊല്ലം കൊണ്ട് 1 ലിറ്റർ ക്രൂഡോയിലിന്റെ മേൽ കയറിയത് 70 പൈസയാണെന്ന കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. പെട്രോളിന് കയറിയ വില ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. പെട്രോളിന് 6.80-ഉം ഡീസലിന് 4.45 -ഉം കൂടി. ഇപ്പോൾ പറയുന്നത് എണ്ണക്കമ്പനികൾ നഷ്ടത്തിലാണെന്നാണ്. പക്ഷേ എണ്ണക്കമ്പനികൾ നഷ്ടത്തിലല്ല. 2008-09 വർഷം രണ്ട് കോടി എൺപത്തിയഞ്ച് ലക്ഷത്തി മുന്നൂറ്റിമുപ്പത്തിയേഴ് രൂപയ്ക്ക് വിറ്റുവരവുണ്ടാക്കിയ കമ്പനി 2,950 കോടി രൂപയുടെ ലാഭമുണ്ടാക്കിയെന്ന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. 2010-ൽ ഐ.ഒ.സി.യുടെ ലാഭം 10,998 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റിന് ലാഭവിഹിതമായി 2009-ൽ 910 കോടി രൂപ ഐ.ഒ.സി. നൽകിയിട്ടുണ്ട്. 2010-ൽ 3000 കോടി രൂപ ലാഭവിഹിതമായി നൽകാൻ കഴിയുമെന്ന് ഐ.ഒ.സി. പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഐ.ഒ.സി.യാണ് രാജീവ് ഗാന്ധിയുടെ ഒരു പദ്ധതിയുടെ പേരിൽ കടം വാങ്ങാൻവേണ്ടി ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇവിടെ ക്രൂഡോയിൽ ഇറക്കുമതി ചെയ്തിട്ടാണ് ലാഭമുണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ക്രൂഡോയിൽ ഇറക്കുമതി ചെയ്യുന്ന സന്ദർഭത്തിൽ വിലകയറിയെന്ന് പറഞ്ഞു. ഈ ക്രൂഡോയിൽ ഇവിടെ സംസ്ക്കരിച്ചിട്ട് വിദേശരാജ്യങ്ങൾക്ക് എണ്ണ കയറ്റുമതി ചെയ്യുന്നുണ്ട്. ഇന്ത്യയിൽ കൊണ്ടുവന്ന് സംസ്ക്കരിക്കുന്ന ഈ ക്രൂഡോയിൽ സംസ്ക്കരിച്ച് എണ്ണയാക്കി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുമ്പോൾ ആ രാജ്യങ്ങളിൽ ഇതിന്റെ പകുതി വിലയ്ക്ക് പെട്രോൾ വിൽക്കുന്നുണ്ട് എന്നതാണ് ഏറ്റവും വലിയ രസകരമായ വസ്തുത. ഒരു ബാരൽ ക്രൂഡോയിലിന് 159 ലിറ്ററാണ് വരിക. ഒരു ലിറ്റർ ക്രൂഡോയിലിന് 70 പൈസയാണ് കൂടിയത്. അതുപ്രകാരം ഒരു ബാരൽ ക്രൂഡോയിലിന് 112 രൂപയോളം കൂടും. ഒരു ബാരൽ ക്രൂഡോയിൽ സംസ്ക്കരിച്ചാൽ 86 ലിറ്റർ പെട്രോൾ കിട്ടും. ഒരു ലിറ്റർ പെട്രോളിനു 6 രൂപ കൂട്ടി. ഇതുപ്രകാരം 516 രൂപ കിട്ടും. 112 രൂപയുടെ ആവശ്യകത വരുമ്പോൾ വില കൂട്ടി 516 രൂപ അധികം ഈടാക്കുന്ന നയമാണ് വിലക്കയറ്റം സൃഷ്ടിച്ചത്. ഈ ക്രൂഡോയിൽ സംസ്ക്കരിച്ചാൽ 30-ൽപ്പരം ഉൽപ്പന്നങ്ങൾ കിട്ടും. 86 ലിറ്റർ പെട്രോൾ കിട്ടും, 25 ലിറ്റർ ഡീസൽ കിട്ടും. 21 ലിറ്റർ വിമാന ഇന്ധനം കിട്ടും. 9 ലിറ്റർ സ്റ്റിൽ ഗ്യാസ് കിട്ടും. 9 ലിറ്റർ പെട്രോളിയം കോക്ക് കിട്ടും. 6 ലിറ്റർ ഫ്യൂവൽ ഓയിൽ കിട്ടും. 5 ലിറ്റർ ദ്രവ്യവാതകം കിട്ടും. 3 ലിറ്റർ അസാൾട്ട് എന്നുപറയുന്ന വാതകം കിട്ടും. ഒന്നര ലിറ്റർ ലൂബ്രിക്കേറ്റഡ് ഓയിൽ കിട്ടും. 20 ലിറ്റർ മറ്റുൽപ്പന്നങ്ങളായി വരും. ഇതിൽനിന്നാണ് ബെൻസീലും നാഫ്തയും പോലുള്ള 18 ഇനങ്ങൾ വ്യാവസായിക ഉൽപ്പന്നങ്ങളായി തെരഞ്ഞെടുത്ത് വിൽക്കുന്നത്. ഇതിൽ ലാഭമുണ്ട്. ഇതൊക്കെ മറച്ചുവച്ചു കൊണ്ടാണ് പെട്രോളിന് ലോകമാകെ വിലകയറിയെന്ന് പറയുന്നത്. ഈ കള്ളപ്രചാരണം സംഘടിപ്പിച്ചിട്ട് കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യസുരക്ഷിതത്വം തകർക്കുകയാണ് ചെയ്യുന്നത്. ഈ വിലക്കയറ്റം കേന്ദ്രം സൃഷ്ടിക്കുമ്പോഴാണ് കേരളം വില പിടിച്ചുനിർത്തി പട്ടിണിമരണം ഒഴിവാക്കി പാവപ്പെട്ടവന്റെ താൽപ്പര്യം സംരക്ഷിച്ച്, ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കിയത്. ഉദാഹരണത്തിന് 1992-ലെ വിലയ്ക്ക് കേരളം പൊതുവിതരണത്തിലൂടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നുവെന്നതാണ് കേരളത്തിലെ പ്രത്യേകത. ഞാൻ കേരള നിയമസഭയിലെ 1992-കാലത്തെ ഒരു പ്രസംഗം എടുത്തുനോക്കി. ആ പ്രസംഗത്തിൽ ഒരാൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്, കേരളത്തിൽ ഒരു കിലോ മുളകിന്റെ വില 45 രൂപയായി ഉയർന്നില്ലേയെന്നാണ് അന്ന് അദ്ദേഹം പ്രസംഗിച്ചത്. ഇത് 1992-ലെ വിലയാണ്. മാവേലി സ്റ്റോറുകളിൽ അന്വേഷിച്ചുനോക്കിയാൽ ഇപ്പോഴും മുളകിന്റെ വില 45 രൂപയാണെന്ന് കാണാൻ സാധിക്കും. എന്നുപറഞ്ഞാൽ 18 വർഷക്കാലമായി വില കയറാത്ത സംസ്ഥാനമാണ് കേരളം എന്ന് പൊതുവിതരണത്തിലൂടെ തെളിയിക്കപ്പെടുകയാണ്. അന്ന് ജീരകത്തിന് 100 രൂപയായിരുന്നു. ഇപ്പോൾ 96 രൂപയാണ്. അന്ന് കടലയ്ക്ക് 31 രൂപയാണ്. ഇപ്പോൾ 27 രൂപയാണ്. എല്ലാ ഉൽപ്പന്നങ്ങൾക്കും വില കുറഞ്ഞ ഇന്ത്യയിലെ സംസ്ഥാനം കേരളമാണെന്ന് കാണാൻസാധിക്കും. അതുമാത്രമല്ല, ഇന്ന് ഈ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സന്ദർഭത്തിലാണ് സ്വാഭാവികമായിട്ടും രാജ്യത്ത് പ്രതിസന്ധി മൂർച്ഛിപ്പിക്കുന്ന രൂപത്തിൽ കാർഷികപ്രതിസന്ധി മൂർച്ഛിക്കുന്നത്. ഈ പ്രതിസന്ധി മൂർച്ഛിക്കുമ്പോൾ കേരളം കമ്പോളത്തിൽനിന്നും ശേഖരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാണ് ഭക്ഷ്യവസ്തുക്കൾ സംഘടിപ്പിക്കുന്നത്. അത് കിട്ടാതാകുന്ന അവസ്ഥ യാണ് വരാൻ പോകുന്നത്. ഭക്ഷ്യസുരക്ഷ രാജ്യത്തിന്റെ പ്രധാന വിഷയമായി നേരിടുമ്പോൾ രാജ്യത്തിന്റെ കാർഷിക വളർച്ച 2010-ൽ 0.2% ആയി താഴ്ന്നു വെന്ന ദയനീയമായ അവസ്ഥയാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത്തരത്തിലുള്ള കാർഷികത്തകർച്ച ഇതുവരെ ഉണ്ടായിട്ടില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് പറയുന്നത് സാമ്പത്തികവളർച്ച നേടി, അത് 8.6 ശതമാനം ഉയർന്നില്ലേയെന്നാണ് ഈ വസ്തുത ശരിയാണ്. ഏതുരംഗത്താണ് സാമ്പത്തി കവളർച്ചയുള്ളത് ? ഖനനം 10.6%, റിയൽ എസ്റ്റേറ്റ് 9.7%, ഹോട്ടൽ വ്യവസായം 9.3%, ഈ രംഗത്താണ് വളർച്ചയുള്ളത്. ഈ രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കണമെങ്കിൽ അരിയുൽപ്പാദനത്തിലും ഗോതമ്പുൽപ്പാദന ത്തിലും പരുത്തിയുൽപ്പാദനത്തിലും പഞ്ചസാരയുൽപ്പാദനത്തിലും ഭക്ഷ്യഎണ്ണ യുടെ ഉൽപ്പാദനത്തിലുമാണ് വളർച്ചയുണ്ടാകേണ്ടത്. ഇക്കാര്യങ്ങളിൽ എവിടെയെങ്കിലും കേന്ദ്രം മുന്നോട്ടുപോയോ? പുറകോട്ടുപോയിയെന്നുമാത്രമല്ല, ഭക്ഷ്യ എണ്ണ 50% കുറവാണ് ഈ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്നത്. അരിയുടെയും ഗോതമ്പിന്റെയും പരുത്തിയുടെ കാര്യത്തിൽ പുറകോട്ടുപോയി. ഇതെല്ലാം വരാൻപോകുന്ന അപകടത്തിന്റെ മുന്നറിയിപ്പാണ്. പ്രസ്തുത സാധനങ്ങൾ നൂറ് ശതമാനം ഉൽപ്പാദിപ്പിച്ച രാജ്യത്താണ് ഇപ്പോൾ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളം നേരിടാൻപോകുന്ന പ്രധാനപ്പെട്ട വെല്ലുവിളി ഇന്ന് ഇടതുപക്ഷജനാധിപത്യമുന്നണി ആവിഷ്ക്കരിച്ച നയങ്ങൾ എത്ര ആത്മാർത്ഥയോടുകൂടി പ്രവർത്തിച്ചാലും കേന്ദ്രം സൃഷ്ടിക്കുന്ന പ്രതിസന്ധിയാണ് പ്രധാനം. ഈ പ്രതിസന്ധിയെ മറികടക്കാൻവേണ്ടി ഇപ്പോൾ കേന്ദ്രം നിർദ്ദേശിക്കുന്നത് സ്വാഭാവികമായിട്ടും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണമെന്നാണ്. അതിന് ജി.എം. വിളകളെ ക്ഷണിക്കുകയാണ് ചെയ്യുന്നത്. കോർപ്പറേറ്റ് കൃഷിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാമെന്ന കാര്യമാണ് കോൺഗ്രസ്സുകാർ പ്രചരിപ്പിക്കുന്നത്. ഒരു കാര്യം നിങ്ങൾ മനസ്സി ലാക്കണം. കോർപ്പറേറ്റ് കൃഷിയിലൂടെ കൃഷിയുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴി യും. പക്ഷേ 70% കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്നത് അവർക്ക് ജീവിക്കാൻവേ ണ്ടിയാണ്. അങ്ങനെ ജീവിക്കാൻ കഴിയാത്ത രൂപത്തിലാണ് ഉൽപ്പാദനച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ ഭാരംകൂടി ഏറ്റെടുക്കേണ്ടിവന്നുകഴി ഞ്ഞാൽ ഈ രാജ്യത്ത് പട്ടിണിയാകും. ഇപ്പോൾ കോൺഗ്രസ്സുകാർ പറയുന്ന മുദ്രാവാക്യം നിങ്ങൾ കേട്ടിട്ടുണ്ടാകും. 2015-ഓടുകൂടി ദാരിദ്ര്യം ഇല്ലാതാക്കും, പോഷകാഹാരക്കുറവ് പരിഹരിക്കുമെന്നാണ്. 2015-വരെ ഈ രാജ്യത്തെ ജനങ്ങൾ നിൽക്കണ്ടേ? നിങ്ങളുടെ ഭക്ഷ്യനയത്തിലൂടെ നിങ്ങൾ ദരിദ്രരെ കൊന്നൊടുക്കും. അങ്ങനെയാണ് ദാരിദ്ര്യം ഇല്ലാതാക്കാൻപോകുന്നതെന്ന് ഇപ്പോൾ കാണാൻ സാധിക്കും. 2015 ആകുമ്പോഴേയ്ക്കും ഈ രാജ്യത്തെ ജനങ്ങൾക്കാർക്കും നിൽക്കാൻ കഴിയില്ല. ഉദാഹരണത്തിന് 1991-ൽ മൊത്തം ആത്മഹത്യയുടെ കണക്ക് ഇന്ത്യാ ഗവൺമെന്റിന്റെ കയ്യിലുണ്ട്. അതിൽ 20 ശതമാനം കർഷകരായിരുന്നുവെന്നാണ് അന്നത്തെ കണക്ക്. 1991-ൽ മൊത്തം ആത്മഹത്യ ചെയ്തത് 20 ശതമാനം കൃഷിക്കാർ. 2001-ലെ കണക്ക് വന്നു. അതിൽ പറയുന്നത് മൊത്തം ആത്മഹത്യ ചെയ്തവരിൽ 42 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർ ആയി മാറിയെന്നാണ്. ഇതാണ് രാജ്യത്തിന്റെ അവസ്ഥ. കൃഷിക്കാർ ഇങ്ങനെ ആത്മഹത്യ ചെയ്ത് തീരും. പാവപ്പെട്ടവർ ഇങ്ങനെ ആത്മഹത്യ ചെയ്ത് തീരും, പട്ടിണി കിടന്ന് തീരും. അതാണ് നിങ്ങളുടെ പട്ടിണി പരിഹരിക്കാനുള്ള മാർഗ്ഗം, അല്ലാതെ ജനങ്ങളെ രക്ഷിക്കാൻവേണ്ടിയല്ല. എന്നാൽ ഇതിനുപകരമായി ഇപ്പോൾ കൊണ്ടുവരുന്ന നയം, കരാർ കൃഷി, പാട്ടക്കൃഷി കോർപ്പറേറ്റ് കൃഷി ഇവയാണ്. ഈ നയത്തിന്റെ ഫലമായി രാജ്യം രക്ഷപ്പെടാൻ പോകുന്നില്ല അങ്ങനെ വരുന്ന സന്ദർഭത്തിൽ സ്വാഭാവികമായിട്ടും കാർഷികരംഗത്തേയ്ക്ക് ജനങ്ങളെ സംരക്ഷിക്കുന്ന നയമുണ്ടാകണം. ആ നയം ഉണ്ടായാലേ നമുക്ക് ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയൂ. പക്ഷേ ഇപ്പോൾ റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിൽ പറയുന്നത് ഇന്ത്യയുടെ ദേശസാൽകൃത ബാങ്കിൽനിന്നും ഏറ്റവും കൂടുതൽ വായ്പ വാങ്ങിയത് അംബാനിമാരെപ്പോലുള്ള പ്രധാനപ്പെട്ട കുത്തകകളാണെന്നാണ്. അവരാണ് കാർഷിക വായ്പ തട്ടിച്ചെടുക്കുന്നത്. 1999-നും 2001-നും ഇടയിൽ 80 ലക്ഷം കൃഷിക്കാർ കാർഷികവൃത്തി ഉപേക്ഷിച്ചെന്ന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. ഇവന് കടമില്ല, ഇവന് വിലയില്ല, ഇവന് വില കുറച്ച് ഭക്ഷ്യവസ്തുക്കളുമില്ല എന്നാണ്. ഭക്ഷ്യസുരക്ഷിതത്വം രാജ്യത്ത് തകർന്ന അവസ്ഥ കാണാൻ സാധിക്കും. 'ഗരീബീ ഹഠാവോ' പറഞ്ഞുകൊണ്ടാണ് കോൺഗ്രസ്സുകാർ രാജ്യത്തെ ജനങ്ങളെ പറ്റിച്ചത്. 2015-ഓടുകൂടി ദാരിദ്ര്യം നീങ്ങുമെന്ന രൂപത്തിലാണ് ഇപ്പോൾ പ്രചരിപ്പിക്കുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ പറയാൻ പോകുന്ന കാര്യമെന്താണ്? ഇപ്പോൾ റേഷൻകാർഡ് ആവശ്യപ്പെടുന്ന സമിതി ഇവിടെ യു.ഡി .എഫ്.കാർ ഉന്നയിച്ചു. റേഷൻ കാർഡ് ഇല്ലാതാക്കിയിട്ട് കൂപ്പൺ ഉണ്ടാക്കാൻ വേണ്ടിയാണ് സോണിയാഗാന്ധി ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യു.എ.ഡി) റിപ്പോർട്ട് വച്ചിട്ടുണ്ട്. അതിന്റെ ചെയർമാൻ പരുഷമായി പറഞ്ഞു, ഇതോടുകൂടി ഈ റേഷൻകാർഡ് ഇല്ലാതാകണമെന്നാണ് ആഗ്രഹം. ഇങ്ങനെ വന്നുകഴിഞ്ഞാൽ റേഷൻ കാർഡ് ഇല്ലെങ്കിൽ റേഷൻഷോപ്പ് ഇല്ല. കേരളത്തിൽ 14,600 റേഷൻ ഷോപ്പുണ്ട്. അതെല്ലാം പൂട്ടിക്കും. 15,000 കുടുംബങ്ങളെ വീണ്ടും നിങ്ങൾ പട്ടിണിയിലേയ്ക്ക് തള്ളിവിടും. ഇതാണ് നിങ്ങളുടെ പട്ടിണി പരിഹരിക്കാനുള്ള നയം. വാദ്ധ്വാ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് സോണിയാഗാന്ധി പ്രഖ്യാപിച്ചു. അതായത് റേഷൻ കാർഡ് ഇല്ല. ഇനി ഭക്ഷ്യകൂപ്പൺ ആണ്. ഈ കൂപ്പൺ ഉപയോഗിച്ച് ഇഷ്ടമുള്ള കടകളിൽ പോയി സാധനം വാങ്ങാനാണ് പറയുന്നത്. ആ കടകളുടെ കുത്തകാധിപത്യം റിലയൻസുകാരന്റെ പേരിൽ ബിഗ്ബസാർകാരന്റെ കയ്യിലേയ്ക്ക് വരും. അങ്ങനെ വരുമ്പോൾ അവൻ ഈ സാധനം കൊടുക്കില്ല. ജനങ്ങളെ അവൻ വീണ്ടും പറ്റിക്കുന്ന അവസ്ഥയുണ്ടാകും. രാജ്യത്തെ ജനങ്ങൾക്ക് പ്രാഥമികമായി ഉറപ്പാക്കേണ്ട ഭക്ഷണം പോലും 63 വർഷം കഴിഞ്ഞിട്ടും കൊടുക്കാൻ കഴിയാത്തവരാണ് രാജ്യം ഭരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻവേണ്ടിയാണ് അവർ ഇപ്പോൾ മുദ്രാവാക്യം മുഴക്കുന്നത്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കണമെങ്കിൽ എന്റെ സഹപ്രവർത്തകർ ഇവിടെ പറഞ്ഞതുപോലെ വിത്തു

LIBRARY ARCHIVES Kerala Legislative Assembly

വേണം, വെള്ളം വേണം, വളം വേണം, യന്ത്രം വേണം, ഊർജ്ജം വേണം, കീടനാശിനി വേണം, വായ്പ വേണം തൊഴിലാളി വേണം ഈ കാര്യങ്ങളു ണ്ടെങ്കിലേ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻപറ്റൂ. ഒരൊറ്റകാര്യത്തിലെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നയം സ്വീകരിച്ചിട്ടുണ്ടോ? എന്നാൽ ഈ കേരളത്തിൽ ഇടതുപക്ഷ മുന്നണി നിരവധി മാറ്റങ്ങൾ ഉണ്ടാക്കി. നെല്ലിൽ വർദ്ധനവുണ്ടായി. തേങ്ങയിൽ വർദ്ധനവുണ്ടായി, മുട്ടയിൽ വർദ്ധനവുണ്ടായി, പച്ചക്കറിയിൽ വർദ്ധനവുണ്ടായി. ഈ ഗവൺമെന്റ് ആവിഷ്കരിച്ച നയത്തിന്റെ ഫലമായിട്ടാണ് ഈ വർഷത്തെ നാളികേര ഉത്പാദനത്തിൽ വർദ്ധനവുണ്ടായത്. കാരണം മൂന്ന് വർഷം മുൻപ് തുടങ്ങിയാലെ നാലാമത്തെ വർഷം തേങ്ങ കിട്ടൂ. നാളികേരത്തിന്റെ കാര്യത്തിൽ 6935-ൽ നിന്നും 7384 ആയി കേരള ത്തിലെ നാളികേരം വർദ്ധിച്ചു. നെല്ലുൽപാദനം 5.28 ലക്ഷം ടണ്ണിൽനിന്നും 5.89 ലക്ഷം ടണ്ണായി ഉയർന്നു. കാർഷിക വളർച്ചയിൽ 0.2 ശതമാനമായി ഇൻഡ്യ തകരുമ്പോൾ കേരളത്തിൽ 2.8 ശതമാനമായി വർദ്ധിച്ചു. മരച്ചീനി ഇന്ന് കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. ഇതാണ് കാർഷിക രംഗത്ത് ഭക്ഷ്യ സുരക്ഷിതത്വത്തിൽ കേരളം സ്വീകരിച്ചത്. അതുമാത്രമല്ല കേരളം ജൈവ കൃഷി സ്വീകരിച്ചു. കാരണം ഭക്ഷ്യസുരക്ഷിതത്വത്തോടൊപ്പം ആരോ ഗ്യ സംരക്ഷണവുമുണ്ട്. ഇൻഡ്യയിലാദ്യമായി ആരോഗ്യ സംരക്ഷണം ഉറപ്പാ ക്കിയ സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുന്നു. ഉത്പന്നത്തിലെ മായം തടയുന്നതിനാവശ്യമായ നടപടികൾ കേരളം സ്വീകരിച്ചു. കേരളത്തിലെ കാർഷിക രംഗത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഒത്താശയോടുകൂടി അടിച്ചു കയറ്റുന്ന മാരകമായ കീടനാശിനികളുണ്ട്. ആ കീടനാശിനികളെ നമുക്ക് പ്രതിരോധിക്കാൻ കഴിയണം. ചിലത് നിരോധിക്കാൻ കഴിയണം. കേരളത്തിൽ ചില കീടനാശിനികൾ നിരോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ലോകത്ത നിരോധിച്ച പല കീടനാശിനികളും പുതിയ പേരിൽ കേരളത്തിൽ വിറ്റഴിക്കുന്നുണ്ട്. സുരക്ഷിതത്വവും ആരോഗ്യ സംരക്ഷണവും ഇവിടെ നടപ്പാക്കാൻ കഴിയണം. എൻഡോസൾഫാൻ മാത്രമാണ് നിരോധിച്ചത്. വിവിധ പേരിൽ കൊടും വിഷംതന്നെ വിറ്റഴിക്കുന്ന അവസ്ഥ നമുക്ക് കാണാൻ സാധിക്കും. വിഷത്തിൽ മുക്കിയെടുത്ത ഉത്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നുണ്ട്. ഇതിനെപ്പറ്റിയും നമുക്ക് പരിശോധിക്കാൻ കഴിയണം. അതോടൊപ്പംതന്നെ മൃസംരക്ഷണ രംഗത്ത് കേരളത്തിൽ വലിയ മാറ്റമുണ്ടായി പാലിന് കർഷകന് വില കിട്ടുന്ന നയം കേരളത്തിൽ നടപ്പാക്കി. പാലുൽപ്പാദകന് ഇൻഷുറൻസ് പരിരക്ഷയും നടപ്പാക്കി. ഹേലി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം. 58 നിർദ്ദേശ ങ്ങളാണ് ഹേലി വച്ചത്. പകുതി വിലയ്ക്ക് പശുവിനെ നൽകുന്നതിലും കേന്ദ്രം അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. 230 കോടി രൂപയുടെ 24 പദ്ധതികളാണ് കേന്ദ്രത്തിന് മുൻപിൽ സമർപ്പിച്ചത്. ഒരൊറ്റ പദ്ധതിപോലും കേന്ദ്രം അംഗീകരിച്ചില്ല. എന്നിട്ട് പറയുന്നത് ഇവിടെ എല്ലാം കേന്ദ്രം തന്നുവെ ന്നാണ്. പാലുത്പാദക പെൻഷൻ സൊസൈറ്റിയിൽ പാൽ കൊടുക്കാത്ത ഉൽപ്പാദകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്ക്കരിക്കാൻ തയ്യാറാകണം. പ്രത്യേകിച്ച് വിഹിതമുണ്ടായാലും തരക്കേടില്ല. സൊസൈറ്റിയിൽ പാല് കൊടുക്കാത്തവർക്കും പെൻഷൻ കൊടുക്കുന്ന സംവിധാനമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് കെട്ടിട നിർമ്മാണ തൊഴിലാളിക്കും അവരുടെ ക്ഷേമനിധിയിൽ അംഗത്വമുണ്ട്. കർഷകത്തൊഴിലാളിക്ക് ക്ഷേമനിധിയിൽ അംഗത്വമുണ്ട്. ഇപ്പോൾ പാലുത്പാദകന് പാൽ സൊസൈറ്റിയിൽ പണം അടച്ചാൽ മാത്രമാണ് അംഗത്വമുള്ളത്. ആ നയം മാറ്റണം. പ്രത്യേക വിഹിതം നിശ്ചയിച്ചാലും അവർക്ക് അംഗത്വം നൽകാൻ കഴിയണം. അവർക്ക് അംഗത്വം നൽകിയാൽ മാത്രമേ കേരളത്തിലെ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കൂ. ആ ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടി കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ ഈ നയത്തെ ഇകഴ്ത്തികാണിക്കാൻ വേണ്ടി ഒട്ടേറെ വെല്ലുവിളികൾ വരുന്നുണ്ട്. ഇവിടെ പറഞ്ഞു, വിശ്വാസമാണ് വളരെ പ്രധാനം. വിശ്വാസികൾക്കേ വോട്ടുകൊടുക്കാൻ പാടുള്ളൂ. അവിശ്വാസി കൾക്ക് വോട്ട് കൊടുക്കാൻ പാടില്ല എന്ന്. ഏതാണ് വിശ്വാസം? ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന്റെ 100-ാം വർഷം ആഘോഷിക്കുന്ന കാലഘട്ടമാണിത്. അൻപതാം വയസ്സിലാണ് ഡാർവിൻ അദ്ദേഹത്തിന്റെ പരിണാമ സിദ്ധാന്തമെഴുതിയത്. ആ പരിണാമ സിദ്ധാന്തം ലോകം അംഗീകരിക്കുമ്പോൾ ലോകത്തെ ഏറ്റവും വലിയ തിരുമേനി, അതായത് പോപ്പ് തിരുമേനി പറഞ്ഞു ഈ സിദ്ധാന്തം പഠിക്കാൻ പാടില്ല ഇത് മനുഷ്യന് നിഷിദ്ധമാണ്. അതുമാത്രമല്ല, ദൈവീക നിഷേധമാണ്. മനുഷ്യൻ ഉണ്ടായത് ഇങ്ങനെയല്ല എന്ന്. പക്ഷേ ഈ കഴിഞ്ഞ വർഷം പോപ്പ് പറഞ്ഞു. ഞങ്ങൾക്ക് തെറ്റുപറ്റി. ഡാർവിന്റെ പരിണാമ സിദ്ധാന്തം ശരിയാണ്. ആദത്തിന്റെയും ഹവ്വയുടെയും വാരിയെല്ലിൽ നിന്നല്ല മനുഷ്യൻ ഉണ്ടായത്; കുരങ്ങിൽ നിന്നുള്ള പരിവർത്തനമാണെന്ന് കണ്ടെത്തി. ശാസ്ത്രം വളരുമ്പോൾ അന്ധ വിശ്വാസങ്ങൾ തകരും. ശാസ്ത്രീയ വിശ്വാസങ്ങൾ അതിജീവിക്കും. അങ്ങനെ വരുമ്പോൾ ഏതാണ് വിശ്വാസം ഏതാണ് അവിശ്വാസം എന്ന് വിശ്വാസികളായ ഇടയലേഖനക്കാർ പ്രഖ്യാപിക്കാൻ തയ്യാറാകണം. ഇന്നലെവരെ ജനങ്ങളെ അന്ധ വിശ്വാസത്തിന്റെ മറവിൽ കബളിപ്പിച്ചവരാണ് അവർ. ആ സത്യം തുറന്നു പറയാൻ അവർ തയ്യാറാകണം. ആ പരിണാമ സിദ്ധാന്തത്തിന്റെ പേരിൽ ലോകത്തോട് മാപ്പ് ചോദിച്ചതുപോലെ നാളെ ഇവർ ഇന്ന് ഇറക്കിയ ഇടയലേഖനത്തിനു വേണ്ടി കേരളത്തിന് മുൻപിൽ മാപ്പു പറയേണ്ടി വരും. അതിനുള്ള പശ്ചാത്തലം ഇവിടെ സൃഷ്ടിക്കപ്പെടുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം വില വർദ്ധനവും സാധാരണ ജനങ്ങൾക്ക് ജീവിത പ്രയാസവുമുണ്ടാക്കിയ ഒരു കാലഘട്ടമുണ്ടായിട്ടില്ല. അത്രമാത്രം പ്രയാസം ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല, ഞാൻ ഒരു കാര്യം ആദ്യമേ പറയട്ടെ. ഞാൻ ഇത് മുൻപും ഒരവസരത്തിൽ ചൂണ്ടിക്കാണിച്ചതും ബഹുമാനപ്പെട്ട മന്ത്രി അന്നൊക്കെ അനുകൂലമായി പറഞ്ഞതുമാണ്. കേരളത്തിൽ എന്റെ പ്രദേശം പ്രത്യേകിച്ച് ആദിവാസികൾ ധാരാളമുള്ള ഒരു സ്ഥലമാണ്. 12000-ഓളം ആദിവാസികളുണ്ട്. അവരെല്ലാം മലകളിലും കാടുകളിലും ഗുഹകളിലുമൊക്കെ താമസിക്കുന്നവരാണ്. വീടു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താലും ചിലർ താമസിക്കില്ല. അത്തരക്കാർ പലരും ഇന്ന് എ.പി.എൽ. ആണ്. പല പ്രാവശ്യം പറഞ്ഞു എന്നാലും അവരെ ബി.പി.എൽ. ആക്കുന്നില്ല. കേരളത്തിലെ മുഴുവൻ ആദിവാസികളെയും ബി.പി.എൽ. ആയി പരിഗണിച്ച് അവർക്ക് അടിയന്തരമായി റേഷൻ കാർഡ് കൊടുക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് ഞാൻ ആമുഖമായി പറയുന്നു. നിശ്ചിത വരുമാനക്കാരും സാധാരണക്കാരുമായ ആളുകളെയാണ് ഇന്ന് വില വർദ്ധനവ് ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്. ഇവിടെ എല്ലാവരും പറഞ്ഞു, അങ്ങും പറഞ്ഞു, കേന്ദ്രം തരണമെന്ന്. കേരള സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ഒരു മുഖ്യമന്ത്രിയായിരുന്നു ഇ.എം.എസ്. നമ്പൂതിരിപ്പാട്. പണ്ട് അദ്ദേഹം ബദൽ രേഖ വരെ പ്ലാനിംഗ് കമ്മീഷനിൽ അംഗീകരിച്ച ആളാണ്. അദ്ദേഹത്തിന്റെ കാലത്ത്, 1968-ൽ വലിയ ഭക്ഷ്യക്ഷാമമുണ്ടായ കാലത്ത് ഇന്നിരിപ്പിലാവ ഇവിടെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 1968 നവംബർ മാസം 1-ാം തീയതി ഈ നിയമസഭ ഐക്യകണ്ഠേന അംഗീകരിച്ച ഒരു പ്രമേയമുണ്ട്. ആ പ്രമേയം ഇന്ന് നിങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ടി. കെ. രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയമാണ്. ആ പ്രമേയം 'കേന്ദ്ര ഗവൺമെന്റ് കേരളത്തിന് വാഗ്ദാനം ചെയ്ത അരി കൃത്യമായി തരുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നോ പുറം രാജ്യങ്ങളിൽനിന്നോ നേരിട്ട് അരി വാങ്ങാൻ കേരള ഗവൺമെന്റിന് അനുമതി നൽകണമെന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.' എന്നാണ്. സബ്സിഡിയല്ല ചോദിച്ചത്. കൊട്ട തരാൻ കഴിയുന്നില്ലെങ്കിൽ അയൽ സംസ്ഥാനത്തുനിന്ന് അതല്ലെങ്കിൽ വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാൻ അവകാശം വേണം എന്ന് ഈ സഭ ഐക്യകണ്ഠേന ആവശ്യപ്പെട്ടു. നിങ്ങൾ ഇന്ന് അതിന് തയ്യാറുണ്ടോ? എന്തുകൊണ്ട് നിങ്ങൾ തയ്യാറാകുന്നില്ല? ഇ.എം.എസ്-ന്റെ കാലത്ത് ഈ സഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം നടപ്പാക്കാൻ തയ്യാറുണ്ടോ? ആന്ധ്രയിൽനിന്ന് വാങ്ങിയാൽ എന്താണ് ? പഞ്ചാബിൽ നിന്ന് വാങ്ങിയാൽ എന്താണ് ? ബംഗാളിൽ നിന്ന് വാങ്ങിയാൽ എന്താണ് ? അതല്ലേ നിയമസഭ പാസ്സാക്കിയത്? അതിന് നിങ്ങൾ തയ്യാറുണ്ടോ? നിങ്ങൾ വിദേശത്തുനിന്ന് കുറച്ച് സാധനം ഇറക്കുമതി ചെയ്തല്ലോ, അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. സിവിൽ സപ്ലൈസിന്റെ ഗുണങ്ങളാണല്ലോ ഇവിടെ പറഞ്ഞത്. ഇറക്കുമതി ചെയ്ത 73000 കിലോ ചെറുപയർ ഉപയോഗശൂന്യമായി കാലിത്തീറ്റ ഉണ്ടാക്കാൻ നൽകേണ്ടി വന്നു. ആരാണ് ഇറക്കുമതി ചെയ്തത് ? സിവിൽ സപ്ലൈസ് കോർപ്പറേഷൻ തന്നെ. ഇവിടെ അതിനെപ്പറ്റി പലരും പ്രസംഗിച്ചല്ലോ അതുമൂലം 65 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായത്. അതിന്റെ ക്വാളിറ്റി വളരെ മോശമായിരുന്നു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ പ്രമേയം നടപ്പാക്കാൻ തയ്യാറുണ്ടോ? നിങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ നോക്കൂ, ഇവിടെ എന്താണ് അങ്ങുതന്നെ പറഞ്ഞത് ? ഇവിടെ എന്ത് വില വർദ്ധനവാണ് ? ഹോൾ സെയ്ലേഴ്സിന്റെ ഉദ്ഘാടനത്തിനുപോയപ്പോൾ അങ്ങ് നടത്തിയ പ്രസംഗത്തിൽ അങ്ങ് പറഞ്ഞത് എന്താണെന്നോ, 'അരി വില

LIBRARY ARCHIVES Kerala Legislative Assembly

കൂടിയാലും ആളുകൾക്ക് പ്രയാസമില്ല. മന്ത്രി ദിവാകരൻ'. അങ്ങ് എന്താ പറഞ്ഞത് 'അരി വില ഒന്നോ രണ്ടോ രൂപ കൂടിയാലും ആളുകൾക്ക് പ്രയാസമില്ല. അവരുടെ കൈയിൽ പണമുണ്ട്. ഭക്ഷണസാധനങ്ങൾക്ക് വിലക്ക യറ്റമുണ്ടെന്ന് പത്രങ്ങൾ വെറുതേ എഴുതുന്നതാണ്. എന്ന് ശ്രീ. സി. ദിവാക രൻ ഓൾ കേരളാ റേഷൻ ഹോൾസെയിൽ ഡീലേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗത്തിൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ടു പറഞ്ഞതാണ്. എന്നുമാത്രമല്ല, ഒന്നുകൂടി പറഞ്ഞു' 'വിലകൂടിയാലും നല്ല ഭക്ഷണം കിട്ടും. ഭക്ഷണം കിട്ടിയാൽ മതിയെന്നാണ് ആളുകൾ കരുതുന്നത്.' അല്ലെങ്കിൽ ഹോട്ടലിൽ ഇത്ര തിരക്കെന്താ? എന്നുമാത്രമല്ല, അങ്ങ് ഒന്നു കൂടി ചോദിച്ചു 'ഹോട്ടലിൽ ബില്ലുകൊടുക്കുമ്പോൾ ആരെങ്കിലും തർക്കിക്കു ന്നുണ്ടോ? ഇവന്റെയൊക്കെ കൈയിൽ കാശുണ്ട് . അങ്ങ് പ്രസംഗിച്ചതാണ്. 24-11-2009-ലെ മാതൃഭൂമിയിലെ വാർത്തയാണ്. ഇതുവരെ അങ്ങ് നിഷേധിച്ചിട്ടി ല്ല. ഇവിടെ ജനങ്ങളുടെ കൈയിൽ പണമുണ്ട്.

Economic Survey 2007-2008-ലെ ഒരു കാര്യം ഞാൻ ക്വാട്ട് ചെയ്യുന്നു. ഇവിടെ പണമുണ്ടെന്നല്ലേ അങ്ങ് പറഞ്ഞത്, പ്രയാസമില്ല എന്നല്ലേ അങ്ങ് പറഞ്ഞത്, ഒരു കാര്യം അങ്ങ് കാണേണ്ടത്,

Inequality

In urban areas, inequality in consumption, as measured by Lorenz Ratio is the highest in Chhattisgarh followed by Kerala, MadhyaPradesh, Punjab and West Bengal. Inequality is low in urban Gujarat followed by Assam and Himachal Pradesh. Inequality in rural India is lower than urban India in all major states. In rural India, inequality is the highest in Kerala.

നിങ്ങൾ മനസ്സിലാക്കണം. ഈ സംസ്ഥാനത്ത് റൂറൽ ഏരിയയിലാണ് ഏറ്റവും വലിയ ഇൻഇക്വാളിറ്റി, അന്തരമുള്ളത്. കേരളത്തിൽ എന്തുകൊണ്ടാണ് കൺസംഷനിൽ അന്തരം വരുന്നത്? വരുമാനത്തിലുള്ള അന്തരം, മറച്ച് പിടിച്ച് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് എന്ന് പറയുന്ന, ഡിസ്പാരിറ്റി കൂടുതലുള്ള സംസ്ഥാനമായി കേരളം മാറി. അതാണ് വസ്തുത. അത് മറച്ചുവച്ചു കൊണ്ടുള്ള പ്രസംഗമാണ് അങ്ങ് നടത്തിയത്. ഇതാണ് അങ്ങയുടെ നിലപാട്. ഇതേ ഞാൻ പറയുന്നുള്ളൂ. ഒരു കാര്യം ഞാൻ ചോദിക്കട്ടെ. ഇവിടെ ചിലർ പറയുന്നു കേന്ദ്രം തരുന്നില്ല, കേന്ദ്രത്തിൽ നിന്ന് കിട്ടിയത് എന്താണ് ചെയ്തത്?. കേന്ദ്രം തന്ന കണക്ക് ഞാൻ നിങ്ങളോട് പറയാം. ഇവിടെ പറഞ്ഞു, ഞങ്ങൾ ഇതാ മാവേലി സ്റ്റോർ വഴി കൊടുക്കുന്നു. ഞാൻ ഒരു കാര്യം കൂടി പറയട്ടെ, യു.ഡി.എഫ്-ന്റെ കാലത്ത് മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിന് എല്ലാ വർഷവും 50 കോടി രൂപ കൊടുത്തു. ഞാൻ നിങ്ങൾ കൊടുത്തത് പറയുന്നു, ഞാൻ ഇവിടെ ഏതാണ് റഫർ ചെയ്യുന്നതെന്ന് നിങ്ങൾക്ക് അറിയാമോ? അങ്ങ് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്ത് സർക്കുലേറ്റ് ചെയ്തിട്ടുള്ള നോട്ടിലെ കാര്യമാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2007-2008-ൽ നിങ്ങൾ 50 കോടി രൂപ വച്ചു. ഞങ്ങൾ അതിന് മുമ്പ് എല്ലാ കൊല്ലവും 50 കോടി രൂപ വച്ചു. 2008-2009-ൽ മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിന് 105 കോടി രൂപ വച്ചു. 2009-2010-വന്നപ്പോൾ അത് 83 കോടി രൂപയാക്കി ചുരുക്കി. അത് കഴിഞ്ഞ് ഇപ്പോൾ നിങ്ങളുടെ ബഡ്ജറ്റിൽ വച്ചത് എത്രയാണ്? 2010-2011-ൽ വച്ചത് 50 കോടി രൂപ. എന്നിട്ടാണ് 500 കോടി രൂപയുടെ വർത്തമാനം പറയുന്നത്. ഒരു കാര്യം കൂടി ഞാൻ ഇവിടെ ക്വാട്ട് ചെയ്യുന്നു. ഇത് സബ്ജക്ട് കമ്മിറ്റിയുടെ റക്കമന്റേഷനാണ്. ഒരു ബഡ്ജറ്റ് എന്നുപറഞ്ഞാൽ എന്താണെന്ന് നിങ്ങൾ ആലോചിക്കണം ഏപ്രിൽ മാസം 1-ാം തീയതി മുതൽ മാർച്ച് മാസം 31-ാം തീയതി വരെ ചെലവിന് വേണ്ടിവരുന്ന സംഖ്യ വകയിരുത്തലാണ്. ബഡ്ജറ്റ് എന്നു പറയുന്നത്. ഇവിടെ കൂടുതൽ തുക വേണമെന്നുള്ളത് നിങ്ങൾക്കറിയില്ലേ? 83-89 കോടി രൂപ വരെ ചെലവഴിച്ച സംസ്ഥാനത്ത് 50 കോടി രൂപയാക്കി ചുരുക്കിയിട്ട് കൂടുതൽ കാര്യങ്ങൾ പ്രഖ്യാപനം നടത്തി. ഇവിടെ സബ്ജക്ട് കമ്മിറ്റി പറയുന്നത് എന്താണെന്ന് അറിയാമോ? സബ്ജക്ട് കമ്മിറ്റി പറയുന്നത്, 2010-2011 സാമ്പത്തിക വർഷം കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിലേയ്ക്കായി 120 കോടി രൂപയും മാവേലി സാധനങ്ങൾ സാധാരണക്കാർക്ക് മിതമായ നിരക്കിൽ ലഭിക്കുന്നതിന് കോർപ്പറേഷൻ പൊതു വിപണിയിൽ നിന്ന് സംഭരിച്ച് വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വ്യത്യാസം കോർപ്പറേഷനിൽ ലഭ്യമാക്കുന്നതിനുവേണ്ടി 100 കോടി രൂപയും കൂട്ടി 220 കോടി രൂപ വകയിരുത്തണമെന്നാണ്. ആരാണ് ഇത് പറയുന്നത്? സബ്ജക്ട് കമ്മിറ്റി. ഇത് നേരത്തെ അറിയില്ലേ? ഇത് ബഡ്ജറ്റിൽ വകയിരുത്തിയോ? പകരം 89 കോടി രൂപയുണ്ടായിരുന്നത് 50 കോടി രൂപയാക്കി ചുരുക്കിയിരിക്കുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 50 കോടി രൂപ വച്ചിരുന്നത് ഇപ്പോൾ 100 കോടിരൂപയാക്കി. പക്ഷേ കഴിഞ്ഞ വർഷം വില വർദ്ധനവ് വന്നപ്പോൾ 450 കോടി രൂപ സബ്സിഡി ഇനത്തിൽ കൊടുത്തിട്ടുണ്ട്. 2 രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കണമെങ്കിൽ ഈ വർഷം 500 കോടി രൂപയാകും. ആ സബ്സിഡി കൊടുത്തത് ഇല്ലെന്ന് വരുത്തിത്തീർക്കാൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ബോധപൂർവ്വം നടത്തുന്ന ഒരു അപവാദ പ്രചാരണമാണ് ഇത്. ഇത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ. ആനത്തലവട്ടം ആനന്ദൻ എന്റെ കാഴ്ചപ്പാടിൽ കുറച്ച് വിവരവും തന്റേടവുമൊക്കെയുള്ള ഒരാളാണ്. അദ്ദേഹം എന്നെക്കാളും കഴിവുള്ളയാളാണ്. ശ്രീ. ജയരാജനെക്കാളും കഴിവുണ്ട്, അതിലും എനിക്ക് സംശയമില്ല. അദ്ദേഹത്തിന് മനസ്സിലാകാത്ത ഒരു കാര്യം, ഈ പറഞ്ഞ പ്രഖ്യാപനം നടത്തിയിട്ട് ഈ കൊല്ലം 50 കോടി രൂപ വച്ചു. കഴിഞ്ഞ കൊല്ലം 89 കോടി രൂപ വച്ചു. അതിന് മുമ്പത്തെ കൊല്ലം 105 കോടി രൂപ വച്ചു. രണ്ടാമത് അദ്ദേഹം പറഞ്ഞല്ലോ, റേഷൻ കടയ്ക്കും മറ്റും 450 കോടി രൂപ വച്ചു എന്ന്. ഇവിടെ ബഹുമാനപ്പെട്ട അനിരുദ്ധനും

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ചു, റേഷൻ സാധനങ്ങൾക്ക് വില ചുരുക്കാൻ 500 കോടി രൂപ മാറ്റി വച്ചു. ഇപ്രകാരം അങ്ങ് പ്രസംഗിച്ചില്ലേ? ഇവിടത്തെ സ്ഥിതി എന്താണ്? എത്ര രൂപയാണ് മാററി വച്ചത്? സബ്ജക്ട് കമ്മിറ്റി പറയുന്നത്, റേഷൻ അരിയുടേയും ഗോതമ്പിന്റേയും വിലയിൽ ഉണ്ടായ അന്തരത്തിൽ ഫുഡ് കോർപ്പറേഷന് 2 രൂപയ്ക്ക് അരി കൊടുക്കാൻ വേണ്ടി മാറ്റിവച്ചത് എത്രയാണെന്ന് അറിയാമോ? 125 കോടി രൂപ. ശ്രീ. അനിരുദ്ധന്റെയടുത്ത് എത്തുമ്പോഴേക്ക് അത് 450 കോടി രൂപയാകും. ഇവിടെയുള്ള വ്യത്യാസം മനസ്സിലാക്കണം. ശ്രീ. ആനത്തലവട്ടം ആനന്ദന്റെ കയ്യിലേയ്ക്ക് എത്തുമ്പോൾ 125 കോടി രൂപ 450 കോടി രൂപയാകുന്നു. എനിക്ക് മനസ്സിലാകുന്നില്ല. അങ്ങ് കഴിവുളളവനാണ്, വിവരമുള്ളവനാണ്. ഈ വിവരം എനിക്കില്ല. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. സബ്ജക്ട് കമ്മിറ്റി ശുപാർശയിൽ പറയുന്നത് എന്താണെന്ന് അറിയാമോ? 2010-2011-ൽ സംഘടിത പരമ്പരാഗത മേഖലയിലുള്ള കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പ്രതിമാസം 10 കോടി രൂപ അധികമായി ആവശ്യമുണ്ട്. ഈ പദ്ധതിക്ക് ഒരു മാസത്തെ ആകെ ചെലവ് 27 കോടി രൂപയാണ്. ആയതിനാൽ 200 കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു." എന്നിട്ട് എന്താണ് എഴുതിയിരിക്കുന്നതെന്ന് അറിയുമോ? അതാണോ ബഡ്ജറ്റ്? റേഷൻ സാധനങ്ങൾക്ക് വില ചുരുക്കാൻ ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റി വച്ചുവെന്ന് ശ്രീ. അനിരുദ്ധൻ ഇവിടെ പറഞ്ഞല്ലോ. രാവിലെ ധനകാര്യ വകുപ്പുമന്ത്രി റൂൾ 236 അനുസരിച്ച് മേശപ്പുറത്ത് വച്ച സ്റ്റേറ്റുമെന്റാണിത്. അതിൽ എന്താണ് പറയുന്നതെന്ന് അറിയാമോ?

ശ്രീ. എൻ. അനിരുദ്ധൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഡ്ജറ്റ് പ്രസംഗത്തിൽ ബഡ്ജററ് അലോക്കേഷന് അഡീഷണലായി എന്ത് തുക കൂടി വേണമെന്നാണ് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്യുന്നത്. ആ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ സബ്സിഡിക്കുവേണ്ടി ഗ്രാന്റായിട്ട് അനുവദിക്കുകയല്ലേ ചെയ്യുന്നത്? അത് സപ്ലിമെന്ററി ഗ്രാന്റിൽ അനുവദിക്കുകയാണ് ചെയ്യുന്നത്. ആ ശുപാർശ അംഗീകരിച്ച് ഞാൻ പറഞ്ഞോട്ടെ, നിങ്ങളുടെ അത്രയും അറിയില്ലെങ്കിലും. എനിക്കും ഇതൊക്കെ കുറച്ച് അറിയാം. ആ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞില്ല എന്ന് പറയുന്നതിൽ ഒരു അർത്ഥവുമില്ലെന്ന് മാത്രമല്ല 500 കോടി രൂപ അനുവദിച്ചു എന്ന് ഞാൻ പറഞ്ഞതായിപറഞ്ഞു. ഞാൻ അങ്ങനെ പറഞ്ഞില്ല. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ഞാൻ അങ്ങനെയല്ല പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അത് അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല എന്നുണ്ടെങ്കിൽ വിരോധമില്ല. അത് പരിശോധിച്ചോളൂ. പക്ഷേ, ഞാൻ കേട്ടു. ഏതായാലും ഒരുകാര്യം, ഇതിനുവേണ്ടി 500 കോടി രൂപ വകയിരുത്തിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട അനിരുദ്ധൻ പോലും സമ്മതിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. അതല്ലേ സത്യം. അങ്ങനെ ആരെങ്കിലും പ്രചരിപ്പിക്കുന്നുണ്ടെങ്കിൽ അത് കളവാണ്. അതാണ് പറയുന്നത്. ഇത് ഇന്ന് രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

മേശപ്പുറത്ത് വച്ച ഒരു സ്റ്റേറ്റ്മെന്റാണ്. ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി ഇനത്തിൽ ആവശ്യമായി വരുന്ന മുഴുവൻ സംഖ്യയും യഥാസമയം ബഡ്ജറ്റിൽ വയ്ക്കണ്ടേ. അങ്ങനെ ബഡ്ജറ്റിൽ വച്ചിട്ടില്ലായെന്ന് ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുന്നു, ഉണ്ടെന്ന് നിങ്ങൾ പറഞ്ഞാൽ നടക്കുമോ മി. ആനത്തലവട്ടം ആനന്ദൻ. ധനകാര്യ വകുപ്പുമന്ത്രി ഇല്ലെന്ന് പറയുന്നു. ബഹുമാനപ്പെട്ട അങ്ങ് ഉണ്ടെന്ന് പറയുന്നു. ഏതാണ് ഞാൻ വിശ്വസിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങ് പ്രധാനപ്പെട്ട പോയിന്റുകളൊക്കെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ്: അവസാനത്തെ പോയിന്റ് പറയുകയാണ്. കേന്ദ്രം 2009 മേയ് മാസം ഒന്നാം തീയതി മുതൽ 2010 മേയ് വരെ ഇവിടെ കൊടുത്തത് എത്രയാണ് ? 55818 ടൺ അരിയാണ്. ഇവിടെ ശ്രീ. രാജു പ്രസംഗിച്ചപ്പോൾ പറഞ്ഞല്ലോ കെ.പി.സി.സി. പ്രസിഡന്റും പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയുമൊക്കെ ഡൽഹിക്ക് പോകുന്നുണ്ടല്ലോ; എന്തുചെയ്തുവെന്ന്. ഇവരുടെ അഭ്യർത്ഥന പ്രകാരമാണ് ഇപ്പോൾ 55818 ടൺ അരിയും 48552 ടൺ ഗോതമ്പും കിട്ടിയിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങ് അവസാനിപ്പിക്കുക. നോ, നോ, അങ്ങ് അവസാനിപ്പിക്കുക. സഹകരിക്കുക,

ശ്രീ. ആര്യാടൻ മുഹമ്മദ്: ....(ബഹളം)............ 2009 മേയ് മുതൽ 2010 മേയ് വരെ 4,44,360 ടൺ അരി കൊടുത്തു. അതിൽ മൂവായിരത്തി ചില്വാനം ടൺ അരി എടുക്കാതെ ലാപ്സാക്കി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആര്യാടൻ അങ്ങ് സഹകരിക്കുക. ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് മറുപടി പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ അവസാനിപ്പിക്കുന്നു. കേന്ദ്രം നൽകുന്ന എ.പി.എൽ അരിക്ക് 10 രൂപ 63 പൈസയും, ബി.പി.എൽ. അരിക്ക് 13.രൂപ 28 പൈസയും കേന്ദ്രം അതിന് സബ്സിഡി നൽകുന്നുണ്ട്. അതുപോലെ എ.എ.വൈ.യ്ക്ക് 13 രൂപ 93 പൈസ. ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: യു.ഡി.എഫ്. ഗവൺമെന്റ് മൂന്ന് രൂപയ്ക്ക് ജനങ്ങൾക്ക് കൊടുത്ത അരി ഒരു രൂപ കുറച്ച് കൊടുക്കുന്നതാണ് വലിയ കാര്യം. ....(ബഹളം)............ അതിന്റെ മുഴുവൻ നഷ്ടവും സഹിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഒരു രൂപ മാത്രംകുറച്ച് കൊടുക്കുകയാണ്. ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് പ്ലീസ്.......അങ്ങ് പറഞ്ഞു കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ല്ലോ, വീണ്ടും വീണ്ടും പറഞ്ഞാൽ എങ്ങനെയാണ് ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ നിർത്തുന്നു. ഡീസലിന് 2010 ഫെബ്രുവരിയിൽ 2.98 രൂപയും, പെട്രോളിന് 2.20 രൂപയും വർദ്ധിപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അങ്ങ് അവസാനിപ്പിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഈ സഭയിലെ വളരെ പ്രധാനപ്പെട്ട അംഗങ്ങളെല്ലാം ജനങ്ങളെ സാരമായി ബാധിക്കുന്ന ഒരു വിഷയം ഗൗരവമായി ചർച്ച ചെയ്തതിന് ആദ്യമായി ഞാൻ എന്റെ നന്ദി അറിയിക്കുകയാണ്. കേരളത്തിന്റെ ചെറിയ പരിമിതിക്കകത്തുനിന്നു കൊണ്ടാണ് ഈ വിഷയം കാണുന്നത്. ലോകത്തെ പഠന റിപ്പോർട്ടുകൾ പുറത്തു വന്നിരിക്കുന്നത്, 2015 ആകുമ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ പട്ടിണിപ്പാവങ്ങളുള്ള രാജ്യത്തിന്റെ പട്ടികയിൽ ഇന്ത്യ എത്താൻ പോവുകയാണെന്നാണ്. ആധികാരികമായ റിപ്പോർട്ടുകളാണ്. ഇപ്പോൾ ഇറങ്ങിയ ഒരു റിപ്പോർട്ടിൽ 26 ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തം ജനസംഖ്യയേക്കാൾ 410 ദശ ലക്ഷവും, ഇന്ത്യയിലെ 9 സംസ്ഥാനങ്ങളിൽ മാത്രമായി ഇപ്പോൾ 429 ദശലക്ഷവും പട്ടിണിപ്പാവങ്ങളാണെന്ന് യു.എൻ.ഡി.പി.യുടെ രേഖ പുറത്തുകൊണ്ടു വന്നിരിക്കുന്നു. നമ്മൾ ഇന്ത്യയുടെ ഭാഗമല്ലേ? എല്ലാ ഭാരതീയരും നമ്മുടെ സഹോദരീ സഹോദരന്മാരല്ലേ? അങ്ങനെയല്ലേ നമ്മൾ കാണുന്നത്. അപ്പുറത്തിരിക്കുന്ന നിങ്ങൾ അപൂർവ്വം ചിലർ കഴിഞ്ഞാൽ ബാക്കിയെല്ലാം ദേശീയ പാർട്ടിയുടെ പ്രഗത്ഭമതികളായ നേതാക്കന്മാരല്ലേ? ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യ ഇപ്പോൾ എവിടെയെത്തി. 63 സംവത്സരം പിന്നിട്ടിരിക്കുന്നു. ദയവുചെയ്ത് എന്നെ പറയാൻ അനുവദിക്കണം. നിങ്ങളെ പ്രകോപിപ്പിക്കുന്ന ഒന്നും ഞാൻ പറയില്ല. ഇവിടെ സത്യം പറയുകയാണ്. ഇത് വസ്തുതകളാണ്. ഇത് രേഖകളാണ്. ഞാനും നിങ്ങളും വായിക്കുന്ന രേഖകളാണ്. നമ്മൾ രാമരാജ്യത്തു നിന്നും യാത്ര ആരംഭിച്ചവരാണ്. ക്ഷേമരാഷ്ട്രം വഴി ഗരീബീ ഹഠാവോ വഴി നമ്മൾ ഇപ്പോൾ എവിടെയെത്തി. ഇത് ആരുടെയെങ്കിലും കുഴപ്പമാണോ? രാജ്യത്തിന്റെ മൊത്തത്തിലുള്ള നയവൈകല്യങ്ങളല്ലേ? ഈ വിഷയം നമ്മൾ കാണണ്ടേ? ദേശീയ കോൺഗ്രസ്സായ നിങ്ങൾ ഇന്ത്യയിലൊട്ടാകെയുള്ള വിലക്കയറ്റവും ഭക്ഷ്യ ദൗർലഭ്യവും കാണാതെ ഇത് കേരളത്തിന്റെ സൃഷ്ടിയാണെന്നാണ് വിലക്കയറ്റത്തെക്കുറിച്ച് ഇന്നലെവരെ പറഞ്ഞത്. അടുത്ത ഡിസംബർ വരെ വിലക്കയറ്റത്തിന് കുറവുവരാൻ കാത്തിരിക്കണമെന്നാണ് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് രാജ്യത്തോട് പറഞ്ഞത്. 63 സംവത്സരം കഴിഞ്ഞപ്പോൾ നമുക്ക് വെളിപാടുണ്ടായി. എല്ലാവർക്കും ഭക്ഷണം കൊടുക്കേണ്ട ബാധ്യത ഒരു പരിഷ്കൃത ഗവൺമെന്റിനുള്ളതാണ്. അതിനുവേണ്ടി ഒരു നിയമം കൊണ്ടുവന്നു. ആ നിയമം കൊണ്ടുവന്നിട്ട് ഒരുവർഷമായി.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത ഏപ്രിലിൽ 200 ജില്ലകളിൽ എല്ലാവർക്കും ഭക്ഷണത്തെക്കുറിച്ച് ആലോചിക്കാമെന്നാണ് ഇപ്പോൾ പറയുന്നത്. ആ സുദിനം നമുക്ക് കാത്തിരിക്കാം. 200 ജില്ലകളിലും കേരളത്തിലെ ഏതാനും ജില്ലകളിലും കൂടി കിട്ടിയാൽ കേരളത്തിന് തൽക്കാലം ഒരാശ്വാസമാകും. വിലക്കയറ്റത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഞാൻ ആ അഭിപ്രായങ്ങളെയെല്ലാം സ്വാഗതം ചെയ്യുകയാണ്. ഈ വിലക്കയറ്റം നമ്മൾ ഇങ്ങനെ തർക്കിച്ചാൽ തീരുന്നതാണോ? ശ്രീ. ആര്യാടൻ മുഹമ്മദ് വിദഗ്ദ്ധമായ പല കാര്യങ്ങളും പറഞ്ഞു. അങ്ങനെയാണോ വിലക്കയറ്റത്തെ നമ്മൾ സമീപിക്കേണ്ടത്? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂടിയാൽ വിലക്കയറ്റമുണ്ടാകുമെന്ന് ശ്രീ. കാർത്തികേയൻ, ഉമ്മൻ ചാണ്ടി തുടങ്ങിയ പരിണിതപ്രജ്ഞരായവർക്കും ശ്രീ. സതീശനും ശ്രീ. ബാബുവിനുമൊക്കെ അറിഞ്ഞുകൂടേ? എല്ലാവർക്കും അറിയാമല്ലോ നമുക്കും അറിയാം, നിങ്ങൾക്കും അറിയാം. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ നിങ്ങൾ പെട്രോളിയം ഉല്പന്നങ്ങളുടെ വില കൂട്ടി എന്നതല്ലേ സത്യം. ആരുടെ താല്പര്യം സംരക്ഷിക്കുവാനാണ് എന്നുള്ളതെല്ലാം വിവാദങ്ങളാണ്. പക്ഷേ, അതിന്റെ ഫലമായി ഇന്ത്യയിലെ ഏറ്റവും തെക്കേ അറ്റത്തുകിടക്കുന്ന കേരളത്തിന് ജീരകം വേണമെങ്കിൽ മദ്ധ്യപ്രദേശിൽ നിന്ന് വരണം. മല്ലി വേണമെങ്കിൽ മഹാരാഷ്ട്രയിൽ നിന്നും വരണം. കേരളത്തിന് അരിയും ഗോതമ്പും വേണമെങ്കിൽ പഞ്ചാബിൽ നിന്നോ ഹരിയാനയിൽ നിന്നോ വരണം. ഇതെങ്ങനെ ജാലവിദ്യകൊണ്ട് വരുമോ? ഇതെല്ലാം റോഡ് മാർഗ്ഗം വരുവാനുള്ളതല്ലേ? ട്രക്ക് ഓർണേഴ്സെല്ലാം എന്താണ് പറഞ്ഞത്? അവർ പണിമുടക്കി. അവർ റേറ്റ് കൂട്ടി. സ്വാഭാവികമായും കച്ചവടക്കാർ വിലകൂട്ടും. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഇങ്ങനെയൊരു ഗവൺമെന്റ് ഇവിടെ വേണോ എന്ന് ഇവിടെ ആരോ ചോദിച്ചു. ശ്രീ. മുരളിയും ശ്രീ.ബാബുപ്രസാദും ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഈ വിലക്കയറ്റം തടയാനുള്ള ശക്തിയെന്താണ്? എന്ത് സംഭാവനയാണ് കേന്ദ്രം നൽകിയത്. ഞാൻ ആഹ്വാനം ചെയ്യുന്നു, നമുക്ക് ഒന്നിച്ച് ആവശ്യപ്പെടാം കേന്ദ്രീയ ഭണ്ഡാരിൽ, നാഫെഡിന്റെ എല്ലാ ശാഖകളും കേരളം മുഴുവൻ തുറക്കട്ടെയെന്ന്. അതിപ്പോൾ കേന്ദ്രത്തിന്റെ നിയന്ത്രണത്തിലല്ലേ? അവിടത്തെ വിലനിലവാരം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. അടുക്കാൻ പറ്റില്ല. നാഫെഡിന്റെ ഒറ്റ ബ്രാഞ്ചും കേരളത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പ്രവർത്തിപ്പിക്കുന്നതിനുള്ള ആളില്ല. കേന്ദ്രീയ ഭണ്ഡാരിൽ എറണാകുളത്ത് പ്രവർത്തിപ്പിക്കാൻ ആളില്ല. വാങ്ങാൻ ആളില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പരിമിതികളെല്ലാം പരിഹരിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പക്ഷേ ഈ ബേബിയെ നിങ്ങൾ കൊന്നുകളയരുത്. ഈ ബേബി കേരളത്തിലെ ജനങ്ങളുടെ ബേബിയാണ്. ശ്രീ. കെ. പി. മോഹനന് അറിയില്ല. മോഹനൻ അവിടെ പോകാറില്ല. ഇത് കേരളത്തിലെ ജനങ്ങളുടെ ബേബിയാണ്. ഇത് എല്ലാവർക്കും കൂടിയുള്ളതാണ്. ഇതിനേക്കാൾ മെച്ചം റിലയൻസാണ്, ഇതിനേക്കാൾ മെച്ചം സ്പെൻസറാണ്, മോറാണ്,

LIBRARY ARCHIVES Kerala Legislative Assembly

വാൾമാർട്ടാണ്, വർക്കിയാണ് എന്നൊരു നിഗമനത്തിലേയ്ക്ക് നിങ്ങൾ ജനങ്ങളെ തള്ളിവിടരുത്. ഇവിടെ പ്രസംഗിച്ചവർക്കെല്ലാമറിയാം, കച്ചവടമെന്നു പറയുന്നത് അപകടമാണ്. മുൻ മന്ത്രിമാർ നിങ്ങളുടെ കൂടെ ഇരിപ്പുണ്ടല്ലോ. ബഹുമാനപ്പെട്ട ആര്യാടന്റെ അപ്പുറത്തും പുറകിലും ഫ്രണ്ടിലുമൊക്കെയായി ഇരിപ്പുണ്ടല്ലോ? ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നത് എളുപ്പമുള്ള ഒരു കാര്യമാണോ? അത്ര ലഘുവായ ഒരു കാര്യമാണോ? കേരളത്തിന്റെ ചരിത്രത്തിൽ ഈ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാർക്കെല്ലാം എന്തുമാത്രം പ്രയാസങ്ങൾ നേരിടേണ്ടിവന്നുകാണും. ഇപ്പോൾ ഒരു പ്രമേയത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. പുറത്തു നിന്നുള്ള അരി വാങ്ങാനാണ് ആ പ്രമേയത്തിൽ പറയുന്നത്. ഞങ്ങൾ അരി പുറത്തുനിന്ന് വാങ്ങുന്നുണ്ട്. ഞങ്ങൾ അരി വാങ്ങിത്തന്നെയാണ് വിതരണം ചെയ്യുന്നത്. നിങ്ങൾ പറഞ്ഞ പ്രമേയം ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കാരണം, കേന്ദ്രം തരുന്ന അരി തികയുകയില്ല. ദയവുചെയ്ത് ഞാൻ പറയുന്നത് കേൾക്കുക. അതുകൊണ്ട് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കമ്മീഷൻ വാങ്ങാതെ കോഴ വാങ്ങാതെ ഇ-ടെണ്ടർ മുഖേന ഞങ്ങൾ അരിയും മറ്റെല്ലാ സാധനങ്ങളും വാങ്ങുന്നു. ഇനി ഒരു കാര്യം കൂടി പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ചില ദുഃസൂചനകളുണ്ട്. ഒന്ന്, ചെറുപയറിന്റെ കാര്യം-ശ്രീ. ആര്യാടൻ പറഞ്ഞു എത്രയോ ലക്ഷത്തിന്... സപ്ലൈകോ ഇറക്കുമതി ചെയ്തതല്ല; ഞാൻ വെല്ലുവിളിക്കുന്നു, കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി ചെയ്ത് ഞങ്ങൾക്ക് സപ്ലൈ ചെയ്ത പയറാണ്. ക്വാളിറ്റി മോശമായതുകൊണ്ട് ഞങ്ങൾ അത് റിജക്ട് ചെയ്തു. വേണമെങ്കിൽ രേഖകൾ പരിശോധിക്കാം. കഴിഞ്ഞ സഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഒ.എം.എസ്.-നെക്കുറിച്ച് പറഞ്ഞു. ഇത് എ. ജി. യുടെ റിപ്പോർട്ടാണ്. റിപ്പോർട്ടിന്റെ കോപ്പി വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇത് സപ്ലൈകോയ്ക്ക് അയച്ചിരിക്കുകയാണ്. Please refer to our D.O.letter Your reply to the observation is being verified and it will be given consideration while finalising the audit observation". അപ്പോൾ പ്രൈമറിയായിട്ട് എ. ജി. എന്തെങ്കിലുമെഴുതിയാൽ അതിന്റെ ക്ലാരിഫിക്കേഷൻ കൊടുക്കുമ്പോൾ അത് മാറുകയാണ്. അതിനുമുമ്പ് നിങ്ങൾ ആ ആരോപണം കൊണ്ടുവന്നു. എനിക്കതിൽ പരാതിയൊന്നുമില്ല. തൃശൂരിലെ ഒരു ഹോൾസെയിൽ കടയുടെ കാര്യം ഇവിടെ ആരോ പറഞ്ഞു. ഹോൾസെയിൽ കടയും റേഷൻ കടയും അനുവദിക്കുന്നതിൽ അഴിമതിയുണ്ടെന്ന്. ഒറ്റ കടയും മന്ത്രി ഉത്തരവിട്ട് കൊടുക്കുന്നില്ല. കളക്ടറാണ് ഇതിന്റെ പരമാധികാരി. ഡി.എസ്.ഒ.യുടെ റിപ്പോർട്ട് അനുസരിച്ച് കളക്ടറാണ് കൊടുക്കുന്നത്. ബന്ധപ്പെട്ട അധികാരികൾ കൊടുക്കുന്നതിൽ അഴിമതിയുണ്ടെങ്കിൽ മന്ത്രിക്ക് പെറ്റിഷൻ തന്നാൽ അത് പരിശോധിച്ച് നടപടിയെടുക്കും. ദയവുചെയ്ത് ശ്രീ. ആര്യാടൻ ഒന്നുകൂടി കേൾക്കണം. താങ്കൾ ഇത് പറഞ്ഞിട്ട് പോയതാണ്. പത്രറിപ്പോർട്ട് നമുക്ക് പരിശോധിക്കാം. രണ്ടാമത്തെ കാര്യം, കേന്ദ്രത്തിൽ പോയി എല്ലാവരും ശുപാർശ ചെയ്ത് അരി തന്നുവെന്ന് പറഞ്ഞില്ലേ? ഇത് ശ്രീ. കെ. വി. തോമസ്, കേന്ദ്ര ഭക്ഷ്യസഹമന്ത്രിയുടെ റിപ്പോർട്ടാണ്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ? 13-ാം തീയതി ഡൽഹിയിൽ കൂടിയ സമ്മേളനത്തിൽ ശ്രീ. കെ. വി. തോമസ്, അദ്ദേഹം നമ്മുടെ സംസ്ഥാനത്തിന് ഒരുപാട് സഹായങ്ങൾ ചെയ്യുന്നുണ്ട്. ചെയ്യുന്നില്ല എന്നൊന്നും പറയുന്നില്ല. പക്ഷേ അദ്ദേഹം അവിടെ വച്ച ആ റിപ്പോർട്ടിൽ പറയുന്നത്, "Today Food Corporation of India hold record stocks of wheat and rice on behalf of the Food Department. There are, atleast, 30 million tonnes of excess grains in its godowns beyond buffer norms. Khariff 2010 is going to add more worries. Deprived of this stock, the traders are commanding higher prices. Repeated efforts of our Department made through OMSS windows fail to move the grain either to the States or to private agency. Specific reports of grain getting exposed to elements of whether tarnish our reputation. Let us introspect. Can we afford to be seen failing in this front"? എന്തുകൊണ്ടാണ് നമുക്ക് അരി തന്നത്? പ്രൈവറ്റുകാർ എടുക്കുന്നില്ല. ഗോഡൗണിൽ സ്ഥലമില്ല. ഡിസ്പ്പോസ് ചെയ്തില്ലെങ്കിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകും. ആ സാഹചര്യത്തിൽ നമുക്ക് കുറച്ച് ഭക്ഷ്യധാന്യം തന്നു. തന്നതിന്റെ വില 8 രൂപ 90 പൈസയും 6 രൂപ 20 പൈസയുമല്ല. 12 രൂപ 40 പൈസയാണ്. 8 രൂപ 90 പൈസക്ക് തരാൻ ബാധ്യതയുളളതാണ്. അത് റേഷൻ കടകളിൽ എടുക്കാൻ ബുദ്ധിമുട്ടണ്ട്. എന്നാലും ഇന്നത്തെ സാഹചര്യത്തിൽ...... ശ്രീ. വി. ഡി. സതീശൻ ഇങ്ങനെ സാരമില്ലെന്ന് പറയരുത് .... അരി വില കൂട്ടിയത് എന്തിനാണ്? ആരോട് ചോദിച്ചുകൊണ്ടാണ് വിലകൂട്ടിയത് ? .....(ബഹളം)....... പ്രൊക്യൂവർ എന്നൊക്കെ പറയുന്നത് പാവപ്പെട്ട ആളുകൾക്ക് അറിയില്ല. റേഷൻ കടയിൽ ചെല്ലുമ്പോൾ 8 രൂപ 90 പൈസയ്ക്ക് കൊടുത്തുകൊണ്ടിരുന്ന അരി 12 രൂപ 40 പൈസ ആക്കുമ്പോൾ അവർ എന്താണ് പറയുന്നത്? ഇവിടെ സാധാരണ ആളുകളുടെ വികാരമാണ് ഞാൻ പ്രകടിപ്പിക്കുന്നത്. നിങ്ങൾ പൊതുവിതരണത്തിന് തന്ന അരിയുടെ വില കൂട്ടി, ഗോതമ്പിന്റെ വില കൂട്ടി, മണ്ണെണ്ണ വെട്ടിക്കുറച്ചു, പഞ്ചസാര തരുന്നില്ല, അതിന്റെ വില ഇപ്പോൾ വർദ്ധിപ്പിച്ചു, മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചു. അതിന്റെ എല്ലാ കണക്കുകളും നമ്മുടെ മുമ്പിലുണ്ട്. ഞാൻ സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. ......(ബഹളം)....കേന്ദ്രഗവൺമെന്റ് എൽ.പി.ജി.ക്ക് വിലകൂട്ടി. ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ്, കേന്ദ്രം കേന്ദ്രം എന്ന് പറയുന്നില്ലേ? ഞങ്ങൾക്ക് അവകാശമില്ലേ? ഞങ്ങളുടെ ഗവൺമെന്റാണ്. അതുകൊണ്ടാണ് പറയുന്നത്... നിങ്ങൾ അങ്ങനെ വക്കാലത്ത് എടുക്കേണ്ട ശ്രീ. കെ. ബാബു..... നിങ്ങൾ കേന്ദ്രം കേന്ദ്രം എന്ന് അഹങ്കാരമുള്ളവരല്ലേ? ഭൂരിപക്ഷമില്ലാത്ത ന്യൂനപക്ഷമാണ് കേന്ദ്രം ഭരിക്കുന്നത്. അത് ജനാധിപത്യത്തിന് യോജിച്ചതാണോ? കയ്യടിക്കാൻ അവർക്ക് അറിയാം. 208 പേരേയുള്ളൂ. .... (ബഹളം)....ഞങ്ങൾ പിന്തുണ തന്നല്ലോ. ഇപ്പോൾ നിങ്ങൾക്ക് മായാവതിയുടെ പിന്തുണ മതി. നന്നായിരിക്കട്ടെ. ഇരുന്നൂറ്റിയെട്ട് പേരേയുള്ളൂ. ഭൂരിപക്ഷം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യേസ്..........യേസ്..........

ശ്രീ. സി. ദിവാകരൻ : ......(ബഹളം)......സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ നാല് കൊല്ലമായി വിതരണം ചെയ്യുന്നുണ്ട്. അതിൽ വിലക്കയറ്റമുണ്ടായിട്ടില്ല. അത് ഇനിയും തുടരാനാണ് പോകുന്നത്. നിങ്ങൾ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നീക്കിവച്ചതൊക്കെ ശരിതന്നെ. പക്ഷേ ഏറ്റവുമൊടുവിൽ 2005-2006-ൽ 10 കോടി രൂപയാണ് മാർക്കറ്റ് ഇന്റർവെൻഷനു വേണ്ടി നിങ്ങൾ ചെലവാക്കിയത്. കണക്കുകൾ നോക്കണം. 10 കോടി രൂപ. അവിടെ നിന്നാണ് ഇപ്പോൾ 106 കോടി, 59 കോടി, 2 രൂപയുടെ അരി, ഇതെല്ലാം ഞങ്ങൾ നടപ്പിലാക്കുന്നത്.

നിങ്ങൾ 3 രൂപയ്ക്ക് അരി തരും എന്ന് പറയുന്നു, അതിനെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ 3 രൂപയ്ക്ക് അരി കൊടുത്തു. പണം ഞങ്ങൾ കൊടുത്തു; അതൊരു വസ്തുതയാണ്. നിങ്ങളുടെ 3 രൂപയുടെ അരി ഞങ്ങൾ സ്റ്റോപ്പ് ചെയ്തില്ല, ഞങ്ങൾ സ്വാഗതം ചെയ്തു. ഞങ്ങൾ 2 രൂപയ്ക്ക് അരി കൊടുക്കുമ്പോൾ നിങ്ങൾ സ്വാഗതം ചെയ്യണ്ടേ? നമുക്ക് 2 രൂപയുടെ അരി കേരളം മുഴുവൻ കൊടുക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് ആലോചിക്കേണ്ടിവരും. അതോടൊപ്പംതന്നെ നമ്മുടെ നാട്ടിലെ പാവപ്പെട്ട കർഷകരെക്കുറിച്ച്, പറഞ്ഞ കൂട്ടത്തിൽ ക്ഷീര കർഷകരെക്കുറിച്ചാണ് നിങ്ങൾ ധാരാളം പറഞ്ഞത്. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള ടോട്ടൽ എക്സ്പെന്റിച്ചറിന്റെ 90 ശതമാനവും പാവപ്പെട്ടവർക്ക് വേണ്ടിയാണ് വിതരണം ചെയ്തിരിക്കുന്നത്. ഞാൻ കണക്കുകൾ പറയുന്നില്ല. നിങ്ങളുടെയെല്ലാം വീടുകളുടെ പരിസരങ്ങളിൽ നിങ്ങൾക്ക് വോട്ട് ചെയ്ത പതിനായിരക്കണക്കിന് ആളുകളുടെ വീട്ടുമുറ്റത്ത് ഈ ഗവൺമെന്റ് നൽകിയ കോഴി വളരുന്നുണ്ട്, ആട് വളരുന്നുണ്ട്, പശു വളരുന്നുണ്ട്. നിങ്ങൾ ഒരു കോഴിയെ കൊടുത്തോ? ഈ പാവപ്പെട്ടവർക്ക് നിങ്ങൾ ഒരു ആട്ടിൻ കുട്ടിയെ കൊടുത്തോ? നിങ്ങൾക്ക് സാധ്യമല്ല, പക്ഷേ പാവപ്പെട്ട സ്ത്രീകളുണ്ടല്ലോ.......... ഞാൻ പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ ഒരു പരിപാടിക്ക് പോയിരുന്നു, അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ പതിനായിരക്കണക്കിന് സഹോദരിമാർ..........അവിടെ സന്നിഹിതരായിരുന്നു. പാവപ്പെട്ടവർക്ക് ഈ ഗവൺമെന്റ് കൊടുത്ത മൃഗങ്ങളേയും കോഴി മുതലായവയേയും കുറിച്ച് അവർ പറയട്ടെ. ഇല്ലാത്തത് പറയുന്നതെന്തിനാണ്? ഈ മേഖലയിൽ വരുന്ന മാറ്റം, പാവപ്പെട്ടവരിൽ കാണുന്ന മാറ്റം, 2 രൂപയുടെ അരി, അവരുടെ വീട്ടുമുറ്റത്ത് നിൽക്കുന്ന കോഴികൾ, മൃഗങ്ങൾ അതിന് ആവശ്യമായ തീറ്റ, അതിൽനിന്ന് വരുന്ന തൊഴിലവസരങ്ങൾ, അതിൽ നിന്നുണ്ടാകുന്ന ആദായം ഇങ്ങനെ കേരളത്തിന്റെ ഗ്രാമങ്ങൾ സാമ്പത്തികമായ മേഖലകളിലേയ്ക്ക് പോകുകയാണ്, ഇതൊക്കെ നിഷേധിക്കാൻ കഴിയുന്നതാണോ? ഞാൻ അതിന്റെ കണക്കുകൾ പറയുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിച്ച ചില കാര്യങ്ങൾകൂടി പറഞ്ഞോട്ടേ.........

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഡിമാന്റ് ചർച്ചയിൽ ബഹുമാന്യരായ മന്ത്രിമാർ ഉത്തരം പറയുമ്പോൾ ഇടപെടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവകാശം ഞങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ആർക്കും വഴങ്ങുന്നില്ല. അത് ശരിയായ കീഴ്‌വഴക്കമല്ല അങ്ങയോടുള്ള എല്ലാ ആദരവോടുംകൂടി പറയുകയാണ്, അങ്ങ് പറഞ്ഞു ഞാൻ രാവിലെ എട്ടരയ്ക്ക് വന്നതാണെന്ന്, അങ്ങയെപ്പോലെ ഞങ്ങളും രാവിലെ എട്ടരയ്ക്ക് വന്നതാണ്. അങ്ങൊരു തെറ്റായ കീഴ്‌വഴക്കം ഉണ്ടാക്കിവയ്ക്കരുത്.

ശ്രീ. സി. ദിവാകരൻ: എന്താണ് ഇങ്ങനെ പറയുന്നത്, ഞാൻ ഇരിക്കുകയല്ലേ?

ശ്രീ. കെ. സി. ജോസഫ്: അങ്ങ് പറയുന്നതുപോലെ ഈ ക്ഷേമ പ്രവർത്തനങ്ങൾ എല്ലാം ഉണ്ടായി, കേരളം രാമരാജ്യമായിട്ടും എന്തുകൊണ്ടാണ് നിങ്ങൾ പാർലമെന്റ് ഇലക്ഷന് ദയനീയമായി തോറ്റ് പോയത്?

ശ്രീ. സി. ദിവാകരൻ: ശ്രീ. കെ. സി. ജോസഫേ, താങ്കൾ നല്ല രാഷ്ട്രീയമുള്ള ആളല്ലേ; എല്ലാ നന്മകളും ചെയ്തിട്ടാണോ പാർലമെന്റിൽ ബി.ജെ.പി. 118 സീറ്റിൽ ജയിച്ചത്? വലിയ നന്മയാണോ അവർ ചെയ്തത്? ജയവും തോൽവിയും അങ്ങനെയാണോ? അങ്ങനെയല്ലല്ലോ ജയവും തോൽവിയും രാഷ്ട്രീയമാണ്, രാഷ്ട്രീയകാര്യങ്ങളാണ്. അങ്ങനെ വേണം അതിനെ കാണേണ്ടത്, അല്ലാതെ സൽകർമ്മങ്ങൾ മാത്രം ചെയ്തതുകൊണ്ട് ഞങ്ങൾ ജയിക്കുകയില്ലെന്ന് ഞങ്ങൾക്ക് അറിയാം, സൽകർമ്മം പോരാ.

ശ്രീ. എ. കെ. ചന്ദ്രൻ: യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ശ്രീ. എ. കെ. ആന്റണിയുടെ ഭരണം കഴിഞ്ഞ് പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുപ്പ് വന്നപ്പോൾ ഒറ്റ സീറ്റിൽപോലും കോൺഗ്രസ്സ് ജയിക്കാതിരുന്നത് ഇവർ നടത്തിയ നേട്ടങ്ങളുടെ ഗുണം കൊണ്ടാണോ?

ശ്രീ. സി. ദിവാകരൻ: ശ്രീ. കെ. സി. ജോസഫേ, ജയവും തോൽവിയുമെല്ലാം ജനങ്ങളാണ് തീരുമാനിക്കുന്നത്. നിങ്ങൾ ഇപ്പോൾ ഇങ്ങ് വന്ന് കയറിക്കളയാമെന്ന് വെറുതേ ഊറ്റം കൊള്ളണ്ട. അതൊക്കെ കണ്ടറിയേണ്ടതാണ്, അത് ജനങ്ങൾ തീരുമാനിച്ചുകൊള്ളും. ഞങ്ങൾ പോകണമോ നിങ്ങൾ വരണമോ എന്നുള്ളതെല്ലാം ജനങ്ങൾക്ക് വിട്ടിരിക്കുകയാണ്. അതിൽ ഞങ്ങൾക്ക് വലിയ ഉത്കണ്ഠയൊന്നുമില്ല. ഞങ്ങൾ സാമൂഹിക പ്രതിബദ്ധതയുള്ള ഭരണപരമായ കാര്യങ്ങൾ പാവപ്പെട്ട ആളുകൾക്കുവേണ്ടി ഒന്നൊന്നായി ചെയ്തുകൊണ്ടിരിക്കുകയാണ്. എന്തെല്ലാം തടസ്സമുണ്ടായാലും, എന്തെല്ലാം അപവാദങ്ങൾ വന്നാലും, എന്തെല്ലാം ആരോപണങ്ങൾ ഉന്നയിച്ചാലും ശരി ആ സോഷ്യൽ കമ്മിറ്റ്മെന്റിൽ നിന്ന് ഈ ഗവൺമെന്റ് മാറുന്ന പ്രശ്നമേയില്ല. അതൊക്കെ ഞങ്ങൾ നേരിട്ടോളാം. ഞാൻ ആദ്യം പറയുന്നത് റേഷൻ കടകളുടെ കാര്യമാണ്. 14,300 റേഷൻ കടകളും, 332 ഹോൾസെയിൽ കടകളുമുണ്ട്. അതിൽ പതിനാലായിരത്തിൽശിഷ്ടം റേഷൻ കടകളിലും ഇപ്പോൾ ഇലക്ട്രോണിക് ത്രാസ് സംവിധാനം ഏർപ്പെടുത്തി. അഴിമതി ഒഴിവാക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ആ സംവിധാനം നടപ്പിലാക്കിയത്. ഇത് ഓൺലൈനിലാക്കി കമ്പ്യൂട്ടർവൽക്ക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രണത്തിന് വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്രത്തിന് നൽകിയിരിക്കുകയാണ്. അതോടൊപ്പംതന്നെ ഹോൾസെയിൽ കടകളിലെ അഴിമതി കഴിയുന്നത്ര ഒഴിവാക്കാൻ വേണ്ടി എറണാകുളം ജില്ലയിലെ ഹോൾസെയിൽ സ്ഥാപനം ഗവൺമെന്റ് മേഖലയിലേയ്ക്ക് മാറ്റാൻ ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വേണം. കഴിഞ്ഞ നാല് വർഷത്തിനിടയിൽ, ബഹുമാനപ്പെട്ട അംഗങ്ങളിൽ ഒരാൾക്കുപോലും ഒരൊറ്റ ദിവസം റേഷൻ വിതരണം മുടങ്ങിയിട്ടില്ല. തൊഴിൽ തർക്കങ്ങളുണ്ട്, എഫ്.സി.ഐ.യുടെ പ്രശ്നങ്ങളുണ്ട്, റെയിൽവേയുടെ വാഗണിന്റെ പ്രശ്നമുണ്ട്. അതിലെല്ലാം അപ്പോഴപ്പോൾ ഇടപെട്ട് എല്ലാവരും സഹകരിച്ചതിന്റെ പേരിൽ റേഷൻ വിതരണം, പി.ഡി.എസ്. കാര്യക്ഷമമായി കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എം.ഡി. 06/2010-ാം നമ്പറായി ഒരു സർക്കുലർ അയച്ചിരിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റെയ്ഡിന് വിജിലൻസായാലും, പോലീസ് വിജിലൻസ് ആയാലും മുൻകൂട്ടി അനുവാദം വാങ്ങാതെ പാടില്ലെന്നാണ്. അങ്ങനെ റെയിഡ് നടത്താതിരുന്നാൽ എങ്ങനെയാണ് ഈ കള്ളത്തരം പുറത്ത് കൊണ്ടുവരാൻ സാധിക്കുന്നത്? അതെങ്ങനെയാണ് തടയുക? അത് തടഞ്ഞത് അഴിമതി നടത്താൻ വേണ്ടിയല്ലേ?

ശ്രീ. സി. ദിവാകരൻ: അത് ഭരണപരമായ ചില കാര്യങ്ങളാണ്, അതെല്ലാം പിൻവലിച്ചിട്ടുണ്ട്, അതിലൊന്നും ഒരു പ്രശ്നവുമില്ല. വെറുതെ എന്തിനാണ് സഭയുടെ സമയം കളയുന്നത് ? സർക്കാരിന്റെ ദൈനംദിന ഉത്തരവുകളിൽ ചിലതെല്ലാം കാണും, ചിലതിൽ പിശക് കാണും, ചിലത് പരിശോധിക്കും, അതാണ് സർക്കാർ എന്ന് പറയുന്നത്, അത് പരിശോധിച്ച് സർക്കാർ നടപടി എടുക്കും. അതിന് ദുഃഖിക്കണ്ട. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ ആദിവാസികളുടെ കാര്യത്തിൽ, എല്ലാ ആദിവാസികളേയും എ.എ.വൈ.യിൽ ഉൾപ്പെടുത്തി 2 രൂപയ്ക്ക് അരി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഒരാളിനെപ്പോലും ഒഴിവാക്കിയില്ല. വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ, നമ്മളെല്ലാം സംയുക്തമായി പല സ്റ്റേറ്റുകളും സന്ദർശിച്ചല്ലോ. യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.ഉം സംയുക്തമായി പല സ്റ്റേറ്റുകളിലും പോയല്ലോ പലരും കടകളിൽ പോയി അന്വേഷിച്ചല്ലോ? എന്നോട് പലരും നേരിട്ട് പറഞ്ഞു, കേരളം മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് വളരെ ഭേദമാണെന്ന്. ഞാൻ സർട്ടിഫിക്കറ്റൊന്നും ഹാജരാക്കുന്നില്ല. വസ്തുത, ശ്രീ. കെ. സി. ജോസഫിന് അറിയാം, വിലക്കയറ്റത്തിൽ വളരെ ഭേദമാണ് കേരളം. കേന്ദ്ര ഗവൺമെന്റിന്റെ സർവ്വേയിൽ പറയുന്നത്, വിലക്കയറ്റത്തെക്കുറിച്ച് പരിശോധനാ പഠനം നടത്തിയതിൽ 16-ാമത്തെ സ്റ്റേറ്റായിട്ടാണ് കേരളം കാണുന്നത്. 13-ാം തീയതി ഡൽഹിയിൽ നടന്ന കോൺഫറൻസിൽ പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാൻ മി. മൊണ്ടേക് സിംങ് അലുവാലിയ, കേരളത്തിൽ നിന്നും വന്നവരോട് ശ്രീ. കെ. വി. തോമസിന്റെ സാന്നിദ്ധ്യത്തിൽ ചോദിച്ചത് നിങ്ങൾ എങ്ങനെയാണ് മാജിക് നടത്തുന്നത്, നിങ്ങൾ എങ്ങനെയാണ് ഈ വിലക്കയറ്റം തടഞ്ഞത് എന്നാണ്. ഇത് നിങ്ങൾക്ക് പോയി ചോദിക്കാം, അലുവാലിയെ

ഞങ്ങൾ നിയമിച്ചിട്ടുള്ളതല്ല ശ്രീ. കെ. വി. തോമസ് ഞങ്ങളുടെ മന്ത്രിയല്ല. ഇന്ത്യയുടെ, കോൺഗ്രസ്സിന്റെ പ്രതിനിധിയായിട്ടുള്ള മന്ത്രിയാണ്.... ഞങ്ങളുടെ മന്ത്രി തന്നെ.... നിങ്ങൾക്ക് അദ്ദേഹത്തോട് ചോദിക്കാം. അദ്ദേഹം എന്നോട് പറഞ്ഞത് വളരെ ഭേദമാണെന്നാണ്. നിങ്ങളുടെ അടുത്ത് വേറെ വല്ലതും പറഞ്ഞോ എന്ന് എനിക്കറിയില്ല. അങ്ങനെ എല്ലാ സർട്ടിഫിക്കറ്റും ഞാൻ ഹാജരാക്കുന്നില്ല. ഇന്ന് കേരളത്തിലെ ജനങ്ങൾ വളരെ കംഫർട്ടബിൾ ആണ്. ഇനിയും വില കുറയ്ക്കാം, നിങ്ങൾ പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടാൽ തീർച്ചയായിട്ടും വില കുറയുമെന്നാണ് എന്റെ വിശ്വാസം. കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി മെമ്പറായ സഞ്ജീവ് റെഡ്ഡി നയിക്കുന്ന സെപ്റ്റംബർ 7-ലെ പൊതുപണിമുടക്കോടുകൂടി കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അദ്ദേഹത്തിന് മനസ്സിലായി. തൊഴിലാളികൾ ഏകകണ്ഠമായി, ഭാരതത്തിന്റെ സ്പന്ദനം മനസ്സിലാക്കി, വിലക്കയറ്റത്തിന്റെ കാര്യത്തിൽ എല്ലാ രാഷ്ട്രീയവും മാറ്റിവച്ച് തൊഴിലാളിവർഗ്ഗം ഒറ്റക്കെട്ടായി, സെപ്റ്റംബർ 7-ാം തീയതി ഡൽഹിയിൽ പോകുകയാണ്, ഭാരതത്തിന്റെ പുതിയ ചരിത്രമാണത്, ഭാരതത്തിന്റെ പുതിയ മുഖമാണ്. അതിൽ ബി.ജെ.പി.ഉണ്ട്, ബി.എം.എസ്. ഉണ്ട്, ഐ.എൻ.ടി.യു.സി. ഉണ്ട്, ഇടതു പക്ഷജനാധിപത്യ മുന്നണി ഉണ്ട്, എല്ലാവരും ഉണ്ട്. അത് ദേശീയ നിലവാരത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യാൻ സഹായകരമാണ്. ഈ പ്രശ്നത്തിലാണ് ഇവിടത്തെ പൊതുവിതരണ സമ്പ്രദായം മുന്നോട്ടുപോകുന്നത്. അഴിമതിയുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ 24 മണിക്കൂറിനകം അതിന് പരിഹാരം കാണും. ലൈസൻസികളെ നയിക്കുന്നത് പ്രധാനപ്പെട്ട യു.ഡി.എഫ്. നേതാക്കളാണ്. ആ കടക്കാരാണ് ഡൈവേർഷൻ നടത്തുന്നതെങ്കിൽ നമുക്ക് അതിന് പരിഹാരം കാണാം. കാരണം നമ്മുടെ ആളുകളാണല്ലോ. അല്ലാതെ ഗവൺമെന്റ് ഇതിൽ നേരിട്ട് ഇടപെടുന്നില്ല. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം കൊടുക്കാൻ എല്ലാ സജ്ജീകരണങ്ങളുമുണ്ട്. അഴിമതി അവസാനിപ്പിക്കാൻവേണ്ടി, ഇപ്പോൾ രണ്ട് രൂപയുടെ അരി കൊടുക്കുമ്പോൾ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പോലീസ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ്, ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ്, ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് എല്ലാവരും അടങ്ങുന്ന പഞ്ചായത്ത് നിലവാരത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ കേരളത്തിലാദ്യമായി രൂപീകരിച്ചിരിക്കുകയാണ്. അവർക്ക് കടകൾ പരിശോധിക്കാം; ഗുണനിലവാരം പരിശോധിക്കാം. കളക്ടർക്ക് റിപ്പോർട്ട് ചെയ്യാം. ഗവൺമെന്റ് നടപടിയെടുക്കും. ഒരു സോഷ്യൽ ആഡിറ്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ ആദ്യമായി വരികയാണ്. അഴിമതി അവസാനിപ്പിക്കാൻവേണ്ടി നമ്മൾ എല്ലാവരുംകൂടി ശ്രമിക്കേണ്ടതാണ്. ശ്രീ. എം. മുരളിയുടെ പ്രസംഗംകേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. അങ്ങയെപ്പോലെയുള്ള ഒരാൾ തട്ടിപ്പിനെയും, പകൽക്കൊള്ളയെക്കുറിച്ചൊക്കെ പറയുമ്പോൾ എരിയും പുളിയുമൊക്കെ വേണമല്ലോ. പക്ഷേ മാവേലിക്കരയിൽ ഏതെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോയിൽ തട്ടിപ്പുണ്ടോ; വെട്ടിപ്പുണ്ടോ? നിത്യോപയോഗ സാധനങ്ങൾക്ക് ചിലപ്പോൾ സ്റ്റോക്ക് ഔട്ട് ഉണ്ടാകും. ചില

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ ഒരാഴ്ചയോ രണ്ടാഴ്ചയോ സാധനങ്ങൾ കിട്ടുകയില്ല. ആ സ്റ്റോക്ക് ക്ലിയർ ചെയ്യണം. ചിലപ്പോൾ സ്റ്റോക്ക് വെരിഫിക്കേഷൻ ഉണ്ടാകും. അങ്ങനെ സാങ്കേതികമായ തടസ്സങ്ങളല്ലാതെ കേരളത്തിലെ 3,000-ത്തിലേറെ ഔട്ടുലെറ്റുകളിൽ യാതൊരു തടസ്സവുമില്ല. എസ്സൻഷ്യൽ കമ്മോഡിറ്റീസായ 13 ഇനങ്ങൾ വില കുറച്ചുകൊടുക്കുന്നു. ബാക്കി കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങളുണ്ട്. അവിടെ ഓപ്പൺ മാർക്കറ്റിനേക്കാൾ 5, 10 ശതമാനം വില കുറവാണ്.

ശ്രീ. എം. മുരളി: സർ, ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു, കഴിഞ്ഞ മൂന്ന് മാസക്കാലമായി നോൺ സബ്സിഡി റേറ്റിൽ മാത്രമേ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റിലൂടെ ഭൂരിപക്ഷം സാധനങ്ങളും കൊടുക്കുന്നുള്ളൂ. സബ്സിഡി റേറ്റിൽ സാധനങ്ങളില്ലെന്നാണ് പറയുന്നത്. സബ്സിഡി റേറ്റിൽ സാധനമില്ലെന്ന് പറയുകയും നോൺ സബ്സിഡി റേറ്റിൽ സാധനം വിൽക്കുകയും ചെയ്യുന്നത് പകൽകൊള്ളയല്ലേ; തട്ടിപ്പല്ലേ; അല്ലെങ്കിൽ പിന്നെ എന്താണ് ?

ശ്രീ. സി. ദിവാകരൻ: ഇത് രണ്ടുമല്ല. ഞാൻ ഇത് നിഷേധിക്കുകയാണ്. ഇത്. വെറുതെ പറയുകയാണ്. എന്തെങ്കിലും പറയാൻവേണ്ടി പറയുന്നതാണ്. നിങ്ങൾ ഒരുപാട് കാര്യം എന്നോടുവന്ന് പറയാറുണ്ടല്ലോ നിങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരെ ഞാൻ അവിടെ വച്ചിട്ടുണ്ടല്ലോ. എന്താണ് അയാളോട് റെയ്ഡ് ചെയ്യാൻ പറയാത്തത്; എന്താണ് അദ്ദേഹത്തെ വിളിക്കാത്തത്? .... (ബഹളം) .... അങ്ങനെയൊന്നും എന്നോട് പറയരുത്. (ബഹളം) .... Iam really sorry. ഞാൻ അതൊന്നും പറയാൻ ആഗ്രഹിക്കുന്നവനല്ല. എന്നെക്കൊണ്ട് പറയിപ്പിക്കരുത്. എല്ലാ പ്രതിപക്ഷ എം.എൽ.എ.മാരുടെയും അഭിപ്രായമനുസരിച്ച് അവരുടെയുംകൂടി പരിഗണനയിലാണ് പല ഉദ്യോഗസ്ഥരേയും വച്ചിരിക്കുന്നത്. .... (ബഹളം) .... ഞാൻ പറയട്ടെ .... (ബഹളം) .... ഞാൻ പിൻവലിച്ചിരിക്കുന്നു. .... (ബഹളം) .... നിരുപാധികം പിൻവലിച്ചു. എന്നാൽ ഏത് എം.എൽ.എ. മാരായാലും സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ചോ പി.ഡി.എസ്.-നെക്കുറിച്ചോ ഒരു കംപ്ലയിന്റ് എന്നോട് നേരിട്ട് പറഞ്ഞാൽ അതിന് പരിഹാരം കാണാനുള്ള നടപടി ആ സ്ഥലത്തെ ഉദ്യോഗസ്ഥനെക്കൊണ്ട് ഞാൻ എടുപ്പിക്കുന്നതായിരിക്കും. .... (ബഹളം) .... യെസ്, നടപടി എടുക്കാം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടുതൽ കാര്യക്ഷമമാക്കാൻ പോകുകയാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും മൊബൈൽ മാവേലി സ്റ്റോർ സമ്പ്രദായം നടപ്പിലാക്കാൻ പോകുകയാണ്. കേരളത്തിൽ ഈ വർഷം ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള നാല് ഹൈപ്പർ മാർക്കറ്റുകളിൽ എറണാകുളത്തേത് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിൽ താമസംവിനാ പ്രവർത്തനം ആരംഭിക്കും. അതുപോലെ തന്നെ വലിയതുറ ഗോഡൗൺ പുതുക്കി പണിതു, കിഴക്കേകോട്ടയിലുള്ള സൂപ്പർ മാർക്കറ്റ് 30 ലക്ഷംരൂപ ചെലവഴിച്ച് മോഡേണൈസ് ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലാബോറട്ടറി തുടങ്ങാൻ പോകുകയാണ്. 100 മാവേലി സ്റ്റോറുകൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യായി വരികയാണ്. അരിക്കടവഴി 13 രൂപയ്ക്കുള്ള അരി വിതരണം വീണ്ടും തുടരും. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഫ്ളവർ മിൽ ഈ മാസം അല്ലെങ്കിൽ അടുത്ത മാസം പ്രവർത്തനം ആരംഭിക്കും. കോന്നിയിൽ രണ്ടരക്കോടി രൂപ ചെലവാക്കി പുതിയ ഒരു ഫുഡ് അനലൈസ് ലാബോറട്ടറി തുടങ്ങുന്നതിനും. അവിടെ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് ക്ലാസ്സുകളും റിസർച്ച് സെന്ററും തുടങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്. അതിന്റെ പണികൾ നടന്നുവരികയാണ്. ഇതിനിടയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് കൊടുക്കുന്ന കറി പൗഡറെല്ലാം മായം ചേർത്തതാണെന്ന് പറയുന്നു. കോന്നിയിലെ ഞങ്ങളുടെ ലാബോറട്ടിയിൽ ടെസ്റ്റ് നടത്തിയാണ്കൊടുക്കുന്നത്. പ്രൈവറ്റ് കമ്പനിക്കാരുടെ പേരുകൾ ഞാൻ പറയുന്നില്ല, അവരെയാണ് പിടികൂടിയത്. അതാണ് പത്രത്തിൽ വന്നത്. ഇപ്പോൾ ആ ലാബോറട്ടറിയിൽ ഞെട്ടിപ്പിക്കുന്ന പല റിസൾട്ടും വന്നുകൊണ്ടിരിക്കുകയാണ്. നമ്മളെല്ലാം ഉപയോഗിക്കുന്ന സാധനങ്ങൾ ഓരോരോന്നോരോന്നായി ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി പരിശോധിക്കുന്നതായിരിക്കും. ഉപഭോക്തൃ വകുപ്പിനെക്കുറിച്ച് നിങ്ങൾക്കെല്ലാം അറിയാം, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സ്റ്റേറ്റ് കൺസ്യൂമർ ഫോറം പ്രവർത്തനരഹിതമായിരുന്നു. 14 ജില്ലകളിലും വേക്കൻസി ഫിൽചെയ്തിട്ടില്ലായിരുന്നു. അത് പരിപൂർണ്ണമായി പരിഹരിക്കപ്പെട്ടു. 9 ജില്ലകളിൽ സ്വന്തമായ ബിൽഡിംഗുകളിൽ ജില്ലാ കൺസ്യൂമർ ഫോറം പ്രവർത്തിക്കാൻ തുടങ്ങി. ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മെച്ചപ്പെട്ടു. 18 കോടി രൂപ പ്രതിവർഷം റവന്യൂ വരുമാനമുണ്ടാക്കുന്ന ഒരു സ്ഥാപനമായി മാറി.

ശ്രീ. എം. ചന്ദ്രൻ : ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിലുള്ള ബി.ഐ.എസ്. ഹാൾമാർക്ക് ടെസ്റ്റ് ചെയ്യാനുള്ള സ്ഥാപനം ഇപ്പോൾ കാക്കനാട് മാത്രമേ ഉള്ളൂ. അത് എല്ലാ ജില്ലകളിലും ഏർപ്പെടുത്താൻ അങ്ങ് മുൻകൈയെടുക്കുമോ ?

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട എം. ചന്ദ്രൻ, അവിടെ ടെസ്റ്റ് ചെയ്യേണ്ടത് ഗോൾഡ് പ്യൂരിഫിക്കേഷനാണ്. സാങ്കേതികമായ കാരണങ്ങളാൽ അവിടെ ആ ടെസ്റ്റ് നടക്കുന്നില്ല. വിദേശത്തുനിന്ന് ചില ഉപകരണങ്ങൾ വരാനുണ്ട്. വരുത്താനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. കേരളത്തിൽ വിറ്റഴിയുന്ന ഗോൾഡ് പൂർണ്ണമായും കൃത്രിമം ചേർന്നതാണെന്നാണ് ആദ്യത്തെ റിപ്പോർട്ടുകൾ വന്നിരിക്കുന്നത്. ഇനി ഗോൾഡ് മുറിച്ചാണ് അവിടെ ടെസ്റ്റ് ചെയ്യുന്നത്. അത് മുറിച്ച് മെൽറ്റ് ചെയ്യണം. എറണാകുളത്ത് അതിനുള്ള ഗോൾഡ് പ്യൂരിറ്റി ലാബോറട്ടറി ആധുനിക സജ്ജീകരണങ്ങളോടെയാണ് വരാൻപോകുന്നത്. അത് കൊണ്ടുവരുന്നതിന് ഒരുപാട് തടസ്സങ്ങളുണ്ട് റേഷൻ കാർഡുകൾ ബയോമെട്രിക് സിസ്റ്റത്തിലാക്കാൻ പോകുകയാണ്. എല്ലാ റേഷൻ കടകളിലും 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള 337 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. അത് അംഗീകരിച്ചുകഴിഞ്ഞാൽ കേരളത്തിലെ എല്ലാ റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കടകളിലും സപ്ലൈകോയോടൊപ്പംതന്നെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ : സർ, റേഷൻ കാർഡുകളുടെ വിതരണം 2007-ൽ തുടങ്ങിയതാണ്. ഇതുവരെ അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 2011 ജൂൺ വരെ അത് നീട്ടിവച്ചിരിക്കുകയാണെന്ന് ഇവിടെ പലരും സംസാരിച്ചപ്പോൾ പറഞ്ഞു. ഏകദേശം 10 ലക്ഷത്തോളം കാർഡുകളാണ് പലർക്കും കൊടുക്കാൻ പറ്റാതെയിരിക്കുന്നത്. പത്ത്ലക്ഷം കുടുംബങ്ങളുമായി ബന്ധപ്പെട്ട കാർഡുകളാണ്. ഈ കാർഡുകൾ തിരുത്താൻ കഴിയുന്നില്ല. പുതിയ കാർഡുകൾ കൊടുക്കാനും കഴിയുന്നില്ല. ഇവ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഇലക്ഷനിൽ ഉൾപ്പെടെ നിരവധി ആവശ്യങ്ങൾക്ക് റേഷൻ കാർഡ് വേണം. അതുകൊണ്ട് ഭവന നിർമ്മാണ പദ്ധതിയിൽ പോലും ചേരാൻ പറ്റാതെ ഇരിക്കുകയാണ്. കാർഡുകളുടെ വിതരണം എന്ന് പൂർത്തിയാക്കുമെന്ന് അങ്ങേയ്ക്ക് പറയാൻ പറ്റുമോ?

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ഞങ്ങൾ 68 ലക്ഷം കാർഡ് പൂർണ്ണമായി ലാമിനേറ്റ് ചെയ്തുകൊടുത്തു. ഇന്നത്തെ ഡിപ്പാർട്ടുമെന്റ് സംവിധാനത്തിൽ വലിയൊരു ജോലിയാണത്. അതിന് തന്നെ കെൽട്രോണും സി-ഡിറ്റും കൂടി ചേർന്ന് ഫോട്ടോ എടുക്കുന്നതിന്റെ സാങ്കേതിക തടസ്സങ്ങൾ വന്നു. ക്യാമറയുടെ തടസ്സം എല്ലാമുണ്ട്. അതിനകത്ത് ഒരുപാട് പ്രശ്നങ്ങളുണ്ട്. എന്തായാലും അത് തീർത്തു. ഇപ്പോൾ പുതിയ കാർഡാണ് കൊടുക്കേണ്ടത്. അത് നിലവിലുള്ള കാർഡ് സ്പ്ളിറ്റ് ചെയ്തിട്ട് അതിനുള്ള അംഗങ്ങളെ വേറെയൊരു കാർഡിലേയ്ക്ക് ആക്കണം. അതാണ് അവരുടെ അപേക്ഷ. രണ്ടാമത്തെയിനമായി പറയുന്നത് എനിക്ക് പുതിയ വീടായി, പുതിയ വീട് നമ്പറായി, എനിക്ക് പുതിയ കാർഡ് വേണം. എന്നാണ് രണ്ട് തരത്തിലുള്ള അപേക്ഷയാണ് കിട്ടിയിട്ടുള്ളത്. ഇതിന് കുറച്ച് സമയം എടുക്കും. ഇപ്പോൾ പത്ത് ലക്ഷമില്ല, ആറ് ലക്ഷത്തിലേറെ അപേക്ഷ കെട്ടിക്കിടപ്പുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഇപ്പോൾ അപേക്ഷ ഒന്നും സ്വീകരിക്കുന്നില്ല. സ്വീകരിക്കേണ്ട എന്ന് പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ : ആറ് ലക്ഷം അപേക്ഷകൾ പ്രോസസ് ചെയ്ത് മൂന്ന് മാസത്തിനകം ഏകദേശം കൊടുത്തുകഴിഞ്ഞാൽ തൊട്ടടുത്ത് പുതിയ അപേക്ഷ സ്വീകരിക്കും. അതോടൊപ്പംതന്നെ ഓൺലൈനിൽ റേഷൻ കാർഡ് ഇഷ്യു ചെയ്യാൻ വേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഗൗരവമുള്ള ഒരു കാര്യമാണത്. ജനങ്ങളുടെ ഒരു പ്രശ്നമാണത്. അത് എനിക്കറിയാം. ഞാൻ നേരത്തെ പറഞ്ഞ സപ്ലൈക്കോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള നിരവധി നിർദ്ദേശങ്ങൾ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും പക്കാ സിസ്റ്റമാണ് നെല്ല് സംഭരണം. അതിനകത്ത് ചില ട്രാൻസ്പോർട്ടിംഗിന്റെ കാര്യങ്ങൾ, തൊഴിലാളികളുടെ പണിമുടക്കുകൾ, സമയത്ത് മഴപെയ്യുന്നില്ലെന്നുള്ള പ്രശ്നം, ഇങ്ങനെ നിയന്ത്രണാതീതമായ വിഷയങ്ങളുണ്ട്. എന്റെ അറിവിൽപെട്ടിടത്തോളം നെല്ല് സംഭരിച്ച വകയിൽ കഴിഞ്ഞ കാലത്തെ ഒരു കാശും കൊടുക്കാനില്ല. എവിടെയെങ്കിലും കൊടുക്കാനുണ്ടെങ്കിൽ എന്നോട് പറഞ്ഞാൽ അത് നാളെയോ മറ്റെന്നാളോ കൊടുത്തുതീർക്കും.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി മെഡിക്കൽ സ്റ്റോർ സ്റ്റാഫിന്റെ കുറവ് കാരണം അടയ്ക്കേണ്ടിവരുന്ന സ്ഥിതിവിശേഷം ഉണ്ട്. എന്റെ നാട്ടിലെ മല്ലപ്പള്ളിയിൽ അങ്ങ് വന്ന് ഉത്ഘാടനം ചെയ്തതാണ്. മൂന്ന് ആഴ്ച്ച അടഞ്ഞുകിടക്കുകയായിരുന്നു. തുറന്നിട്ട് മൂന്ന് ദിവസമേ ആയിട്ടുള്ളു ഈ കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. ദിവാകരൻ : നടപടി സ്വീകരിക്കാം. ഇനി പറയാനുള്ളത് മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ചാണ്. എനിക്ക് മൂന്ന് നാല് വകുപ്പുകളുണ്ട്. അതെല്ലാം ജനങ്ങൾക്ക് താല്പര്യമുള്ള വകുപ്പുകളാണ്. അതുകൊണ്ട് കുറച്ച് സമയം തന്നാലെ പറ്റൂ. അഞ്ചോ പത്തോ മിനിട്ട് സമയം തന്നാലേ പറ്റൂ. മൃഗസംരക്ഷണ വകുപ്പ് ഇനി കേരളത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന് എനിക്ക് അറിയില്ല. പുതിയ നിർദ്ദേശങ്ങൾ ഒന്നും ഇവിടെ വന്നില്ല. വന്നെങ്കിൽ അതുപോലെ ചെയ്യാമായിരുന്നു. ഈ ഡിപ്പാർട്ടുമെന്റിന് മുഴുവൻ കന്നുകാലികളെയും ആടിനെയും കോഴിയെയും എല്ലാം ആളുകൾക്ക് കൊടുക്കാൻ ഞാൻ പറഞ്ഞു. ഇതൊന്നും നമുക്ക് ആവശ്യമുള്ളതല്ല. ഇതെല്ലാം ചെറിയ ചെറിയ വിലയിട്ട് ആളുകൾക്ക് കൊടുക്കണം. അതിന് പുതിയ സ്ക്കീം ഉണ്ടാകണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന കന്നുകാലികൾ എന്നത് രേഖയിൽ നിന്നും മാറ്റണം.

ശ്രീ. സി. ദിവാകരൻ : ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ടായിരുന്നത് എന്നാക്കാം. അതെല്ലാം ജനങ്ങൾക്കുള്ളതാണ്. ടർക്കി കോഴിയുണ്ട്. ഒരു കോഴി ശ്രീ. പി. സി. ജോർജിന്റെയത്ര വലിയ തടിയനായ കോഴിയാണ്. ..... ഞാൻ പിൻവലിച്ചു. ക്ഷമിക്കണം കേട്ടോ. ഞാൻ കളിക്ക് പറഞ്ഞതാണ്. ഈ മൃഗങ്ങളെയെല്ലാം പാവപ്പെട്ട കൃഷിക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇനിയും കൊടുക്കും. ആ കൃഷിക്കാരുടെ കൂട്ടത്തിൽ എം.എൽ.എ.മാർ കർഷകരാകാൻ തയ്യാറുണ്ടെങ്കിൽ എല്ലാ സൗജന്യങ്ങളും എം.എൽ.എ.മാർക്ക് മാതൃകാപരമായി കൊടുക്കുന്ന കാര്യത്തെക്കുറിച്ചും ആലോചിക്കാം.

ശ്രീ. കെ. ബാബു : സർ, എം.എൽ.എ. മാർക്ക് അങ്ങ് വലിയ ഓഫർ ഒക്കെ വച്ചിരിക്കുകയാണ്. ഇവിടെ ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.മാർ ഇത് ആവശ്യപ്പെട്ടിട്ടില്ല. ദയവായി എം.എൽ.എ. മാരെ അപമാനിക്കരുത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എം.എൽ.എ. മാർക്ക് അത് വേണ്ട.

ശ്രീ. സി. ദിവാകരൻ : ഞാൻ ഈ ഗവൺമെന്റിന്റെ ഒരു സദുദ്ദേശം പറഞ്ഞതാണ്. സൗജന്യമായി തരുന്നില്ല. വേറെ പലതുമൊക്കെ സ്വീകരിച്ചിട്ടുണ്ട്, അത് പോകട്ടെ. സൗജന്യമില്ല. ....

ശ്രീ. വി. ഡി. സതീശൻ : വേറെ എന്താണ് ഞങ്ങൾ സൗജന്യമായി സ്വീകരിച്ചിരിക്കുന്നത്? അത് അങ്ങ് പിൻവലിക്കണം.

ശ്രീ. സി. ദിവാകരൻ : അത് പിൻവലിച്ചു. ക്ഷീരകർഷകരുടെ വേദന മനസ്സിലാക്കാൻ പാൽ ഉൽപ്പാദന പരിപാടിയിൽ പങ്കെടുക്കാൻ ജനപ്രതിനിധികൾക്ക് താല്പര്യമുണ്ടെന്നുള്ള തെറ്റിദ്ധാരണയിൽ ഞാൻ പറഞ്ഞുപോയതാണ്. ബഹുമാനപ്പെട്ട ഭരണ-പ്രതിപക്ഷ മെമ്പർമാർ വേണ്ടായെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടെ ആ വിഷയം തീർന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പാൽ ഉൽപ്പാദന പരിപാടിയിൽ എം.എൽ.എ.മാർക്ക് താല്പര്യമുണ്ടാകുമെന്ന് ധരിച്ചാണ് പറഞ്ഞത്. എം.എൽ.എ.മാർക്ക് താല്പര്യമില്ലായെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. സർ, ഇവ ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, ഒരു കോഴിമുട്ട വാങ്ങാൻ കഴിയാത്ത ആളുകൾക്ക് കൊടുക്കാതെ എം.എൽ.എ.മാർക്ക് ഇത് കൊടുക്കേണ്ട കാര്യമില്ല എന്നാണ് ഞങ്ങൾ പറഞ്ഞത്.

മി. സ്പീക്കർ : മിനിസ്റ്റർ സമ്മതിച്ചുവല്ലോ.

ശ്രീ. സി. ദിവാകരൻ: പാവപ്പെട്ടവർക്കുവേണ്ടി അങ്ങനെ ശ്രീ. ആര്യാടൻ മുഹമ്മദ് എപ്പോഴും ചിന്തിക്കുന്നത് നല്ലതാണ്. അതിനെ സ്വാഗതം ചെയ്യുന്നു. അവർക്കുതന്നെ കൊടുക്കാം.

ശ്രീ. എം. മുരളി : ഗുണനിലവാരമില്ലാത്ത മരുന്ന് മൃഗസംരക്ഷണ വകുപ്പിൽ വിതരണം ചെയ്തത് വ്യാജ കമ്പനികൾ എന്നാണ് പറയുന്നത്. തട്ടിക്കൂട്ടിയ കമ്പനികൾ എന്നാണ് ആക്ഷേപം ഉയർന്നിരിക്കുന്നത്. അവരുടെ പിടിച്ചുവച്ച പണം മുഴുവൻ ഏതാനും ആഴ്ചകൾക്ക് മുമ്പ് വിതരണം ചെയ്ത നടപടി ഞാൻ ഒരു പരാതിയായിത്തന്നെ ഇവിടെ പറഞ്ഞു. അങ്ങ് അതിന് വ്യക്തമായ മറുപടി പറയണം.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ അത് പറയാൻ വിട്ടുപോയി. തയ്യാറാക്കിവച്ചിട്ടുണ്ട്. 2005-ലാണ് അത് തുടങ്ങിയത്. 2005-ൽ കേരളത്തിലെ ഡ്രഗ്സ് കൺട്രോളറുടെ പരിശോധനാ റിപ്പോർട്ടുകൾ യഥാസമയം കിട്ടാത്തതുമൂലം 25% തുകയാണ് പിടിച്ചുവച്ചിരിക്കുന്നത്. 75% തുക അവർ വാങ്ങിക്കൊണ്ടുപോയി. ഇനി ഈ മരുന്നുകളുടെ ഗുണനിലവാരം തീരുമാനിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫൈ ചെയ്യേണ്ടത് ഡ്രഗ്സ് കണ്ട്രോളർ ആണ്. ഈ പർച്ചേസിന് ഒരു ഗവൺമെന്റ് കമ്മിറ്റിയുണ്ട്. സ്റ്റോർ പർച്ചേസ് നിയമം അനുസരിച്ചാണ് മരുന്ന് വാങ്ങുന്നത്. ഡിപ്പാർട്ടുമെന്റിന്റെ പ്രോസസാണ്. അതിലൊന്നും മന്ത്രിയോ മറ്റുള്ളവരോ ഇടപെടുന്നില്ല. ഇതിൽ 25% തുകയാണ് ഇനി കൊടുക്കാനുള്ളത്. കിട്ടാനുള്ളത് കരാറിന്റെ അടിസ്ഥാനത്തിൽ കിട്ടാത്തതുകൊണ്ട് അവർ കോടതിയിൽ പോയി. അവർക്ക് ഇപ്പോഴും കൊടുത്തിട്ടില്ല. 25% പിടിച്ചുവച്ചിരിക്കുകയാണ്. ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ് അവർ. നടക്കാത്ത കാര്യമാണത്. എഗ്രിമെന്റ് അനുസരിച്ച് അവർക്ക് കൊടുക്കേണ്ടിവരും. പക്ഷേ ഗവൺമെന്റ് ആലോചിച്ചിട്ട് ആ കാര്യത്തിൽ തീരുമാനമെടുക്കും. മൃഗസംരക്ഷണ വകുപ്പിൽ 33 കോടി രൂപ ചെലവിൽ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ട, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കും. 23 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തും. കേരളത്തിൽ ഒമ്പത് മൃഗാശുപത്രികൾ ഇപ്പോൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതോടുകൂടി കേരളത്തിലെ 999 പഞ്ചായത്തുകളിലും മൃഗാശുപത്രികളായി. എല്ലാ ജില്ലാ മൃഗാശുപത്രികളിലും ആധുനികമായ എല്ലാ സജ്ജീകരണങ്ങളും, പ്രത്യേകിച്ച്, മനുഷ്യ ചികിത്സയ്ക്കാവശ്യമായിട്ടുള്ള എന്തൊക്കെയുണ്ടോ, സ്കാനിംഗ്, എക്കോ ടെസ്റ്റ്, സർജറി തുടങ്ങിയ എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആദിവാസികൾക്കായി അഞ്ച് കോടി രൂപയുടെ ഒരു സ്കീമുണ്ട്. നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിയും ഞാനുമായിട്ട് ചേർന്ന് പട്ടികജാതിക്കാർക്ക് നൽകിയതാണ്. 11 ജില്ലകളിൽ കേന്ദ്ര സഹായത്തോടും മറ്റ് മൂന്ന് ജില്ലകളിൽ സംസ്ഥാന സഹായത്തോടുകൂടി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതായിരിക്കും. പാൽ ഉൽപ്പാദിപ്പിക്കുക, പുൽകൃഷി പ്രോത്സാഹിപ്പിക്കുക, കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കുക, വെറ്ററിനറി സയൻസിനെക്കുറിച്ച് ഉപരിപഠനം നടത്തുക, ഡയറി സയൻസിനെക്കുറിച്ച് ഗവേഷണം നടത്തുക തുടങ്ങിയ അനന്തമായ സാദ്ധ്യതകളും ഉൽപ്പാദന മേഖലയിൽ ഗണ്യമായ നേട്ടവും കൈവരിക്കാൻ കഴിയുന്ന സംസ്ഥാനത്ത് ഒരു വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതായിരിക്കും. ക്ഷീര വികസന വകുപ്പിനെ കുറിച്ച് പറഞ്ഞതിന് അപ്പുറത്തുനിന്നും തർക്കിച്ചു. തർക്കത്തിന്റെ ആവശ്യമില്ല. മൂന്ന് മുതൽ നാല് ലക്ഷം ലിറ്റർവരെ പാൽ പ്രതിദിനം വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതാണ് എല്ലാവരും അംഗീകരിക്കുന്നത്. ഈ വർഷം എന്തായാലും ആ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോൾത്തന്നെ കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ പാലിന്റെ 78% കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ശ്രീ. സി. കെ. പി. പത്മനാഭൻ : ക്ഷീര കർഷകരെ എല്ലാവരെയും ആ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഭേദഗതി ചെയ്യണം.

ശ്രീ. സി. ദിവാകരൻ : വരുന്ന ഒരു വർഷംകൊണ്ട് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങളിലാണ് ഈ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. ഹേലിയുടെ റിപ്പോർട്ട് അതിന് അനുകൂലമാണ്. ക്ഷീര

LIBRARY ARCHIVES Kerala Legislative Assembly

കർഷകർ ഇപ്പോൾ വളരെ ഉത്സാഹത്തോടെ മുന്നോട്ടു വന്നിട്ടുണ്ട്. അവർക്കൊന്നും കിട്ടുന്നില്ല എന്നു പറയുന്നത് പരമകഷ്ടമാണ്. അവർക്ക് ഒന്നാം തരം പെൻഷൻ സ്കീമുണ്ട്. വെൽഫയർ സ്കീമുണ്ട്. അവർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. സബ്സിഡി വർദ്ധിപ്പിക്കാൻ പോകുന്നുണ്ട്. അവർക്ക് കൃത്രിമ ബീജസങ്കലനത്തിന് 7 കോടി രൂപ ചെലവുണ്ടായിരുന്നു. അത് പൂർണ്ണമായി സൗജന്യമാക്കി. ക്ഷീരകർഷകനെത്തന്നെ ഇൻഷ്വർ ചെയ്തു. ക്ഷീര കർഷകർക്ക് പെൻഷൻ 250 രൂപയിൽനിന്നും 300 രൂപയാക്കി വർദ്ധിപ്പിച്ചു. ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നുണ്ട്. ക്ഷീരമേഖലയിൽ ഉണ്ടാകുന്ന ഈ പുതിയ മാറ്റം എല്ലാവരും പ്രോത്സാഹിപ്പിക്കണം. ക്ഷീര കർഷകർക്ക് ഇനിയും കുറേ സൗജന്യങ്ങൾ ചെയ്യണം. പാലിന് വിലകൂട്ടിയത് മഹാപാപമായി പോയിയെന്ന് ഇവിടെ ആരോ പറയുന്നത് കേട്ടു. സബ്സിഡിക്ക് പകരമാണ് സൗജന്യമായി പശുവിനെ കൊടുക്കുന്നത്. സബ്സിഡിക്ക് പകരമാണ് വെറ്ററിനറി സർവ്വീസ് കൊടുക്കുന്നത്. സബ്സിഡിക്ക് പകരമാണ് പെൻഷൻ കൊടുക്കുന്നത്. സബ്സിഡിക്ക് പകരമാണ് കാലിത്തീറ്റ വില കുറച്ചുകൊടുക്കുന്നത്. ഇതെല്ലാം സബ്സിഡിയാണ്. എത്രയോ കോടി രൂപയുണ്ട്. സബ്സിഡി എന്നുപറഞ്ഞാലെ അതു ശരിയാവുകയുള്ളൂ. സബ്സിഡി കൊടുക്കുന്നതിനെക്കുറിച്ചും ആലോചിക്കാം. എന്നാൽ പാലിന് വില കൂട്ടുന്നത് പാപമാണ്. ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ ഇരിക്കുകയല്ലേ. നിങ്ങളുടെ ജില്ലയിൽ പാലിന് വില കൂട്ടാത്തതുകൊണ്ട് ക്ഷീര വകുപ്പുമന്ത്രിക്കെതിരായി ബന്ദ് നടത്തിയില്ലേ ? വയനാട്ടിൽ ബന്ദ് നടത്തിയില്ലേ ? കേരളം മുഴുവൻ ക്ഷീരകർഷകർ സമരം നടത്തിയില്ലേ ? അവരുടെ സമരത്തെ തള്ളിക്കളയാമോ?

ശ്രീ. റോഷി അഗസ്റ്റിൻ : പാലിന് വില കൂട്ടരുത് എന്നല്ല പറഞ്ഞത്. പാലിന് വില കൂട്ടുമ്പോൾ അത് കർഷകർക്ക് ലഭിക്കണം. കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തണമെന്നാണ് സൂചിപ്പിച്ചത്.

ശ്രീ. സി. ദിവാകരൻ : മൂന്നു രൂപ വില കൂട്ടിയപ്പോൾ രണ്ടു രൂപ എഴുപത്തിയാറു പൈസ ക്ഷീരകർഷകന്റെ കൈയിൽ നേരിട്ടു കിട്ടാൻ ഗവൺമെന്റ് ജി.ഒ. ഇറക്കി. ചരിത്രത്തിൽ ആദ്യമായിട്ടാണ് അങ്ങനെ ജി.ഒ. ഇറക്കുന്നത്. പന്ത്രണ്ട് പൈസ ഏജൻസികൾക്കു കൊടുത്തു. പന്ത്രണ്ട് പൈസ പ്രൈമറി സംഘത്തിന് കൊടുത്തു. ക്ഷീരകർഷകർ സംതൃപ്തരാണ്. എന്നാൽ ഉപഭോക്താക്കൾക്ക് ഇത്രയും വില കൂട്ടാമോയെന്ന് ചോദിക്കുന്നു. നിങ്ങൾക്കെല്ലാം സ്വാധീനമുള്ള മിൽമയുടെ ആധികാരികമായ റിപ്പോർട്ട് അഞ്ചു രൂപ കൂട്ടണമെന്നാണ്. അങ്ങനെ അഞ്ചു രൂപ ഞാൻ കൂട്ടിയിരുന്നെങ്കിൽ നിങ്ങൾ വിടുമായിരുന്നോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒരു കാര്യം. ഇന്നത്തെ ഈ വിലയും കൃഷിക്കാരന്റെ ചെലവുമായിട്ട് നോക്കുമ്പോൾ പോരാ. കുറച്ചുകൂടി കൂട്ടണം. അതു സബ്സിഡിയായി കൊടുക്കണം. ഉപഭോക്താവിന്റെ കൈയിൽ നിന്ന് ഈടാക്കാൻ പാടില്ല.

ശ്രീ. സി. ദിവാകരൻ : കാലിത്തീറ്റയ്ക്ക് രണ്ടുകൊല്ലമായി വില

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിയിട്ടില്ല. അപ്പോൾപിന്നെ കൂട്ടേണ്ട പ്രശ്നമില്ല. കാലിത്തീറ്റയ്ക്ക് ഇനി വില കൂട്ടാൻ പോകുന്നില്ല. അത് ക്ഷീരകർഷകരോടുള്ള ഒരു വാഗ്ദാനമാണ്. കാലിത്തീറ്റയ്ക്ക് വില കൂട്ടാൻ പാടില്ല. വലിയ അപകടമാണത്. കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുന്നത് ഇപ്പോൾ വീണ്ടും വർദ്ധിപ്പിക്കുന്നുണ്ട്. ഇനി നമ്മളെല്ലാവരും കൂടി പോകുന്നത് ഓണം, റംസാൻ രംഗത്തേയ്ക്കാണ്. തീർച്ചയായിട്ടും വിലക്കയറ്റമാണ് ഇനി വരാൻ പോകുന്നത്. അതിന് ഗവൺമെന്റ് പരമാവധി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഏഴു ദിവസവും പ്രവർത്തിക്കുന്ന ഡിപ്പോകൾ കേരളത്തിൽ വ്യാപകമായി തുറന്ന് സ്പെഷ്യൽ ബസാറുകൾ നടത്തി ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ, റംസാൻ കാലത്തും ഓണക്കാലത്തും ജനങ്ങൾക്ക് കിട്ടാൻവേണ്ടിയുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. രണ്ടാമത്തെ കാര്യം, ഓണക്കാലത്ത് രണ്ടു രൂപയുടെ അരി ആർക്കെങ്കിലും കിട്ടാതെയുണ്ടെങ്കിൽ കിട്ടാനർഹതപ്പെട്ട എല്ലാവർക്കും അരി കിട്ടുന്നതിന് എൻഷ്വർ ചെയ്യിപ്പിക്കും. മൂന്നാമത്തെ കാര്യം, കേന്ദ്രത്തിൽ പോയി കുറച്ചു അരിയും പഞ്ചസാരയും കൂടി ഓണക്കാലത്ത് വേണമെന്ന് ആവശ്യപ്പെടാൻ പോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ കൂടി ഇടപെടലും സഹായവുമുണ്ടെങ്കിൽ കേരളത്തിൽ സുഭിക്ഷമായിട്ട് നമുക്ക് ഈ ഓണവും റംസാനും ആഘോഷിക്കാൻ കഴിയും. അരി 8 രൂപ 90 പൈസയ്ക്ക് കിട്ടണം. അതുപോലെതന്നെ കഴിഞ്ഞതവണ ഓണത്തിന് ആദിവാസികൾക്ക് നമ്മൾ 12 കിലോ അരിയാണ് സൗജന്യമായി കൊടുത്തത്. ഇത്തവണയും 12 കിലോ അരി കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും സൗജന്യമായി കൊടുക്കണം. എല്ലാ പാവപ്പെട്ട ബി.പി.എൽ.കാർക്കും ഓണക്കിറ്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിങ്ങളുടെ നേതൃത്വത്തിൽ നിങ്ങളുടെ മണ്ഡലത്തിൽ ബി.പി.എൽ-കാരെ വിളിച്ച് ഈ ഓണക്കിറ്റ് നിങ്ങൾക്കുതന്നെ കൊടുക്കാം. ഞങ്ങൾ എതിരല്ല. അത് പാവപ്പെട്ട ആളുകൾക്ക് കൊടുത്തേ പറ്റൂ. കഴിഞ്ഞ മൂന്നു വർഷമായി കൊടുക്കുന്നുണ്ട്. 70 - 75 രൂപയാകും, 15 കോടി രൂപയാണ് അതിന് ചെലവ് വരുന്നത്. എവിടെയെങ്കിലും കംപ്ലെയിന്റുണ്ടെങ്കിൽ അപ്പോൾതന്നെ വിളിച്ചു പറഞ്ഞാൽ കിട്ടാത്തവർക്കും ഓണക്കിറ്റു കൊടുക്കും. ഓണത്തിന് കഞ്ഞിയില്ലാത്ത ഒരു വീടും പാടില്ല. കേരളത്തിൽ ഓണത്തിന് ഒരു വീട്ടിലും ഓണസദ്യ ഇല്ലാതിരിക്കാൻ പാടില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഗൗരവമായി ഇടപെട്ട് നിർദ്ദേശങ്ങൾ വച്ചതിന് ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. എം. മുരളിയടക്കമുള്ള എല്ലാ അംഗങ്ങളോടും എനിക്ക് പ്രത്യേക നന്ദിയുണ്ട്. ഒരു അപേക്ഷ കൂടിയുണ്ട്. ഫുഡ് ആന്റ് സിവിൽ സപ്ലൈസിന്റെ വോട്ട് ഓൺ അക്കൗണ്ട് വേണമെങ്കിൽ നിങ്ങൾ എതിർത്തോ. പക്ഷെ മിണ്ടാപ്രാണികളുടെ വോട്ട് ഓൺ അക്കൗണ്ടെങ്കിലും ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. മനുഷ്യത്വപരമായി, ജീവകാരുണ്യപരമായി പാവപ്പെട്ട മൃഗസംരക്ഷണ വകുപ്പിനുള്ള വോട്ട് ഓൺ അക്കൗണ്ട് ഏകകണ്ഠമായി പാസ്സാക്കി മാതൃക കാണിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ധനാഭ്യർത്ഥന നമ്പർ XXX

ഭക്ഷ്യം

സർവ്വശ്രീ കെ. ബാബു, എൻ. ശക്തൻ, എം. മുരളി, ജോർജ് മേഴ്സിയർ, വർക്കല കഹാർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, സി. ടി. അഹമ്മദ് അലി, വി. ഡി. സതീശൻ, ഡൊമിനിക് പ്രസന്റേഷൻ, എ. പി. അബ്ദുള്ളക്കുട്ടി, കെ. സി. ജോസഫ്, പ്രൊഫ. എൻ. ജയരാജ്, ജോസഫ് എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, കെ. പി. മോഹനൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. അൽഫോൺസ് കണ്ണന്താനം
6. ശ്രീ. ആനത്തലവട്ടം ആനന്ദൻ
7. ശ്രീ. എൻ. അനിരുദ്ധൻ
8. ശ്രീ. എ. എം. ആരിഫ്
9. ശ്രീമതി ജെ. അരുന്ധതി
10. ശ്രീ. ബാബു എം. പാലിശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly